❑Kozhikode ❑Volume No: 4 ❑Issue No: 1 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

1 ജനുവരി 2025

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

## വാർഷികപ്പതിപ്പ്



## വേദിയിൽ കയറി നമ്പൂതിരിമാരെ വെല്ലുവിളിച്ച അന്തർജനം

പാർവ്വതി നെന്മിനിമംഗലം

ഒരനാഥ വിധവ
പുനർ വിവാഹത്തിന്
തയ്യാറാണെങ്കിൽ
ആ ഭാഗ്യം കെട്ടവളെ
കൈക്കൊള്ളാൻ
നിങ്ങളാരെങ്കിലും
തയ്യാറുണ്ടോ?

ആ വെല്ലുവിളിയിൽ ജനിച്ച
മുല്ലമംഗലത്തെ സരള മധുസൂദനൻ
ഹിന്ദി സിനിമയിലെ
ആദ്യ അന്തർജനം

നെന്മിനിമംഗലത്തെ താമസക്കാരി
തങ്കം അന്തർജനം എഴുതുന്നു
ഞാന്നുതൂങ്ങിയ കാതുകൾ
അറുത്തെറിഞ്ഞ നടുമുറ്റം

വയനാട് മേക്കാട്ടില്ലത്തെ മാളവിക
ഫെലോഷിപ്പോടെ
യൂറോപ്പിലേക്ക്







യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

# SOUTH INDIA METAL COMPANY

## SHORANUR - 679122

ISO 9001 : 2008 Certified Company

*Manufactures of :*

AGRICULTURAL IMPLEMENTS

HORTICULTURAL IMPLEMENTS

GARDEN IMPLEMENTS

ESTATE TOOLS & HAND TOOLS

: 9446452516
: 6282176840

E.Mail : simcoworks@gmail.com
Website : www.simcoindia.com



# യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5126 പൗഷം കൊല്ലവർഷം 1200 മകരം ഹേമന്ത ഋതു

വാർഷിക വരിസംഖ്യ
300 രൂപ അയക്കാൻ
ഈ ക്യൂ ആർ കോഡ്
സ്കാൻ ചെയ്യുക

2025 January 1 ❑Kozhikode ❑Volume No: 4 ❑Issue No:1❑email: swasthitrimonthly@gmail.com ❑website: swasthi.org❑Mob:9495369337



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651
**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823
**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ 9895621493
**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471
**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611
**പരസ്യം & സർക്കുലേഷൻ**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
**ജനറൽ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി
മൊബൈൽ: 9447337337
**മാനേജിംഗ് കമ്മിറ്റി**
ജില്ലാ പ്രസിഡന്റ്: പി.എം.ഗംഗാധരൻ
നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ
നമ്പൂതിരി 9946438951
**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600
**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674
**കസ്റ്റമർ കെയർ**
മൊബൈൽ: 9495369337


# പുതിയ പെൺകുട്ടികൾക്കു വേണ്ടി

ഈ ലക്കം സ്വസ്തി പുതിയ കാലത്തെ പെൺകുട്ടികൾക്കു വേണ്ടിയാണ്. ജെൻഡർ ഇക്വാലിറ്റി ഫെമിനിസം തുടങ്ങിയ വാക്കുകൾ പ്രചാരത്തിലില്ലാതിരുന്ന നൂറ്റിപ്പതിനാല് വർഷം മുമ്പ് ജനിച്ച ഒരു നമ്പൂതിരിപ്പെൺകുട്ടി കാണിച്ച വിപ്ളവമാണ് കവർ സ്റ്റോറി.

നൂറു വർഷം മുമ്പ് 1925ൽ പതിനാലാം വയസിൽ വിവാഹം കഴിഞ്ഞു. അടുക്കളയും വടക്കിനിയും ആയിരുന്നില്ല അവളുടെ ലോകം. അന്തർജനസമാജം വിളിച്ചു ചേർത്തു. ചായയും ബിസ്കറ്റും കഴിക്കാനോ തിരുവാതിര കളിക്കാനോ അല്ല, ഞാന്നു തൂങ്ങിയ കാതുകൾ മുറിച്ചെറിയാൻ. നമ്പൂതിരിമാരിലെ അപ്ഫന്മാർക്ക് ഇല്ലത്ത് സ്വത്തവകാശം കിട്ടാൻ. അന്തർജനങ്ങൾക്ക് മാറു മറയ്ക്കാനുള്ള അവകാശത്തിനുള്ള യോഗം.

സ്കൂളിൽ പോയിട്ടില്ലാത്ത അവൾ 20ാം വയസ്സിൽ അന്തർജന സമാജത്തിന്റെ അദ്ധ്യക്ഷയായി. അവളുടെ പ്രസംഗങ്ങൾ പത്രങ്ങളിൽ അച്ചടിച്ചു വന്നു. ഇല്ലങ്ങളിൽ കയറിച്ചെന്ന് അന്തർജനങ്ങളെ പുറത്തിറക്കി. അവളുടെ പരിഷ്കരണക്കൊടുങ്കാറ്റിൽ കൊച്ചി സംസ്ഥാനം ഉലഞ്ഞു. 22ാം വയസ്സിൽ കൊച്ചി സംസ്ഥാനത്ത് അവളെ എം.എൽ.സിയാക്കി. നമ്പൂതിരി ബിൽ പഠിക്കാനുള്ള സബ്ജക്ട് കമ്മറ്റി അംഗമാക്കി.

കേരളത്തിൽ ഏതെങ്കിലും ഒരു സമുദായ സംഘടനയുടെ തലപ്പത്ത് ഒരു വനിത ഉണ്ടായത് പാർവതി നെന്മിനിമംഗലത്തിലൂടെയാണ്. വെറും 25ാം വയസ്സിൽ. ഇ.എം.എസും വി.ടി ഭട്ടതിരിപ്പാടും പൊട്ടിച്ചെറിഞ്ഞ പൂണൂൽ ഇന്നും സമുദായത്തിലുണ്ട്. എന്നാൽ പാർവതി നെന്മിനിമംഗലം ചീന്തിയെറിഞ്ഞ ഘോഷ എന്തെന്ന് പോലും ഇന്ന് ആർക്കുമറിയില്ല. അത്രക്ക് മാറ്റമുണ്ടാക്കി അവർ.

36 വയസ്സിൽ ഒരു ശസ്ത്രക്രിയക്കിടെ മരണം സംഭവിച്ചില്ലായിരുന്നെങ്കിൽ... ഇനി അങ്ങനെ ചിന്തിക്കുന്നതിൽ അർത്ഥമില്ല. പുതുകാലത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും ആഗ്രഹങ്ങളുമെല്ലാം നിറവേറ്റുന്നതിൽ നേതൃപരമായ പങ്ക് വഹിക്കാൻ നമ്മുടെ പെൺകുട്ടികൾക്ക് കഴിയട്ടെ. പുതിയ കുട്ടികൾക്ക് പാഠപുസ്തകമാവട്ടെ ഇവരുടെ ജീവിതം. സമൂഹത്തിൽ ഇടപെട്ട് പ്രവർത്തിക്കുന്നവരാകട്ടെ പുതുതലമുറ.

പത്രാധിപർ


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**

**Vol No:3 Issue No: 4 Registration Number : KERMAL/2022/83817**




edge
+91 9886684846
HAPPY
2025
New
YEAR
First floor, Rays complex, Sankarayya Rd, Thrissur - 680004

ആശംസകളോടെ
വേണുരാമൻ നമ്പൂതിരി,
എളങ്ങല്ലൂർ ഇല്ലം, നാട്ടകം,
കോട്ടയം, പിൻ:686013
മൊബൈൽ 99229 56559

സ്വസ്തി
വായനക്കാർക്ക്
ആശംസകളോടെ
മാത്തിട്ട വിഷ്ണു
മാത്തിട്ട മന,
വെങ്കിടങ്ങ്, തൃശൂർ ജില്ല
മൊബൈൽ:
87148 39298



ശ്രീനിധി എ.പി.
S/o ശ്രീകേഷ്
ആന്റ് ശ്രുതി
അമ്പലപുത്തൂർ,
അവിടനല്ലൂർ



SUN BIOMED
Dealing: - Laboratory Equipment's,
Diagnostic Lab Solution Provider
Will give solutions for any type of
modern clinical laboratory
PHARMACY STORE SOLUTION:
Pharmacy system is a unique
Modular BINRACKS.
All types of HOSPITAL
FURNITURE
E-mail: sathishkumarvn25@gmail.com
sunbiomedkerala@yahoo.com,
Mobile No:
9846079215
V N Sathish
Narayanan
Namboodiri
Vaikkath
Mana



ദേവദത്തൻ നമ്പൂതിരി,
മണ്ണട്ടു പൊതിൽ ഇല്ലം,
കരുമല
പി.ഒ. ബാലുശ്ശേരി .
മൊ:9946702682



നവവത്സരാശംസകൾ
8281984397 9746516150



പി ഇ ദാമോദരൻ
നമ്പൂതിരി, നന്ദിശ്വരം,
ഈറ്റിശ്ശേരി മന ഉല്ലാസ് നഗർ,
തൃക്കങ്ങോട്, പി. ഒ മനിശ്ശേരി,
ഒറ്റപ്പാലം, പാലക്കാട് ജില്ല,
പിൻ: 679521,
മൊബൈൽ:
9447637415





ജനുവരി 12 വിവേകാനന്ദ ജയന്തി
യുവജന ദിന ആശംസകൾ
ഹരി അരീക്കര
യോഗക്ഷേമസഭ മുൻ സംസ്ഥാന
സെക്രട്ടറി,അരീക്കര ഇല്ലം,
തിരുവണ്ണൂർ,കോഴിക്കോട്
മൊ: 9447136571



അഞ്ചിപ്പറ രവി
അഞ്ചിപ്പറ മന
ശ്രീകൃഷ്ണപുരം (പോസ്റ്റ്)
പാലക്കാട്-679513
മൊബൈൽ
9447997695

# 2025 ആശംസകൾ

Er.Sasisekharan
Namboodiri.G
Mangalam Illam,
Thiruvananthapuram.
Mobile:
+91 94471 72334



പുതുവത്സരാശംസകൾ
ആര്യ ഔഷധശാല,
വട്ടക്കിണർ
ഗവ.ആർട്സ് കോളേജ് പി.ഒ
കോഴിക്കോട് പിൻ: 673018
മൊബൈൽ:
9072383651



പുതുവത്സര ആശംസകൾ
രാമൻ കരിപ്പവും
കുടുംബവും.
കരിപ്പത്ത് ഇല്ലം, എരഞ്ഞിപ്പാലം,
സിവിൽ സ്റ്റേഷൻ പി.ഒ.
കോഴിക്കോട്
ഫോ: 9447292690

Happy New Year!

പുതുവത്സരാശംസകൾ
ചേവായൂർ ഉപസഭ
കോഴിക്കോട്
പ്രസിഡണ്ട് : നാരായണൻ മൂസ്സത്
സെക്രട്ടറി:സന്തോഷ് നരാട്ട്
മൊബൈൽ: 9446356270

പുതുവത്സരാശംസകളോടെ
കോവിലകം ഉപസഭ
കോഴിക്കോട്
പ്രസിഡണ്ട് : അക്കൂറം
കേശവൻ നമ്പൂതിരി
സെക്രട്ടറി : പ്രദീപ് പെരുമ്പള്ളി
മൊബൈൽ:9447424438
Happy New Year !

2025

പുതുവത്സരാശംസകൾ
മുരിച്ചാത്ത് ഉപസഭ കോഴിക്കോട്
പ്രസിഡണ്ട്: കുണ്ടൊട്ട സന്തോഷ് നമ്പൂതിരി
സെക്രട്ടറി : മേൽമണ്ണടി ഉണ്ണികൃഷ്ണൻ നമ്പൂതിരി
മൊബൈൽ: 9446159842

കെ.ഐ വിഷ്ണു നമ്പൂതിരി,
ഗായത്രി കലക്ഷൻസ്,
വൈകുണ്ഠം,
ബാലുശ്ശേരി, കോഴിക്കോട്
മൊബൈൽ:
9074402032



പിറക്കും പുത്തൻവർഷം
പുതുക്കും പ്രതിജ്ഞകൾ
മറക്കും മുൻവർഷത്തെ
പ്രതിജ്ഞാലംഘനങ്ങൾ
എങ്കിലും പരസ്പരം
നേർന്നിടാം ആശംസകൾ
പങ്കു വച്ചിടാം നല്ല
നാളെതൻ പ്രതീക്ഷകൾ
9633167578



Arya Nandkumar
Nandkumar Bhattathiri
Flat No 3/106,
Soumya Evergreen
Near Mansarovar
Dental College
Kolar Road, Bhopal
Madhya Pradesh
Mobile 9827433368



ആശംസകളോടെ
നീലമന രാമചന്ദ്രൻ നമ്പൂതിരി
യോഗക്ഷേമ സഭ
കണ്ണൂർ ജില്ലാ സെക്രട്ടറി
മൊബൈൽ:
94460 29133



# ആരൊക്കെ/എന്തൊക്കെ



**08**
കവർ സ്റ്റോറി
**വേദിയിൽ കയറി നമ്പൂതിരിമാരെ വെല്ലുവിളിച്ച അന്തർജനം**
സുരേഷ് പായ്ക്കാട്



**20**
**ആ വെല്ലുവിളിയിൽ പിറന്ന കുട്ടി സിനിമയിലെ ആദ്യത്തെ അന്തർജനം**
എം.സരള മധുസൂദനൻ



**26**
സെലിബ്രിറ്റി ഗസ്റ്റ്
സദനം ബാലകൃഷ്ണൻ
**എന്റെ അപേക്ഷ അയച്ചത് കുറുമാത്തൂരിലെ വല്യേട്ടേടുത്തുന്ന്**
പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി
പ്രതികരണങ്ങൾ, സഭാ വാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, പാണിഗ്രഹണം, തുടങ്ങി സ്ഥിരം പംക്തികളും

| | |
|---|---|
| 07 | **കവിത / സഫലമായ് തീരുന്ന നാൾ** ദേവൻ പൊയിലൂർ |
| 18 | **കാതുകൾ അറുത്തെറിഞ്ഞ നടുമുറ്റം** നെന്മിനിമംഗലം തങ്കം അന്തർജനം |
| 31 | **കിട്ടാത്ത മുന്തിരികൾക്ക് ഒടുവിൽ** എൻ ബി കൃഷ്ണൻ നമ്പൂതിരിപ്പാട് |
| 34 | **കവിത / ചാവേർപ്പട** പ്രൊഫ. പി കേശവൻ നമ്പൂതിരി |
| 39 | **അറിയുന്നവരിലെ അറിയാക്കാര്യങ്ങൾ** പി.എൻ. വിജയൻ |
| 46 | **രാഷ്ട്രപതിയിൽ നിന്ന് ദേശീയ അവാർഡ്** ഉദയൻ നമ്പൂതിരിപ്പാട് |
| 52 | **ഓലപ്പുരയിൽ നിന്ന് കമ്പനി ഉടമയിലേക്ക്** പൊത്തോപ്പുറം കേശവൻ ജയന്തൻ |
| 58 | **മാസ്റ്റർ മൈൻഡിൽ നിന്ന് സ്റ്റാർട്ട് അപ്പിലേക്ക്** പാനാട് പദ്മനാഭൻ നമ്പൂതിരി |
| 64 | **നർമ്മം / അസാധ്യം കഞ്ഞി** വാസുദേവനുണ്ണി, തിരുവാലൂർ |
| 68 | **ഇല്ലപ്പെരുമ / ഓച്ചിറ / കൃഷ്ണപുരം കൂാക്കോട്ടില്ലം** വിനോദ് മങ്ങത്തായ |
| 76 | **ചെണ്ടയിൽ മിമിക്രി കൊട്ടിയ ആൾ** രവി തേലക്കാട് |
| 82 | **ദേശപ്പെരുമ / നമ്പൂതിരിമാരുടെ ഒരു സ്വാശ്രയ ഗ്രാമം** കെ. എം പരമേശ്വരൻ |
| 86 | **ചന്ദ്രനിലേക്ക് ടിക്കറ്റ് എടുക്കാൻ ശ്രമിച്ച കാറൽമണ്ണക്കാരന്റെ മകൻ** സന്തോഷ് കുന്നത്ത് |
| 90 | **ആ ഫോൺ കോൾ വന്നത് ദേവീ സന്നിധിയിൽ നിന്ന്** ഈറ്റിശ്ശേരി ദാമോദരൻ നമ്പൂതിരി |
| 92 | **അനുസ്മരണം/ അടിച്ചു തെറിപ്പിച്ച സിക്സർ** ശ്രീജ പട്ടലൂർ |
| 94 | **അര നൂറ്റാണ്ടു മുമ്പ് നിർമ്മിതബുദ്ധിയെപ്പറ്റി** മരങ്ങാട്ടുപിള്ളി മൂത്തേടത്ത് ശങ്കരൻ ത്രിവിക്രമൻ നമ്പൂതിരി |
| 104 | **കരകൗശലം/മുണ്ടനാട്ട് മനയ്ക്കൽ നീലകണ്ഠൻ നമ്പൂതിരി** ഒ.എൻ.രാജേഷ് |
| 105 | **കവിത / ഇനി തനിയെ** ഉണ്ണികൃഷ്ണൻ എം ഇ |
| 100 | **കുട്ടിക്കൂട്ടം** ❑വേദാന്ത് കൊയ്ത്തടി, ❑നീരദ കൊയ്ത്തടി ❑തന്മയ മാലതി കെ.ടി, കണ്ണാടി തെഞ്ചീരി ഇല്ലം ❑ഭുവൻ എം മാധവൻ, പടിഞ്ഞാറേപ്പാട്ട് മന ❑ ശ്രീവർദ്ധൻ, പൊത്തോപ്പുറത്തില്ലം ❑കെ എസ് ശ്രീഹരി, കാരത്തഴിയത്ത് മന ❑ ധ്വനി.പി.നമ്പൂതിരി, പാലാഞ്ചേരി ഇല്ലം ❑ഗീതിക എ എസ്, അമ്പഴപ്പിള്ളി മന ❑ദ്യുതി പി.നമ്പൂതിരി, പാലാഞ്ചേരി ഇല്ലം, പാർവ്വതി, പാലാഞ്ചേരി ഇല്ലം |

# പഥികൻ

ദേവൻ പൊയിലൂർ





നനവാർന്നമണ്ണിൽ കുളിർക്കും ശരത്കാല
പുലരിയിൽ കേട്ടൊരാ വേണുഗാനം,
വഴിതെറ്റിയലയുന്ന പഥികന്റെയുള്ളിലായ്
ഒരുനറു വെട്ടം തെളിച്ചപോലെ!
വെറുതെ ഞാനൊന്നാ ശ്രുതിതൻ ലഹരിയിൽ
മതിമറന്നങ്ങിനെ നിന്ന നേരം,
ഹൃദയത്തിലാരോ പറഞ്ഞു പോയ്, നിറവാർന്ന
വഴിയല്ലിതെന്ന്, നിനക്ക് പോകാൻ
കനൽമൊട്ട് കായ്ക്കും ചുടലപ്പറമ്പിന്റെ
യരികിലായ് പോകും വഴിയിലൂടെ
നിറകൊണ്ട മുള്ളും പടർപ്പും തരുക്കളും
നിറയുമീ കാനനവീഥിയിങ്കൽ
തുടരുക നിൻ യാത്രയേകനായ് ജീവിതം
സഫലമായ്ത്തീരുന്ന നാൾ വരെയും ●



ദേവൻ പൊയിലൂർ,
പൊയിലൂർ മന,
പി.ഒ: പൊയിലിശ്ശേരി,
വഴി: ബി.പി അങ്ങാടി,
തിരൂർ, പിൻ: 676102,
മലപ്പുറം ജില്ല,
മൊബൈൽ: 9562039514

Cover Story

### വേദിയിൽ കയറി നമ്പൂതിരിമാരെ

# വെല്ലുവിളിച്ച അന്തർജനം

**കേവലം 21 വയസ്സിലാണ്  പാർവതി നെന്മിനിമംഗലം നമ്പൂതിരി യുവജനസംഘത്തിന്റെ അദ്ധ്യക്ഷയായത്. 1932 ജനുവരി 1ന്. ആ സ്ഥാനത്തിരുന്നു കൊണ്ടായിരുന്നു ഈ വെല്ലുവിളി.**



പാർവ്വതീ നെന്മിനിമംഗലവും (മുകളിൽ) ഭർത്തൃ സഹോദരൻ ദാമോദരൻ നമ്പൂതിരിയുടെ പുത്രൻ പരേതനായ നാരായണൻ നമ്പൂതിരിയും പത്നി തങ്കം അന്തർജ്ജനവും (താഴെ) ഇപ്പോൾ നെന്മിനിമംഗലം തറവാട്ടിൽ താമസിക്കുന്നത് ഇവരാണ്.

**സുരേഷ് പായ്ക്കാട്**



നമ്പൂതിരിമാരെ വെല്ലുവിളിച്ചു കൊണ്ട് വെറും 21വയസ്സുള്ള ഒരു പെൺകിടാവ് വേദിയിൽ കയറി നിന്ന് ചോദിച്ചു:

'ഒരനാഥവിധവ പുനർവിവാഹത്തിന് തയ്യാറാണെങ്കിൽ ആ ഭാഗ്യംകെട്ടവളെ കൈക്കൊള്ളാൻ നിങ്ങളാരെങ്കിലും തയ്യാറുണ്ടോ?'

ഇങ്ങനെയൊരു കാര്യം അക്കാലത്ത് നമ്പൂതിരിമാരുടെ ചിന്തയിൽപ്പോലും ഉണ്ടായിരുന്നില്ല. അപ്പോഴാണ് ഒരു പെൺകിടാവ് നേർക്കുനേർ നിന്ന് വെല്ലുവിളിച്ചത്. 1932 ൽ യോഗക്ഷേമസഭയുടെ 24-ാം വാർഷികവും യുവജനസംഘത്തിന്റെ 3-ാം വാർഷികവും തളിപ്പറമ്പിൽ നടക്കുമ്പോഴായിരുന്നു പാർവ്വതി നെന്മിനിമംഗലത്തിന്റെ ചോദ്യം. കേവലം 21 വയസ്സിലാണ് നമ്പൂതിരി യുവജനസംഘത്തിന്റെ അദ്ധ്യക്ഷയായത്. 1932 ജനുവരി1ന്. ( കൊല്ലവർഷം 1107 ധനു 13). ആ സ്ഥാനത്തിരുന്നുകൊണ്ടായിരുന്നു ഈ വെല്ലുവിളി.

നിശ്ശബ്ദമായ സദസ്സിൽ നിന്ന് പൊടുന്നനെ മറുപടി വന്നു.

'ഞാനുണ്ട്'.

മുല്ലമംഗലം രാമൻ ഭട്ടതിരി എന്ന എം.ആർ.ബി. ആയിരുന്നു ആ വെല്ലുവിളി സ്വീകരിച്ചത്. അത് ചരിത്രമായി.1934 സെപ്തംബർ 13 ന് (കൊല്ലവർഷം1110 ചിങ്ങം 28 ന് ) വി.ടി.യുടെ രസികസദനത്തിൽ വച്ച് പരേതനായ ഇ.വി.നാരായണൻ നമ്പൂതിരിയുടെ വിധവ ഉമാ അന്തർജ്ജനത്തെ എം.ആർ.ബി വിവാഹം കഴിച്ചു. അവർക്ക് ആശംസ നേർ





*എം.ആർ.ബി.യും പത്നി ഇട്ട്യാം പറമ്പത്ത് മനയ്ക്കൽ ഉമ അന്തർജനവും*



*നെന്മിനി മംഗലം തറവാട് ഇന്ന്.*

**<u>സ്ത്രീത്വത്തെപ്പറ്റി പാർവതി നെന്മിനിമംഗലം:</u>**
മഹാകവികൾക്കു വർണ്ണിക്കുവാൻ ഉണ്ടാക്കി വച്ച ഒരേർപ്പാട്. പുരുഷന്മാർക്ക് കൺകുളിർപ്പിപ്പാൻ ഉണ്ടാക്കിത്തീർത്ത ഒരാകൃതി. വെറും കൃത്രിമം. സ്ത്രീത്വം എന്നാൽ അസ്വാതന്ത്ര്യത്തെ ആത്മാഭിമാനത്തോടു കൂടി ആരാധിക്കുന്ന ഒരു സത്യം.

ന്നുകൊണ്ട് മഹാത്മാഗാന്ധി പോലും സന്ദേശമയച്ചു. അത്രക്ക് പ്രാധാന്യം കിട്ടി ആ വിവാഹത്തിന്. അങ്ങനെ നമ്പൂതിരിമാർക്കിടയിലെ ആദ്യത്തെ വിധവാവിവാഹം നടന്നു. അതിന് നിമിത്തമായത് ആ വെല്ലുവിളിയായിരുന്നു.

പാർവ്വതി നെന്മിനിമംഗലം നടത്തിയ വിപ്ലവങ്ങളിൽ ഒന്നു മാത്രമായിരുന്നു ആ വെല്ലുവിളി. സ്വന്തം ഭാര്യമാരെ സമ്മേളനത്തിനു കൊണ്ടുവരാതിരുന്ന യുവാക്കളെ നിർത്തിപ്പൊരിച്ചു ആ സമ്മേളനത്തിൽ.

'അന്തർജ്ജനങ്ങളെ ഈവക സഭയ്ക്കു കൊണ്ടുവരണമെന്ന് അഭിപ്രായമുള്ളവരാണല്ലൊ നിങ്ങൾ എല്ലാവരും. നിങ്ങളിൽപ്പലരും ഓരോന്നെങ്കിലും വേളി കഴിച്ചവരുമായിരിക്കും. എന്തേ നിങ്ങൾ ഇക്കുറിയെങ്കിലും നിങ്ങളുടെ ഭാര്യമാരെ ഈ സമ്മേളനത്തിലേയ്ക്ക് കൊണ്ടുവരാതിരിക്കാൻ.'ഞങ്ങൾ പോരാൻ പറഞ്ഞു കൂട്ടാക്കിയില്ല' എന്നൊരു ഒഴികഴിവ് എന്റെ മുന്നിൽ വച്ചു പറയാൻ നിങ്ങൾ ധൈര്യപ്പെടില്ല. എന്തുകൊണ്ടെന്നാൽ ഇന്നത്തെ അന്തർജന യുവതികളുടെ മനോഗതി ഏതു വഴിയ്ക്കാണെന്ന് നിങ്ങളേക്കാളധികം എനിയ്ക്കറിയാം. അവർക്ക് മോഹമുണ്ടെങ്കിലും അവരുടെ ഭർത്താക്കന്മാർക്ക് ലജ്ജയാണ്. ലോകത്ത് ഏത് സ്ത്രീയും പുരുഷനും തന്റെ ഭർത്താവിനെപ്പറ്റിയും ഭാര്യയെപ്പറ്റിയും പരസ്പരം അഭിമാനിക്കുന്നു. നമ്മുടെ യുവഗൃഹസ്ഥന്മാർ മാത്രം സ്വജാതീയ ഭാര്യമാരെപ്പറ്റി ലജ്ജിക്കുന്നു. അവരുടെ വേഷഭൂഷാദികളുടെ വഷളത്തം ഒരു പ്രധാന കാരണമായിരിക്കാം. അതിനാരാണ് ഉത്തരവാദി? നിങ്ങൾ മാത്രം' .

- ❑ **പാർവ്വതി നെന്മിനിമംഗലം ജനനം 1911 ൽ**
- ❑ **14 വയസ്സിൽ വിവാഹം 1925 ൽ**
- ❑ **20 വയസ്സിൽ അന്തർജന സമാജം അദ്ധ്യക്ഷ**
- ❑ **21 വയസ്സിൽ നമ്പൂതിരി യുവജനസംഘം അദ്ധ്യക്ഷ**
- ❑ **22 വയസ്സിൽ കൊച്ചി നിയമസഭയിൽ അംഗം**
- ❑ **25 വയസ്സിൽ യോഗക്ഷേമസഭ അദ്ധ്യക്ഷ പദവി**
- ❑ **36 വയസ്സിൽ ഒരു ശസ്ത്രക്രിയക്കിടെ മരണം**






*പൊതുവേദിയിൽ (1929 ൽ) ആദ്യമായി സാരി ധരിച്ച അന്തർജനം പാർവ്വതി മനേഴി*

# അങ്ങനെ നല്ലൂരെ പാപ്പി പാർവ്വതി നെന്മിനിമംഗലമായി

കേരളത്തിലെ പഴയ 32 നമ്പൂതിരി ഗ്രാമങ്ങളിൽ ഒന്നായ ഇരിങ്ങാലക്കുടയിലെ നടവരമ്പ് എന്ന പ്രദേശത്തെ യാഥാസ്ഥിതിക ഇല്ലമായ നല്ലൂർ മന. വിഷ്ണുനമ്പൂതിരിക്കും സരസ്വതി അന്തർജ്ജനത്തിനും ഏഴു മക്കൾ. രണ്ട് ആൺകുട്ടികളും അഞ്ചു പെൺകുട്ടികളും. അവരിൽ ഏറ്റവും ഇളയ കുട്ടി. പാർവതി എന്ന് പേര്, പാപ്പി എന്ന വിളിപ്പേര്. ജനനം 1911 ൽ.

1925 ൽ പതിന്നാലാം വയസ്സിൽ പാപ്പിയെ തൃശ്ശൂർ ചേറ്റുപുഴ നെന്മിനിമംഗലത്ത് വാസുദേവൻ നമ്പൂതിരി വിവാഹം കഴിച്ചു. അങ്ങനെ നല്ലൂരെ പാപ്പി പാർവ്വതി നെന്മിനിമംഗലമായി. പാർവ്വതീ വാസുദേവൻ ദമ്പതികൾക്കു കുട്ടികൾ ഉണ്ടായിരുന്നില്ല.

നെന്മിനിമംഗലത്തു നാരായണൻ നമ്പൂതിരിയുടേയും പത്നി ഉമാദേവി അന്തർജ്ജത്തിന്റെയും മൂത്തപുത്രനായിരുന്നു, പാവ്വതിയുടെ ഭർത്താവ് വാസുദേവൻ നമ്പൂതിരി. രണ്ടാമത്തെ പുത്രൻ എൻ. എം മാഷ് എന്ന് പിന്നീട് അറിയപ്പെട്ട ദാമോദരൻ നമ്പൂതിരി തൃശ്ശൂർ നമ്പൂതിരി വിദ്യാലയത്തിലെ പ്രധാന അദ്ധ്യാപകനും നമ്പൂതിരി ബാലികാസദനത്തിന്റെ വാർഡനും ആയി പ്രവർത്തിച്ചു. മൂന്നാമത്തെ മകൻ നാരായണൻ നമ്പൂതിരി (അപ്പു) മൃദംഗവിദ്വാനായിരുന്നു. നാലാമത്തെ മകൻ കുമാരൻ നമ്പൂതിരി വനം വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു. ഇവരുടെ സഹോദരി ഉമാദേവിയെ പാർവ്വതിയുടെ സഹോദരൻ നല്ലൂർ നാരായണൻ നമ്പൂതിരി വിവാഹം കഴിച്ചു. പഠിക്കുന്നതിലും പുറത്തു പോയി ജോലി ചെയ്യുന്നതിലും അക്കാലത്ത് തന്നെ നെന്മിനിമംഗലം ഇല്ലത്തുള്ളവർ മാതൃകയായി. ഈ അന്തരീക്ഷമാണ് പാർവതിയെ പോരാളിയാക്കിയത്.

മൂത്ത മകൻ മാത്രം സ്വജാതിയിൽ നിന്നും വേളി കഴിക്കുകയും മറ്റു സഹോദരന്മാർ അന്യജാതികളിൽ (അമ്പലവാസികളും കോവിലകത്തെ തമ്പുരാട്ടിമാരും) നിന്നും സംബന്ധം നടത്തുകയും ചെയ്തിരുന്ന അക്കാലത്ത് നെന്മിനിമംഗലത്തെ ഈ നാലു സഹോദരന്മാരും അന്തർജ്ജങ്ങളെത്തന്നെയാണ് വിവാഹം കഴിച്ചത്.

അന്ന് ബന്ധുമിത്രാദികളായ ഒരുപാട് പേർ തൃശ്ശൂരിൽ വിദ്യാഭ്യാസത്തിനും തൊഴിലമ്പേഷിച്ചും നെന്മിനിമംഗലത്തു വന്നു താമസിച്ചു. പാർവ്വതിയുടെ ഭർത്താവായ വാസുദേവൻ നമ്പൂതിരി തൃശ്ശൂർ മംഗളോദയം



*പാർവ്വതീ നെന്മിനിമംഗലത്തിന്റെ ഭർത്തൃ സഹോദരൻ ദാമോദരൻ നമ്പൂതിരിയുടെ പുത്രൻ പരേതനായ നാരായണൻ നമ്പൂതിരി*

'സ്ത്രീകളുടെ മനോഭാവം മാറണം. ഉറച്ചതും ഉന്നതവുമായ ഒരു സ്ഥിതിയിൽ എത്തിച്ചേരാനാണ് നാം ഉശിരോടെ പരിശ്രമിക്കേണ്ടത്. ഇന്നത്തെ ചാട്ടമെല്ലാം നമ്മുടെ ജീവിതഭാഗഭാക്കുകളായ പുരുഷന്മാരോടു കിടപിടിക്കുവാനാണല്ലൊ. ഏറ്റവും തെറ്റായ നിലയിലാണിത് എന്നാണെന്റെ വിശ്വാസം. പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ് നമ്മുടെ ചുമതല എന്നു ഞാൻ പറയും. സമുദായത്തിന്റെ അസ്ഥിവാരം മാത്രമല്ല അതൊക്കെത്തന്നെ സ്ത്രീകളാണ്. അതിനെ കേടുപാടു കൂടാതെ കാത്തുരക്ഷിക്കേണ്ട ചുമതല പുരുഷന്മാർക്കും.'

അതേപ്പറ്റി അന്നത്തെ യുവജന പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായ മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി ഇങ്ങനെ വിശേഷിപ്പിച്ചു.

'നമ്പൂതിരി സമുദായ ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായമെഴുതിയ ദിവസമാണന്ന്. അന്നാണല്ലൊ അഞ്ചാറന്തർജ്ജനങ്ങൾ അവരുടെ ചേലപ്പുതപ്പു (ഘോഷ) ചീന്തി സമുദ്രായത്തിന്റെ മുറിവു കെട്ടാനൊരുങ്ങിയത്. പാർവ്വതീ നെമിനിമംഗലം യുവജന സംഘത്തിന്റെ അദ്ധ്യക്ഷ പദമലങ്കരിച്ചത്. എന്നിട്ടും സൂര്യഭഗവാൻ ഉദിക്കുകയും ക്രമേണ പൊങ്ങിപ്പൊങ്ങിവരികയും ചെയ്തു.'

അന്ന് യുവജനസംഘത്തിന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പാർവ്വതി പറഞ്ഞു:

'മറക്കുടയിൽ തിരുകിവച്ച അന്തർജ്ജനത്വം ഞങ്ങൾക്കിനി വേണ്ട. അത് അതിന്റെ കൂട്ടുകാരായ നിരവധി ഇലകളോടു കൂടി കരിഞ്ഞു പോയിരിക്കുന്നു. ഞങ്ങൾക്കുള്ളതായ അന്തർജ്ജനത്വം ഇനി ആരുടെ കണ്ണിൽപ്പെട്ടാലും അലിഞ്ഞു പോവുകയില്ല. ഏതു പൊരിവെയിൽ കൊണ്ടാലും കരിഞ്ഞു പോവുകയില്ല.

പ്രസ്സിലെ പ്രൂഫ് റീഡർ ആയിരുന്നു. ഇ. എം. എസ്സ്, വി.ടി.ഭട്ടതിരിപ്പാട്, എം ആർ ബി., പ്രേംജി, ജോസഫ് മുണ്ടശ്ശേരി തുടങ്ങി പിൽക്കാലത്തു പ്രസിദ്ധരായ ഒട്ടേറെപ്പേരുടെ താവളമായിരുന്നു മംഗളോദയം. പ്രൂഫ് വായിക്കാനായി കൊണ്ടുവന്നിരുന്ന ലേഖനങ്ങൾ വായിക്കുവാൻ പാർവ്വതിയ്ക്കും അവസരമുണ്ടായി.

ഇത് പാർവ്വതിയ്ക്ക് സാമൂഹ്യ-സാമുദായ പരിഷ്കരണ പ്രവർത്തനങ്ങളിൽ മുന്നിട്ടറങ്ങുവാൻ വഴി തുറന്നിട്ടു. എം.ആർ.ബി., പ്രേംജി, വി.ടി., എന്നിവരുമായി സാമൂഹ്യ പരിഷ്കരണ ആശയങ്ങൾ പങ്കുവയ്ക്കാൻ പാർവ്വതിയ്ക്കു അവസരമുണ്ടായി. കൃഷ്ണൻ പള്ളവുമായി വാസുദേവൻ നമ്പൂതിരിയ്ക്കുണ്ടായ സ്നേഹബന്ധം ആര്യാപള്ളവുമായി പാർവ്വതിയെ അടുപ്പിച്ചു. ഇ.എം.എസ്, മുത്തിരിങ്ങോട്, കുറൂർ, മുണ്ടശ്ശേരി എന്നിവരുമായും വാസുദേവൻ നമ്പൂതിരിയ്ക്കു വളരെ അടുത്ത സുഹൃദ്ബന്ധം ഉണ്ടായിരുന്നു. ക്രമേണ മേൽപ്പറഞ്ഞ മഹത്തുക്കളുടെ തൃശ്ശൂരിലെ അരങ്ങായി നെന്മിനിമംഗലം മന മാറുകയായിരുന്നു. വി.ടി.യുടെ 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്', പ്രേംജിയുടെ 'അമ്മായിഅമ്മ' , 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' തുടങ്ങിയ പല നാടകങ്ങളുടേയും റിഹേഴ്സൽ ക്യാമ്പും നെന്മിനിമംഗലത്തെ തെക്കിനിയിലായിരുന്നു.



*പാർവ്വതി നെന്മിനിമംഗലവും ഭർത്താവ് വാസുദേവൻ നമ്പൂതിരിയും*

വാസുദേവൻ നമ്പൂതിരി പോകുന്നിടത്തെല്ലാം പാർവ്വതിയെ കൂടെ കൂട്ടുമായിരുന്നു. വടക്കുന്നാഥ ക്ഷേത്രത്തിലും മറ്റും പോകുമ്പോൾ മറ്റു അന്തർജ്ജങ്ങളോടു പാർവ്വതി സംസാരിക്കുമായിരുന്നു. അങ്ങിനെ അന്തർജ്ജങ്ങളുടെ ദൈന്യതകൾ, ബാല്യകാലത്തു കേട്ടറിഞ്ഞതിനേക്കാൾ പതിന്മടങ്ങ് ഭീകരവും നരകതുല്യവുമാണെന്ന് അവർ തിരിച്ചറിഞ്ഞു. ●

അവരതു പറഞ്ഞപ്പോൾ ഒരു പുതുയുഗം പിറക്കുകയായിരുന്നു. ഒരുപാട് അന്തർജനങ്ങൾ ഘോഷ വേണ്ടെന്നു വച്ചു. മറക്കുട ഉപക്ഷിച്ചു. മാറു മറയ്ക്കാൻ ബ്ലൗസ് ധരിച്ചു. സാരിയുടുത്തു. അവർ ചെയ്ത സേവനവും കണ്ടറിഞ്ഞാണ് യുവജനസംഘം അദ്ധ്യക്ഷയായി അവരെ സ്വീകരിച്ചത്.




*പാർവതി നെന്മിനിമംഗലത്തെപ്പറ്റി സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച പുസ്തകം*

അവർ യുവജനസംഘം അദ്ധ്യക്ഷയാവുന്നതിന് ഒരു പശ്ചാത്തലമുണ്ട്. 1928 ൽ മാവേലിക്കരയിൽ വച്ചു നടന്ന 21ാംസമ്മേളനത്തിൽ സഭയുടെ കഴിഞ്ഞ കാല പ്രവർത്തനങ്ങളിൽ അസംതൃപ്തരായ യുവജനങ്ങൾ, ചുറുചുറുക്കോടെ പ്രവർത്തിക്കുന്ന ഒരു വിപ്ലവപ്രസ്ഥാനം വേണമെന്നു വാദിച്ചു. ഇ.എം.എസ്സ്, വി.ടി., എം.ആർ.ബി., പ്രേംജി തുടങ്ങിയവരാണ് ഈ യുവജന മുന്നേറ്റത്തിനു നേതൃത്വം കൊടുത്തത്. ഈ സമയമാവുമ്പോൾ പാർവതിക്ക് പതിനേഴ് വയസ്. അവരും പ്രസ്ഥാനത്തിൽ സജീവമായി. അടുക്കളയിൽ നിന്ന് അരങ്ങത്തേക്കെത്തിയ ആദ്യ അന്തർജനങ്ങളിലൊരാൾ. പിറ്റേ വർഷമാണ് എടക്കുന്നിയിലെ നാടകവിപ്ളവവും ആദ്യമായി പൊതുവേദിയിൽ ഒരന്തർജനം സാരിധരിച്ചെത്തുന്നതും. കോഴിക്കോട്ടെ പാർവ്വതീ മനേഴി ആയിരുന്നു ആ മഹതി.

1929 ൽ എടക്കുന്നിയിൽ വച്ചു നടന്ന സഭയുടെ 22-ാം വാർഷികത്തിൽ പാർവ്വതീ മനേഴി മറക്കുടയും ഘോഷയും ഉപേക്ഷിച്ചു. നമ്പൂതിരി യുവാക്കൾ ഷർട്ടിട്ട് അന്യജാതിക്കാർക്കൊപ്പം ഭക്ഷണം കഴിച്ചു (പന്തിഭോജനം). വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്നു അരങ്ങത്തേയ്ക്ക്' എന്ന നാടകം ആദ്യമായി അരങ്ങേറിയതും അന്നാണ്. നിറഞ്ഞ കയ്യടികളോടെ ആ നാടകം സമുദായം ഏറ്റുവാങ്ങി. നാടകത്തിന്റെ റിഹേഴ്സൽ ക്യാമ്പ് നെന്മിനിമംഗലത്തായിരുന്നു.



*ഭർതൃപിതാവ് നെന്മിനിമംഗ ലം നാരായണൻ നമ്പൂതിരി*

കൊയിലാണ്ടിയിൽ നിന്നു ഒരു ജ്യേഷ്ഠനും അനുജനും അഭയം തേടി വന്നു. ജ്യേഷ്ഠൻ സകുടുംബം ചാലക്കുടിയിലും അനുജൻ കുടുംബസമേതം നടവരമ്പത്തും താമസമാക്കി പോലും. ചാലക്കുടിയിൽ താമസിച്ചയാൾ ഇല്ലത്തിന് കിടങ്ങിഴിയം എന്നും നടവരമ്പത്തു താമസിച്ചയാൾ നല്ലൂര് എന്നും പേരു സ്വീകരിച്ചു. നല്ലൂര് എന്നതാണ് ഈ കുടുംബത്തിന്റെ ആദിനാമം. ഇന്നും കടലുണ്ടിയ്ക്ക് അടുത്ത് ഒരു നല്ലൂരു പറമ്പ് ഉണ്ടത്രെ. (പ്രൊഫ. കെ.എസ്. പാർവ്വതിയുടെ ആത്മകഥയിൽ നിന്ന്)



*പാർവതി നെന്മിനിമംഗലത്തിന്റെ ഭർതൃമാതാവ് ഉമാദേവി അന്തർജനം*

പിന്നീട് ഏഴ് വർഷത്തിനുള്ളിൽ ആ പെൺകിടാവ് യോഗക്ഷേമ സഭയുടെ അദ്ധ്യക്ഷയായി.1936 ൽ തൃശ്ശൂർ രാമവർമ്മ തിയ്യറ്ററിൽ നടന്ന സഭയുടെ 28–ാം വാർഷികത്തിൽ വച്ച്. യോഗക്ഷേമസഭയുടെ എന്നല്ല, ഒരു സാമൂഹ്യ സാമുദായിക സംഘടനകളുടേയും ചരിത്രത്തിൽ മറ്റൊരു വനിത ഇന്നുവരെ അദ്ധ്യക്ഷ പദവിയിലിരുന്നതായി ഈ ലേഖകന്റെ അറിവിലില്ല. അതും വെറും ഇരുപത്തഞ്ച് വയസ്സിൽ. കൊച്ചി രാജ്യത്തെ എം.എൽ.സി.യായി അവർ തിരഞ്ഞെടുക്കപ്പെട്ടു.

ഒന്നിലധികം വിവാഹം ചെയ്യുന്ന സമ്പ്രദായമായ അധിവേദനത്തെ തടയുന്നതും സ്വത്തുഭാഗം വയ്ക്കുന്നതിനെ അനുവദിക്കുന്നതുമായ ഒരു ബിൽ കൊച്ചി നിയമസഭയിൽ പി.എസ്. കേശവൻ നമ്പൂതിരി കൊണ്ടുവന്നിരുന്നു. ഏതാണ്ട് പത്തു വർഷം പാസാവാതെ കിടന്ന നമ്പൂതിരി ബിൽ പാസാവാനും ഈ ഇരുപത്തഞ്ചുകാരി വേണ്ടി വന്നു. അക്കാലത്തെ സമസ്ത പത്രങ്ങളും മുഖപ്രസംഗമെഴുതിയിട്ടും നടക്കാതെ പോയ കാര്യമാണ് ഒറ്റ പ്രസംഗത്തിലൂടെ അവർ നേടിയത്. ബില്ലിന്റെ കാര്യത്തിൽ ഉപദേശനിർദ്ദേശങ്ങൾ നൽകാൻ പാർവ്വതീ നെന്മിനിമംഗലത്തെയാണ് വിദഗ്ധ അംഗമായി നിയമസഭയിലും സെലക്ട് കമ്മിറ്റിയിലും നാമനിർദ്ദേശം ചെയ്തത്.

രാജഹിതത്തിനു അപ്രിയമാകുമെന്നു ഭയന്നു ഭൂരിപക്ഷം അംഗങ്ങളും ബില്ലിനെതിരായിരുന്നു. ബിൽ പാസ്സാകുമെന്ന് ആരും വിശ്വസിച്ചില്ല. എന്തായാലും ബിൽ സഭയിൽ മൂന്നാം വായനയ്ക്കെടുക്കുക തന്നെ ചെയ്തു. സന്ദർശക ഗാലറി ആകാംക്ഷാഭരിതരായ ഉണ്ണി നമ്പൂതിരിമാരാൽ നിറഞ്ഞിരുന്നു. ഒടുവിൽ പാർവ്വതി നെന്മിനിമംഗലം എഴുന്നേറ്റു. ഹാൾ നിശ്ശബ്ദമായി. സമുദായത്തിന്റെ പൊതുവിലുള്ള സ്ഥിതിയും അന്തർജ്ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും ബില്ല് കൊണ്ട് ഉണ്ടാവുന്ന ആശ്വാസങ്ങളും  വിവരിച്ചു. അതോടെ സഭയാകെ അനുകൂലമായി മാറി. യാതൊരു ഭേദഗതിയും ഇല്ലാതെ പാസ്സായി. നമ്പൂതിരി പെൺകുട്ടികൾക്കു സൗജന്യ വിദ്യാഭ്യാസവും കുടുംബസ്വത്തിൽ ആളോഹരി വീതത്തിനുള്ള അർഹതയും ബില്ലിലെ ശ്രദ്ധിക്കപ്പെട്ട ഘടകങ്ങളായിരുന്നു.

ഉടുത്തു തുടങ്ങിയാൽ ( പ്രായപൂർത്തിയായാൽ ) സ്വന്തം ആങ്ങളമാരുടെ മുന്നിൽപ്പോലും പോകാൻ സ്വാതന്ത്ര്യമില്ലാത്തവരായിരുന്നു നമ്പൂതിരി പ്പെൺകിടാങ്ങൾ. എട്ടും പത്തും വയസ്സാകുമ്പോഴേക്കും എൺപതു കഴിഞ്ഞ വൃദ്ധന്മാരുടെ നാലാമത്തേയോ അഞ്ചാമത്തേയോ ഭാര്യയായി മറ്റൊരില്ലത്തേക്ക് കുടി വെയ്ക്കപ്പെട്ടവൾ. ദിവസങ്ങൾക്കുള്ളിൽത്തന്നെ ഭർത്താവ് വാർദ്ധക്യ സഹജമായ അസുഖങ്ങളാൽ മരണമടയുന്നു. ആ ബാലിക, വിധവ എന്ന ‘സാധന’മായി മാറ്റി നിർത്തപ്പെടുന്നു.

ആ പെൺകുട്ടിയ്ക്ക് ഒരു വിവാഹ ജീവിതമില്ല. അനുസരണക്കേടു കാട്ടിയാൽ അവണപ്പലക കൊണ്ടുള്ള ഒരടിയിൽ ജീവിതം തീരും. ഈ ചങ്ങലകൾ പൊട്ടിച്ച ആദ്യനമ്പൂതിരി യുവതിയെ 1905 ൽ സ്മാർത്തവിചാരം ചെയ്തു ഭ്രഷ്ട് കൽപ്പിച്ചു പുറത്താക്കി. കുറിയേടത്തു താത്രിയെ. തനിക്കിഷ്ടപ്പെട്ട വരനെ നിഷേധിച്ച സമുദായത്തിനെതിരെ തന്റെ സ്ത്രീത്വം ബലികഴിക്കുകയായിരുന്നു താത്രി. കുറിയേടത്തു താത്രിയെ സാംസ്കാരിക നവോത്ഥാന നായികയാക്കി ആദരിയ്ക്കപ്പെടണമെന്നും വി.ടി.ഭട്ടതിരിപ്പാട് പറഞ്ഞത് അതുകൊണ്ടാണ്.

1905 ൽ കുറിയേടത്തു താത്രിയുടെ ഭ്രഷ്ടിന്റെയെല്ലാം പശ്ചാത്തലത്തിൽ 1908ൽ യോഗക്ഷേമസഭയെന്ന പരിഷ്കരണ പ്രസ്ഥാനം സ്ഥാപിക്കുന്നു. മൂന്നു വർഷം കൂടി കഴിഞ്ഞ് 1911 ലാണ് പാർവ്വതി ജനിക്കുന്നത്. കുഞ്ഞായിരിക്കുമ്പോൾ അവൾ കണ്ടതും കേട്ടതും ഇത്തരം കഥകളായിരുന്നു. അനുഭവിച്ചതും ഇതേ കാര്യങ്ങൾ.



*പാർവതി നെന്മിനിമംഗല ത്തിന്റെ ഭർതൃ സഹോദരൻ എം എൻ മാഷ് എന്ന ദാമോദരൻ നമ്പൂതിരി*

**ഏതാണ്ട് പത്തു വർഷം പാസാവാതെ കിടന്ന നമ്പൂതിരി ബിൽ പാസാവാനും ഈ ഇരുപത്തഞ്ചുകാരി വേണ്ടി വന്നു. അക്കാലത്തെ സമസ്ത പത്രങ്ങളും മുഖപ്രസംഗമെഴുതിയിട്ടും നടക്കാതെ പോയ കാര്യമാണ് ഒറ്റ പ്രസംഗത്തിലൂടെ അവർ നേടിയത്. ബില്ലിന്റെ കാര്യത്തിൽ ഉപദേശനിർദ്ദേശങ്ങൾ നൽകാൻ പാർവ്വതീ നെന്മിനിമംഗലത്തെയാണ് വിദഗ്ധ അംഗമായി നിയമസഭയിലും സെലക്ട് കമ്മിറ്റിയിലും നാമനിർദ്ദേശം ചെയ്തത്.**



*പാർവതി നെന്മിനിമംഗല ത്തിന്റെ സഹോദരൻ നല്ലൂർ മനയ്ക്കൽ നാരായണൻ നമ്പൂതിരി*

മാറു മറയ്ക്കൽ സമരത്തിന്റെ ഭാഗമായി മുലമുറിച്ച വനിതകൾ കേരളത്തിലുണ്ടായിട്ടുണ്ട്. അതുപോലൊന്ന് നെന്മിനിമംഗലത്തുമുണ്ടായി. കാതു മുറിച്ച് എറിയൽ. മരത്തോടയിട്ടു നീണ്ടു തൂങ്ങിയ ചെവികൾ അറുത്തു മാറ്റി. തൂങ്ങിയ ചെവിയുടെ ഭാഗങ്ങൾ നെന്മിനിമംഗലത്തെ നടുമുറ്റത്തു മുറിഞ്ഞു വീണു. ഡോക്ടർ കൃഷ്ണയ്യർ ആയിരുന്നു ചെവികൾ മുറിച്ച ഡോക്ടർ. പാർവതിയായിരുന്നു അതിന്റെ നേതാവ്. ഭർതൃഗൃഹത്തിൽ നവവധുവായെത്തിയ ഒരു യുവതിയാണ് ഇത്തരം വിപ്ളവങ്ങൾ അക്കാലത്ത് നടത്തിയതെന്നറിയുക.

1945ൽ യോഗക്ഷേമ സഭയുടെ 35-ാം വാർഷികം ശുകപുരത്തായിരുന്നു. പാർവ്വതീ നെന്മിനിമംഗലം ആയിരുന്നു അദ്ധ്യക്ഷ. അവരുടെ പ്രശസ്തമായ മുദ്രാവാക്യം അന്നായിരുന്നു 'മംഗല്യസൂത്രത്തിൽ കെട്ടിയിടാൻ അംഗന മേലിലടിമയല്ല'. അത് ചരിത്രമായി. ആ സമ്മേളന വേദിയിലേയ്ക്ക് പാർവ്വതീ നെന്മിനിമംഗലത്തെ ആനയിച്ചത് അലങ്കരിച്ച കാളകൾ വലിയ്ക്കുന്ന 35 വില്ലുവണ്ടികളുടെ അകമ്പടിയോടെയാണ്. കൂട്ടിന് യുവജന പ്രർത്തകരുടെ മുദ്രാവാക്യങ്ങളും. ഒരു അന്തർജനത്തിന് ഇത്ര ഹൃദ്യമായ പൊതുസ്വീകരണം ആദ്യമായിരുന്നു.

പിന്നീട് 36-ാം വയസ്സിൽ 1947 ൽ അവർ ഈ ലോകത്തോടു വിട പറയുമ്പോൾ അന്തർജന സമൂഹം ഹൃദയം പൊട്ടി കരഞ്ഞു. അവരുടെ അകാല നിര്യാണമറിഞ്ഞു സഹപ്രവർത്തകയായ ആര്യാപള്ളം അനുശോചന സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു.

'പാർവ്വതി നെന്മിനിമംഗലമില്ലാത്ത ഒരു പ്രധാനസമ്മേളനമോ സംരംഭമോ സമുദായത്തിലുണ്ടായിട്ടില്ല. അങ്ങിനെ എന്തിലും എവിടെയും തല പൊക്കി നിന്ന് അന്തർജ്ജനങ്ങളുടെ കാര്യം പറയാൻ തന്റേടവും താൻപോരിമയും ഉള്ള മറെറാരാൾ അന്തർജ്ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുമെന്നും തോന്നുന്നില്ല'.

'സാമുദായിക സമരത്തിന്റെ കാഹളം മുഴക്കിയ ആ ഉശിരുള്ള നാവ് ചലിയ്ക്കാതെയായി. പഴമയുടെ നേർക്ക് ചുരുട്ടിയുയർത്തിയ കരുത്തുള്ള ആ മുഷ്ടി അയഞ്ഞു പോയി. മർദ്ദനങ്ങൾക്കെതിരായി പട പൊരുതിക്കൊണ്ട് മുന്നോട്ടു പോയിരുന്ന ജൈത്രയാത്രയുടെ ആ കാലൊച്ച - ധീര ഹൃദയത്തിന്റെ മിടിപ്പുകൾ എന്നെന്നേയ്ക്കുമായി നിന്നു പോയി. നമ്മുടെ പാർവ്വതീ നെന്മിനിമംഗലം, അന്തർജ്ജനങ്ങളുടെ ആ 'വല്യേടത്തി' കഷ്ടം, മരിച്ചു പോയി' - പാപ്പി എടത്തി എന്ന പാർവ്വതീ നെന്മിനിമംഗലത്തിന്റെ വെല്ലുവിളി ഏറെറടുത്ത് നമ്പൂതിരി സമുദായത്തിൽ ആദ്യമായി ഒരു വിധവയെ വിവാഹം ചെയ്ത എം ആർ ബി യുടെ അനുശോചന സന്ദേശത്തിൽ നിന്ന്.

പൂണൂൽ പൊട്ടിയ്ക്കലിനേക്കാൾ ഫലപ്രദമായത് ഘോഷ ബഹിഷ്ക്കരിയ്ക്കലായിരുന്നു എന്ന് ഇ എം എസ്സ് ആത്മകഥയിൽ ചൂണ്ടിക്കാട്ടുന്നു:

'1931 ഡിസംബറിൽ തളിപ്പറമ്പിൽ ചേർന്ന യുവജന സംഘത്തിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചത് തന്നെ അവരിൽ ഒരാളായിരുന്നു (പാർവ്വതീ നെന്മിനിമംഗലം). അതു കഴിഞ്ഞ് രണ്ടു കൊല്ലത്തിനുള്ളിൽ നിയമസഭയിൽ ചർച്ചയ്ക്കു വരുന്ന നമ്പൂതിരി ബില്ലിനെ സംബന്ധിച്ച് സ്ത്രീകളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ ഒരു പ്രത്യേക പ്രതിനിധിയായി അവരെ ഗവണ്മെന്റ് നോമിനേറ്റ് ചെയ്യുകയും അവരാ ജോലി സ്തുത്യർഹമായി നടത്തുകയും ചെയ്തു. ഈ മാറ്റങ്ങളെല്ലാം അന്ന് നമ്പൂതിരി സ്ത്രീകളിലൊരു ചെറു ന്യൂനപക്ഷത്തെ മാത്രമെ സ്പർശിച്ചിരുന്നുള്ളൂവെന്നത് നേരാണ്. ബഹുഭൂരിപക്ഷവും പർദ്ദ ( ഘോഷ ) യ്ക്കുള്ളിൽ അർദ്ധ നഗ്നകളായിക്കഴിയുകയായിരുന്നു. എന്നാൽ അന്ന് കൈവിരലിലെണ്ണാവുന്നത്ര മാത്രം നമ്പൂതിരി സ്ത്രീകൾ നടത്തിയ ഘോഷാബഹിഷ്കരണം ഞങ്ങളിൽ ചിലർ ഒരു ദിവസം പ്രകടനപരമായി നടത്തിയ പൂണൽ പൊട്ടിക്കലിനേക്കാൾ ഫലപ്രദമായാണ് കലാശി



*പാർവതി നെന്മിനിമംഗലത്തിന്റെ അഞ്ചാമത്തെ സഹോദരി ശ്രീദേവി അന്തർജനം*

നമ്പൂതിരി സ്ത്രീകൾ നടത്തിയ ഘോഷാബഹിഷ്കരണം ഞങ്ങളിൽ ചിലർ ഒരു ദിവസം പ്രകടനപരമായി നടത്തിയ പൂണൽ പൊട്ടിക്കലിനേക്കാൾ ഫലപ്രദമായാണ് കലാശിച്ചത്. എന്തുകൊണ്ടെന്നാൽ അന്നു പൂണൂൽ പൊട്ടിച്ചവർ പിന്നേയും അതിട്ടു നടന്നു. ഘോഷ ബഹിഷ്കരിച്ചവരാകട്ടെ പിന്നീടൊരിയ്ക്കലും ഘോഷാ സമ്പ്രദായത്തിലേക്ക് തിരികെപ്പോയില്ല. ' (ഇ എം എസ്സ്. നമ്പൂതിരിപ്പാടിന്റെ ആത്മകഥയിലെ പ്രസക്ത ഭാഗം)



*പാർവതി നെന്മിനിമംഗലത്തിന്റെ മൂത്ത സഹോദരി ആര്യ അന്തർജനം*

ച്ചത്. എന്തുകൊണ്ടെന്നാൽ അന്നു പൂണൂൽ പൊട്ടിച്ചവർ പിന്നേയും അതിട്ടു നടന്നു. ഘോഷ ബഹിഷ്കരിച്ചവരാകട്ടെ പിന്നീടൊരിയ്ക്കലും ഘോഷാ സമ്പ്രദായത്തിലേക്ക് തിരികെപ്പോയില്ല. അതു കഴിഞ്ഞ് മൂന്നു വ്യാഴവട്ടത്തിനു ശേഷം ഇന്നാകട്ടെ സ്വന്തം നാട്ടിലിരിയ്ക്കുമ്പോൾ പൂണൂലിടാത്ത നമ്പൂതിരി കുറവാണ്. ഘോഷയില്ലാതെ നടക്കുന്ന നമ്പൂതിരി സ്ത്രീകൾ ധാരാളവും'

അമ്മ സരസ്വതി അന്തർജ്ജനത്തിന് സംസ്കൃതത്തിലും സംഗീതത്തിലും പാണ്ഡിത്യമുണ്ടായിരുന്നു. പാർവ്വതി നെന്മിനിമംഗലത്തിന്റെ ജ്യേഷ്ഠ സഹോദരീ പുത്രിയായ പ്രൊഫസർ കെ.എസ് പാർവതി ഇങ്ങനെ എഴുതി.

'സന്താന സൗഭാഗ്യത്തിനു വേണ്ടി പ്രാർത്ഥന നടത്തിയിരുന്നവരുടെ കാലഘട്ടത്തിൽ മുത്തശ്ശി പറയുമായിരുന്നു: 'പ്രസവിക്കാതിരിക്കാനുള്ള മരുന്നു കണ്ടു പിടിക്കുന്ന ആൾക്ക് ഞാനൊരു പൊൻ മോതിരം ഇട്ടു കൊടുക്കാം' എന്ന്. സന്താന നിയന്ത്രണം എന്ന ആശയം ആ കാലഘട്ടത്തിൽ, പാർവ്വതി നെന്മിനിമംഗലത്തിന്റെ അമ്മയായ ആ മുത്തശ്ശിയിൽ ഉദിച്ചിരുന്നുവെന്നത് എത്ര ആശ്ചര്യകരമെന്ന് ' പ്രൊഫസർ പാർവ്വതിയുടെ ഓർമ്മക്കുറിപ്പിലുണ്ട്. പിന്നെയും എത്രയോ കാലം കഴിഞ്ഞാണ് അതിനുള്ള സൂത്രങ്ങൾ കണ്ടുപിടിച്ചത്. 'വെയ്ക്കുക വിളമ്പുക പ്രസവിക്കുക' എന്നതായിരുന്നല്ലൊ അന്തർജനങ്ങൾക്ക് വിധിച്ചത്.

ആൺകുട്ടികൾക്കു പോലും സ്കൂൾ വിദ്യാഭ്യാസം നിഷിദ്ധമായിരുന്ന അക്കാലത്ത് അമ്മയിൽ നിന്നും കിട്ടിയ അറിവുകൾ മാത്രമെ പാപ്പിയ്ക്കുണ്ടായിരുന്നുള്ളു. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചതേയില്ല. എന്നിട്ടും വായിയ്ക്കുവാനും അതു മനസ്സിലാക്കി തന്റേതായ അനുമാനങ്ങളിലെത്തുവാനും പാപ്പി പ്രാപ്തയായിരുന്നു.

'അടുക്കളയിൽ നിന്നു അരങ്ങത്തേയ്ക്ക്' അവതരിപ്പിച്ചതിന്റെ പരിണിത ഫലമാണ് അന്തർജ്ജനസമാജ രൂപീകരണം. ആദ്യമായി സമാജം യോഗം ചേർന്നത് നെന്മിനിമംഗലത്തു വച്ച് പാർവ്വതിയുടെ നേതൃത്വത്തിലായിരുന്നു. 1931 ൽ. പാർവ്വതി നെന്മിനിമംഗലം തുടങ്ങി പന്ത്രണ്ടു പേർ ഒപ്പിട്ട ഒരു ഹർജി അക്കൊല്ലം ഗുരുവായൂർ വച്ചു കൂടിയ യുവജനസംഘം വാർഷികത്തിൽ അദ്ധ്യക്ഷന് കിട്ടി. പാർവ്വതി നെന്മിനിമംഗലത്തിന്റെ പേരു സമുദായം ആദ്യമായി കേട്ടത് അന്നാണ്.

അന്നവർക്ക് വെറും ഇരുപതു വയസ്സ്. ഗുരുവായൂർ സമ്മേളനത്തിന്റെ തീരുമാനപ്രകാരം പാർവ്വതിയുടെ നേതൃത്വത്തിൽ അന്തർജ്ജനങ്ങളുടെ ചെറുയോഗങ്ങൾ തുടർച്ചയായി നടന്നു. അതേക്കുറിച്ച് അവരുടെ സഹപ്രവർത്തകയായിരുന്ന ദേവകി നിലയങ്ങോട് എഴുതുന്നു.

'ഒരു കൊല്ലം ചേച്ചി ( പാർവ്വതീ നെന്മിനിമംഗലം) അന്തർജ്ജന സമാജത്തിന്റെ പ്രസിഡന്റായിരുന്നപ്പോൾ ഞാൻ അവരുടെ കീഴിൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. അക്കാലത്തു ഞങ്ങൾ നടത്തിയ പരിപാടി ഇല്ലങ്ങൾ കയറിയിറങ്ങിക്കൊണ്ടുള്ള ബോധവൽക്കരണമായിരുന്നു. ചേച്ചിയും ഞാനും ഒളപ്പമണ്ണ ഉമ അന്തർജ്ജനവും. കാറിലും മിക്കപ്പോഴും ബസ്സിലുമായിരുന്നു യാത്ര. ഒരു മാസത്തോളം നീണ്ടുനിന്നു അത്. ഒരു ദിവസം ഒരില്ലത്ത്. അവിടെ തങ്ങും. അവരോട് സംസാരിക്കും. അടുത്ത തലമുറയെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതിന്റെയും സ്ത്രീകൾക്ക് സ്വന്തമായി തൊഴിലും വരുമാനവും ഉണ്ടായിരിക്കേണ്ടതിന്റേയും ആവശ്യകതയെക്കുറിച്ചാണ് പറഞ്ഞത്. മിക്ക സ്ഥലങ്ങളിലും സ്നേഹപൂർണ്ണമായ വരവേൽപ്പായിരുന്നു. അപൂർവ്വം ചിലയിടങ്ങളിൽ പടിക്കൽ വച്ചു തന്നെ ഞങ്ങളെ തിരിച്ചയച്ചു. രണ്ടുമാസം കൂടുമ്പോൾ സമാജം പ്രവർത്തകർ ഏതെങ്കിലും ഒരില്ലത്തു സമ്മേളിക്കും.'

വി.ടി.യുടെ രസികസദനത്തിൽ നടന്ന അന്തർജനയോഗത്തിൽ പ്രധാനികളായി പാർവ്വതി നെന്മിനിമംഗലവും ആര്യാപള്ളവും ഉണ്ടായിരുന്നു. ആ സമ്മേ



*ലേഖകന്റെ ഭാര്യാപിതാവ് 2022 ജൂലൈ 3നു മരണപ്പെട്ട നെന്മിനിമംഗലം നാരായണൻ നമ്പൂതിരിയും (ഇദ്ദേഹത്തിന്റെ വല്യമ്മയാണ് പാർവതി) പത്നി തങ്കവും (ഷൊർണ്ണൂർ കയിലിയാട് ചെറുവത്തൂർ മന മഹൾ. ഇവരാണ് ഈ മനയിൽ ഇപ്പോൾ താമസം)*

ളത്തിൽ വച്ച് മറക്കുട കളയാൻ തീരുമാനമെടുത്തു. സമ്മേളനം കഴിഞ്ഞ് എട്ടപത്ത് അന്തർജ്ജനങ്ങൾ മറക്കുടയില്ലാതെ, ഘോഷക്ക് പകരം ബ്ലൗസും സാരിയും ധരിച്ച് പൂമുഖത്തേയ്ക്കു വന്നു. വി.ടി. അവിടെ ഉണ്ടായിരുന്നില്ല. അടുത്തൊരു സ്ക്കൂൾ വാർഷികത്തിന് പോയിരിക്കുകയായിരുന്നു. അതറിഞ്ഞപ്പോൾ അവർ മറക്കുടയില്ലാതെ ആ സമ്മേളന സ്ഥലത്തേയ്ക്കു മാർച്ച് ചെയ്തു. അപ്രതീക്ഷിതമായ ഈ പ്രവൃത്തി വിപ്ലവകാരിയായ വി.ടി യെപ്പോലും അമ്പരപ്പിക്കുകയും ആവേശം കൊള്ളിയ്ക്കുകയും ചെയ്തു.

അനാഥരും ദരിദ്രരുമായ യുവതികളെ ഇല്ലങ്ങളിൽച്ചെന്ന് പറഞ്ഞു ബോദ്ധ്യപ്പെടുത്തി തൃശ്ശൂരിലെത്തിച്ചു. നമ്പൂതിരി ബാലികാസദനം എന്ന ഹോസ്റ്റലിൽ താമസിപ്പിച്ചു. തൃശ്ശൂരിലെ നമ്പൂരി വിദ്യാലയത്തിൽ പഠിപ്പിച്ചു. അനേകം ഉണ്ണിനമ്പൂതിരിമാർക്കും വഴികാട്ടിയായി. അനുഭവസ്ഥനായ എം.പി. നീലകണ്ഠൻ നമ്പൂതിരിയുടെ ഓർമ്മക്കുറിപ്പിൽ നിന്ന്.

'നിർദ്ധനനും ഉന്നത വിദ്യാഭ്യാസത്തിന് വഴി കാണാതെ നട്ടം തിരിയുന്നവനുമായ എന്നെ കാലാവധി തീർന്നിട്ടു പോലും കേരളവർമ്മ കോളേജിൽ എത്തിച്ചു ഡിഗ്രിയ്ക്കും പിന്നീട് എം.എ.യ്ക്കും പഠിയ്ക്കുവാൻ വഴി കാണിച്ചു തന്നതും സഹായിച്ചതും എന്റെ അമ്മായിയായ പാർവ്വതീ നെന്മിനി മംഗലമായിരുന്നു എന്നത് ഓർക്കുമ്പോൾത്തന്നെ കണ്ണു നിറയും. ഈ ദീനദയാലുത്വം എന്നോടു മാത്രമല്ലെന്നും അന്യസമുദായക്കാരായ നിർദ്ധന ബാലന്മാരോടും കാണിച്ചിരുന്നെന്നും വില്യാപ്പിള്ളി വാസുവിനെ കണ്ടപ്പോഴാണ് അറിഞ്ഞത്. അമ്മായിയുടെ കഥ പറയുമ്പോൾ ആ എഴുപതു വയസ്സുകാരന്റെ കണ്ണു നിറഞ്ഞു' .

അന്ന് നമ്പൂതിരി ബാലികാസദനത്തിന്റെ വാർഡനും നമ്പൂതിരി വിദ്യാലയത്തിലെ അദ്ധ്യാപകനും പിന്നീട് പ്രധാന അദ്ധ്യാപകനുമായിരുന്നത് പാർവ്വതി നെന്മിനി മംഗലത്തിന്റെ ഭർത്താവിന്റെ അനുജനായിരുന്ന എൻ. എം. മാഷ് എന്ന റിയപ്പെട്ടിരുന്ന എൻ. എം. ദാമോദരൻ നമ്പൂതിരിയായിരുന്നു. എൻ. എം. മാഷുടെ അരുമശിഷ്യയായ മ്യാൽപ്പിള്ളി പാർവ്വതി, പാവ്വതീ നെന്മിനിമംഗലത്തിന്റെ മറ്റൊരു ഭർതൃസഹോദരനായ കുമാരൻ നമ്പൂതിയുടെ പത്നിയായി.

പാർവ്വതീ നെന്മിനിമംഗലത്തിന്റെ ജ്യേഷ്ഠസഹോദരി മങ്കോരു മനയ്ക്കലെ നങ്ങയ്യ അന്തർജ്ജനത്തിന്റെ മകൾ പീശപ്പിള്ളി ശ്രീദേവി (പ്രശസ്ത കഥകളി കലാകാരൻ പീശപ്പിള്ളി രാജീവന്റെ അമ്മ), പാപ്പി ശിറ്റശ്ശിയെ ഓർക്കുന്നതു കേൾക്കാം:

'വലിയ കുങ്കുമപ്പൊട്ടു കുത്തിയ, നല്ല ഉയരമുള്ള, വെളുത്ത നിറമുള്ള, സദാ വെള്ളനിറത്തിലുള്ള വസ്ത്രം ധരിക്കുന്ന, പ്രസന്നവതിയും സ്നേഹമയിയുമായ ശിറ്റശ്ശി. സുഖമില്ലാതിരിക്കുന്ന, ശിറ്റശ്ശിയെ കാണാൻ അമ്മയോടൊപ്പം ചെല്ലുമ്പോഴും സ്നേഹപൂർവ്വം ഓമനിക്കുന്നതും പെൺകുട്ടികൾ പഠിയ്ക്കേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിച്ചതും, ജോലിയെടുത്തു ജീവിക്കണമെന്നു ഉപദേശിച്ചതും ഓർക്കുന്നു'.

അതുപോലെ മങ്കോരു മനയിൽ ആർക്കും മേലിൽ പാർവ്വതി എന്ന പേര് നൽകരുതെന്ന് അവിടുത്തെ ഒരു വല്യമ്മ നിഷ്കർഷിച്ചതും ശ്രീദേവി ടീച്ചർ

'സന്താന സൗഭാഗ്യത്തിനു വേണ്ടി പ്രാർത്ഥന നടത്തിയിരുന്നവരുടെ കാലഘട്ടത്തിൽ മുത്തശ്ശി പറയുമായിരുന്നു: 'പ്രസവിക്കാതിരിക്കാനുള്ള മരുന്നു കണ്ടുപിടിക്കുന്ന ആൾക്ക് ഞാനൊരു പൊൻ മോതിരം ഇട്ടു കൊടുക്കാം' എന്ന്. സന്താന നിയന്ത്രണം എന്ന ആശയം ആ കാലഘട്ടത്തിൽ, പാർവ്വതി നെന്മിനിമംഗലത്തിന്റെ അമ്മയായ ആ മുത്തശ്ശിയിൽ ഉദിച്ചിരുന്നുവെന്നത് എത്ര ആശ്ചര്യകരം '
(പ്രൊഫസർ പാർവ്വതിയുടെ ഓർമ്മക്കുറിപ്പ്.)

## 1931 ഡിസംബറിൽ നടത്തിയ അദ്ധ്യക്ഷ പ്രസംഗം

സഹോദരന്മാരായ മാന്യ പുരുഷന്മാരെ, സഹോദരിമാരെ നിങ്ങളെയെല്ലാവരേയും മുറപോലെ വന്ദിക്കുന്നു. ഞാൻ ഒരു നമ്പൂതിരി സ്ത്രീയാണ്. നിങ്ങൾ അമ്പരക്കുകയോ അവിശ്വസിക്കുകയോ ശങ്കിക്കുകയോ അരുത്. ഇത് മായയല്ല. ഇന്ദ്രജാലമല്ല. സ്വപ്നമല്ല. സത്യമായിട്ടും നിങ്ങളുടെ മുമ്പിൽ, ഈ നമ്പൂതിരി യുവജന സംഘത്തിന്റെ അധ്യക്ഷപീഠത്തിനടുത്തു നിൽക്കുന്ന സ്ത്രീ ഒരു നമ്പൂതിരി സ്ത്രീ തന്നെയാണ്. പൂർവാചാരം തെറ്റിക്കാത്ത ഒരു നമ്പൂതിരി ദമ്പതികളുടെ മകളായി ജനിച്ചവളാണ്, കഴുത്തിൽ മുക്കോലക്കല്ലും, കയ്യിൽ കനത്ത ഓട്ടുവളകളും, കാതിൽ മരക്കൊരടുമായി അക്ഷര വിദ്യാഭ്യാസം പോലുമില്ലാതെ അന്ധവിശ്വാസങ്ങളോടുകൂടി വളർന്നു വന്നവളാണ്;

**ഞാൻ ഒരു നമ്പൂതിരി സ്ത്രീയാണ്. കഴുത്തിൽ മുക്കോലക്കല്ലും, കയ്യിൽ കനത്ത ഓട്ടുവളകളും, കാതിൽ മരക്കൊരടുമായി അക്ഷര വിദ്യാഭ്യാസം പോലുമില്ലാതെ അന്ധവിശ്വാസങ്ങളോടുകൂടി വളർന്നു വന്നവളാണ്**

നമ്മയേറുന്ന ചൊല്ല് ഇതേവരെ നമസ്കരിച്ചുപോന്നവളാണ്; അടുക്കളയിലെ തടവുശിക്ഷ അനുഭവിച്ചു പോന്നവളാണ്. യഥാവിധി ഒരു നമ്പൂതിരിയാൽ പാണിഗ്രഹണം ചെയ്യപ്പെട്ടവളുമാണ്. പക്ഷെ ഒന്നുണ്ട് ആഭിജാത്യം കുറയും; തീരെ ഇല്ല. എന്നാൽ ഈ സംഘവും നമ്പൂതിരി യുവജനങ്ങളുടേതാണ്; ആഢ്യയുവാക്കന്മാരുടേയും ആസ്യ യുവാക്കന്മാരുടേയും മാത്രമല്ലല്ലോ.

വെറുതെയല്ല ഞാനിത്രയും വിസ്തരിച്ചുപറയുന്നത്. കഴിഞ്ഞതിന്റെ മുമ്പത്തെ കൊല്ലത്തിൽ ഇടക്കുന്നി വെച്ചുകൂടിയ യോഗക്ഷേമ സഭയിൽ എന്റെയൊരു സഹോദരി ഒറ്റയ്ക്കു വന്നു ചേരുകയുണ്ടായല്ലോ. നമ്പൂതിരിമാരുടെ സമുദായ പരിശ്രമത്തിന് ജീവനും ചൈതന്യവും ഉണ്ടാക്കിയ ഒരു പുണ്യവതിയാണ് മിസ്സിസ് മനേഴി. ആ പ്രശസ്ത കർമ്മം ചെയ്ത ധീരവനിതയെ നമ്മുടെ സമുദായക്കാർ അപമാനിച്ചു. അവർ ഒരു അന്തർജ്ജനമേ അല്ലെന്നു പറഞ്ഞുനടന്നു. എഴുതി പരത്തുകയും ചെയ്തു. അവർക്കതിൽ വിശ്വാസം തോന്നാഞ്ഞിട്ടോ സമുദായ പരിവർത്തനത്തെ മറച്ചുവെക്കണമെന്ന് കരുതിയിട്ടോ ആവാം●

വെളിപ്പെടുത്തിയിട്ടുണ്ട്. ആ പേരിട്ടാൽ തന്നെ നെന്മിനിമംഗലത്തെപ്പോലെ വഴി തെറ്റിപ്പോവുമെന്നാണ് അവർ ധരിച്ചത്.

നെന്മിനിമംഗലം നാരായണൻ നമ്പൂതിരിയുടെ 'ഓർമ്മകളിലെ ചിറ്റശ്ശി' എന്ന ലേഖനത്തിൽ, അദ്ദേഹം കുറിക്കുന്നു: 'പാർവ്വതി നെന്മിനിമംഗലത്തിന്റെ (ചിറ്റശ്ശിയുടെ) പൊതു പ്രവർത്തനവും വേഷവിധാനവും കണ്ടു കലിപൂണ്ട ആഢ്യബ്രാഹ്മണർ നെന്മിനിമംഗലത്തിനു പതിത്വം കല്പിച്ചു. പാർവ്വതീ നെന്മിനിമംഗലത്തിന്റെ സ്വന്തം മാതാവ്, സരസ്വതി അന്തർജ്ജനം മരിച്ചപ്പോൾ, പാർവ്വതി ബലിയിടാൻ വന്നാൽ തങ്ങളാരും സഹകരിയ്ക്കയില്ലെന്നു മുന്നറിയിപ്പുമായി, യാഥാസ്ഥിതികർ രംഗത്തെത്തി. അമ്മയുടെ പിണ്ഡകർമ്മങ്ങൾ മുടങ്ങരുതെന്ന് വിചാരിച്ച്, വളരെ വ്യസനത്തോടെ പാർവ്വതി ഭർതൃവസതിയായ നെന്മിനിമംഗലത്തു തിരിച്ചെത്തി. പിന്നെ എൻ.എം. മാഷ് ഇടപെട്ട്, തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ ഉണ്ണി നമ്പൂതിരിമാരെ കൊണ്ടുവന്നു, ശിറ്റശ്ശിയ്ക്കു ബലികർമ്മങ്ങൾ നെന്മിനിമംഗലത്തു വച്ചു നടത്തുവാൻ സാദ്ധ്യമാക്കി.

'പാർവ്വതീ നെന്മിനിമംഗലത്തിന് അസുഖമായതിനു ശേഷം യാത്ര ദുഷ്കരമായ ഒരവസരത്തിൽ നടന്ന ഒരു വിധവാവിവാഹത്തിന്, അവർ ഒരു ബ്ലൗസ്സിന്റെ തുണി മുളങ്കുഴലിലിട്ട്, 'ഇത് തയ്പ്പിച്ചിട്ടു വേണം വേളിയ്ക്കു വരാ'നെന്ന ഒരു കുറിപ്പോടെ വധുവിന് എത്തിച്ചു കൊടുത്ത സംഭവവും നാരായണൻ നമ്പൂതിരി ഓർക്കുന്നു.

1946 ലെ ശുകപുരത്തു നടന്ന അന്തർജനസമാജത്തിന്റെ സമ്മേളനത്തിൽ അന്തർജങ്ങളുടെ കരവിരുതിൽ സൃഷ്ടിക്കപ്പെട്ട ഉത്പന്നങ്ങളുടെ ഒരു പ്രദർശനം നടത്തിയിരുന്നു. ഐ.സി. പ്രിയദത്തയ്ക്കായിരുന്നു ചുമതല. അന്തർജനങ്ങൾക്കായി ഒരു തൊഴിൽ പരിശീലനകേന്ദ്രം തുടങ്ങണമെന്ന ഈ ഈ സമ്മേളന തീരുമാനമാണ് പാർവ്വതീ നെന്മിനിമംഗലത്തിന്റെ മരണശേഷം അവരുടെ പേ


പരേതയായ പാർവ്വതിനെന്മിനിമംഗലം
യോഗക്ഷേമം.
സമുദായത്തിന്റെ
വിപ്ലവാരിശ്മൃക്ഷം

*1948 ഒക്ടോബർ 21 ന് മരണവാർത്തയോടെ പുറത്തിറങ്ങിയ ബുധനാഴ്ച തോറും പ്രസിദ്ധീകരിക്കുന്ന യോഗക്ഷേമം വാരിക*

രിൽ 1947-ൽ ലക്കിടിയിൽ സ്ഥാപിച്ച തൊഴിൽ പരിശീലന കേന്ദ്രം.

തൃശ്ശൂർ നമ്പൂതിരി വിദ്യാലയത്തിലെ പൂർവ്വ ദ്യാർത്ഥിനിയായിരുന്ന സി.കെ. പാർവ്വതിയുടെ ഓർമ്മക്കുറിപ്പ്: 'നമ്പൂതിരി വിദ്യാലയത്തി ലെ ചുമരിൽ തൂങ്ങിയിരുന്ന പാർവ്വതീ നെന്മിനിമംഗലം എം.എൽ.സി.യുടെ പേരിൽ കൊടുത്തിരുന്ന മംഗളപത്രം കണ്ട് വളർന്ന ഓ രോ വിദ്യാർത്ഥിയും അവരെപ്പോലെ ആകാൻ ആഗ്രഹിച്ചിരുന്നു'.

അവസാനമായി കണ്ടതും സി.കെ. പാർവ്വ ഓർക്കുന്നു.

'അച്ഛനും എട്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന ഞാ നും കൂടി ( വളരെക്കാലം യോഗക്ഷേമസഭ യുടെ സെക്രട്ടറിയും നമ്പൂതിരി വിദ്യാലയ ത്തിലെ അദ്ധ്യാപകനുമായിരുന്ന സി. കെ. നമ്പൂതിരിയായിരുന്നു എന്റെ അച്ഛൻ) ഐക്യ കേരളം മീറ്റിംങ്ങിനു പോകാൻ പാറമേക്കാവുനടയുടെ പടിഞ്ഞാറെ അരികി ലുള്ള അരമതിൽ കയറി പറമ്പിലേക്കു കയറിയപ്പോൾ പാർവ്വതീ നെന്മിനിമം ഗലവും ഭർത്താവും ഒപ്പമുണ്ടായിരുന്നു. അവസാനം അവർ പറഞ്ഞത് ഞാൻ ഓർക്കുകയാണ്.'

'നാളെ സൈമന്റെ ആശുപത്രിയിൽ അഡ്മിറ്റാവുകയാണ്. ഓപ്പറേഷനാണ്. എന്തുണ്ടാവുമെന്ന് അറിയില്ല.'

അതെ ആ ഓപ്പറേഷൻ അവർ അതിജീവിച്ചില്ല.1947 മെയ് 7ന് ഗർഭാശയ ട്യൂമർ നീക്കുന്നതിനായി നടത്തിയ ശസ്ത്രക്രിയ പരാജയപ്പെട്ട് പാർവ്വതി നെ ന്മിനിമംഗലം ഈ ലോകത്തോടു വിട പറഞ്ഞു. 14 വയസ്സു മുതൽ 36 വയ സ്സിൽ മരിക്കുന്നതു വരെ കേവലം 22 വർഷം കൊണ്ട് അവർ സമുദായത്തിലെ മാറ്റത്തിനും നമ്പൂതിരി സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ ചരിത്രത്തിലെ സുവർണ്ണ രേഖകളാണ്. അവരുടെ ഓർമ്മകൾ ക്കു മുൻപിൽ നമസ്കരിച്ചു കൊണ്ട്. അഭിവാദയേ ●

(ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്ന മിക്ക കാര്യങ്ങളും എനിക്കു പറഞ്ഞു തന്നതും പഴയരേഖകൾ പങ്കു വച്ചതും ഭാര്യാപിതാവായ 2022 ജൂലൈ 3നു മര ണപ്പെട്ട എൻ. എം.നാരായണൻ നമ്പൂതിരി ആണ്. )

ഡോ പി സുരേഷ് കുമാർ, പായ്ക്കാട്ടു മന, ഗാന്ധിനഗർ,
പി. ഒ ചേറ്റുപുഴ, തൃശൂർ, പിൻ 680012 മൊബൈൽ 94479 92507

കാരണവന്മാരുടെ അധികാരാവകാശങ്ങളേയും, ചുമതല കളേയും ക്രമപ്പെടുത്തി നിയന്ത്രിക്കുക, സ്ത്രീകളുടെ വിവാഹ കാര്യത്തിൽ ചില വ്യവസ്ഥകൾ ചെയ്യുക, വേറെ താമസിച്ചാൽ ചെലവിനു കിട്ടാനുള്ള അവകാശം ഉണ്ടാക്കുക, പിന്തുടർച്ചാവ കാശം മൈനറന്മാരുടെ രക്ഷാകർതൃത്വം ഇവ ക്രമപ്പെടുത്തുക മുതലായി നമ്പൂതിരി സമുദായത്തിന് ഇന്നാവശ്യപ്പെടുന്ന പ്രധാനപരിഷ്കരണങ്ങളെല്ലാം ഒരു മിതമായ നിലയിലാണെ ങ്കിലും ഈ ബില്ലിൽ അടങ്ങിയിട്ടുണ്ട്. ഈ നില ബിൽ കർത്താവ് സ്വീകരിച്ചതു പ്രായോഗികതയെ ഉദ്ദേശിച്ചായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. നമ്പൂതിരിമാരുടെ ഇടയിൽ നിസ്വാർത്ഥ മായും നിഷ്പക്ഷമായും അഭിപ്രായം പറയുവാൻ ഒരുങ്ങുന്ന ഏതൊരു വ്യക്തിയും ഈ ബില്ലിനെ എതിർക്കുന്നില്ല. അങ്ങനെ യിരിക്കെ ഇതിനെ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളും അനു കൂലിക്കുമെന്നും ഇതിന്റെ സുരക്ഷിതമായ പുരോഗതിക്കു സഹാ യിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

*മലയാള മനോരമ, 1932 മാർച്ച് 19*

*ഇരുപത്തൊന്നാം വയസിൽ പാർവതി നെന്മിനിമംഗ ലം നടത്തിയ പ്രസംഗം 1932 മാർച്ച് 19 ന് മലയാള മനോരമ പ്രസിദ്ധീകരിച്ചത് ഇങ്ങനെ. പിന്നീട് നിയമ സഭാംഗമായി നോമിനേറ്റ് ചെയ്യപ്പെടുകയും ബില്ലിന്റെ സബ്ജക്ട് കമ്മറ്റി അംഗമാ വുകയും ചെയ്തു*

## ഡോ: പായ്ക്കാട്ടു മന സുരേഷ്കുമാർ; മണ്ണറിവിന്റെ തിരുമേനി

പുത്തൻ വേലിയ്ക്കരയിൽ പായ് ക്കാട്ടു മനയിൽ ജനനം. 1987 മുതൽ 2019 വരെ കേരള കാർഷിക സർവക ലാശാലയിൽ അധ്യാപന ഗവേഷണ മേഖലകളിൽ സേവനം. ഡൽഹിയി ലെ ഭാരതീയ കാർഷിക ഗവേഷണ ഇൻസ്റ്റിട്യൂട്ടിൽ നിന്നു സ്വർണമെ ഡലോടെ ഡോക്ടർ ബിരുദം.1995 ൽ കേരള ശാസ്ത്ര കോൺഗ്രസിന്റെ പുര സ്കാരം. ദേശീയ തലത്തിൽ എച്ച് എസ് മേത്ത പുരസ്കാരം, എസ് എൻ റാനഡെ സ്മാരക സീനിയർ സയിന്റിസ്റ്റ് അവാർഡ്, ഡോ. റോയ് ചൗധുരി സ്മാരക സ്വർണ്ണമെഡൽ എന്നിവ ലഭിച്ചു.

കേരളത്തിലെ മണ്ണിനങ്ങളെക്കു റിച്ച് പഠിച്ച് സൂചിക ഉണ്ടാക്കി. 15 ഗവേഷക വിദ്യാർത്ഥികളെ ഗൈഡ് ചെയ്തു. ദേശീയ അന്തർദേശീയ ജേർണലുകളിലായി 50 ഓളം ഗവേ ഷണ പഠനങ്ങൾ. മണ്ണറിവിന്റെ തി രുമേനി എന്നൊരു വിളിപ്പേരും വി ദ്യാർത്ഥികൾക്കിടയിലുണ്ട്.റിട്ടയർ ചെയ്ത ശേഷം രണ്ട് വർഷം അമൃത കാർഷിക കോളേജിന്റെ സ്ഥാപക പ്രിൻസിപ്പൽ.

പാർവതി നെന്മിനി മംഗലത്തി ന്റെ ഭർതൃ സഹോദര പുത്രൻ നാരായണൻ നമ്പൂതിരിയുടെ മകൾ അനിതയുടെ ഭർത്താവുമാണ് ●




*അന്തർജനസമാജത്തിനു തുടക്കമിട്ട നെന്മിനിമംഗലത്തെ തെക്കിനി. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് നാടകം ആദ്യമായി അരങ്ങേറിയതിന്റെ റിഹേഴ്സൽ ക്യാമ്പും ഇതായിരുന്നു. അന്തർജനങ്ങളുടെ ഞാന്നു തൂങ്ങിയ കാതുകൾ അറുത്ത് മുറിച്ച് വലിച്ചെറിഞ്ഞത് ഇവിടത്തെ നടുമുറ്റത്തേക്കാണ്.*

# കാതുകൾ അറുത്തെറിഞ്ഞ നടുമുറ്റം



ലേഖിക തങ്കം അന്തർജ്ജനം
മൊബൈൽ :97479 66519

**നെന്മിനിമംഗലം തങ്കം അന്തർജനം**

എൻ.എം.മാഷിന്റെ (നെന്മിനിമംഗലം ദാമോദരൻ നമ്പൂതിരിയുടെ) മകനായ നാരായണൻ നമ്പൂതിരിയുടെ പത്നിയായി ഞാൻ ഈ തറവാട്ടിൽ വരുമ്പോൾ, പാർവ്വതീ നെന്മിനിമംഗലത്തിന്റെ ഭർത്താവ് വാസുദേവൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി, കുമാരൻ നമ്പൂതിരി, ഇവരുടെ അമ്മ ഉമാദേവി അന്തർജനം തുടങ്ങിയവരെല്ലാം ജീവിച്ചിരിപ്പുണ്ടായിരുന്നു. വലിയ അമ്മൂമ്മ (ഉമാദേവി), ദാമോദരൻ നമ്പൂതിരി, കുമാരൻ നമ്പൂതിരിയും ഭാര്യ പാർവ്വതിയും, ഭർത്താവ് നാരായണൻ നമ്പൂതിരി തുടങ്ങിയവർ പറഞ്ഞു കേട്ട കാര്യങ്ങളാണ് ഓർമ്മയിലുള്ളത്.

വലിയ അമ്മൂമ്മയ്ക്ക് ( പാർവ്വതീ നെന്മിനിമംഗലത്തിന്റെ ഭർത്താവ് വാസുദേവൻ നമ്പൂതിരിയുടെ അമ്മ ഉമാദേവിക്ക് ) പാപ്പിയെ വലിയ ഇഷ്ടമായിരുന്നു. പക്ഷെ, പാപ്പിയുടെ സഭാപ്രവർത്തനത്തെപ്പറ്റി മറ്റുള്ളവരുടെ കുറ്റപ്പെടുത്തലുകൾ സഹിയ്ക്കാതായപ്പോൾ അവർ പറഞ്ഞത്രെ. 'ഇനി വാസു എന്തു

സഭയ്ക്ക് പോവുന്ന ആളാണെങ്കിലും ഇല്ലത്തെത്തിയാൽ കുളിച്ച ശേഷം മാത്രമേ പാപ്പി അകത്ത് കയറുകയുള്ളു. വന്നാൽ വൈകുന്നേരത്തെ പൂജയ്ക്കു വേണ്ട നേദ്യം വയ്പ്പ്, പൂവ് നന്നാക്കൽ തുടങ്ങിയവയെല്ലാം നിമിഷ നേരം കൊണ്ട് തീരും. ഭർത്താവ് വാസുദേവൻ നമ്പൂതിരിയായിരുന്നു രണ്ടു നേരവും നിത്യപൂജകൾ ചെയ്തിരുന്നത്. ഗുരുവായൂരപ്പന് പുഷ്പാഞ്ജലിയ്ക്ക് അദ്ദേഹത്തിന് കേടില്ലാത്ത വലിയ തുളസിപ്പൂ വേണം. പാപ്പി അതും കൃത്യമായി പൂപ്പാലികയിൽ വച്ചിട്ടുണ്ടാകും. പൂജ കഴിയുമ്പോഴേയ്ക്കും അത്താഴം തയ്യാറാക്കലും പാർവ്വതി തന്നെ.

പറഞ്ഞാലും കാര്യമില്ല, പാപ്പിയെ പുറത്തു പോകാൻ ഞാൻ വിടില്ല.'. പക്ഷെ സഭാ പ്രവർത്തനം കഴിഞ്ഞ് വൈകുന്നേരം പാപ്പി വന്ന് കിഴക്കെമുറ്റത്തു നിന്ന് 'അമ്മേ,ആ തോർത്ത് ഇങ്ങട് ട്ടേക്കൂ, ഞാൻ കുളിച്ചു വരാം'. ഈ വിളിയിൽ അവരുടെ എല്ലാ ദേഷ്യവും അലിയുകയായി. തോർത്തു എടുത്തു കൊടുക്കും. കുളിച്ചു വരുമ്പോഴേക്കും കാപ്പിയും റെഡി.

കുളിച്ച ശേഷം മാത്രമേ പാപ്പി അകത്ത് വരികയുള്ളു. വന്നാൽ വൈകുന്നേരത്തെ പൂജയ്ക്കു വേണ്ട നേദ്യം വയ്പ്പു, പൂവ് നന്നാക്കൽ എല്ലാം നിമിഷ നേരം കൊണ്ട് തീരും. വാസുദേവൻ നമ്പൂതിരിയായിരുന്നു രണ്ടു നേരവും നിത്യപൂജകൾ ചെയ്തിരുന്നത്. ഗുരുവായൂരപ്പന് പുഷ്പാഞ്ജലിയ്ക്ക് അദ്ദേഹത്തിന് കേടില്ലാത്ത വലിയ തുളസിപ്പൂ വേണം. പാപ്പി അതും കൃത്യമായി പൂപ്പാലികയിൽ വച്ചിട്ടുണ്ടാകും. പൂജ കഴിയുമ്പോഴേയ്ക്കും അത്താഴം തയ്യാറാക്കലും പാർവ്വതി തന്നെ. രാവിലെയും ഇതുപോലെ തന്നെ. രാവിലെ പൂജ കഴിഞ്ഞാൽ വാസുദേവനും തനിക്കും ചായയോടൊപ്പം വറുത്തമുളകും വെളിച്ചെണ്ണയും കൂട്ടി ഉരുട്ടിയ രണ്ടു ഉരുളച്ചോറ്. അതു കഴിച്ച് രണ്ടു പേരും കൂടി പുറത്തേയ്ക്ക് ഇറങ്ങുകയായി. അപ്പോഴും ഒരു വിളിയുണ്ട് 'അമ്മേ, പോയിട്ടു വരാം.'. തലേ ദിവസം പറഞ്ഞതെല്ലാം മറന്ന് സ്തബ്ധയായി നിൽക്കും, ആ സ്നേഹ സമ്പന്നയായ അമ്മ.

വിവാഹ ശേഷം കുറച്ചു നാൾ വാസുദേവൻ നമ്പൂതിരി അന്നത്തെ വലിയ നമ്പൂതിരി കുടുംബമായ ചാലക്കുടി പരിയാരത്തു കുറിയേടത്ത് കണക്കു നോട്ടവും മറ്റുമായി തങ്ങിയിരുന്നു. അമ്മയോട് അനുവാദവും വാങ്ങി പാർവ്വതിയും കൂടെപ്പോയി. പിരിഞ്ഞിരിക്കാൻ അവർക്കു സാധിക്കുമായിരുന്നില്ല.

കുട്ടികളോടു വലിയ വാത്സല്യമായിരുന്നു. അന്നു കുട്ടിയായിരുന്ന നാരായണൻ നമ്പൂതിരിയെ ( എന്റെ ഭർത്താവിനെ) വാസുദേവനും പാർവ്വതിയും പിൽക്കാലത്ത് താമസിച്ചിരുന്ന, ഇരിങ്ങാലക്കയ്ക്കടുത്ത പടിയൂരിലേക്ക് കൂടെ കൊണ്ടുപോകുമായിരുന്നു. നാരായണൻ നമ്പൂതിരിയുടെ അനുജത്തി രാധ ഉണ്ടായപ്പോൾ ( അവർ തമ്മിൽ ഒന്നര വയസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ) രണ്ടുപേരെയും ഒരുമിച്ചു നോക്കാൻ നാരായണൻ നമ്പൂതിയിരിയുടെ അമ്മ ഉമാദേവിയ്ക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ കരുതിയാണത്രേ ഇങ്ങനെ തന്റെ കൂടെ കൊണ്ടുപോയി നോക്കിയിരുന്നത്. അവിടെച്ചെന്നാലും അവർ പോകന്നിടത്തൊക്കെ നാരായണനെ കൂടെ കൂട്ടും. ഒരിയ്ക്കൽ അങ്ങിനെ ആദ്യമായി പഴനിക്കു കൊണ്ടുപോയി, തല മുണ്ഡനം ചെയ്തതും പറഞ്ഞു കേട്ടിട്ടുണ്ട്.

പാർവ്വതീ നെന്മിനിമംഗലം മരിച്ച് നെന്മിനിമംഗലത്തു തെക്കിനിയിൽ നിലത്തിറക്കിയ സന്ദർഭം. ഒരുപാടു പേർ കണ്ടു മടങ്ങിക്കൊണ്ടിരുന്നു. വാസുദേവൻ നമ്പൂതിരി നാലുകെട്ടിൽ കൂടിയ എല്ലാവരോടും കുറച്ചുനേരം തന്നേയും പാപ്പിയേയും ഒറ്റയ്ക്കു വിടാൻ അഭ്യർത്ഥിച്ചു. പാപ്പിയുടെ മുഖത്തു നോക്കി കുറെ നേരം അങ്ങിനെ ഇരുന്നു. അവസാനം പുതപ്പിച്ചിരുന്ന കോടി മാറ്റി നെറ്റിയിൽ ഒരു അന്ത്യചുംബനം. ഈ രംഗം കണ്ടുനിന്നവരെ മുഴുവൻ കരയിച്ചു. ഇതെല്ലാം കണ്ട് ഉള്ളു വിങ്ങി വലിയ അമ്മൂമ്മ വടക്കേ മച്ചിൽ ഇരിക്കുന്നുണ്ടായിരുന്നു.

പറഞ്ഞു കേട്ട മറ്റൊന്ന് ഇതാണ്.

പല അന്തർജനങ്ങളുടെയും തോടയിട്ടു ഞാന്ന ചെവികൾ ഡോ. കൃഷ്ണയ്യരാണ് മുറിച്ചിരുന്നത്. അവ നടുമുറ്റത്തു അറുത്തിടും. നടുമുറ്റം അന്നു മണ്ണാണ്. തേച്ചിട്ടൊന്നുമില്ല. സന്ധ്യയാകുമോഴേയ്ക്കും ഇതു മുഴുവൻ അടിച്ചു കൂട്ടി പാളയിൽ വാരി പുറത്തു കളഞ്ഞ്, ചാണകം കൂട്ടി തളിച്ചു മെഴുകിയിരുന്നത് കുട്ടികൾ മാമി എന്നു വിളിച്ചിരുന്ന കുഞ്ചിപ്പെണ്ണായിരുന്നു. എന്നിട്ടുവേണം വിളക്കുവെയ്ക്കാൻ.ഈ പ്രക്രിയ ആഴ്ച്ചകളോളം തുടർന്നിരുന്നത്രെ.

വേളി കഴിയ്ക്കാൻ തയ്യാറായ മറ്റില്ലങ്ങളിലെ അപ്ഫൻമാർക്കും സ്വന്തം ഇല്ലങ്ങളിൽ നിന്നും പിന്തുണ കിട്ടിയിരുന്നില്ല. അവരിൽ പലരുടേയും ആയിനൂണും വേളിയ്ക്കു പുറപ്പെടലും നെന്മിനിമംഗലത്തു നിന്നായിരുന്നു. പാപ്പി ശിറ്റശ്ശിയുടെ സംവിധാനത്തിൽ വലിയമ്മൂമ്മയുടെ സഹായത്തോടെ ആയിരുന്നു, ഇതെന്നു പറയേണ്ടതില്ലല്ലൊ. ●

# ആ വെല്ലുവിളിയിൽ പിറന്ന കുട്ടി

## സിനിമയിലെ ആദ്യത്തെ അന്തർജനം

### അടുത്ത വർഷം നവതി ആഘോഷിക്കാനിരിക്കുന്ന അവർ ആ പഴയ സിനിമാക്കഥ ഇതാദ്യമായി വെളിപ്പെടുത്തുന്നു



*സരള മധുസൂദനൻ പഴയ ചിത്രം*



*സരള മധുസൂദനനും ലീലാ നമ്പൂതിരിപ്പാടും*



**എം.സരള മധുസൂദനൻ**

ജീവിത യാത്രയിലെ പടികളിറങ്ങുമ്പോൾ എന്റെ മനസ്സ് കടിഞ്ഞാണില്ലാത്ത ഒരു കുതിരയെപ്പോലെ തോന്നുന്ന ദിക്കിലേയ്ക്കെല്ലാം സഞ്ചരിക്കുന്നു. 89 വയസ്സിലെത്തി നിൽക്കുന്ന എന്റെ മനസ്സിപ്പോൾ ഏഴു പതിറ്റാണ്ടിനപ്പുറത്താണ്.

ബോംബെയ്ക്ക് വണ്ടി കയറാനായി എറണാകുളം സ്റ്റേഷനിൽ എന്റെ കൂടെ വല്യച്ഛന്റെ മകൾ നങ്ങേമേടത്തി യും (ഉമാദേവി മുല്ലമംഗലം) അവരെ വിവാഹം കഴിച്ച പള്ളിശ്ശേരി ശങ്കരനാരായണൻ എന്ന പി.സി.ഏട്ടനും. അവരുടെ വിവാഹം കഴിഞ്ഞിട്ട് അധിക്മായിരുന്നില്ല. ബോംബെയിൽ റെയിൽവേയിലായിരുന്നു ഏട്ടന് ജോലി. അതു സംബന്ധിച്ച യാത്രയായിരുന്നു. കുറച്ചു മാസങ്ങൾക്ക് മുൻപാണ് എന്റെ സഹോദരി ലീലേടത്തി ഡാൻസു പഠിയ്ക്കാനായി ബോംബെയ്ക്ക് പോയത്. ഏടത്തി പോയ സങ്കടം സഹിയ്ക്ക വയ്യാതെ കരച്ചിലും പിഴിച്ചിലുമായ

അന്നത്തെ താരജോഡികളായ ദേവാനന്ദും നളിനി ജയ്‌വന്തുമായുള്ള നൃത്തത്തിലെ ഒരു ഭാഗമാകാൻ കഴിഞ്ഞത് ഭാഗ്യം. ഉപരാഷ്ട്രപതി രാജേന്ദ്രപ്രസാദിനും പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാലിനും വേണ്ടി പ്രത്യേകമായി രാജ്ഭവനിൽപരിപാടി സംഘടിപ്പിച്ചിരുന്നു.



സിനിമയിലെ നൃത്തത്തിൽ ചുവടു വെയ്ക്കുന്ന ലീലയും സരളയും





എറണാകുളം മറൈൻ ഡ്രൈവ് എക്സ്റ്റൻഷനിലെ ടാറ്റ ത്രിത്വം ടവറിലെ മകളുടെ ഫ്ളാറ്റിൽ സരള മധുസൂദനൻ

എന്നെക്കൂടി ബോംബെയ്ക്കയക്കാൻ അച്ഛനമ്മമാർ തീരുമാനിച്ചിരുന്നു.

എന്റെ വല്യമ്മാമൻ ഐ.സി.പി. നമ്പൂതിരിയുടെ സുഹൃത്തായ ചെറുപ്പുളശ്ശേരി അപ്പുണ്ണി കർത്താ ബോംബെ ലിറ്റിൽ ബാലെ ട്രൂപ്പിലെ നൃത്താദ്ധ്യാപകനായിരുന്നു. ലീലേടത്തിയുടെ നൃത്താഭിരുചി കണ്ടറിഞ്ഞ് അമ്മാമനാണ് വഴിയൊരുക്കിയത്. ഓടുന്ന വണ്ടിയേക്കാൾ എത്രയോ മടങ്ങ് വേഗത്തിലാണ് എന്റെ മനസ്സ് ഓടിക്കൊണ്ടിരുന്നത്. ഡാൻസ് പഠിയ്ക്കണം ബോംബെ നഗരം കാണണം എന്നൊന്നുമല്ല എത്രയും വേഗത്തിൽ ഏടത്തിയുടെ അടുത്തെത്തണം എന്നൊരു ചിന്ത മാത്രമായിരുന്നു മനസ്സിൽ. ചിന്തയും മനസ്സും എത്ര കുതിച്ചുപാഞ്ഞാലും വണ്ടി മൂന്നു ദിവസം കഴിഞ്ഞേ ലക്ഷ്യസ്ഥാനത്തെത്തൂ. അങ്ങനെ മൂന്നാം ദിവസം ബോംബെ വി.ടി.സ്റ്റേഷനിലിറങ്ങുമ്പോൾ അപ്പുണ്ണി കർത്താ കാത്തുനിൽക്കുന്നുണ്ടായിരുന്നു.

പി.സി.ഏട്ടനും നങ്ങേമേടത്തിയും അന്ന് അവർ താമസിച്ചിരുന്ന മലാഡിലേക്കും ഞാൻ അപ്പുണ്ണിമാസ്റ്ററുടെ കൂടെ ട്രോംബെയ്ക്കും പോയി. ട്രൂപ്പിലെ അന്തേവാസികളിലൊരാളായി. ശാന്തി ബർദൻ എന്നൊരു ബംഗാളിയായിരുന്നു നൃത്താദ്ധ്യാപകൻ. അദ്ദേഹത്തിന്റെ സഹായി ഗുൾസാവേരി എന്ന ഒരു ഗുജറാത്തി വനിതയായിരുന്നു. സിഗററ്റും വലിച്ച് ചുറു ചുറുക്കോടെ ഓടിനടക്കുന്ന അവരിപ്പോഴും എന്റെ മനസ്സിലുണ്ട്.

അതാദ്യമായാണ് ഒരു സ്ത്രീ സിഗററ്റ് വലിക്കുന്നത് ഞാൻ കണ്ടത്. കേരളം, ബംഗാൾ, കർണ്ണാടകം, ഗുജറാത്ത്, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നെല്ലാം വിദ്യാർത്ഥികളായിട്ട് അറുപതോളം പേർ ഉണ്ടായിരുന്നു. ചിട്ടയോടെയുള്ള ജീവിതചര്യയും പഠിപ്പുമൊക്കെ ഞാൻ ഇഷ്ടപ്പെട്ടു. മലയാളികളായി നാലു പേരാണുണ്ടായിരുന്നത്. അപ്പുണ്ണി കർത്താവിനെ കൂടാതെ കോട്ടയത്ത് നിന്ന് ദേവകി പിന്നെ ലീലേടത്തിയും ഞാനും. ഗുജറാത്തിഡാൻസ്, ലംബാടി നാടോടി നൃത്തം, മണിപ്പൂരി ഡാൻസ് ഇവയൊക്കെയാണ് പഠിപ്പിച്ചിരുന്നത്. പപ്പെറ്റ് ഡാൻസ് രീതി ലോകത്തു തന്നെ ആദ്യമായി അവതരിപ്പിച്ചത് ശാന്തി ബർദനാണെന്നാണ് കേട്ടിട്ടുള്ളത്. രാമായണം ബാലെ അദ്ദേഹത്തിന്റെ മാസ്റ്റർ പീസായിരുന്നു.

അക്കാലത്ത് വളരെയധികം ശ്രദ്ധ നേടിയ രാമായണം ബാലേ ബോംബെയിൽ മാത്രമല്ല അഹമ്മദാബാദ്, ഹൈദരാബാദ്, ഡൽഹി എന്നിങ്ങനെ പല സ്ഥലങ്ങളിലും അവതരിപ്പിച്ചിട്ടുണ്ട്. ബാലേയിൽ സീതയുടെ വേഷമിട്ടത് ലീലേടത്തിയായിരുന്നു. ത്രിജട എന്ന രാക്ഷസിയുടെ കൂടെയുള്ള രാക്ഷസിമാരിൽ ഒരാളായും രാജസദസ്സിൽ നൃത്തം ചെയ്യുന്നവരിൽ ഒരാളായും ഞാൻ രംഗത്ത് വന്നും പോയുമിരുന്നു. പൊതുവെ എല്ലാവരും ഹിന്ദിയാണ് സംസാരിച്ചിരുന്നത്. ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ ഞാനും ഏടത്തിയും ഹിന്ദി

സംസാരിയ്ക്കാനും പഠിച്ചു.

അന്നത്തെ ഹിന്ദി നടന്മാരും സംവിധായക രുമൊക്കെയായി നല്ലൊരു സുഹൃദ് ബന്ധമാണ് ശാന്തി ബർദനുണ്ടായിരുന്നത്. അന്നത്തെ പേരുകേട്ട സംവിധായകരിലൊരാളായിരുന്നു കെ.എ.അബ്ബാസ്. അദ്ദേഹം ഇടയ്ക്കെല്ലാം ശാന്തിദായെ കാണാൻ വരികയും ഞങ്ങളുടെ റിഹേഴ്സിൽ കാണുകയും ചെയ്തിരുന്നു. സുപ്രസിദ്ധ സാഹിത്യകാരൻ ഡോ.മുൽക്ക് രാജ് ആനന്ദിന്റെ രണ്ടിലയും ഒരു മൊട്ടും ( Two Leaves and a bud) എന്ന കഥ അഭ്രപാളിയിലാക്കിയത് അബ്ബാസാണ്. അതിൽ തേയില തോട്ടത്തിലെ തൊഴിലാളികൾ ചെയ്യുന്ന ഒരു സംഘനൃത്തം അവതരിപ്പിച്ചത് ട്രൂപ്പിലെ വിദ്യാർത്ഥികളായിരുന്നു. അങ്ങനെ സിനിമയിൽ പ്രത്യക്ഷപ്പെടാനുള്ള അവസരവും കൈവന്നു. ഒരുപക്ഷേ നമ്പൂതിരി സമുദായത്തിൽ നിന്ന് ആദ്യമായി സിനിമാ ക്യാമറയ്ക്ക് മുന്നിൽ നിന്നത് ഞങ്ങളായിരിക്കും. 50 അമ്പത്തി മൂന്ന് കാലഘട്ടമാണ്. അതിനുമുമ്പ് ആരെങ്കിലും ഉണ്ടായിരുന്നോ എന്നറിയില്ല. അന്നത്തെ താരജോഡികളായ ദേവാനന്ദും നളിനി ജയ്വന്തുമായുള്ള നൃത്തത്തിലെ ഒരു ഭാഗമാകാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു.

അന്നത്തെ രാഷ്ട്രപതി രാജേന്ദ്രപ്രസാദിനും പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാലിനും വേണ്ടി പ്രത്യേകമായി പരിപാടി സംഘടിപ്പിച്ചിരുന്നു. രാജ്ഭവനിൽ വെച്ചായിരുന്നു അത്. പരിപാടി കണ്ട് കഴിഞ്ഞപ്പോൾ ശാന്തി ബർദനെ മാത്രമല്ല ഞങ്ങൾ വിദ്യാർത്ഥികളേയും അഭിനന്ദിക്കുകയും ഒരുമിച്ച് ഫോട്ടോ എടുക്കുകയും ചെയ്തു. അന്നത്തെ ഹിന്ദു ദിനപത്രത്തിൽ ആ ഫോട്ടോ സഹിതം വാർത്ത വന്നിരുന്നു. ആ പേപ്പർ കട്ടിങ് ഇപ്പോഴും എന്റെ കയ്യിൽ ഉണ്ട്. അഹമ്മദാബാദിൽ പോയത് സുപ്രസിദ്ധ നർത്തകി മൃണാളിനി സാരാഭായിയുടെ ക്ഷണപ്രകാരമാണ്. അവർക്കായി ബാലെ അവതരിപ്പിക്കുകയും അവരുടെ സൽക്കാരങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തത് പുതിയൊരനുഭവമായിരുന്നു.

താഴെ തടുക്കുപോലുള്ള ഒരു പുൽപ്പായയിൽ ചമ്രം പടിഞ്ഞിരുന്ന് കൈ എത്താവുന്ന ഉയരത്തിലുള്ള ഒരു പീഠത്തിന്മേൽ വെച്ച പ്ലേയ്റ്റിലെ പൂരിയും ഭാജിയും എണ്ണയിൽ വാട്ടിയ പച്ചമുളകും, മധുരമുള്ള അച്ചാറുമൊക്കെ കഴിച്ചതിന്റെ സ്വാദ് നാവിൽ തുമ്പത്തിപ്പോഴുമുണ്ട്. അന്നവിടെ സുപ്രസിദ്ധ കഥകളി നടൻ ചാത്തുണ്ണി പണിക്കരുമുണ്ടായിരുന്നു. ബോംബെയിൽ വന്നപ്പോഴാണ് ആദ്യമായി ഞങ്ങൾ പൂരി കഴിച്ചത്. പിന്നെ അഹമ്മദാബാദിൽ പോയപ്പോഴും .



*ഡോ.മുൽക്ക് രാജ് ആനന്ദിന്റെ രണ്ടിലയും ഒരു മൊട്ടും എന്ന കഥ കെ.എ.അബ്ബാസ് സിനിമയാക്കിയപ്പോൾ സംഘനൃത്തത്തിൽ ചുവടു വെയ്ക്കുന്ന ലീലയും സരളയും*

ഒരു വിധവയെ ജീവിതസഖി ആക്കിയ എന്റെ അച്ഛൻ എം.ആർ.ബി.യെ (മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാട്) സമുദായം ഭ്രഷ്ടനാക്കിയിരുന്നു. ആ ഭ്രഷ്ടിന്റെ ലോകത്തിലേക്കാണ് ഞാൻ പിറന്നു വീണത്. ദുരിതപൂർണമായിരുന്നു ഞങ്ങളുടെ ബാല്യകാലം. കഞ്ഞിയും കണ്ണിമാങ്ങായുമായിരുന്നു പലപ്പോഴും കഴിച്ചിരുന്നത്. അതും ഇല്ലാത്ത ദിവസങ്ങളുണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ കായ്കറി തോട്ടത്തിലെ വെള്ളരിയ്ക്കാ പൂവ്വൽ (മൂപ്പെത്താത്ത വെള്ളരി) തിന്നാണ് വിശപ്പടക്കിയിരുന്നത്. ഇന്നാണെങ്കിലോ സുഭിക്ഷമായ ഭക്ഷണം മുന്നിൽ എത്തിയാൽ ഒന്നും കഴിയ്ക്കാൻ പറ്റാത്ത അവസ്ഥയിലുമായി. ബി.പി, കൊളസ്ട്രോൾ, തൈറോയ്ഡ്, എന്നിങ്ങനെയുള്ള രോഗങ്ങൾ അതിനു തടയിട്ടിരിയ്ക്കുന്നു. ഞാനിപ്പോൾ പണ്ടത്തെ കഞ്ഞി തന്നെ.

ഒരിയ്ക്കൽ ഡൽഹിയിലെ രാംലീല മൈതാനത്ത് പരിപാടി നടന്നു കൊണ്ടിരിയ്ക്കുമ്പോൾ മണൽ കാറ്റു വീശി കർട്ടനെല്ലാം പറന്ന് ആകെ

അലങ്കോലമായി. വളരെ പ്രയാസപ്പെട്ടാണ് അന്ന വിടെ നിന്ന് രക്ഷപ്പെട്ടത്. ഇന്നും അതോർക്കുമ്പോൾ ഭയം ഉള്ളിൽ ഇരച്ചു കയറും. മുൻകൂട്ടി നിശ്ചയിച്ചിരുന്ന പരിപാടികൾ വേണ്ടെന്നു വെച്ച് ഞങ്ങൾ ബോംബെയ്ക്ക് മടങ്ങി. അന്നത്തെ സംഭവബഹുലമായ ജീവിതത്തെപ്പറ്റി ഇപ്പോൾ ചിന്തിയ്ക്കുമ്പോൾ മനസ്സിൽ വിടരുന്നത് അത്ഭുതവും സന്തോഷവുമൊക്കെയാണ്. വാടി വീണ പൂക്കൾക്ക് വീണ്ടും വിടരാൻ കഴിയില്ലല്ലോ.? അക്കാലങ്ങളിലേയ്ക്ക് ആഗ്രഹമുണ്ടെങ്കിലും മടങ്ങിപ്പോകാൻ കഴിയില്ലല്ലോ എന്ന് ദുഃഖത്തോടെ ഓർക്കുന്നു. ''വെറുതേയീ മോഹങ്ങൾ എന്നറിയുമ്പോഴും വെറുതെ വെറുതെ മോഹിയ്ക്കുവാൻ മോഹം' എന്ന ഒ.എൻ.വി സാറിന്റെ പാട്ടിലെ വരികൾ എത്ര അർത്ഥവത്താണ്!

രണ്ടു കൊല്ലത്തെ ബോംബെ ജീവിതം അവസാനിപ്പിച്ച് ഞാനും ലീലേടത്തിയും നാട്ടിലേക്ക് മടങ്ങി. ലീലേടത്തി സുപ്രസിദ്ധ നർത്തകൻ ആനന്ദശിവറാമിന്റെയും കലാമണ്ഡലം ഗംഗാധരന്റെയും ട്രൂപ്പിൽ ചേർന്ന് ഡാൻസ് പഠിയ്ക്കുകയും പലസ്ഥലങ്ങളിലും രംഗത്തവതരിപ്പിക്കുകയും ചെയ്തു. പിന്നീട് ഡാൻസൊക്കെ ഉപേക്ഷിച്ച് സിനിമകളിലും ഡോക്യുമെന്റുകളിലും തുടർന്നു. ഞാനാകട്ടെ എറണാകുളം സെന്റ് മേരീസ് സ്കൂളിൽ പഠിപ്പ് തുടരുകയും ചെയ്തു.

സിനിമയിലൊക്കെ അഭിനയിച്ച ലീലേടത്തിക്ക് വലിയ പ്രശസ്തിയൊന്നും നേടാൻ കഴിഞ്ഞില്ല. കളിയാട്ടം സിനിമയിൽ സുരേഷ് ഗോപിയുടെ അമ്മയായിട്ടാണ് വേഷമിട്ടത്. എം.ജി.ശശിയുടെ ഡോക്യുമെന്ററിയിലാണ് അവസാനമായി അഭിനയിച്ചത്. അങ്ങനെ അഭിനയമോഹം തുടരാൻ സാധിച്ചു എന്ന



*സരള മധുസൂദനന്റെ വല്യച്ഛന്റെ മകൾ ഉമാദേവി മുല്ലമംഗലം, സരള മധുസൂദനൻ, വല്യച്ഛന്റെ മകൻ മുല്ലമംഗലം കൃഷ്ണൻ ഭട്ടതിരിപ്പാട്, ഏടത്തി ലീല*



*സരള മധുസൂദനനും ലീലാ നമ്പൂതിരിപ്പാടും*

ല്ലാതെ പ്രശസ്തി നേടാനായില്ല. കാലം കടന്നുപോകവേ ഞങ്ങൾ വിവാഹിതരായി. ഭാര്യയായി, അമ്മയായി, മുത്തശ്ശിയായി, മുതുമുത്തശ്ശിയായി അങ്ങനെ ജീവിതം മുന്നോട്ടു പോയി.

കുറൂർ കൃഷ്ണൻ ഭട്ടതിരിപ്പാടാണ് ലീലേടത്തിയെ വിവാഹം കഴിച്ചത്. അവർക്ക് രണ്ടു മക്കൾ ലത, ലേഖ. ഒരാൾ കർണ്ണാലിലും മറ്റവൾ ഓസ്ട്രേലിയയിലും കുടുംബസമേതം കഴിയുന്നു. 2013 ഫെബ്രുവരി 9 ന് ലീലേടത്തിയും 2024 ഏപ്രിൽ 28 ന് കൃഷ്ണേട്ടനും ഈ ലോകത്തോട് വിട പറഞ്ഞു. എന്റെ ജീവിതപങ്കാളി ഇരിമ്പനം പിലാക്കുടി ഇല്ലത്തെ ഡോക്ടർ മധുസൂദനൻ കോളേജധ്യാപകനായിരുന്നു. 47 കൊല്ലത്തെ ഒരുമിച്ചുള്ള ജീവിതം 2006 ൽ ഒക്ടോബർ 1 ന് അവസാനിച്ചു. ഞങ്ങൾക്ക് മൂന്ന് മക്കൾ ശാലിനി, ശ്യാമ, ശശി. ഇവരിൽ പെൺമക്കൾ രണ്ടുപേരും എറണാകുളത്തുണ്ട്. മകൻ ശശി ഓസ്ട്രേലിയയിലും. രണ്ടാം ബാല്യത്തിലെത്തിയ ഞാൻ മക്കളുടെ പരിചരണയിൽ സന്തോഷമായി ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നു. ●

**സരള മധുസൂദനൻ,** ടവർ നമ്പർ 1, 15 എ, ടാറ്റ ത്രിത്വം, ഗോശ്രീ പച്ചാളം ലിങ്ക് റോഡ്, മറൈൻ ഡ്രൈവ് എക്സ്റ്റൻഷൻ, എറണാകുളം
പിൻ: 682018 മൊബൈൽ: 97561 16990



Kottakkal
ayurveda
ശരിയായ ആയുർവേദം.
ശരിയായ ഫലപ്രാപ്തി.
ഹെയർ നറിഷിങ് ഷാംപൂ
AVAILABLE IN 100 ml & 200 ml BOTTLES
Kottakkal
Hair Nourishing
Shampoo
SKIN CARE
SOAP
SKIN
PROTECTION
SOAP
TFM 76%
Grade 1
സ്കിൻ കെയർ സോപ്പ്
& സ്കിൻ പ്രൊട്ടക്ഷൻ സോപ്പ്
THE ARYA VAIDYA SALA
KOTTAKAL
ESTD. 1902
കോട്ടക്കൽ ആര്യവൈദ്യശാല ഉൽപ്പന്നം
ഓൺലൈനിൽ
വാങ്ങാൻ
സ്കാൻ ചെയ്യൂ
കൂടുതൽ വിവരങ്ങൾക്ക്
0483-2806523 / 501
ഡീലർഷിപ്പുകൾ, ബ്രാഞ്ചുകൾ, സൂപ്പർമാർക്കറ്റുകൾ
തുടങ്ങി എല്ലാ പ്രമുഖ സ്റ്റോറുകളിലും ലഭ്യം



തീർത്ഥയാത്ര എവിടെക്കായാലും
അത് വനമാലിയിലൂടെ ഒരു പുണ്യയാത്രയാവട്ടെ...
യാത്രാ പേക്കേജുകൾ
• ഹിമാലയ – ചാർധാം
• ഗുജറാത്ത് (ദ്വാരക)
• കാശി, അയോധ്യ, ത്രിവേണി, ഗയ
• നേപ്പാൾ • രാജസ്ഥാൻ • കാശ്മീർ
• മഥുര, വൃന്ദാവൻ, ഹരിദ്വാർ, ഋഷികേശ്
• അജന്ത, എല്ലോറ, നാസിക്, ഷിർദി
ഏറ്റവും കുറഞ്ഞ ചിലവിൽ
സുരക്ഷിതമായി, മനസ്സിനും
ശരീരത്തിനും കുളിർമയേകി
ഒരു യാത്ര....
ബന്ധപ്പെടുക
കേശവൻ നമ്പൂതിരി, PH:7907737385, 9946938838
Vanamali TOURS & TRAVELS
PH:+91 7907737385, 9946938838
KOZHIKODE, KERALA, Email: kesavanvanamali2850@gmail.com




ശ്രീ സദാശിവം തീർത്ഥയാത്ര ഗ്രൂപ്പ്
പിലാത്തറ, പയ്യന്നൂർ, കണ്ണൂർ ജില്ല
ഉത്തരഭാരത-ദക്ഷിണ ഭാരത യാത്രകൾ
2025 ആദ്യപാദത്തിലെ പ്രധാന യാത്രകൾ
തിരുപ്പതി, കാളഹസ്തി: ജനുവരി 6 – 10
പഴനി, മധുര, രാമേശ്വരം,
ധനുഷ്കോടി: ഫെബ്രുവരി 10 –13
വൃന്ദാവൻ, മഥുര, ആഗ്ര, ഡൽഹി, പഞ്ചാബ്,
അമൃതസർ, കുരുക്ഷേത്ര, ഹരിയാന: മാർച്ച് 2–12
അയോദ്ധ്യ, കാശി, പ്രയാഗ് രാജ്, സാരാനാഥ്
മംഗലാപുരത്തു നിന്നും വിമാന യാത്ര: മാർച്ച് 24–28
ശബരിമലയാത്ര: മേടം 1 വിഷുവിന് പുറപ്പെടുന്നു
ഷിർദ്ദി , നാസിക്, ത്രയംബകേശ്വർ,
അജന്ത, എല്ലോറ: ഏപ്രിൽ 24 – മേയ് 2
മൂകാംബിക, ധർമ്മസ്ഥല, സുബ്രഹ്മണ്യം, ശൃംഗേരി,
ഗോകർണ്ണം, ഉഡുപ്പി, മുരുഡേശ്വരം,
കുടജാദ്രി എ.സി. ബസ്: മേയ് 12–15
ബുക്കിംഗിനും കൂടുതൽ വിവരങ്ങൾക്കും
എം. ശ്രീധരൻ നമ്പൂതിരി, ശ്രീ സദാശിവം തീർത്ഥയാത്ര
മൊബൈൽ:9447445401, 8075025775, ഓഫീസ്: 9567403205



*തളിപ്പറമ്പിലെ കുറുമാത്തൂർ മന*



*സദനം ബാലകൃഷ്ണൻ*

**സെലിബ്രിറ്റി ഗസ്റ്റ്**

**സദനം ബാലകൃഷ്ണൻ**

# ഞാനറിയാതെ എന്റെ അപേക്ഷ അയച്ചത് കുറുമാത്തൂരിലെ 'വല്ല്യേട്ത്തുന്ന്'

**പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി**



കഴിഞ്ഞ വർഷം രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ച കഥകളി ആചാര്യനാണ് സദനം ബാലകൃഷ്ണൻ. അദ്ദേഹം പറയുന്നു. എന്നെ ഞാനാക്കിയത് കുറുമാത്തൂർ ഇല്ലമാണ്. അവിടത്തെ നമ്പൂതിരിമാരുടെ കടാക്ഷവും കീഴ്പ്പടം കുമാരൻ നായർ എന്ന ഗുരുനാഥന്റെ അനുഗ്രഹവുമാണ് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചത്.

സെലിബ്രിറ്റി ഗസ്റ്റ് എന്ന സ്വസ്തിയുടെ പംക്തിക്കുവേണ്ടി അദ്ദേഹവുമായി ദീർഘമായി സംസാരിച്ചു. പിന്നിട്ട വഴികൾ, ബാല്യം, കുറുമാത്തൂരെ നമ്പൂതിരിമാരുമായുള്ള അടുപ്പം, എല്ലാം സദനം ബാലകൃഷ്ണൻ പങ്കു വച്ചു.

തളിപ്പറമ്പുനിന്ന് 35 കി.മി ദൂരെ ചുഴലി എന്നഗ്രാമത്തിലാണ് എന്റെ വീട്. അവിടെ നിന്ന് 8 കിലോമീറ്റർ ദൂരെ കുറുമാത്തൂർ എന്ന ഗ്രാമത്തിലെ വലിയ ജന്മി കുടുംബമാണ് കുറുമാത്തൂർ മനക്കാർ. സ്വന്തം മേൽനോട്ടത്തിൽ നെൽകൃഷി, പാട്ടം മുഖാന്തരം വരുന്ന വിഭവങ്ങൾ, തെങ്ങ്, കവുങ്ങ്, കുരുമുളക്, മാവ്, കശുവണ്ടി, റബർ തുടങ്ങിയ കൃഷിയിടങ്ങളോട് കൂടിയ തറവാടായിരുന്നു. ഭാരതത്തിലെ പലയിനം പശുക്കളെ സംരക്ഷിക്കുന്ന വലിയ ഡയറിഫാമും ഗോരസങ്ങൾ സംസ്കരിക്കാനും വിപണനത്തിനുമുള്ള ധാരാളം ജോലിക്കാരും ഉണ്ടായിരുന്നു. ഒരു സ്ഥാപനമോ പ്രസ്ഥാനമോ എന്നു തോന്നുമാറുള്ളതായിരുന്നു കു

സൂര്യാസ്തമനത്തിനു മുമ്പേ വീട്ടിലെത്താൻ ആറു കിലോമീറ്റർ ഓടുകയായിരുന്നു ദിനചര്യ. ഒരുദിവസം ഇങ്ങനെ ഓടി വരുന്ന എന്നെ വല്യയേളിയേടത്ത്ന്ന്  കണ്ടു. 'ഇവിടെ വാ ബാലാ..' എന്നു സ്നേഹപൂർവ്വം വിളിച്ചു. 'സന്ധ്യക്കുമുമ്പ് വീട്ടിലെത്താൻ നിനക്ക് ബുദ്ധിമുട്ടാണല്ലോ? കഥകളി പഠിക്കണമെന്ന അതിയായ മോഹം ഉണ്ട്, ഒരുകാര്യം ചെയ്യാ കഥകളി ക്ലാസ്സുള്ള ദിവസങ്ങളിൽ നീ ഇല്ലത്തു താമസിച്ചോ'. എനിക്ക് അദ്ഭുതം തോന്നി. എന്നെപ്പോലൊരു ചെറിയ കുട്ടിയെ ഇല്ലത്തു താമസിക്കാൻ ക്ഷണിക്കുക. അതും മറ്റൊരു സമുദായത്തിൽപ്പെട്ട ആളെ.



*സദനം ബാലകൃഷ്ണൻ കുറുമാത്തൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെ കൂടെ*

റുമാത്തൂർ ഇല്ലം.

കുറുമാത്തൂർ മനക്കാർക്ക് നിരവധി ക്ഷേത്രങ്ങളുടെ ഊരായ്മയുണ്ടായിരുന്നു., സമീപപ്രദേ ശങ്ങളിലെല്ലാം ഭൂസ്വത്തും. നാട്ടുകാരെല്ലാം അവിടെയുള്ള പുരുഷന്മാരേ 'എളിയെടുത്ത്വന്ന്'  എന്നും സ്ത്രീകളെ 'അമ്മത്തിരുമുമ്പ്'  'അമ്മോരുമ്മന്ന്'  എന്നുമാണ് വിളിച്ചിരുന്നത്. നായകർ എന്ന അർത്ഥത്തിൽ കുറുമാത്തൂർ നായ്കർ എന്നാണ്  മറ്റു നമ്പൂരിമാർ പോലും അവരെ വിളിച്ചിരുന്നത്.

'അവിടെ അടുത്തായിരുന്നു ഞങ്ങളുടെ വീട്. ഞാൻ കൂനം എലിമെന്ററി സ്കൂളിൽ അഞ്ചാം ക്ലാസ്സ് പാസ്സായി വിദ്യഭ്യാസം നിറുത്തിയ കാലമായിരുന്നു. അയൽ വാസിയായ എന്റെ പേരുള്ള മറ്റൊരു ബാലകൃഷ്ണണന്റെ ആവശ്യപ്രകാരം അവന്റെ സഹായിയായാണ് ആറാം ക്ലാസ്സിൽ കുറുമാത്തൂർ സൗത്ത് ഹയർ എലിമെന്ററി സ്കൂളിൽ ചേർന്നത്.

'ആറു കീലോമീറ്റർ നടന്ന്  വേണം അവിടെയെത്താൻ. ഏഴാം ക്ലാസ്സ് പഠിക്കുമ്പോഴാണ്. ഓണം കഴിഞ്ഞ് വിദ്യാലയം തുറന്ന ദിവസം. സ്കൂളിൽ ഡാൻസ് ക്ലാസ്സ് ആരംഭിക്കുന്ന തീരുമാനമുണ്ടായി. താല്പര്യമുള്ളവർക്ക് പേർ നൽകാം. അറുപതുപേർ പേർ നൽകി. അതിൽ നിന്ന് അഞ്ചുപേരെ തിരഞ്ഞെടുത്തു. അതിൽ ഒരാളാവാൻ സാധിച്ചു. അത് കഥകളി ക്ലാസ്സാണെന്ന് പിന്നീടാണ് മനസ്സിലായത്.

ആ ഭാഗത്തുള്ള തൊട്ടോംകുരക്കാരൻ ചന്തുപണിക്കരാശാന്റെ പ്രഥമശിഷ്യനായ കൊണ്ടിവീട്ടിൽ നാരായണനായരായിരുന്നു ആശാൻ. കൂട്ടത്തിൽ പറയട്ടെ, പത്മശ്രീ കലാമണ്ഡലം കൃഷ്ണൻ നായരുടെ കൂടി ആശാനാവാൻ ഭാഗ്യം ലഭിച്ച വ്യക്തിയായിരുന്നു നാരായണനായരാശാൻ. സ്കൂൾ സമയം കഴിഞ്ഞായിരുന്നു കഥകളി അഭ്യാസം. അപ്പോഴേക്കും നേരം ഇരുട്ടാവും.

സൂര്യാസ്തമനത്തിനു മുമ്പേ വീട്ടിലെത്താൻ ആറു കിലോമീറ്റർ ഓടുകയായിരുന്നു ദിനചര്യ. ഒരുദിവസം ഇങ്ങനെ ഓടി വരുന്ന എന്നെ വല്യയേളിയേടത്ത്ന്ന് കണ്ടു.

'ഇവിടെ വാ ബാലാ..' എന്നു സ്നേഹപൂർവ്വം വിളിച്ചു. 'സന്ധ്യക്കുമുമ്പ് വീട്ടിലെത്താൻ നിനക്ക് ബുദ്ധിമുട്ടാണല്ലോ? കഥകളി പഠിക്കണമെന്ന അതിയായ മോഹം ഉണ്ട്, ഒരുകാര്യം ചെയ്യാ കഥകളി ക്ലാസ്സുള്ള ദിവസങ്ങളിൽ നീ ഇല്ലത്തു താമസിച്ചോ' .

എനിക്ക് അദ്ഭുതം തോന്നി. എന്നെപ്പോലൊരു ചെറിയ കുട്ടിയെ ഇല്ലത്തു താമസിക്കാൻ ക്ഷണിക്കുക. അതും മറ്റൊരു സമുദായത്തിൽപ്പെട്ട ആളെ. ഞാൻ കഥകളി പഠിക്കാൻ തീരുമാനച്ചത് വളരെ നന്നായി എന്ന് തോന്നി. കുറുമാത്തൂർ കടാക്ഷം അനുഭവിക്കാൻ കഴിഞ്ഞല്ലോ. അത് എന്നിൽ ആത്മാഭിമാനം വളർത്തി.

അതായിരുന്നു ആദ്യ കുറുമാത്തൂർ കടാക്ഷമെന്ന് സദനം പറയുന്നു. കുറുമാത്തൂർ ഇല്ലത്ത് താമസിക്കാനുള്ള സൗകര്യം ലഭിച്ചത്  ബാലകൃഷ്ണനിൽ ആത്മാഭിമാനം വളർത്തി. കുറുമാത്തൂരിലെ കഥ

കളി വിദ്യാർത്ഥിയെന്ന തലയെടുപ്പോടെ ചുഴലി ഗ്രാമത്തിൽ ചാടിയോടി നടന്നു. സന്ധ്യക്കുമുൻപേ വീട്ടിൽ എത്താനുള്ള ബുദ്ധിമുട്ട് ഒഴിവായതിലല്ല മറിച്ച് അതൊരു അംഗീകാരമായി തോന്നി. അതോടെ കഥകളി പഠനത്തിന് കൂടുതൽ സമയം കണ്ടെത്തി. ഗൗരവത്തോടുകൂടി കഥകളി ചിട്ടകൾ അഭ്യസിക്കാൻ തുടങ്ങി. കഥാപാത്രങ്ങളുടെ മുദ്രകൾ സ്വായത്തമാക്കാൻ കൂടുതലായി ശ്രദ്ധിച്ചു. അങ്ങിനെ സ്ക്കൂൾ വിദ്യാഭ്യാസത്തിനൊപ്പം കഥകളി പഠനവുമാവാം എന്ന സ്ഥിതി വന്നു.

'കഥകളി ക്ലാസുകളിൽ വല്യയേളിയേടത്ത് പതിവു കാഴ്ചക്കാരനായി. അവധി ദിവസങ്ങളിൽ കഥകളിപഠനം കുറുമാത്തൂർ ഇല്ലത്തെ പത്തായപ്പുരയിലേക്ക് മാറ്റി. ബാലകൃഷ്ണന്റെ സഹപാഠികളായ നാലുപേരും കഥകളി ആചാര്യന്മാരും സ്ഥിരതാമസം കുറുമാത്തൂർ ഇല്ലത്തായി. മദ്ധ്യവേനലവധികാലത്ത് കഥകളിപാട്ടുകാരും മേളക്കാരും വന്ന് ചൊല്ലിയാട്ടവും നടന്നു. അങ്ങനെ കുറുമാത്തൂർ ഇല്ലത്തെ ഒരംഗംപോലെയായി. ആ വേനലവധി മുഴുവൻ കഥകളിയുമായി കഴിഞ്ഞു.

'അങ്ങനെ മേയ് മാസത്തിന്റെ അവസാനം കുറുമാത്തൂർ ഇല്ലത്തെ മുറ്റത്ത് അരങ്ങേറ്റത്തിന് വേദിയായി. ദുര്യോധനവധത്തിലെ ഭഗവൽദൂതായിരുന്നു സന്ദർഭം. ഞാനായിരുന്നു ശ്രീകൃഷ്ണൻ. മറ്റു വേഷങ്ങൾ സഹപാഠികളായ നാലുപേർ. വല്യയേളിയേടത്ത് കയ്യിലുണ്ടായിരുന്ന നാണയം എടുത്ത് തന്നു. എന്നിട്ട് പറഞ്ഞു.

'ബാലാ, ഇതു ആശാനു കൊടുത്ത് അനുഗ്രഹം വാങ്ങിക്ക്' .

'കുറുമാത്തൂർ തറവാട്ടിന്റെ വാത്സല്യം കൈകളിൽ സന്നിവേശിച്ച മറക്കാനാവാത്ത മറ്റൊരു സന്ദർഭം.

ആഢ്യന്മാരല്ലാത്ത ബ്രാഹ്മണർ കുറുമാത്തുള്ളവരെ യജമാനൻ എന്നാണ് വിളിച്ചിരുന്നത്. നായകസ്ഥാനമുള്ളതിനാൽ കുറുമാത്തൂർ നായ്ക്കർ എന്ന പേരിലും അവർ അറിയപ്പെട്ടിരുന്നു. കുറുമാത്തൂർ മനക്കാർ ദക്ഷിണ വാങ്ങാൻ പാടില്ലത്രെ. കൊടുക്കാൻ മാത്രം അർഹത യുള്ളവരായിരുന്നു. കഥകളിപഠനം മൂലം എന്റെ വീട്ടിൽ എനിക്ക് മാത്രം കുറുമാത്തൂർ തറവാടുമായി അടുപ്പമായി. അങ്ങനെ സംസർഗ്ഗഗുണംമൂലം അല്പം നമ്പൂരിത്തം എന്നിലും അലിഞ്ഞു ചേർന്നിട്ടുണ്ടെന്ന് പലരും എന്നെപ്പറ്റി പറയുന്നത് കേട്ടിട്ടുണ്ട്.

സുഖമായ തേച്ചുകുളി. സ്വാദിഷ്ടമായ വിഭവങ്ങളോടു കൂടി സുഭിക്ഷമായ ഭക്ഷണം. അതിഥികൾ ധാരാളം വന്നു ചേരാറുണ്ടായിരുന്നു. അവരിൽ കഥകളിക്കമ്പക്കാരായ നമ്പൂതിരിമാരും ഉണ്ടാവും. ചന്തു പണിക്കരുടെ കളരിയിലെ ചിരപരിചിതരായതിനാൽ കഥകളിയിൽ നല്ല അവഗാഹമുള്ള വാരണക്കോടും,





*കുറുമാത്തൂർ നാരായണൻ നമ്പൂതിരിപ്പാട്*
*അനുജൻ കപാലി നമ്പൂതിരിപ്പാട്*

**അക്കാലത്താണ് ഭൂപരിഷ്ക്കരണ ബില്ല് പാസ്സായത്. പാട്ടം വരവ് നിലച്ചു. ആർഭാടങ്ങൾ നിർത്തണം എന്ന് കുടുംബാംഗങ്ങളുടെ നിർബന്ധത്തിന് വഴങ്ങി മനസ്സില്ലാമനസ്സോടെ കഥകളി അഭ്യാസം നിർത്താൻ തീരുമാനിച്ചു. കഥകളി അഭ്യാസത്തിനായി കേരളകലാമണ്ഡലവും സദനം കഥകളി അക്കാദമിയും വിദ്യാർത്ഥികളെ ക്ഷണിച്ച പത്രംപരസ്യം കണ്ട് കുറുമാത്തൂർ നാരായണൻ നമ്പൂതിരിപ്പാട് ബാലകൃഷ്ണനോട് പറയാതെ രണ്ടു സ്ഥാപനങ്ങളിലേക്കും അപേക്ഷ അയച്ചു.**

വേങ്ങയിലും മറ്റും പതിവുകാരായിരുന്നു. അവരുടെ ക്രിയാത്മകമായ വിമർശനം ബാലകൃഷ്ണന്റെ പഠനത്തിന് ഒരു നാഴികകല്ലായി പരിണമിച്ചു. കുറുമാത്തൂർ ഇല്ലത്തെ അരങ്ങേറ്റക്കളിക്ക് മൂന്നുദിവസത്തിന്നു ശേഷം ഒരുതനിയാവർത്തനം പോലെ കുറുമാത്തൂർ സ്കൂളിലും ദുര്യോധനവധം അരങ്ങേറി. ധർമ്മപുത്രരുടേയും പാഞ്ചാലിയുടേയും പദം കഴിഞ്ഞതോടെ ബാലകൃഷ്ണൻ തലതിരിഞ്ഞു വീണു. കളി നിർത്തി മുടി അഴിച്ചുമാറ്റിയപ്പോൾ ക്ഷീണം മാറി. അരങ്ങേറ്റത്തേക്കാൾ കളി ഗംഭീരമായെന്ന് ആശാനടക്കം എല്ലാവരും പറഞ്ഞപ്പോൾ കുറുമാത്തൂർ ഇല്ലക്കാർക്ക് ബാലകൃഷ്ണനിൽ വാത്സല്യം വർദ്ധിക്കാൻ ഇടവരുത്തി. അതോടെ ഇല്ലത്ത് നിത്യനായി മാറാൻ കഴിഞ്ഞു.

എന്നാൽ അക്കാലത്താണ് സർക്കാരിന്റെ ഭൂപരിഷ്ക്കരണ ബില്ല് പാസ്സായത്. കുറുമാത്തൂരിലെ പാട്ടം വരവ് നിലച്ചു. ആർഭാടങ്ങൾ നിർത്തണം എന്ന് കുടുംബാംഗങ്ങളുടെ നിർബന്ധത്തിന് വഴങ്ങി മനസ്സില്ലാമനസ്സോടെ കഥകളി അഭ്യാസം നിർത്താൻ തീരുമാനിച്ചു. ആതോടെ ആ വർഷം തീരുമാനിച്ചിരുന്ന ലവണാസു



*സദനം ബാലകൃഷ്ണന്റെ ഹനുമാൻ വേഷം*

രവധ ചൊല്ലിയാട്ടം പഠനം കിരാതമാവമെന്ന് നിശ്ചയിച്ചു. തളിപ്പറമ്പ് സാക്ഷാൽ രാജരാജേശ്വരന്റെ തിരുനടയിലെ കൊട്ടുംപുറത്ത് സമർപ്പിച്ച് കുറുമാത്തൂർ സ്കൂളിൽ കഥകളി കളരി അഭ്യാസത്തിന് തിരശ്ശീല വീണു.

ഇനിയെന്ത്. ജീവിതം വഴിമുട്ടി നിൽക്കുന്ന സമയം. കഥകളി അഭ്യാസം നിറുത്തിയെങ്കിലും കുറുമാത്തൂർ നാരായണൻ നമ്പൂതിരിപ്പാട് ബാലകൃഷ്ണനിൽ കടാക്ഷം ചൊരിഞ്ഞു കൊണ്ടേയിരുന്നു. അക്കാലത്താണ് കഥകളി അഭ്യാസത്തിനായി കേരളകലാമണ്ഡലവും സദനം കഥകളി അക്കാദമിയും വിദ്യാർത്ഥികളെ ക്ഷണിച്ചത്. പത്രംപരസ്യം കണ്ട് നാരായണൻ നമ്പൂതിരിപ്പാട് ബാലകൃഷ്ണനോട് പറയാതെ രണ്ടു സ്ഥാപനങ്ങളിലേക്കും അപേക്ഷ അയച്ചു. സ്ഥാപനങ്ങളിൽ നിന്ന് അറിയിപ്പു വന്ന ശേഷമാണ് ബാലകൃഷ്ണൻ പോലും വിവരം അറിയുന്നത്.

ബാലകൃഷ്ണനടക്കമുള്ള നാലുപേരെ കൂടികാഴ്ചക്കായി രണ്ടു സ്ഥാപനങ്ങളിലേക്കും നാരായണൻ നമ്പൂതിരിപ്പാട് ചിലവ് വഹിച്ച് പറഞ്ഞയച്ചു. കൂടെപ്പോവാൻ കുറുമാത്തൂർ ഇല്ലവുമായി അടുത്ത ബന്ധമുള്ള പുളിയപ്പടമ്പ് രാജൻ നമ്പൂതിരിപ്പാടിനെ ഏർപ്പാടാക്കി. രാജൻ നമ്പൂതിരിപ്പാടിനും കഥകളി കമ്പമുണ്ടായിരുന്നു. കഥകളി സംഗീതം സദാസമയവും കേൾക്കാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ അനുജൻ പരമേശ്വരനും നല്ല കഥകളി ആസ്വാദകനായിരുന്നു. കണ്ണിന് അല്പം കാഴ്ചകുറവുള്ളതിനാൽ അതു പരിഹരിക്കാൻ പരമേശ്വരൻ നമ്പൂതിരിപ്പാട് കളിയരങ്ങിന്റെ ഒരു മൂലയിലിരിക്കാൻ ശ്രമിച്ച് അവിടെയിരുന്ന് കളി ആസ്വദിച്ചു പോന്നു.

നാലു പേരുടെയും ഇന്റർവ്യൂ കഴിഞ്ഞു. അഡ്മിഷൻ കിട്ടുമോ എന്ന ആശങ്കയിൽ കഴിയുമ്പോൾ അറിയിപ്പു വന്നു. രണ്ടിടത്തും സെലക്ഷൻ. കേരള കലാമണ്ഡലത്തിലും സദനത്തിലും. ബാലകൃഷ്ണനെ മാത്രമാണ് തിരഞ്ഞെടുത്തത്. ആദ്യം കത്ത് വന്നത് സദനത്തിൽ നിന്നായതിനാൽ അവിടെ ചേർന്നു. കഥകളി ആഭ്യാസം വീണ്ടും തുടങ്ങി. കഥകളി രംഗത്തെ മഹാഗുരുക്കന്മാരായ തേക്കിൻകാട്ടിൽ രാവുണ്ണി മേനോനും, കീഴ്പ്പടം കുമാരൻ നായരുമായിരുന്നു ഗുരുക്കന്മാർ. സദനത്തിലെ അഭ്യാസസമയത്തും അത്യാവശ്യം വേണ്ട സാമ്പത്തിക സഹായം കുറുമാത്തൂർ ഇല്ലത്തു നിന്ന് കിട്ടി. വീണ്ടും കടാക്ഷം.

സദനത്തിലെ ഒഴിവു ദിവസങ്ങളിൽ നാട്ടിൽ എത്തിയാലും അധികസമയവും കുറുമാത്തൂർ ഇല്ലത്ത് തന്നെയാവും. എന്തെങ്കിലും സേവനങ്ങൾ ചെയ്ത് ആശ്രിത ഭാവത്തിൽ താമസിക്കും. ഇല്ലത്തുള്ളവർക്കും ബാലകൃഷ്ണന്റെ സാന്നിദ്ധ്യം സന്തോഷം പകർന്നതായി ബാലകൃഷ്ണന് അനുഭവപ്പെട്ടു. അങ്ങനെ നല്ല നിലയിൽ പോവുമ്പോഴാണ് ഒരു ഏഷണി.

സദനത്തിലെ അഭ്യാസം നാലാം വർഷത്തിലേക്ക് പ്രവേശിച്ച സമയത്താണ്. ഏതോ ഒരു ദുഷ്ടബുദ്ധി കുറുമാത്തൂർ നമ്പൂതിരിപ്പാടിനോട് പറഞ്ഞു. 'ചെക്കന്റെ (ബാലകഷ്ണന്റെ) കഥകളി പഠനത്തിന് പണം ചെലവഴിക്കുന്നത് വെറുതെയാണ്. അവൻ നേരെയാവാനൊന്നും പോണില്ല'

അത് കേട്ട് അദ്ദേഹം ബാലകൃഷ്ണനോട് ചോദിച്ചു 'ബാലാ നിന്നെപ്പറ്റി ഇങ്ങിനെ കേട്ടല്ലോ എന്താത്?'

'എന്നാൽ ആവുന്ന വിധം ശ്രമിക്കുന്നുണ്ട് . മറ്റുള്ളവർ പറയുന്നതിനെപ്പറ്റി ഒന്നും പറയാനില്ല'

ബാലകൃഷ്ണന്റെ ഈ മറുപടി കുറുമാത്തൂരിന് ആത്മസംതൃപ്തി നൽകും വിധമായി. സദനത്തിലെ അഭ്യാസം കഴിഞ്ഞു. കണ്ണൂർ കഥകളി ക്ലബിൽ സുഭദ്രാഹരണത്തിന് വേദിയൊരുക്കി. മാലയിടൽ മുതൽ പോർവിളി വരെയായിരുന്നു അവതരിപ്പിക്കപ്പെട്ടത്. ബാലകൃഷ്ണന്റെ അർജുനൻ കണ്ടുകഴിഞ്ഞ ഉടൻ കുറുമാത്തൂർ സ്റ്റേജിൽ കയറി വന്ന് പറഞ്ഞു.

'ബാലാ തൃപ്തിയായി. അന്ന് ആ വഷളൻ പറഞ്ഞത് കേട്ടിരുന്നുവെങ്കിൽ എത്ര അബദ്ധമായേനെ. എന്തായാലും നന്നായി' എന്ന് പറഞ്ഞ് സമ്മാനം നൽകി അനുഗ്രഹിച്ചു. അത് സദനം ബാലകൃഷ്ണൻ



ന്യൂഡൽഹിയിലെ ഇന്ത്യ ഇന്റർ നാഷണൽ സെന്റർ ഫോർ കഥ കളിയിലെ ശിവശങ്കര മേനോൻ ബാലകൃഷ്ണന്റെ ഹനുമാനിൽ ആകർഷിതനായി. അങ്ങനെ അവിടത്തെ കഥകളി സെന്ററിന്റെ അദ്ധ്യാപകനാവാൻ ക്ഷണം. 1974 മുതൽ ഡൽഹിയിൽ. 2007-വരെ അതിന്റെ നെടുംതൂണായിരുന്നു.

*ഇരിക്കുന്നത്: സദനം ബാലകൃഷ്ണനും ഭാര്യ ജാനകീബാലകൃഷ്ണനും. നടുവിൽ (നില്ക്കുന്നത് ) പേരമകൾ അനവദ്യാ പ്രസാദ്, പിന്നിൽ നില്ക്കുന്നത് (ഇടതു നിന്ന് വലത്തോട്ട്) സുധാ പ്രസാദ്, പേരമകൾ നമിതാ പ്രദീപ്, ബിന്ദു പ്രദീപ്, പ്രദീപ്, പ്രസാദ്, പേരമക്കൾ അഭയ്, അമേയ്.*

എന്ന വ്യക്തിയുടെ വഴിതിരിവായി.

8 കൊല്ലത്തെ അഭ്യാസത്തിനു ശേഷം കേന്ദ്രസർക്കാർ 2 കൊല്ലത്തെ സ്കോളർഷിപ്പിന് തിരഞ്ഞെടുത്തു. സ്കോളർഷിപ്പ് കാലത്ത് കീഴ്പ്പടം കുമാരൻനായർ തന്നെ അഭ്യസിപ്പിക്കണമെന്ന് ബാലകൃഷ്ണൻ ആഗ്രഹിച്ചു. പക്ഷെ കുമാരൻ നായർ സദനത്തിൽ നിന്ന് അല്പം അകന്നു നിന്ന സമയമായിരുന്നു. ഒടുവിൽ ബാലകൃഷ്ണന്റെ മോഹസാക്ഷാത്ക്കരണത്തിനായി കീഴ്പ്പടം സദനത്തിൽ വീണ്ടും വന്ന് ഉപരി പഠനം പൂർത്തീകരിപ്പിച്ചു.

പിന്നെ സംഭവിച്ചതെല്ലാം കുറുമാത്തൂരിന്റെ കടാക്ഷവും ഗുരുവിന്റെ അനുഗ്രഹവും. പഴശ്ശിനിക്കടവ് കഥകളി യോഗത്തിലും സദനം അക്കാദമിയിലും അദ്ധ്യാപകനായി. വടക്കേ മലബാറിൽ കഥകളി അരങ്ങുകൾ കുറവായതിനാൽ ജീവിത ക്ലേശങ്ങൾ വേട്ടയാടാൻ തുടങ്ങി. അപ്പോൾ കുറച്ചു സുഹൃത്തുക്കളോടുകൂടി കഥകളി സംഘമുണ്ടാക്കി വിവിധ സ്ഥലങ്ങളിൽ കഥകളി അവതരിപ്പിച്ചു. അങ്ങനെ ന്യൂഡൽഹിയിലും ഒരരങ്ങു കിട്ടി. കല്യാണസൗഗന്ധികമായിരുന്നു കഥ. ബാലകൃഷ്ണന്റെ ഹനുമാൻ ഡൽഹിയെ കീഴടക്കി.

ന്യൂഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ സെന്റർ ഫോർ കഥകളി എന്ന  സ്ഥാപനം വേണ്ട രീതിയിൽ പ്രവർത്തിക്കാത്ത സ്ഥിതിയിലായിരുന്നു. ആ സ്ഥാപനത്തിന്റെ പ്രവർത്തകനായ ശിവശങ്കര മേനോൻ ബാലകൃഷ്ണന്റെ ഹനുമാനിൽ ആകർഷിതനായി. അവിടത്തെ കഥകളി സെന്ററിന്റെ അദ്ധ്യാപകനാവാൻ ക്ഷണം. അങ്ങനെ 1974 മുതൽ ഡൽഹി കഥകളി സെന്റർ വീണ്ടും സജീവമായി. ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. അതിന് ബാലകൃഷ്ണന്റെ പ്രയത്നവും കഥകളി പരിജ്ഞാനവും സഹായകമായി.

അതിനിടയിൽ കീഴ്പ്പടം കുമാരൻനായരും കഥകളിസെന്ററിൽ എത്തിച്ചേർന്നു. ഗുരുശിഷ്യന്മാർ ഒരേ സ്ഥാപനത്തിൽ. 1980 ൽ കുമാരൻനായർ ഡൽഹി വിട്ട് കേരളത്തിലെ അരങ്ങുകളിൽ സജീവമായതോടെ ബാലകൃഷ്ണൻ വീണ്ടും ഡൽഹിയിൽ പ്രധാന അദ്ധ്യാപകനായി. 2007-വരെ ഡൽഹി കഥകളി സെന്ററിന്റെ നെടുംതൂണായിരുന്നു.

സ്വപ്രയത്നത്താൽ മലയാളേതര ഭാഷകളിൽ പരിജ്ഞാനം നേടി. ഇംഗ്ലീഷിൽ കഥകളിയെകുറിച്ച് രണ്ടു പുസ്തകങ്ങൾ രചിച്ചു. പുരാണകഥകളിലെ ഇതിവൃത്തവും മറ്റുകഥകളും സ്വീകരിച്ച് 16 ആട്ടകഥകൾ രചിച്ചു. മുപ്പത്തിമൂന്ന് പുതിയ കഥകൾ രംഗത്തവതരിപ്പിച്ചു. ഇതിൽ ഒഥല്ലോ പോലുള്ള വിദേശകഥകളും ഉൾപ്പെടും. മൂന്നു ദശാബ്ദത്തെ ഡൽഹിവാസത്തിനുശേഷം ചെന്നൈ കലാക്ഷേത്രയിൽ വിസിറ്റിങ്ങ് ഫാക്കൽറ്റിയായി പ്രവർത്തിക്കുന്നു.

ഇപ്പോൾ അശീതി കഴിഞ്ഞു. രണ്ടുമക്കളുണ്ട്. ഒരാൾ എറണാകുളം ജില്ലയിൽ മുരിയമംഗലത്ത് താമസിക്കുന്നു. ചാർട്ടേഡ് അക്കൗണ്ടന്റാണ്. മറ്റേമകൻ ചെന്നൈയിൽ സോഫ്റ്റ് വെയർ എഞ്ചിനീയർ.

'ഞാനും ഭാര്യയും അവരുടെകൂടെ മാറിമാറി താമസിക്കുന്നു. 2024-ൽ പത്മശ്രീ പട്ടികയിൽ ഇടം ലഭിച്ച വാർത്ത കേട്ടപ്പോൾ അതിയായ സന്തോഷം ഉണ്ടായി. എല്ലാം കുറുമാത്തൂർ നാരായണൻ നമ്പൂതിരിപ്പാടിന്റേയും കീഴ്പ്പടം കുമാരൻ നായരാശാന്റേയും അനുഗ്രഹം.' ●


സദനം ബാലകൃഷ്ണൻ C/o പ്രസാദ്.പി.വി,
എസ്.ആർ.എ 61, മാമല, മുരിയമംഗലം,തിരുവാങ്കുളം,
എറണാകുളം, പിൻ:682305,മൊബൈൽ: 9747271880
പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി, സിദ്ധിദാ,
വട്ടമാവ് റോഡ്, പി.ഒ: അവിണിശ്ശേരി, ഒല്ലൂർ,
തൃശൂർ, പിൻ: 680306 മൊബൈൽ 9746987250

**നൊബേൽ ജേതാവായ മേരിക്യൂറിയുടെ പേരിൽ യൂറോപ്യൻ യൂണിയൻ ഏർപ്പെടുത്തിയ ഗവേഷണ ഫെലോഷിപ്പ് ഈ വയനാടൻ പെൺകുട്ടിയിലേക്ക്**

# കിട്ടാത്ത മുന്തിരികൾക്ക് ഒടുവിൽ

**എൻ ബി കൃഷ്ണൻ നമ്പൂതിരിപ്പാട്**



ഒരു ക്ളാസിൽ പോലും ഫസ്റ്റ് ആയിട്ടില്ല. ആദ്യപത്തിൽ ഒരാൾ മാത്രം. അങ്ങനെയുള്ള ഒരാൾ നൊബേൽ സമ്മാന ജേതാവ് മേരി ക്യൂറിയുടെ പേരിലുള്ള ഗവേഷണ സ്കോളർഷിപ്പ് നേടി വിദേശത്തേക്ക് പറന്നാൽ വാർത്തയാവാതെ വയ്യ. വടക്കേ മലബാറിൽ ഒരു ചൊല്ലുണ്ട്. 'പായുന്നോന്റെ കുട്ടി പറക്കും' മാളവിക പറന്നു.

ഒന്നാം യോഗക്ഷേമസഭയുടെ കാലത്ത് ജീവിക്കാൻ വേണ്ടി പയ്യന്നൂരിൽ നിന്ന് വയനാട്ടിലേക്ക് പോയതായിരുന്നു മേക്കാട്ടില്ലത്ത് ശങ്കരൻ നമ്പൂതിരി. ശാന്തിയായിരുന്നു പണി. ആ നമ്പൂരിയുടെ മക്കളിലൊരാളായ നാരായണൻ പത്താം ക്ളാസ് കഴിഞ്ഞപ്പോൾ ഐ ടി ഐയിൽ ചേർന്നു. അങ്ങനെ ഇലക്ട്രിസിറ്റി ബോർഡിൽ പണി കിട്ടി. അദ്ദേഹത്തിന്റെ മകളാണ് മാളവിക.

പ്രതിമാസം രണ്ടര ലക്ഷത്തിലേറെ രൂപയുടെ (2750 യൂറോ) ഫെലോഷിപ്പ്! ഇല്ലത്തെ ഒരു ചില്ലിക്കാശും വേണ്ട, ബാങ്കിൽ നിന്ന് ലോൺ വേണ്ട!! യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ പൊതുഫണ്ട് ഉപയോഗിച്ചാണ് ഇനി മൂന്നു വർഷത്തെ ജീവിതം!!!

യൂറോപ്യൻ രാജ്യമായ ഗ്രീസിലെ ഫൗണ്ടേഷൻ ഓഫ് റിസർച്ച് ആൻഡ് ടെക്നോളജി ഹെല്ലാസിൽ (FORTH). ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക് സ്ട്രക്ചർ ആൻഡ് ലേസറിലെ ഒരു പുതിയ പ്രൊജക്ടിൽ. സോഫ്റ്റ് മാറ്റർ ഫിസിക്സ് എന്നു പറയും. ഊർജ്ജത്തിനായി പുതിയ വസ്തുക്കൾ ഉണ്ടാക്കുന്നതിന് കൊളോയിഡൽ ജെല്ലുകൾ എന്ന ചെറു കണികകളെ പറ്റിയുള്ള പഠനം. പുതിയതരം വസ്തുക്കൾ വികസിപ്പിക്കുന്ന കട്ടിംഗ് എഡ്ജ് ഗവേഷണം.

അതെന്തോ ആകട്ടെ, പിന്നോക്ക ജില്ലയായ വയനാട്ടിലെ ഒരു കുട്ടി എങ്ങനെ പഠിച്ചു നേടി യൂറോപ്പിലെത്തി എന്നതാണ് വിഷയം. അതും അത്രയൊന്നും വെളിച്ചം തട്ടിയിട്ടില്ലാത്ത നമ്പൂതിരി സമുദായത്തിൽ നിന്ന്. അതറിഞ്ഞാൽ മറ്റു കുട്ടികൾക്ക് പ്രയോജനമുണ്ടാവും. ഇല്ലപ്പറമ്പ് വിറ്റ് എഴുപത് ലക്ഷം കെട്ടി വെച്ച് യൂറോപ്പിൽ ഉപരിപ



**പ്രതിമാസം രണ്ടര ലക്ഷത്തിലേറെ രൂപയുടെ (2750 യൂറോ) ഫെലോഷിപ്പ്. ഇല്ലത്തെ ഒരു ചില്ലിക്കാശും വേണ്ട, ബാങ്കിൽ നിന്ന് ലോൺ വേണ്ട. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ പൊതുഫണ്ട് ഉപയോഗിച്ചാണ് ഇനി മൂന്നു വർഷത്തെ ജീവിതം.**

രാഷ്ട്രീയം, ബിസിനസ്, കച്ചവടം, സ്പോർട്സ്, സിനിമ, മെഡിസിൻ, നിയമം തുടങ്ങി ഏതു മേഖലയിലും മുകളിലുള്ള പത്തോ നൂറോ എടുക്കുമ്പോൾ, സമുദായത്തിന്റെ സാന്നിധ്യം തുലോം തുച്ഛമാണ്. എന്നാൽ ശാന്തി തന്ത്ര മേഖലകളിൽ നേരെ തിരിച്ചും. അതിനു കാരണം ആ മേഖലയിൽ മറ്റു സമുദായക്കാരുടെ മത്സരം ഇല്ലാത്തത് മാത്രമാണ്. ശാന്തിക്കപ്പുറമുള്ള മേഖലകളിൽ മത്സരിച്ചു നേടുന്ന വിജയങ്ങളോടുള്ള വിമുഖത സമുദായത്തിൽ പ്രകടവുമാണ്. അവിടെയാണ് മാളവിക വ്യത്യസ്തയാവുന്നത്



*അച്ഛൻ എം നാരായണൻ , അമ്മ എൻ.ബി സുനിത അനിയത്തി കൃഷ്ണ എന്നിവർക്കൊപ്പം മാളവിക*

ഠനത്തിന് പോവുകയല്ല ചെയ്തത്. കഠിനാദ്ധ്വാനമാണ് മാളവിക കാണിക്കുന്ന മാതൃക. ഒരു ആവറേജ് കുട്ടിയുടെ നിശ്ചയദാർഢ്യം.

ജനനം 1998 ഒക്ടോബർ ആറിന്. പത്താം ക്ലാസ് വരെ കല്പറ്റയിൽ. ഫുൾ എ പ്ലസ് ഇല്ല. പ്ലസ് ടുവും വയനാടിലെ തന്നെ പിണങ്ങോട് ഓർഫനേജ് ഹയർ സെക്കൻഡറിയിൽ. അതു കഴിഞ്ഞാൽ നാട്ടു നടപ്പ് പാലായിൽ പോയി റിപ്പീറ്റ് ചെയ്യുകയാണ്. അതു ചെയ്തു. ഡോക്ടറാവുകയായിരുന്നു ലക്ഷ്യം. അതിന് വേണ്ടി നീറ്റ് എഴുതി. നീറ്റായി തോറ്റു. 25000 റേഞ്ചിലായിരുന്നു റാങ്ക്. അഗ്രികൾച്ചറോ ഫോറസ്ട്രിയോ ഒക്കെ കിട്ടും. കൃഷിയും കാടും ഒക്കെ വയനാട്ടിൽ തന്നെ കണ്ടതാണ്. അതിനാൽ പോയില്ല. പ്ലേറ്റ് മാറ്റി വച്ചു. ബയോളജിയോട് വിട പറഞ്ഞു. ഫിസിക്സ് എടുത്തു. അങ്ങനെ സുൽത്താൻ ബത്തേരി സെന്റ് മേരിസ് കോളേജിൽ നിന്ന് ഫിസിക്സിൽ ബിരുദം. അത്ര മികച്ചതെന്ന് പറയാനാവാത്ത 83 ശതമാനം മാർക്കോടെ.

ബി എസ് സി കഴിഞ്ഞാൽ ചെയ്യുന്ന പണി എന്താണ്. ബി എഡിന് പോവുക. അമ്മ സുനിത ബി എഡ് കഴിഞ്ഞതാണ്. ശ്രീ ശങ്കര വിദ്യാമന്ദിരത്തിൽ അധ്യാപിക. അപ്പോൾ അതൊരു വഴിയാണ്.

അപ്പോഴേക്കും കോവിഡായി. പരക്കെ അനിശ്ചിതത്വം. എന്തു ചെയ്യും. മുന്നിൽ തെളിഞ്ഞ വഴി വയനാട് മുസ്ളീം ഓർഫനേജിന്റെ മുട്ടിലിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കോളേജാണ്. അവിടെ കാശു കൊടുത്ത് എം എസ് സി ക്കു ചേരാം. അങ്ങനെ കാശു കൊടുത്ത് അഡ്മിഷൻ നേടാൻ തോന്നിയില്ല. ഡിഗ്രി വരെ അച്ഛന്റെ പണം കൊണ്ടു പഠിച്ചു. ഇനി കോഴ കൊടുത്തുള്ള സ്വാശ്രയ അഡ്മിഷൻ വേണ്ട.

പഠിച്ച് നേടണം. പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയായിരുന്നു മോഹം. അതിന്റെ എൻട്രൻസ് എഴുതി. കിട്ടിയില്ല. പെരിയയിലുള്ള കേരളത്തിലെ സെൻട്രൽ യൂണിവേഴ്സിറ്റിയുടെ എൻട്രൻസ് എഴുതി. അതും കിട്ടിയില്ല. എന്നാൽ പിന്നെ സംസ്ഥാന യൂണിവേഴ്സിറ്റികളുടെ പിജി എൻട്രൻസ്. കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ എല്ലാം നിരത്തിയെഴുതി. ഭാഗ്യം! ഒടുവിൽ കണ്ണൂരിന്റെ പട്ടികയിൽ 18 ാം റാങ്ക്. അങ്ങനെ പയ്യന്നൂർ ആനന്ദതീർഥ ക്യാമ്പസിൽ എം.എസ്.സി.

പുതിയ ലോകങ്ങൾ സ്വയം കണ്ടെത്തേണ്ടതാണെന്ന് തിരിച്ചറിഞ്ഞു. കോഴ്സുകൾ ഇന്റേൺഷിപ്പുകൾ പ്രൊജക്ടുകൾ എന്നിവയെപ്പറ്റി പരക്കെ അന്വേഷണം തുടങ്ങി. ഈ അന്വേഷണമാണ് രക്ഷയായത്. പി.ജി രണ്ടാം സെമസ്റ്റർ സമയത്തായിരുന്നു ഇത്. അങ്ങനെ ഒരു വാട്ട്സ് ആപ്പ് ഗ്രൂപ്പിലൂടെ ബെംഗളൂരുവിലെ ഇൻസ്റ്റിട്യൂട്ട് ഓഫ് ആസ്ട്രോ ഫിസിക്സ് കണ്ടെത്തി. അവിടത്തെ ഓൺലൈൻ സമ്മർ സ്കൂളിൽ ചേർന്നു. ആസ്ട്രോ ഫിസിക്സ് തനിക്കു പറഞ്ഞ പരിപാടിയല്ലെന്ന് മനസ്സിലായി.

അങ്ങനെയിരിക്കെ, മൂന്നാം സെമസ്റ്ററിന്റെ അവസാനം




ഒരു ക്ലാസിലും ഫസ്റ്റായിട്ടില്ല. പത്തിൽ ഫുൾ എ പ്ലസ് കിട്ടിയില്ല. എന്നിട്ടും ഒരു കൊല്ലം റിപ്പീറ്റ് ചെയ്ത് മെഡിസിനുള്ള നീറ്റ് എൻട്രൻസ് എഴുതി. അതു കിട്ടിയില്ല. എന്നാൽ കിട്ടാത്ത മുന്തിരികൾക്കൊടുവിൽ വലിയൊരു കിട്ടൽ. പ്രതിമാസം രണ്ടര ലക്ഷത്തിലേറെ രൂപയുടെ ഫെലോഷിപ്പ്. അതും ലോകത്തെ മികച്ച സർവകലാശാലകളിലൊന്നായ ഗ്രീസിലെ ഫൗണ്ടേഷൻ ഓഫ് റിസർച്ച് ആൻഡ് ടെക്നോളജി ഹെല്ലാസിൽ.

ഡൽഹിയിൽ നാഷണൽ ഫിസിക്കൽ ലബോറട്ടറിയിൽ രണ്ടുമാസത്തേക്ക് ഒരു പ്രൊജക്ട് കിട്ടി. വയനാടിനു പുറത്തുള്ള വലിയ ലോകം ആദ്യമായി കണ്ടു. വലിയ ഗവേഷണ സ്ഥാപനങ്ങളിലെ വലിയ പ്രൊജക്ടുകൾ എങ്ങനെയെന്ന് മനസ്സിലായി. അങ്ങനെയൊന്നായി പിന്നത്തെ ലക്ഷ്യം. അങ്ങനെ പി ജി കഴിഞ്ഞു. 72 ശതമാനം മാർക്കേയുള്ളൂ. വിദേശ സർവകലാശാലകളിൽ എത്താൻ ആ നിലവാരത്തിലുള്ള മാർക്കു പോരാ. പ്രൊഫൈൽ ഉയർത്തുക തന്നെ വേണം.

ഇനിയെന്ത്. അച്ഛൻ ചോദിച്ചു

'ബി എഡിന് ചേരുന്നോ.?'

ഇല്ല എന്ന് തീർത്തു പറഞ്ഞു. അപ്പോൾ പിന്നെ എന്തു ചെയ്യും.

പി എച്ച് ഡി ലക്ഷ്യവുമായി നെറ്റ്, ജെസ്റ്റ്, ഗേറ്റ് എന്നു വേണ്ട എല്ലാ എൻട്രൻസും എഴുതി. ജെസ്റ്റ് കിട്ടുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ ആൻസർ കീ വന്നപ്പോൾ ആ പ്രതീക്ഷ ഇല്ലാതായി. ഒരു വട്ടം കൂടി എഴുതിയാൽ കിട്ടും. എന്നാൽ അതിനുള്ള എനർജിയില്ല. പ്രായം കൂടി വരുന്നു. സ്വന്തമായി വരുമാനമില്ല. അച്ഛനാണെങ്കിൽ ആരോഗ്യ പ്രശ്നങ്ങൾ. ആശുപത്രി വാസം.

കുറെ പ്രൊജക്ടുകൾക്ക് അപേക്ഷിച്ചു. സി എസ് ഐ ആർ, അണ്ണാ യൂണിവേഴ്സിറ്റി, ഐ ഐ എസ് സി, ജോധ്പൂർ ഐ ഐ ടി. അങ്ങനെ മുപ്പതോളം അപേക്ഷകൾ. മിക്കതും റിജക്ട് ആയി. ഒരു ദിവസം തന്നെ അഞ്ചും ആറും റിജക്ഷൻ. ചില വകുപ്പു മേധാവികൾക്ക് പേഴ്സണൽ മെയിൽ അയച്ചു. ഒരു മറുപടിയുമില്ല. പ്രതീക്ഷയറ്റ നിരാശയുടെ നാളുകൾ. അതിനിടയിൽ അച്ഛന്റെ ആശുപത്രി വാസം. കല്പറ്റ ഫാത്തിമ മാത ആശുപത്രിയിൽ അച്ഛന്റെ സർജറി ദിവസം. അന്നായിരുന്നു പൂനെയിൽ നിന്നുള്ള ഇന്റർവ്യൂ. പൂനെയിലെ സി.എസ്.ഐ.ആർ നാഷണൽ കെമിക്കൽ ലബോറട്ടറിയിൽ പ്രൊജക്ട് അസോസിയേറ്റ് ആവാൻ.

അച്ഛൻ പറഞ്ഞു 'സർജറിയെപ്പറ്റിയൊന്നും നീ വേവലാതിപ്പെടേണ്ട. ഇന്റർവ്യൂ നന്നായി ശ്രദ്ധിച്ച് ചെയ്യ്.'

എൻട്രൻസുകളിൽ നിരന്തരമായി പരാജയപ്പെട്ടതു കാരണം വലിയ പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ, ഹാൻഡ്സ് ഓഫ് ദ ഗോഡ്. ദൈവത്തിന്റെ കരങ്ങൾ എന്നു പറയാറില്ലേ. അന്നത് നേരിൽ കണ്ടു. പൂനെയിൽ പ്രോജക്ട് അസോസിയേറ്റ് ആയി സെലക്ഷൻ കിട്ടി. 2023 ജൂലൈ 19 ന്.

അതുകൊണ്ട് മറ്റൊരു ഗുണമുണ്ടായി. അവിടെ പി എച്ച് ഡി ചെയ്യുന്ന സീനിയേഴ്സിനെ മെന്റർമാരായി കിട്ടി. വേണമെങ്കിൽ അവിടെ എത്രകാലം വേണമെങ്കിലും തുടരാം. എന്നാൽ അതാവരുത് വഴിയെന്ന് സീനിയേഴ്സ് അറിവു നൽകി. അങ്ങനെ പകൽ സമയം പ്രോജക്ട് വർക്കും രാത്രി വൈകുവോളം വിവിധ സ്ഥാപനങ്ങളിലേക്ക് അപേക്ഷിക്കലുമായി ജോലി. ബിറ്റ്സ് പിലാനിയിലും ഐ ഐ ടി ജോധ്പൂരിലും മറ്റും അതിനിടെ പി എച്ച് ഡിക്കും കിട്ടിയിരുന്നു. എന്നാൽ കൂടുതൽ നല്ലത് പൂനെ ആണെന്ന് തോന്നി.

പിന്നെ ലിങ്ക്ഡിൻ ആയി ലോകം. ലോകത്തെ മികച്ച യൂണിവേഴ്സിറ്റികൾ, സ്കോളർഷിപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ അങ്ങനെയങ്ങനെ... ആറു മാസം കൊണ്ട് അമ്പതിലേറെ സ്ഥലത്ത് അപേക്ഷിച്ചു. അതിനിടെ സ്വീഡനിലെ ഏറ്റവും പ്രശസ്തമായ കെ ടി എച്ചിൽ നിന്ന് ഇന്റർവ്യൂവിന് ക്ഷണം വന്നു. സന്തോഷം തോന്നി. ആദ്യമായി ഒരു അന്താരാഷ്ട്ര സ്ഥാപനത്തിൽ നിന്ന്. ഒരു മണിക്കൂറിലേറെ ഓൺലൈൻ ഇന്റർവ്യൂ. പിന്നെ ഇംഗ്ളീഷ് ടെസ്റ്റും. കൊള്ളാമെന്നു തോന്നി. പൂനെ കഴിയുമ്പോഴേക്ക് നല്ലൊരു ഇടം. അത് ശരിയാവുന്ന സന്തോഷത്തിൽ വിഷുവിന് നാട്ടിലേക്ക് തിരിച്ചു. മാത്രമല്ല ഏപ്രിൽ 17 ന് മറ്റൊരു ഇന്റർവ്യൂവും ഉണ്ടായിരുന്നു. അന്താരാഷ്ട്ര കമ്പനിയായ യൂണിലിവറിൽ നിന്ന്.

ഏപ്രിൽ 11 ന് രണ്ടും റിജക്ട് ആയി. പൊള്ളുന്ന വിഷുക്കൈനീട്ടം. കയ്യിലിരുന്ന പടക്കം പൊട്ടിത്തെറിച്ച പോലെ. നിരാശപ്പെട്ട് ഇരുന്നില്ല. വേറെ രണ്ടെണ്ണം അപേക്ഷിച്ചു. അതിൽ ഫ്രാൻസിലെ ലേമാൻ യൂണിവേഴ്സിറ്റി മൂന്ന് പേരെ ഷോട്ട് ലിസ്റ്റ് ചെയ്തു അതിൽ ഒരാളായി. സന്തോഷം തോന്നി. എന്നാൽ അതും പിന്നീട് തള്ളിപ്പോയി. അപേക്ഷ



## മറ്റു കുട്ടികളോട് പറയാനുള്ളത്

കിണറ് കുഴിക്കാൻ തുടങ്ങിയാൽ വെള്ളം കണ്ടിട്ടേ നിർത്താവൂ. രണ്ടടി കൂടി താഴ്ത്തിയിരുന്നെങ്കിൽ സുലഭമായി വെള്ളം കിട്ടുമായിരുന്നു എന്ന് പിന്നീട് തോന്നാൻ അവസരം കൊടുക്കരുത്. പിന്നീട് റിഗ്രെറ്റ് തോന്നരുത്. വാരിവലിച്ച് ചറപറയെന്ന് അപേക്ഷിച്ചിട്ട് കാര്യമില്ല. ഫോക്കസ് വേണം. ഡിഗ്രി ഒന്നാം വർഷം മുതൽ തന്നെ പാഠ്യ പദ്ധതിക്കു പുറമെ കോഴ്സുകളും പ്രോജക്ടുകളും സമ്മർ ഇന്റേൺഷിപ്പും ഒക്കെ ശ്രമിക്കണം.

നിർത്തിയില്ല. കിണറ് കുഴിക്കാൻ തുടങ്ങിയാൽ വെള്ളം കണ്ടിട്ടേ നിർത്താവൂ. അല്ലെങ്കിൽ പശ്ചാത്തപിക്കേണ്ടി വരും. രണ്ടടി കൂടി താഴ്ത്തിയിരുന്നെങ്കിൽ സുലഭമായി വെള്ളം കിട്ടുമായിരുന്നു എന്ന് പിന്നീട് തോന്നാൻ അവസരം കൊടുക്കരുത്. മറ്റു കുട്ടികളോട് പറയാനുള്ളത് ഇതാണ്. പിന്നീട് റിഗ്രെറ്റ് തോന്നരുത്.

കയ്യാലപ്പുറത്തെ തേങ്ങയായിരുന്നു മിക്കവാറും എല്ലാ അവസരങ്ങളും. കിട്ടുമെന്നും കിട്ടില്ലെന്നും തോന്നിച്ചവ. ആ അവസ്ഥയിൽ അമ്പതിലേറെ തവണ കഴിഞ്ഞതു കൊണ്ട് റിജക്ഷൻ വരുമ്പോൾ നിരാശ തോന്നാറില്ല. വെള്ളം കാണുന്നതു വരെ വീണ്ടും കുഴിക്കാൻ പഠിച്ചു. ചില ദിവസങ്ങളിൽ മെയിലിൽ അഞ്ചും ആറും റിജക്ഷൻ വന്നിട്ടുണ്ട്.

കിട്ടില്ല എന്ന ഉറപ്പോടെ മെയിൽ നോക്കുന്നത് ശീലമായി. അങ്ങനെ ഇതിന്റെ മെയിൽ തുറന്നപ്പോൾ കയ്യാലപ്പുറത്തെ തേങ്ങ നമ്മുടെ പറമ്പിൽ വീണിരിക്കുന്നു. കിണറിൽ ഉറവ വന്നിരിക്കുന്നു.

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ആഗസ്റ്റിൽ പാസ് പോർട്ടെടുത്തു. കൊച്ചിയിൽ വിസ ശരിയാക്കാൻ പോയി. അതിന്റെ ഇന്റർവ്യൂവിന് ഡെൽഹിയിലും.

നൊബേൽ ജേതാവായ മേരിക്യൂറിയുടെ പേരിൽ യൂറോപ്യൻ രാജ്യങ്ങളുടെ യൂണിയൻ ഏർപ്പെടുത്തിയതാണ് കട്ടിംഗ് എഡ്ജ് ഗവേഷണങ്ങൾക്കുള്ള ഈ ഫെലോഷിപ്പ്.

രാജാവിന്റെ മകൻ രാജാവും, സുൽത്താന്റെ മകൻ സുൽത്താനും ആകുന്ന ആഘോഷങ്ങളിൽ പ്രജകൾക്ക് ഉത്സവം കാണുന്ന പ്രസക്തിയേ ഉള്ളൂ. എന്നാൽ തെങ്ങു കയറ്റക്കാരുടെയും, ചായവാലയുടെയും മക്കൾ പരമോന്നതസ്ഥാനങ്ങളിൽ എത്തുമ്പോൾ അത് പ്രചോദനമാകും. സാധാരണക്കാരന് ആ സ്ഥാനങ്ങൾ പ്രാപ്യമാകുന്നു എന്നത് കൊണ്ടാണത്. വയനാട് എന്ന പിന്നോക്ക ജില്ലയിൽ നിന്ന് മാളവിക ഫെലോഷിപ്പോടെ ഗ്രീസിലെത്തുമ്പോൾ നമ്മുടെ മറ്റു പെൺകുട്ടികൾക്കും അത് പ്രചോദനമാവാതെ വയ്യ. കൽപ്പറ്റ പിണങ്ങോട് കെ.എസ്.ഇ.ബിയിൽ നിന്നും വിരമിച്ച മേക്കാട്ടില്ലത്ത് നാരായണന്റെയും ശ്രീ ശങ്കര വിദ്യാമന്ദിരം അധ്യാപികയായ എൻ.ബി സുനിത യുടെയും മകളാണ്. അനിയത്തി കൃഷ്ണ. ●

എം നാരായണൻ, അമരാവതി ഹൗസ്
(മേക്കാട്ടില്ലം)പി ഒ പിണങ്ങോട്,
കല്പറ്റ, വയനാട് മൊബൈൽ: 9446538660
ബാണത്തൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്
മൊബൈൽ: 9447338016



# ചാവേർപ്പട

## പ്രൊഫ. പി കേശവൻ നമ്പൂതിരി

മുഷ്ടി ചുരുട്ടിയെത്തുന്നൂ വൃകോദരൻ
ഗ്വാഗ്വായെന്നലറുന്നു ദുര്യോധനൻ
കാണികൾ നമ്മ, ളിരു പക്ഷമായ് നിന്നു
കാണിച്ചിടുന്നു പലതരം ഗോഷ്ഠികൾ.
യുദ്ധം മുറുകുന്നു വേദിയിൽ, ഭീമനെ
വട്ടം പിടിയ്ക്കുന്ന ധാർത്തരാഷ്ട്രന്റെ മേൽ
പെട്ടെന്നു തൻ ഗദാതാഡനമേൽപ്പിച്ചു
ഞെട്ടിച്ചു മുട്ടുകുത്തിയ്ക്കുന്നു പാണ്ഡവൻ
ഒച്ചവെച്ചാർത്തുവിളിച്ചും പരസ്പരം
ചീത്തവിളിച്ചും പിടിവലി കൂടിയും
ഉന്തിയും തള്ളിയും, മേശകസാലകൾ
പൊന്തിച്ചു കാട്ടിയും പോരടിയ്ക്കുന്നു നാം
നാടകം തീർന്നു യവനിക വീണതു
നാമറിഞ്ഞില്ലാ, സദസ്സിലടങ്ങാതെ
ചേരിതിരിഞ്ഞുള്ള തല്ലും ബഹളവും
ഓരിയിടലും കലഹവും വാശിയും
ഒട്ടൊന്നു മാറി യോദ്ധാക്കളിരുവരും
തട്ടുകടയിൽ വേഷം കൂടി മാറാതെ
തൊട്ടുരുമ്മിച്ചേർന്നിരുന്നു രസമോടെ
പുട്ടടിയ്ക്കുന്നൂ, പട തുടരുന്നു നാം ●



പി കേശവൻ നമ്പൂതിരി, പാലക്കൽ ഇല്ലം പി ഒ വിളയിൽ,
വഴി കുഴിമണ്ണ, മലപ്പുറം ജില്ല, മൊബൈൽ: 9446488096

# Happy 70th Birthday & 40th Wedding Anniversary



സഹസ്രനാമം ജപം





നീലകണ്ഠൻ നമ്പൂതിരി- രമ അന്തർജനം





മക്കൾ: നീലിമ, അംബരീഷ്, സുകന്യ. മരുമക്കൾ: കേശവൻ നാകേരി, ആതിര ചേറ്റൂർ, ശ്രീജിത്ത് തിരുത്തൂർ, പേരക്കുട്ടികൾ: |ശ്രേയ കേശവൻ, അദ്വൈത് അംബരീഷ് , ധ്യാൻ ശ്രീജിത്ത് ,അർജ്ജുൻ വാസുദേവ്

സഹോദരൻ:ദേവൻ കൈപ്പള്ളി, സഹോദരിമാർ: ആര്യാദേവി ഒഴുകൂർ, മല്ലിക ഇളവൂർമഠം, സുഭദ്ര വെട്ടിക്കാട്, സാവിത്രി കുളങ്ങര (Late)

2024 നവംബർ 23 ന് സപ്തതി ആഘോഷിച്ച

**കൈപ്പള്ളി നീലകണ്ഠൻ നമ്പൂതിരി**

കൈപ്പള്ളി ഇല്ലം, തച്ചിങ്ങനാടം, പി.ഒ: പട്ടിക്കാട്, മലപ്പുറം ജില്ല,
പിൻ: 679325 മൊബൈൽ: 9447317967



## തുടർച്ചയായി രണ്ടാം വർഷവും ഇവർ സർവജ്ഞം ജേതാക്കൾ

# ഫൈവ് സ്റ്റാർ

ശ്രിയ സാവിത്രി (മലപ്പുറം)
അഭിനവ് എം.നമ്പൂതിരി (പെരുമ്പാവൂർ)
കൃഷ്ണപ്രഭ ഇ.എൻ.(വയനാട്)
വരുൺ വി.എസ് (കോട്ടയം)
ഗായത്രി എം. നമ്പൂതിരി (പെരുമ്പാവൂർ)

**ഡോ. വിനു ഗോവിന്ദ്**



ഇന്ന് യോഗക്ഷേമ സഭയുടെ എല്ലാ യോഗങ്ങളിലും ഏറ്റവും കൂടുതൽ പ്രതിപാദിക്കപ്പെടുന്നതും ചർച്ച ചെയ്യപ്പെടുന്നതുമായ വിഷയം സർവ്വജ്ഞമാണ്. എന്താണ് സർവജ്ഞം? സിവിൽ സർവീസ് പരീക്ഷയെപ്പറ്റി നമ്മുടെ കുട്ടികൾ പലരും ചിന്തിച്ചു തുടങ്ങുന്നത് ഡിഗ്രി പഠനകാലത്താണ്. പക്ഷേ കേരളത്തിന് പുറത്ത് പല വിദ്യാർത്ഥികളും രക്ഷിതാക്കളും ഹൈസ്കൂൾ തലത്തിലോ ഒരു പക്ഷേ അതിനു മുൻപോ തന്നെ സിവിൽ സർവീസ് പരീക്ഷയെപ്പറ്റി ചിന്തിക്കാറുണ്ട്.

കുറച്ചു വർഷങ്ങളായി നമ്മളും അങ്ങനെ ഒരു ചിന്തയിലേക്ക് മാറിയിരിക്കുന്നു. ഇന്ന് കേരളത്തിൽ പല പ്രസ്ഥാനങ്ങളും ഹൈസ്കൂൾ തലം മുതൽ കുട്ടികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകി വരുന്നു. യോഗക്ഷേമസഭയുടെ സർവ്വജ്ഞവും ഹൈസ്കൂൾ തലത്തിലുള്ള കുട്ടികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകാൻ വേണ്ടി തുടങ്ങി വെച്ചതാണ്.

വളരെ തുച്ഛമായ ഫീസ് മാത്രം വാങ്ങി സമുദായത്തിലെ ഹൈസ്കൂൾ തലത്തിലുള്ള കുട്ടികൾക്ക് കഴിഞ്ഞ രണ്ടു വർഷമായി സിവിൽ സർവീസ് പരിശീലനം നടത്തി വരുന്നു. രണ്ട് ബാച്ചുകളിലായി 216 കുട്ടികൾ ഇന്ന് പരിശീലനം നേടുന്നു. പ്രഗൽഭരായ വിദ്യാഭ്യാസ വിചക്ഷണന്മാരുമായി നീണ്ട ചർച്ചകൾക്കൊടുവിലാണ് സർവ്വജ്ഞത്തിന് രൂപം കൊടുത്തത്. വർഷങ്ങളായി സിവിൽ സർവീസ് പരിശീലനം നൽകിവരുന്ന പ്രഗൽഭരാണ് നമ്മുടെ കുട്ടികൾക്കും പരിശീലനം നൽകുന്നത്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നാണ് കുട്ടികൾ എന്നതുകൊണ്ട്, വർഷത്തിൽ രണ്ട് തവണ മാത്രം നേരിട്ട് പങ്കെടുക്കാൻ സാധിക്കുന്ന ക്യാമ്പുകളും ബാക്കി ഓൺലൈൻ ക്ലാസുകളും ആണ് നടത്തുന്നത്. ഓൺലൈൻ ക്ലാസുകൾക്കായി ഒരു സോഫ്റ്റ്‌വെയർ തന്നെ വാങ്ങി. എല്ലാ ഞായറാഴ്ചയും രണ്ടു മണിക്കൂർ ക്ലാസാണ് ഇപ്പോൾ നടക്കുന്നത്.

ഓരോ വിഷയങ്ങൾ തീരുന്നതനുസരിച്ച് പുതിയ വിഷയങ്ങളും, അധ്യാപകരും എത്തും. ഓരോ വി



**ആ അഞ്ചു താരങ്ങൾ ഇവർ**

***അഭിനവ് എം. നമ്പൂതിരി,*** *S/o മധു നമ്പൂതിരി,കരിഞ്ഞ മന, ഇരിങ്ങോൾ പി.ഒ.,പെരുമ്പാവൂർ:683548* ***ഗായത്രി എം. നമ്പൂതിരി,*** D/o മധു നമ്പൂതിരി,കരിഞ്ഞ മന, ഇരിങ്ങോൾ പി.ഒ.,പെരുമ്പാവൂർ- 683548 ***ശ്രിയ സാവിത്രി***, മൂത്തേടത്ത് പാലിശ്ശേരി മന,D/o സജിത്ത്കുമാർ & ദീപ,മഞ്ചേരി, മലപ്പുറം, ***കൃഷ്ണപ്രഭ ഇ.എൻ***.എഗ്ഢ,നീലമന, തിരുനെല്ലി ക്ഷേത്രംപി.ഒ. തിരുനെല്ലി, വയനാട്,ജി.എച്ച്.എസ്.എസ്. കാട്ടിക്കുളം. ***വരുൺ വി.എസ്***.,വടക്കുമ്മൽ ഇല്ലം എസ്.എച്ച്. മൗണ്ട് പി.ഒ.,കോട്ടയം,

ഷയങ്ങൾ പൂർത്തീകരിക്കുമ്പോഴും ആ വിഷയത്തെ സംബന്ധിച്ച് പരീക്ഷയും ഓൺലൈൻ ആയി ത്തന്നെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തുന്നു. മികവുറ്റ വിജയം കരസ്ഥമാക്കുന്ന കുട്ടികളെ അനുയോജ്യമായ വേദികളിൽ വച്ച് ആദരിക്കുകയും ചെയ്യുന്നു.

വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കറണ്ട് അഫയേഴ്സ് ആണ്. എല്ലാ ബാച്ചിലും തുടക്കത്തിൽ കറണ്ട് അഫയേസിന്റെ ക്ലാസ് കൊടുക്കുന്നു. മാസത്തിലെ ആദ്യത്തെ ശനിയാഴ്ച പ്രധാന സംഭവങ്ങളെ അധികരിച്ച് കറണ്ട് അഫയേഴ്സ് പരീക്ഷയും സോഫ്റ്റ്‌വെയർ മുഖേന നടത്തുന്നു. പത്രപാരായണത്തിലൂടെ മാത്രമേ ഈ പരീക്ഷയിൽ കുട്ടികൾക്ക് വിജയിക്കാൻ സാധിക്കൂ. എട്ടാം ക്ലാസ് മുതൽ ദിവസവും പത്രം വായിക്കുകയും പ്രധാനകാര്യങ്ങൾ പരീക്ഷയ്ക്ക് വേണ്ടി ഓർത്തുവയ്ക്കുകയും ചെയ്യുന്ന വിദ്യാർത്ഥിയ്ക്ക് കൃത്യം ഏഴോ എട്ടോ വർഷങ്ങൾക്ക് ശേഷം നടക്കാൻ പോകുന്ന സിവിൽ സർവീസ് പരീക്ഷ ഒരു ബാലികേറാമല ആകില്ല എന്ന ബോധ്യത്തിൽ നിന്നാണ് ഈ പരീക്ഷ എല്ലാ മാസവും നടത്തുന്നത് .

സർവ്വജ്ഞം പദ്ധതിയുടെ വിജയം നമ്മെ തേടിയെത്തുക ഒരുപക്ഷേ ഏഴോ എട്ടോ വർഷങ്ങൾക്ക് ശേഷമായിരിക്കും. കാരണം ഇന്ന് എട്ടാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി സിവിൽ സർവീസ് പരീക്ഷ എന്ന മോഹത്തിലേക്കുള്ള ആദ്യത്തെ പരീക്ഷ എത്തുന്നത് ഡിഗ്രി കാലത്തിനുശേഷമാണല്ലോ. തുടർച്ചയായി നാം നടത്തുന്ന പരീക്ഷകളിൽ വലിയ വിജയം നേടുന്നവർ പ്രതീക്ഷ പകരുന്നുണ്ട്.

അതിൽ തന്നെ ഗായത്രി എം നമ്പൂതിരി (എറണാകുളം ജില്ല), അഭിനവ് എം നമ്പൂതിരി (എറണാകുളം ജില്ല), വരുൺ വി എസ് ( കോട്ടയം ജില്ല) കൃഷ്ണപ്രഭ ഇ എൻ (വയനാട് ജില്ല), ശ്രീയാ സാവിത്രി (മലപ്പുറം ജില്ല) എന്നീ വിദ്യാർത്ഥികളുടെ ആത്മാർത്ഥതയും കഠിനാധ്വാനവും എടുത്തു പറയേണ്ടതാണ്. സർവ്വജ്ഞത്തിലെ മികച്ച വിദ്യാർത്ഥികളായി കെ കെ എസ് ഫൗണ്ടേഷൻ തിരഞ്ഞെടുത്തത് ഇവരെയാണ്. സംസ്ഥാന സമ്മേളന വേദിയിൽ വച്ച് ഇവർക്ക് ആദരവും നൽകി. കഴിഞ്ഞ വർഷത്തെ സംസ്ഥാന സമ്മേളനത്തിലും സമ്മാനാർഹരായവരിൽ ഇവരുണ്ടായിരുന്നു എന്നത് തുടർച്ചയായ ഇവരുടെ കഠിനപ്രയത്നത്തെ കാണിക്കുന്നു. സർവ്വജ്ഞത്തിന്റെ എല്ലാ ക്ലാസുകളിലും കയറുകയും എല്ലാ പരീക്ഷകളും വൃത്തിയായി പഠിച്ചു എഴുതുകയും വഴി, കഠിനാധ്വാനത്തിലൂടെ നാളത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥരായി ഇവരെ കാണാൻ സാധിക്കുമെന്ന് ആത്മാർത്ഥമായി നമുക്ക് ആശിക്കാം. അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യാം.

ഈ വിദ്യാർത്ഥികളിൽ പ്രതീക്ഷയുടെ തിരിനാളും കൊളുത്താൻ സാധിക്കുന്ന കൊടിവിളക്കുകൾ ആകാൻ സാധിക്കുന്നു എന്നതാണ് യോഗക്ഷേമ സഭയുടെയും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരുടെയും ഏറ്റവും വലിയ ഭാഗ്യം എന്ന് ഞാൻ കരുതുന്നു. ●

**ഡോ. വിനു ഗോവിന്ദ്** സർവ്വജ്ഞം കോ-ഓർഡിനേറ്റർ,അസിസ്റ്റന്റ് പ്രൊഫസർ (സീനിയർ)ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോണിക്സ് സെന്റ്ഗിറ്റ്സ് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോട്ടയം,കൊല്ലപ്പള്ളി മഠം, പി.ഒ: നീലമ്പേരൂർ, ആലപ്പുഴ ജില്ല മൊബൈൽ: 9744535823



**ഇല്ലപ്പേരോ സമുദായപ്പേരോ ചേർത്ത് സാഹിത്യരചന നടത്തുന്ന നമ്പൂതിരിമാരെ നമുക്കറിയാം. ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടും അക്കിത്തം അച്യുതൻ നമ്പൂതിരിയും വിഷ്ണുനാരായണൻ നമ്പൂതിരിയും കൈതപ്രം ദാമോദരൻ നമ്പൂതിരിയും ഇ.എം.എസ് നമ്പൂതിരിപ്പാടും എം.പി.എസ് നമ്പൂതിരിയും ആ ഗണത്തിൽപ്പെടും. എന്നാൽ നമ്പൂതിരി എന്ന സമുദായപ്പേര് ഉപയോഗിക്കാതെ എഴുതുന്ന ധാരാളം പേരുണ്ട്. അവരെ സമുദായത്തിന് പരിചയപ്പെടുത്തുകയാണ് ഇവിടെ. എഴുത്തുകാർക്ക് ഇതാവശ്യമില്ലെങ്കിലും ഇവരെ അറിയുക നമ്മുടെ ആവശ്യമാണ്. ഇവരെ ബന്ധിപ്പിക്കുന്ന ഒരു പാലം പണിയായി കണ്ടാൽ മതി. വിട്ടുപോയവരെ പിന്നാലെ കൂട്ടിച്ചേർക്കുകയുമാവാം.**

# അറിയുന്നവരിലെ അറിയാക്കാര്യങ്ങൾ

**പി.എൻ. വിജയൻ**



മലയാളത്തിലെ മികച്ച ചലച്ചിത്രഗാനരചയിതാവാണ് ബി.കെ ഹരിനാരായണൻ. രണ്ടു തവണ സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. സിനിമാസംവിധായകനും നടനും മാത്രമല്ല, മലയാളത്തിൽ മികച്ച കവിയുമാണ്. കുന്ദംകുളത്തിനടുത്ത് ഭട്ടി കുഴിയാംകുന്നത്ത് രാമൻ നമ്പൂതിരിയുടെയും ഭവാനി അന്തർജ്ജനത്തിന്റെയും മകനാണ്. പെരുമ്പിലാവിനടുത്ത് കരിക്കാടാണ് ഇല്ലം. ഗുരുവായൂർ ശ്രീകൃഷ്ണാകോളേജിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ബിരുദവും ഭാരതീയവിദ്യാഭവനിൽ നിന്ന് പത്രപ്രവർത്തനത്തിൽ പി.ജി.ഡിപ്ലോമയും നേടി. കെ.എസ്.ആർ.ടി.സി യിൽ കണ്ടക്ടറായി ജോലിനോക്കി. പറിക്കുന്നകാലം മുത



**ബി.കെ ഹരിനാരായണൻ**

**ചലച്ചിത്രഗാനരചയിതാവ്**

**കുന്ദംകുളം ഭട്ടി കുഴിയാംകുന്നത്ത് മന**
രാമൻ നമ്പൂതിരിയുടെയും ഭവാനി അന്തർജ്ജനത്തിന്റെയും മകൻ, കരിക്കാട്. പി.ഒ തൃശ്ശൂർ ജില്ല പിൻ 680 519
മൊബൈൽ 9446312230



**കെ.സി നാരായണൻ**

**പത്രപ്രവർത്തകൻ**

**ശ്രീകൃഷ്ണപുരം
കിഴിയേടത്തു മന**
വാസുദേവൻ
നമ്പൂതിരിയുടെയും
ഉമാ അന്തർജ്ജന
ത്തിന്റെയും മകൻ
പി. ഒ ശ്രീകൃഷ്ണപുരം,
പാലക്കാട് ജില്ല,
മൊബൈൽ 9846061282



**അഷ്ടമൂർത്തി കെ.വി.**

**കഥാകാരൻ**

**ആറാട്ടുപുഴ
കടലായിൽ മന**
വാസുദേവൻ
നമ്പൂതിരിപ്പാടിന്റെയും
ശ്രീദേവി അന്തർജനത്തി
ന്റെയും മകൻ.
പി.ഒ: ആറാട്ടുപുഴ
തൃശ്ശൂർ 680562
മൊബൈൽ 94474 76185

**പത്രപ്രവർത്തകനും നിരൂപകനും പ്രഭാഷകനുമാണ് കെ.സി. നാരായണൻ. മാതൃഭൂമിയുടേയും ഭാഷാപോഷിണിയുടേയും പത്രാധിപരായിരുന്നു. കൽക്കത്തെയിൽ മാതൃഭൂമിക്കുവേണ്ടി പ്രവർത്തിക്കുകയും , ലണ്ടനിൽ പത്രപ്രവർത്തനത്തിൻ വിദ ഗ്ദ്ധപരിശീലനം നേടുകയും ഉണ്ടായി. ദിനപത്രവും വാരാന്ത പ്പതിപ്പും കൈകാര്യം ചെയ്തു. അദ്ദേഹത്തിന്റെ കാലത്താണ് മാതൃഭൂമി ആഴ്ചപ്പതിപ്പ് ഏറ്റവും വളർന്നത്.**

ലേ കവിതകൾ എഴുതിയിരുന്നു. നൂറ്റടപ്പൻ, പന്തും പാട്ടും പറച്ചിലും, അനുരാഗനദിയേ എന്നിവയാണ് ഹരിനാരായണന്റെ കവിതാസമാഹാ രങ്ങൾ.

2010 ൽ ദി ത്രില്ലർ എന്ന സിനിമക്കാണ് ആദ്യമായി ഗാനരചന ചെയ്തത്.ഓലഞ്ഞാലിക്കുരുവീ.. എന്ന ഗാനമാണ് ഏറെ ശ്രദ്ധനേ ടിയ ആദ്യഗാനം. ലൈലാകമേ , മിനുങ്ങും മിന്നാമിനുങ്ങേ, ജീവാംശ മായി താനേ..., ഉയിരിൻ നാഥനേ, കണ്ണെത്താ ദൂരം... കാറ്റ് മൂളിയോ പ്രണയം, നീ ഹിമമഴയായ് , ഹേമന്തമെൻ , മോഹമുന്തിരി, മുരുകാ മുരുകാ പുലിമുരുകാ തുടങ്ങി 350 ലധികം സിനിമകളിലായി 700 ന് മു കളിൽ ഗാനങ്ങൾ രചിച്ചിട്ടുണ്ട്

ഗാനരചനയ്ക്ക് 2018ലും 2021 ലുമാണ് സംസ്ഥാന അവാർഡ് നേ ടിയത്. ഫിലിംഫെയർ അവാർഡ്, ഏഷ്യാനെറ്റ് ഫിലിം അവാർഡ്, വനിത ഫിലിം അവാർഡ് തുടങ്ങി വേറെയും നിരവധി അവാർഡുകൾ നേടി.

മികച്ച പത്രപ്രവർത്തകനും നിരൂപകനും പ്രഭാഷകനുമാണ് കെ.സി. നാരായണൻ. മാതൃഭൂമിയുടേയും ഭാഷാപോഷിണിയുടേയും പത്രാധിപരായിരുന്നു. പാലക്കാട് ജില്ലയിൽ ശ്രീകൃഷ്ണപുരത്ത് കിഴി യേടത്തു മനയ്ക്കൽ വാസുദേവൻ നമ്പൂതിരിയുടെയും ഉമാ അന്തർ ജ്ജനത്തിന്റെയും മകനാണ്.

പാലക്കാട് വിക്ടോറിയാ കോളേജ്, പട്ടാമ്പി സംസ്കൃതകോളേജ് എന്നിവിടങ്ങളിൽ പഠനം. പി എസ് സിയുടെ അദ്ധ്യാപകപരീക്ഷ യിൽ ഒന്നാം റാങ്ക് നേടി മടപ്പള്ളി ഗവർമ്മെണ്ട് കോളേജിൽ ലക്ചറാ യി നിയമനം കിട്ടിയെങ്കിലും അത് സ്വീകരിക്കാതെ, മാതൃഭൂമിയിൽ പത്രപ്രവർത്തകനായി ചേരുകയാണുണ്ടായത്.

മലാളിയുടെ രാത്രികൾ , താളത്തിന്റെ ഗോപുരങ്ങൾ എന്നീ സംസ ്കാരപഠനങ്ങളിലൂടെ ശ്രദ്ധേയൻ. മാതൃഭൂമിയുടെ വിവിധ പ്രസിദ്ധീക രണങ്ങളിൽ പത്രാധിപരായിരുന്നു. കേരളത്തിന്നു പുറത്ത് കൽക്കത്ത യിൽ അദ്ദേഹം മാതൃഭൂമിക്കുവേണ്ടി പ്രവർത്തിക്കുകയും , ലണ്ടനിൽ നിന്ന് പത്രപ്രവർത്തനത്തിൻ വിദഗ്ദ്ധപരിശീലനം നേടുകയും ഉണ്ടാ യി. ദിനപത്രവും വാരാന്തപ്പതിപ്പും കൈകാര്യം ചെയ്ത അദ്ദേഹം ദീർഘകാലം ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണ് മാതൃഭൂമി ആഴ്ചപ്പതിപ്പ് ഏറ്റവും ഉയർന്നതും വളർന്ന തും. മഹാഭാരതം ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്ന അദ്ദേഹത്തി ന്റെ പുസ്തകം നമ്മുടെ ഇതിഹാസത്തെക്കുറിച്ച് ഒരു പുതിയ കാഴ് ചപ്പാടാണ് പങ്കുവെക്കുന്നത്. മഹാത്മാഗാന്ധിയും മാധവിക്കുട്ടിയും ,മലയാളികളുടെ രാത്രികൾ ,ബലിയ പാലിന്റെ പാഠങ്ങൾ എന്നിവയാ ണ് മറ്റുകൃതികൾ. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അക്ഷരം പ്രതി എന്ന




വി.എം ഗിരിജ

**കവയിത്രി**

**ഷൊർണൂർ പരുത്തിപ്ര വടക്കേപ്പാട്ടു മന**

വാസുദേവൻ ഭട്ടതിരിപ്പാടിന്റെയും ചെറമംഗലത്ത് മനയിലെ ഗൗരിയുടെയും മകൾ. തണൽ, കിഴക്കേക്കര റോഡ്, പോസ്റ്റ് കൊച്ചി, പിൻ: 682021

എറണാകുളം ജില്ല

മൊബൈൽ: 94959 86332





സാവിത്രി രാജീവൻ

**കവയിത്രി**

**മലപ്പുറം**
**വീട്ടിക്കാട്ട് ഇല്ലം**

നാരായണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിൻറെയും മകൾ.

ടി സി 19/598

സൗത്ത് റോഡ് മുഡവൻ മുഗൾ, പൂജപ്പുര, തിരുവനന്തപുരം, പിൻ:695012

മൊബൈൽ: 94007 06857


കോളം തുടരുന്നു.

അഷ്ടമൂർത്തി എന്ന കഥാകാരൻ കടലായിൽ വാസുദേവൻ നമ്പൂതിരിപ്പാടിന്റെയും ശ്രീദേവി അന്തർജനത്തിന്റെയും മകനാണ്. തൃശ്ശൂർ കേരളവർമയിൽ നിന്ന് ബികോം. പിന്നീട് ബോംബെയിൽ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി. റിഹേഴ്സൽ ക്യാമ്പ് എന്ന പ്രഥമ നോവൽ കുങ്കുമം അവാർഡ് നേടി. കേരള സാഹിത്യ അക്കാദമിയുടെ അവാർഡും നേടിയിട്ടുണ്ട് . ബോംബെയിൽ നിന്ന് തിരിച്ചെത്തിയ ശേഷം അദ്ദേഹം തൃശൂരിലെ എസ് എൻ എ വൈദ്യശാലയിൽ ആണ് ജോലി ചെയ്തത്. അഷ്ടമൂർത്തിയും അടുത്തകാലത്ത് നമ്മെ വിട്ടുപോയ ഹിരണ്യനും ഇല്ലാത്ത സാഹിത്യസദസ്സുകൾ തൃശൂർ പരിസരത്തുണ്ടായിരുന്നില്ല.

അഷ്ടമൂർത്തി ഇപ്പോഴും എഴുതുന്നുണ്ട്. കഥകൾ അപൂർവ്വമാണെങ്കിലും വർത്തമാന സമസ്യങ്ങളോടുള്ള പ്രതികരണങ്ങളും അഭിപ്രായങ്ങളും നർമ്മം കലർന്ന അനുഭവരേഖകളും കൊണ്ട് സാമൂഹ്യ മാധ്യമങ്ങളിൽ അദ്ദേഹത്തിന്റെ സാന്നിധ്യം ശ്രദ്ധേയമാണ്. ദേശാഭിമാനിയിലും ജനയുഗത്തിലും അഷ്ടമൂർത്തിയുടെ പംക്തികൾ ഉണ്ട്. വീടുവിട്ടു പോകുന്നു, ലാ പതാ, കരുവന്നൂർ പുഴയിലെ പാലം, എപ്പോഴാണ് മകൾ മടങ്ങിയെത്തുക, തിരിച്ചുവരവ്, പകൽവീട്, കഥാസാരം, ക്യൂറേറ്റർ എന്നിവയാണ് പ്രധാനകൃതികൾ.

സമകാലീന സാഹിത്യത്തിലെ ശ്രദ്ധേയയായ എഴുത്തുകാരിയാണ് വി.എം. ഗിരിജ. മലയാളത്തിലെ പുതുനിരക്കവികളെ അവതരിപ്പിച്ചുകൊണ്ട് ആറ്റൂർ രവിവർമ്മ 1999-ൽ എഡിറ്റുചെയ്ത പുതുമൊഴിവഴികൾ എന്ന സമാഹാരത്തിൽ ഗിരിജയുടെ കവിതകൾ ഉൾപ്പെട്ടിരുന്നു. പ്രണയം ഒരാൽബം എന്ന ആദ്യകവിതാസമാഹാരം പ്രേം ഏക് ആൽബം എന്ന പേരിൽ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. വി.എം. ഗിരിജയുടെ കവിതകൾ കേരളത്തിലെ സർവ്വകലാശാലകളിൽ പഠനവിഷയമാണ്. ലിംഗനീതിവ്യവസ്ഥയ്ക്കും അമ്മമലയാളത്തിന്നും ചിന്തയിലും ഭാവനയിലും ഇടം സൃഷ്ടിച്ച അവർ എഴുത്തുകാരിയും വിവർത്തകയും മാത്രമല്ല, ആകാശവാണി അനൗൺസറും ചരിത്രകാരിയും എഡിറ്ററും ആയിരുന്നു.

പട്ടാമ്പി സംസ്കൃത കോളേജിൽ നിന്ന് ഒന്നാം റാങ്കോടെ മലയാളം എം. എ. ജയിച്ചു. ആകാശവാണിയിൽ അനൗൺസർ ആയി ജോലിയ്ക്ക് ചേർന്നു. 38 വർഷത്തെ സേവനത്തിനുശേഷം കൊച്ചി നിലയത്തിൽ നിന്ന് വിരമിച്ചു. ഷൊർണൂരിനടുത്തുള്ള പരുത്തിപ്രയിലെ വടക്കേപ്പാട്ടു മനയ്ക്കൽ വാസുദേവൻ ഭട്ടതിരിപ്പാടിന്റെയും ചെറമംഗലത്ത് മനയിലെ ഗൗരിയുടെയും മകൾ ; ഭർത്താവ്: ആക്ടിവിസ്റ്റായ സി. ആർ. നീലകണ്ഠൻ.

പ്രണയം ഒരാൽബം , ജീവജലം, പാവയൂണ്, ഇരുപക്ഷം പെടുമിന്ദുവല്ല ഞാൻ , കടലോരവീട് , ബുദ്ധ പൂർണ്ണിമ , മൂന്ന് ദീർഘ കവിതകൾ , കാടാണവന്നുടുപ്പും വീടും, പൂച്ചയുറക്കം എന്നിവയാണ് കൃതികൾ. ബ്രസീലിയൻ ക്ലാസിക് നോവൽ യോസെ മൗരോ ദേ വാസ്ക്കോൺ സെലോസിന്റെ എന്റെ പഞ്ചാര ഓറഞ്ച് മരം എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷ ചെയ്തു. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ചങ്ങമ്പുഴ പുരസ്കാരം, ബഷീർ അമ്മ മലയാളം പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.

അച്ഛൻ വി.എം.വാസുദേവൻ ഭട്ടതിരിപ്പാടിന്റെ കണ്ണോർമ്മ കാതോർമ്മ എന്ന പുസ്തകം പുറത്തിറക്കി. വല്യച്ഛൻ വി.എം. മാ



ആര്യൻ കണ്ണന്നൂർ
നോവലിസ്റ്റ്

**പട്ടാമ്പി**
**തൃക്കഴിപ്പുറം മന**
പരമേശ്വരൻ അടിശ്ശേരി
പ്പാടിന്റെയും ലീലാ
പത്തിനാടിയുടെയും മകൻ.
പി.ഒ ഞാങ്ങാട്ടിരി, വഴി:
പട്ടാമ്പി, പാലക്കാട് ജില്ല
മൊബൈൽ: 94473 08032



പി ബി ഹൃഷികേശൻ
കഥാകൃത്ത്

**ചാലക്കുടി**
**പടുതോൾ മന.**
പി എച്ച് ബ്രഹ്മദത്തൻ
നമ്പൂതിരിപ്പാടിന്റെയും
ഗൗരി അന്തർജനത്തി
ന്റെയും മകൻ.
പി.ഒ: മേലൂർ, ചാലക്കുടി,
പിൻ 680311
മൊബൈൽ:99696 66897

**വിവിധ രാജ്യങ്ങളിൽ പുറത്തിറങ്ങിയ കവിതാസമാഹാരങ്ങളിൽ മലയാളത്തെ പ്രതിനിധീകരിച്ച നമ്പൂതിരി സ്ത്രീയാണ് സാവിത്രി രാജീവൻ. 2016 ൽ കേരളസാഹിത്യഅക്കാദമി പുരസ്കാരം നേടി. മറ്റു ഇന്ത്യൻ ഭാഷകളിലേയ്ക്കും ഇംഗ്ലീഷ്, സ്വീഡിഷ് , സ്ലോവേനിയൻ ചൈനീസ് ഭാഷകളിലേക്കും സാവിത്രി രാജീവിന്റെ കവിതകൾ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്. സാഹിത്യ അക്കാദമി ഉപദേശകസമിതി അംഗമായിരുന്നു.**

തൃദത്തൻ ഭട്ടതിരിപ്പാടിന്റെ സമീര സന്ദേശം എന്ന സംസ്കൃത കാവ്യം, അമ്മ ഗൌരിയുടെ സ്നേഹ സദൃശം,സഹോദരി അന്തരിച്ച വി.എം.ലീലയുടെ കുറിപ്പുകളും കവിതകളും അടങ്ങുന്ന തിരിഞ്ഞ് നടന്നപ്പോൾ, ഭർത്താവിന്റെ അമ്മ സാവിത്രി അന്തർജ്ജനം എഴുതിയ എല്ലാവരുടെയും ഭൂമി , ഗൃഹാതുരത്വം, അമ്മ പറയുന്നു എന്നീ പുസ്തകങ്ങൾ എഡിറ്റ് ചെയ്തു.

വിവിധ രാജ്യങ്ങളിൽ വിവിധഭാഷകളിൽ പുറത്തിറങ്ങിയ കവിതാസമാഹാരങ്ങളിൽ മലയാളത്തെ പ്രതിനിധീകരിച്ച ഒരു നമ്പൂതിരിസ്ത്രീയാണ് സാവിത്രി രാജീവൻ. 2016 ലെ കവിതയ്ക്കുള്ള കേരളസാഹിത്യ അക്കാദമി പുരസ്കാരവും നേടിയിട്ടുണ്ട്.

1956 ആഗസ്റ്റ് 22 ന് മലപ്പുറം വീട്ടിക്കാട്ട് ഇല്ലത്ത് വീട്ടിക്കാട്ട് നാരായണൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിൻറെയും മകളായി ജനിച്ചു. പൂക്കോട്ടൂർ ഗവ. ഹൈസ്ക്കൂൾ, മലപ്പുറം ഗവ. കോളേജ്, തിരുവനന്തപുരം വിമൻസ് കോളേജ്, ഫാക്കൽറ്റി ഓഫ് ഫൈനാർട്സ്, എം. എസ്. യൂണിവേഴ്സിറ്റി ബറോഡ എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. മറ്റു ഇന്ത്യൻ ഭാഷകളിലേയ്ക്കും ഇംഗ്ലീഷ്, സ്വീഡിഷ് , സ്ലോവേനിയൻ ചൈനീസ് ഭാഷകളിലേയ്ക്ക് സാവിത്രി രാജീവിന്റെ കവിതകൾ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്. സാഹിത്യ അക്കാദമി ഉപദേശകസമിതി അംഗമായിരുന്നു.

ഇപ്പോൾ കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിലിൽ അംഗമാണ്. കാലടി സർവകലാശാലയിൽ കലാചരിത്രഅധ്യാപികയായും ലളിതകലാ അക്കാദമി വൈസ് ചെയർപേഴ്സനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ചരിവ്, ദേഹാന്തരം, മീ ടൂ, അമ്മയെ കുളിപ്പിക്കുമ്പോൾ, സാവിത്രി രാജീവന്റെ കവിതകൾ, സഞ്ചാരിയുടെ താണുപോയവീട് എന്നിവയാണ് സാവിത്രി രാജീവന്റെ കൃതികൾ.

കേരളസാഹിത്യ അക്കാദമിപുരസ്കാരം (2016) കുഞ്ചുപിള്ള സ്മാരക അവാർഡ് (1991),ഉദയഭാരതി നാഷണൽ അവാർഡ് (1995), കമലാ സുരയ്യ അവാർഡ് (2010). കേന്ദ്രമാനവിക വകുപ്പിന്റെ ഫെലോഷിപ്പ്, എ എസ് നമ്പൂതിരി സ്മാരക അവാർഡ് (1995) എന്നിവ ലഭിച്ചിട്ടുണ്ട്.

ആര്യൻ കണ്ണന്നൂർ എന്ന പേരിൽ കഥകളും നോവലുകളും എഴുതുന്ന നോവലിസ്റ്റ് പട്ടാമ്പിയിലെ തൃക്കഴിപ്പുറം മനയിലെ അംഗമാണ്. അദ്ദേഹത്തിന്റെ നോവൽ ഇദം ന മമ ശ്രദ്ധിച്ചു വായിച്ചവർക്ക് അദ്ദേഹം നമ്പൂതിരിയാണെന്ന് ഊഹിക്കാൻ സാധിക്കും. എന്നാൽ തുടർന്നുവന്ന നോവലുകൾ പലതും വ്യത്യസ്ത പശ്ചാത്തലങ്ങളിലാണ് എഴുതപ്പെട്ടത്. സുരപഥവും കാലമാപിനിയും മലമുത്തിയുടെ മക്കളും അത്രയധികം പരിചിതമല്ലാത്ത വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ചെറുതുരുത്തി അദ്ധ്യാപകപരിശീലന കേന്ദ്രത്തിൽ നിന്ന് പ്രിൻ



മനോജ് ജാതവേദര്
**കഥാകൃത്ത്**

**പത്തനം തിട്ട**
**അഴൂരിലെ തോമ്പി മഠം**
ജാതവേദൻ പോറ്റിയു
ടെയും അംബിക
ദേവിയുടെയും മകൻ.
ഋതു, പി ഒ ഇരിങ്ങോൾ,
പെരുമ്പാവൂർ, പിൻ 683548
എറണാകുളം ജില്ല
മൊബൈൽ 88482 16627



എ.സി. ശ്രീഹരി
**കവി**

**പയ്യന്നൂർ**
**ആലപ്പടമ്പ്**
എ.സി. ദാമോദരൻ
നമ്പൂതിരിയുടെയും
സാവിത്രി അന്തർജ്ജന
ത്തിന്റെയും മകൻ.
ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ്
പയ്യന്നൂർ കോളേജ്
എടാട്ട് കുഞ്ഞിമംഗലം
പയ്യന്നൂർ പിൻ 670327

സിപ്പലായി വിരമിച്ചു. 1981 ൽ സുരപഥം എന്ന നോവലിന് എം.പി. പോൾ അവാർഡ് നേടിയിട്ടുണ്ട്. തൃക്കഴിപ്പുറം പരമേശ്വരൻ അടിശ്ശേരി പ്പാടിന്റെയും ലീലാ പത്തിനാടിയുടെയും മകനാണ്.

ഹൃഷികേശൻ പി ബി വളരെ നേരത്തെ എഴുതിത്തുടങ്ങിയ ആളാണ്. കവിതയ്ക്കൊപ്പം ശ്ലോകരംഗത്തും സജീവമാണ്. ബോംബെയിലെ തിരക്കുപിടിച്ച ശാസ്ത്രലോകത്തായിരുന്നു ദീർഘകാലം. ചാലക്കുടിക്കടുത്ത് മേലൂരിലാണ് പടുതോൾ മന. പാതി പൊള്ളിയൊരു അക്ഷരം, മിണ്ടൽ, കണ്ണാടിപ്പുഴ  ഒന്നടുത്തുവരാമോ നീ, കാണാതാവുന്നവർ, ലോലചിത്തരാം ചിത്രശലഭങ്ങളെപ്പോലെ എന്നീ സമാഹാരങ്ങൾ പുറത്തിറക്കി.

കവിതയ്ക്കുള്ള ചങ്ങമ്പുഴ അവാർഡ്, അബുദാബി ശക്തി അവാർഡ്, മൂടാടി ദാമോദരൻ സ്മാരക പുരസ്കാരം,  കഥാരംഗം പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്. മുംബൈയിലെ ആണവ വകുപ്പിൽ സയന്റിഫിക് ഓഫീസർ ആയിട്ടാണ് ജോലി ചെയ്തിരുന്നത്.  വിരമിച്ച ശേഷം യോഗശാസ്ത്രത്തിൽ എം എ യും പി എച്ച് ഡി യും എടുത്തിട്ടുണ്ട്.

പ്രശസ്ത കവി എ.സി. ശ്രീഹരി 1969 നവംബർ 24 ന് കണ്ണൂർ ജില്ലയിലെ പയ്യന്നൂരിനടുത്ത് ആലപ്പടമ്പ് ഗ്രാമത്തിൽ എ.സി. ദാമോദരൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജ്ജനത്തിന്റെയും മകനായി ജനിച്ചു. അദ്ദേഹത്തിന്റെ കവിതകൾ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച യുവകവിതക്കൂട്ടം എന്ന സമാഹാരത്തിലും, സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ച കവിതയുടെ നൂറ്റാണ്ട് എന്ന സമാഹാരത്തിലും വന്നിട്ടുണ്ട്. കേരളത്തിലെ സർവ്വകലാശാലകളിൽ പാഠപുസ്തകങ്ങളിലുമുണ്ട്.

പയ്യന്നൂർ കോളേജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദവും സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരിയിൽനിന്ന് ബിരുദാനന്തരബിരുദവും നേടി. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എം.ഫിൽ. 2015-ൽ കണ്ണൂർ സർവ്വകലാശാലയിൽനിന്ന് മലയാള ജനപ്രിയ കലാസിനിമയിലെ ആണത്തനിർമ്മാണം എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കി. ഇപ്പോൾ പയ്യന്നൂർ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി പ്രവർത്തിക്കുന്നു. എൻ.എൻ. കക്കാട് അവാർഡ്(1996), വി.ടി.കുമാരൻ അവാർഡ് (1997), വൈലോപ്പിള്ളി അവാർഡ്(1999) എന്നിവ നേടി. വായനാവികൃതി, ഇടച്ചേരി എന്നിവയാണ് പുസ്തകങ്ങൾ.

ആധുനിക കഥാരംഗത്തെ ശ്രദ്ധേയനാണ് മനോജ് ജാതവേദര്. പത്തനം തിട്ടയിലെ അഴൂരിലുള്ള തോമ്പി മഠത്തിലെ ജാതവേദൻ പോറ്റിയുടെയും അംബിക ദേവിയുടെയും മകൻ. കുണ്ടറയിലുള്ള കേരള സിറാമിക്സ് ലിമിറ്റഡിൽ മെക്കാനിക്കൽ എൻജിനീയറായ മനോജ് ജാതവേദര്  നദിയും മടങ്ങി വരും എന്ന സമാഹാരത്തിന്റെ കർത്താവാണ്. പത്തനംതിട്ട, പെസഹ, ഘർ വാപസി തുടങ്ങിയ കഥകൾ ഏറെ ചർച്ച ചെയ്യപ്പെട്ടവയാണ്. മലയാളമനോരമയുടെ പുരസ്കാരവും നേടി.

ഉത്തരാധുനിക കവികളിൽ ശ്രദ്ധേയനായ മനോജ് കുറൂർ കോട്ടയത്തെ കുറൂർ മനയിലാണ് ജനിച്ചത്. പ്രസിദ്ധ ചെണ്ടമേളവിദ്വാൻ കുറൂർ ചെറിയ വാസുദേവൻ നമ്പൂതിരിയാണ് അച്ഛൻ. അമ്മ ശ്രീദേവി. അച്ഛനിൽ നിന്ന് തായമ്പകയും കഥകളിമേളവും അഭ്യസിച്ച മനോജ് കുറൂർ, താളസംബന്ധമായ വിഷയത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണം നടത്തി. ഇപ്പോൾ ചങ്ങനാശ്ശേരി എൻ. എസ്.എസ്. ഹിന്ദു കോളേജിൽ മലയാള വിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറാണ്.



ശ്രീകാന്ത് താമരശ്ശേരി

**യുവകവി**

**കോട്ടയം പാലാ വലവൂർ താമരശ്ശേരി ഇല്ലം**
നാരായണൻ നമ്പൂതിരി യുടെയും സാവിത്രി ദേവിയുടെയും മകൻ
താമരശ്ശേരി ഇല്ലം,
പി ഓ.വലവൂർ
കോട്ടയം-686635
മൊബൈ: +44 7551896609



മനോജ് കുറൂർ

**കവി**

**കോട്ടയത്തെ കുറൂർ മന**
ചെറിയ വാസുദേവൻ നമ്പൂതിരിയുടെയും ശ്രീ ദേവി അന്തർജനത്തി ൻെയും മകൻ.
ചെറിയ കുറൂർ, പി.ഒ
പാറമ്പുഴ, കോട്ടയം
പിൻ 686004 മൊ ബൈൽ 95625 87070

**വാനപ്രസ്ഥം എന്ന ചലച്ചിത്രത്തിൽ ആട്ടക്കഥയും പദങ്ങളും രചിച്ചത് മനോജ് കുറൂരാണ്. തൃത്താളക്കേശവൻ എന്ന കവിത യ്ക്ക് 1997-ലെ കുഞ്ചുപിള്ള സ്മാരക പുരസ്കാരവും ഉത്തമപു രുഷൻ കഥപറയുമ്പോൾ എന്ന കൃതിക്ക് 2005-ലെ എസ്.ബി.ടി. കവിത അവാർഡും കോമാ എന്ന കൃതിക്ക് 2007-ലെ സാഹിത്യ അക്കാദമി കനകശ്രീ അവാർഡും മുറിനാവ് എന്ന നോവലിന് 2021 ലെ പത്മരാജൻ പുരസ്കാരവും നേടി.**

പടിഞ്ഞാറൻ ക്ലാസിക്കൽ സംഗീതം, ക്ലാസിക്കൽ കലകൾ, ജന പ്രിയ സംഗീതം നാടോടികലകൾ, സിനിമ, സാഹിത്യം, സൈബർ സംസ്കാരം എന്നീ വിഷയങ്ങളിലായി അൻപതോളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വാനപ്രസ്ഥം എന്ന ചലച്ചിത്രത്തിൽ നായികക്ക് വേണ്ടി എഴുതിയ മൂന്ന് രംഗങ്ങൾ ഉള്ള ആട്ടക്കഥയും അതിലെ മൂന്ന് പദങ്ങളും രചിച്ചത് മനോജാണ്. നിലം പൂത്തുമലർന്നനാൾ , മണൽ പ്പാവ എന്നീ നോവലുകളും രചിച്ചു. തൃത്താളക്കേശവൻ എന്ന കവി തയ്ക്ക് യുവകവികൾക്കുള്ള 1997-ലെ കുഞ്ചുപിള്ള സ്മാരകപുരസ് കാരവും ഉത്തമപുരുഷൻ കഥപറയുമ്പോൾ എന്ന കൃതിക്ക് 2005-ലെ എസ്.ബി.ടി. കവിത അവാർഡും കോമാ എന്ന കൃതിക്ക് 2007-ലെ സാഹിത്യ അക്കാദമി കനകശ്രീ അവാർഡും മുറിനാവ് എന്ന നോവലി ന് 2021 ലെ പത്മരാജൻ പുരസ്കാരവും നേടി.

അടുത്തിടെ ശ്രദ്ധേയനായ യുവകവിയാണ് ശ്രീകാന്ത് താമരശ്ശേരി. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ തുടരെ പ്രത്യക്ഷപ്പെട്ട കവിതകൾ പ്രശസ് തനാക്കിയത്. ആദ്യസമാഹാരമായ കടൽ കടന്ന കറിവേപ്പുകൾ എന്ന കൃതിക്ക് തന്നെ വെണ്മണിപുരസ്കാരവും അബുദാബി ശക്തി അവാർ ഡും ലഭിച്ചു. ഇംഗ്ലണ്ടിലെ ബർമിങ് ഹാമിൽ ഐടി മേഖലയിൽ ജോ ലി ചെയ്യുന്ന ശ്രീകാന്ത്, കോട്ടയം പാലായ്ക്ക് അടുത്ത് വലവൂർ എന്ന ഗ്രാമത്തിൽ താമരശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും സാവിത്രി ദേവിയുടെയും മകനാണ്.

മാമ്പഴം എന്ന കവിതാലാപന മത്സരത്തിലൂടെ സമ്മാനാർഹനായ തോടെയാണ് ശ്രീകാന്ത് അറിയപ്പെട്ടത്. കവിയും ബഹുഭാഷാ ഗവേഷ കനും തന്ത്രസമുച്ചയ അവതാരികാകാരനുമായിരുന്ന പണ്ഡിതർ ഇ വി രാമൻ നമ്പൂതിരിയുടെ പേരക്കുട്ടിയാണ് ശ്രീകാന്ത് .

ഇനിയും ധാരാളംപേർ നമ്പൂതിരി സമുദായത്തിൽനിന്ന് എഴുത്തി ന്റെയും സംഗീതത്തിന്റെയും നിയമത്തിന്റെയും ഒക്കെ മേഖലകളിലേ ക്ക് വളർന്നുവന്നിട്ടുണ്ടാവും. അതുപോലെ മറ്റുപലമേഖലകളിലേക്കും നമ്മുടെ യുവതീയുവാക്കൾ കുതിക്കുന്നുണ്ടാവും. അവരെയൊക്കെ കണ്ടെത്തുക പരിചയപ്പെടുക അവരുടെ എഴുത്തുകളിലൂടെ അവരുടെ മനസ്സിലേക്ക് ഉല്ലാസയാത്ര നടത്തുക ഇടയ്ക്കെങ്കിലും അത് അർ ത്ഥവത്താക്കുക , അതിന് ഈ കുറിപ്പുകൾ ആർക്കെങ്കിലും ഉപയോ ഗപ്പെടുകയാണെങ്കിൽ ഈ ശ്രമം ധന്യമായി. അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ പി.കെ. ദേവന്റെയും യു. എസ്. നാരായണന്റേയും ഹിരണ്യന്റേയും അക്ഷരങ്ങളുടെ ഓർമ്മയ്ക്ക് മുമ്പിൽ ഈ കുറിപ്പ് സമർപ്പിക്കുന്നു ●

പി.എൻ. വിജയൻ, പുളിക്കത്തൊടി മന,പി ഒ കരിക്കാട്,
മഞ്ചേരി ,മലപ്പുറം ജില്ല , പിൻ676123.മൊബൈൽ 9496 304123

തിരുമംഗലം വാസുദേവൻ നമ്പൂതിരി മാളികപ്പുറം മേശാന്തി.2012 മുതൽ അപേക്ഷ നൽകിയിരുന്നു

# ആഗ്രഹത്തിനു മേൽ ചൊരിഞ്ഞ അനുഗ്രഹം

**പി. എം ഗോപിനാഥൻ നമ്പൂതിരി**



ഇത്തവണ മാളികപ്പുറം മേൽശാന്തിയാവാൻ അവസരം ലഭിച്ചത് കോഴിക്കോട്ടെ വാസുദേവൻ നമ്പൂതിരിക്ക്. യോഗക്ഷേമസഭ ഫറോക്ക് ഉപസഭയിലെ തിരുമംഗലം ഇല്ലത്തെ അംഗമാണ്. ഏതൊരു നമ്പൂതിരിയുടെയും സ്വപ്നമാണ് വാസുദേവൻ നമ്പൂതിരിക്ക് സഫലമായത്. അഛനും വലിയച്ഛനും ഗുരുവായൂർ ക്ഷേത്രത്തിൽ കോയ്മമാർ ആയിരുന്നു.

മാങ്കാവ് ക്ഷേത്രത്തിൽ മേൽശാന്തിയായി17 ദിവസം മാത്രം ആയപ്പോഴാണ് പുതിയ പദവി. രാവിലെ ഭഗവതിക്ഷേത്രത്തിലെ പൂജകഴിഞ്ഞ് ഉപക്ഷേത്രമായ വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ ശാന്തിനടത്തി പുറത്തിറങ്ങിയപ്പോഴാണ് തിരഞ്ഞെടുക്കപ്പെട്ട വിവരമറിഞ്ഞത്.

പതിനഞ്ചുവർഷത്തോളം പന്തീരാങ്കാവ് വിഷ്ണുക്ഷേത്രത്തിലും ആറുവർഷത്തോളം ചാലപ്പുറം ശ്രീകൃഷ്ണക്ഷേത്രത്തിലും ശേഷം ഒളവണ്ണ പാലകുറുമ്പ ദേവീക്ഷേത്രത്തിലും മേൽശാന്തിയായിരുന്നു. പന്തീരാങ്കാവ് ക്ഷേത്രത്തിലെ സർവീസ് കാലയളവാണ് മാളികപ്പുറത്തേക്കുള്ള അപേക്ഷയിൽ അനുകൂലഘടകമായത്. 12 വർഷം തുടർച്ചയായി മേൽശാന്തിയായിരിക്കണമെന്നാണ് വ്യവസ്ഥ.

സമാവർത്തനം കഴിഞ്ഞതു മുതൽ ശാന്തിക്കാരനാണ്. മലപ്പുറം പൂക്കോട്ടൂരിലെ കക്കാട് ഇല്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയാണ് പൂജാപഠനത്തിലെ ഗുരു. അച്ഛൻ പരേതനായ തിരുമംഗലം നാരായണൻ നമ്പൂതിരി. വൈത്തല എടക്കാട് മകൾ ശ്രീദേവി അന്തർജനമാണ് അമ്മ.

നാദാപുരം കല്ലാച്ചിയിലെ വിഷ്ണുമംഗലം രാമല ഇല്ലത്തെ വാസുദേവൻ നമ്പൂതിരിയുടെയും ലക്ഷ്മി അന്തർജനത്തിന്റെയും മകൾ ശ്രീവിദ്യ അന്തർജനമാണ് പത്നി. അവരുടെ അമ്മാത്ത് മൊളേരി ഇല്ലമാണ്. രണ്ടു പുത്രന്മാർ. ബി ബി എ പൂർത്തിയാക്കിയ ജയദേവ് നമ്പൂതിരിയും പ്ലസ് ടു വിദ്യാർത്ഥിയായ ദേവാനന്ദ് നമ്പൂതിരിയും. ●

വിലാസം: വാസുദേവൻ നമ്പൂതിരി, തിരുമംഗലം ഇല്ലം,
പി ഒ ഒളവണ്ണ, കോഴിക്കോട് പിൻ673019 മൊബൈൽ 9846877344
പി. എം ഗോപിനാഥൻ നമ്പൂതിരി, പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി ഇല്ലം,
പി.ഒ പന്തീരാങ്കാവ്. പിൻ 673019, കോഴിക്കോട് മൊബൈൽ 9846479428



*മാളികപ്പുറം മേൽശാന്തി ടി. വാസുദേവൻ നമ്പൂതിരി, ഭാര്യ ശ്രീവിദ്യ അന്തർജനം മക്കളായ ടി. ജയദേവ്, ടി. ദേവാനന്ദ് എന്നിവർ*

**ശബരിമലയിലും മാളികപ്പുറത്തും മേൽശാന്തിയായി സേവന മനുഷ്ഠിക്കുകയെന്നത് ഏതൊരു നമ്പൂതിരിയുടെയും സ്വപ്നമായിരിക്കും. ആ സ്വപ്നത്തിലേക്കെത്താൻ ഒട്ടേറെ പരിശ്രമിച്ചതാണ്. 2012 മുതൽ അപേക്ഷ നൽകിയിരുന്നു. ഇത്തവണ ഒരു ഉൾവിളിപോലെ തോന്നലുണ്ടായി, അപേക്ഷിച്ചു. അമ്മ അനുഗ്രഹിച്ചു, എന്റെ സ്വപ്നം യാഥാർഥ്യമായി**





3 12 2024ന് ഷഷ്ടിപൂർത്തി
ആഘോഷിച്ച അരീക്കര
**ദാമോദരൻ നമ്പൂതിരിക്ക്**
ആശംസകളോടെ:
തങ്കമണി, കൃഷ്ണപ്രസാദ്,
കൃഷ്ണപ്രിയ, രാജലക്ഷ്മി,
ജിഷ്ണു ദേവൻ
അരീക്കര ഇല്ലം, ഉമാ നിവാസ്,
എടവണ്ണപ്പാറ, മലപ്പുറം ജില്ല, 673645
മൊബൈൽ: 9847934148



തിരുവനന്തപുരം ഗവ സംസ്കൃത
കോളേജിൽ അസിസ്റ്റന്റ്
പ്രൊഫസറായി ജോലിയിൽ
പ്രവേശിച്ച കോഴിക്കോട്
തളി സ്വസ്തിമനയിൽ
**ഡോ.സുദേവ് കൃഷ്ണ ശർമ്മയ്ക്ക്**
അനുമോദനങ്ങൾ



**60**

**ഷഷ്ട്യബ്ദപൂർത്തി ആശംസകൾ**
27.11.2024 ബുധനാഴ്ച
(വൃശ്ചികം ചിത്ര) അറുപതാം പിറന്നാൾ
ആഘോഷിച്ച താനൂർ പരിയാപുരം
ആട്ടീരി മന ശ്രീദേവി അന്തർജ്ജനവും
ഭർത്താവ് വാസുദേവൻ നമ്പൂതിരിയും.
പെരുമ്പിള്ളിശ്ശേരി ആലക്കാട്ടുമന
മകളും കാറൽമണ്ണ കൊയ്ത്തടി
മരുമകളുമാണ് പിറന്നാളുകാരി.
മക്കൾ: വിവേക് ആട്ടീരി,
കൃഷ്ണകുമാർ ആട്ടീരി
മരുമക്കൾ: അനുപ്രിയ
(ആലുവ കുളത്തിൻകര മഠം).
ചിത്ര ആയേടം (മൊറേരി മരുമകൾ)
പൗത്രിമാർ: അഭിരാമി വിവേക്, അദ്വിത
വിവേക്, കൃതി കൃഷ്ണകുമാർ



ദിവാകരൻ നമ്പൂതിരിപ്പാട്




1947 ൽ കമ്പനി കൈമാറുമ്പോൾ എടുത്ത ഗ്രൂപ്പ് ഫോട്ടോ. കറുത്ത കോട്ടിട്ടത് പഴയ മുതലാളി അബ്ദുൾ സമദ്. തൊട്ടടുത്ത് അഞ്ചാമതായി ഇരിക്കുന്നത് കമ്പനി വാങ്ങിയ ദിവാകരൻ നമ്പൂതിരിപ്പാട്.



1987 ഡിസമ്പർ 30ാം തിയ്യതി ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ വെച്ച് അന്നത്തെ രാഷ്ട്രപതി ആർ. വെങ്കിട്ടരാമനിൽ നിന്ന് സിംകോ കമ്പനി മാനേജിങ്ങ് പാർട്നർ പുറയന്നൂർ ദിവാകരൻ നമ്പൂതിരിപ്പാട് നാഷണൽ ക്വാളിറ്റി അവാർഡ് ഏറ്റുവാങ്ങുന്നു.

# രാഷ്ട്രപതിയിൽ നിന്ന് ദേശീയ അവാർഡ്

**സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് 1947 മാർച്ചിലാണ് പുറയന്നൂർ മനയിലെ ദിവാകരൻ നമ്പൂതിരിപ്പാടും അനിയന്മാരും ചേർന്ന് സ്വത്തെല്ലാം വിറ്റുപെറുക്കി ഒരു ലക്ഷം രൂപയുണ്ടാക്കി വ്യവസായം തുടങ്ങിയത്**



**ഉദയൻ നമ്പൂതിരിപ്പാട്**

ഡൽഹിയിൽ 1961 ൽ നടന്ന ആഗോള കാർഷിക മേളയിൽ ഒന്നാം സ്ഥാനം ലഭിച്ചത് ഒരു നമ്പൂതിരിയുടെ വ്യവസായശാലയിൽ നിർമ്മിച്ച കാർഷികോപകരണങ്ങൾക്കായിരുന്നു. പുറയന്നൂർ മനയിലെ ദിവാകരൻ നമ്പൂതിരിപ്പാടിന്റെ സിംകോ ഉപകരണങ്ങൾക്ക്. അന്നത്തെ കേരള ഗവർണർ വി.വി ഗിരിയായിരുന്നു അന്നു സമ്മാനം നല്കിയത്. പിൽക്കാലത്ത് 1986 ൽ ദേശീയ അവാർഡും ലഭിച്ചു. അന്നത്തെ രാഷ്ട്രപതിയായിരുന്ന വെങ്കിട്ടരാമനിൽ നിന്നാണ് ഈ അവാർഡ് ഏറ്റുവാങ്ങിയത്. കേരളത്തിൽ നിന്ന് ഒരു വ്യവസായ സംരംഭകൻ–അതും ഒരു നമ്പൂതിരി –ഇത്തരം അവാർഡുകൾ വാങ്ങുന്നത് ആദ്യമായിട്ടായിരിക്കും.

അപ്പോൾ വെറുമൊരു ലൊട്ടുലൊഡുക്ക് കമ്പനിയല്ലെന്നർത്ഥം. ഗുണനിലവാരത്തിന്റെ കാര്യത്തിലായിരുന്നു ഇന്ത്യയിലെ ഈ ഒന്നാം സ്ഥാനം. ഇനി

**പാർവതി നെന്മിനിമംഗലം ജനിച്ച അതേ വർഷം 1911 ൽ ജനിച്ച മറ്റൊരു നമ്പൂതിരിയെക്കുറിച്ചാണ് ഇത്. പാർവതി നെന്മിനിമംഗലം യോഗക്ഷേമസഭയുടെ അദ്ധ്യക്ഷയായെങ്കിൽ പുറയന്നൂർ മനയിലെ ദിവാകരൻ നമ്പൂതിരിപ്പാട് വ്യവസായിയായി. മറ്റു നമ്പൂതിരിമാർ വാരവും പിറന്നാളും ശുദ്ധവും അയിത്തവുമൊക്കെയായി നടന്ന കാലത്താണ് ഇതെന്നറിയുക.**


World Agriculture Fair

Hall of Implements

Organized by

AGRICULTURAL MACHINERY ASSOCIATION OF INDIA

This is to Certify that Messrs South India Metal Co. Ltd. Shoranur have participated in the above pavilion and have been awarded FIRST PRIZE for Garden Tools-Secatur.

*1960 ൽ ഡൽഹിയിൽ വെച്ചു നടന്ന ലോക കാഷികമേളയിൽ കൃഷി ഉപകരണങ്ങളുടെ വിഭാഗത്തിലാണ് സിംകോയ്ക്ക് ഒന്നാം സമ്മാനം കിട്ടിയത്. 1961 ൽ അന്നത്തെ കേരള ഗവർണർ വി.വി.ഗിരിയാണ് സർട്ടിഫിക്കറ്റ് സമ്മാനിച്ചത്.*



*മുൻനിര ദിവാകരൻ നമ്പൂതിരിപ്പാട്, മകൾ ശ്രീദേവി ഒളപ്പമണ്ണ, പത്നി ശ്രീദേവി കടമ്പൂരുമന പിന്നിൽ: മക്കൾ ദിവാകരൻ കുഞ്ഞുണ്ണി, ഡോക്ടർ ചിത്രഭാനു, ഇപ്പോഴത്തെ കമ്പനി മാനേജിങ്ങ് പാർട്നർ എം സുബ്രഹ്മണ്യൻ നമ്പൂതിരി*

ഇന്നത്തെ ചെറുപ്പക്കാർ ചിന്തിക്കുക. പുതു തലമുറയിലെ ഒരു സ്റ്റാർട്ട് അപ്പിന് ദേശീയ ക്വാളിറ്റി അവാർഡ് ലഭിച്ചിട്ടുണ്ടോ? അതും രാഷ്ട്രപതിയിൽ നിന്ന്!

ആരാണ് ഈ ദിവാകരൻ നമ്പൂതിരിപ്പാട്? പതിനെട്ടാം വയസ്സിൽ സ്വന്തം ഇല്ലത്തെ ഭരണം നേടിയ ആൾ! അപ്ഫന്മാരും മറ്റുമായി നിരവധി പേർ ഉണ്ടായിരിക്കെ അവരെയെല്ലാം മറികടന്ന് ഭരണം നേടിയ ആൾ!! ബലേ ഭേഷ്!!!

അതെങ്ങനെ തരായി എന്നല്ലേ. പതിനെട്ടുകാരന്റെ ഭരണനിപുണത മനസ്സിലാക്കിയ മുത്തപ്ഫൻ ഇല്ലത്തിന്റെ ഭരണവും താക്കോലുകളും കൈമാറുകയായിരുന്നു. ബ്രഹ്മസ്വമായും ദേവസ്വമായും ധാരാളമുണ്ടായിരുന്ന ഇല്ലത്തിന്റെ സ്വത്തുക്കളെല്ലാം നോക്കി നടത്തേണ്ട ചുമതല. മുത്തപ്ഫന്റെ ആ ഉറച്ച തീരുമാനമായിരുന്നു ടേണിങ്ങ് പോയന്റ്.

1911 ൽ ദിവാകരൻ നമ്പൂതിരിപ്പാട് ജനിക്കുന്ന കാലത്ത് കാര്യങ്ങൾ നോക്കിയിരുന്നത് മുത്തപ്ഫനായിരുന്നു. വളരെ കണിശക്കാരനായിരുന്ന അദ്ദേഹത്തിന്റെ കാലത്ത് ഇല്ലം അഭിവൃദ്ധിപ്പെട്ടു. പക്ഷേ തികഞ്ഞ യഥാസ്ഥികനായിരുന്നതിനാൽ ദിവാകരൻ നമ്പൂതിരിയെ പത്താം ക്ലാസിനു മുകളിലേക്ക് പഠിക്കാൻ അനുവദിച്ചില്ല. പകരം കാര്യസ്ഥതയായിരുന്നു നിയോഗം.

അങ്ങനെ പാട്ടം മിച്ചവാരം പിരിവ് തുടങ്ങിയവയായി ലോകം. പാട്ടക്കാരുടേയും കൃഷിക്കാരുടേയും കഷ്ടതകൾ മനസ്സിലായി. താനെന്നെങ്കിലും ഇല്ലത്തെ കാരണവരാവുകയാണെങ്കിൽ മണ്ണിൽ പണിയെടുക്കുന്ന കർഷകരിൽ നിന്നു പാട്ടവും മിച്ചവാരവും പിടിച്ചുവാങ്ങില്ലെന്നുള്ളൊരു തീരുമാനമെടുത്തു.

ഗാന്ധിയൻ ആദർശങ്ങൾ തലക്കു പിടിച്ച കാലമായിരുന്നു അത്. സ്വാതന്ത്ര്യസമരവും പുരോഗമന പ്രസ്ഥാനങ്ങളും സജീവമായ കാലം. ചെറുപ്പക്കാർക്ക് അത് ആവേശമായിരുന്നു. അങ്ങനെ അതിൽ ആകൃഷ്ടനായി. നമ്പൂതിരിമാർ നയിച്ചിരുന്ന അലസ ജീവിതം ഉപേക്ഷിക്കണമെന്നു തീരുമാനിച്ചു. പക്ഷേ എന്തു ചെയ്യണം. ആ സമയത്താണ് അടുത്തുള്ള ഓങ്ങല്ലൂരിൽ വെച്ചു 1944 ൽ യോഗക്ഷേമസഭയുടെ സമ്മേളനം. അതിൽ ആദ്യവസാനക്കാരനായി. അതായിരുന്നു ഗതി മാറ്റിയത്.

സഭയുടെ ആ സമ്മേളത്തിലാണ് ഇ എം എസ് നമ്പൂതിരിപ്പാട് അവസാനമായി പങ്കെടുത്തത്. സമുദായഅധീശത്വബോധത്തിന്റെ മുനയൊടിച്ച അദ്ധ്യക്ഷ പ്രസംഗം അന്നായിരുന്നു. ഒരോ നമ്പൂതിരിയും തങ്ങളുടെ ഉള്ളിലേക്കു നോക്കണമെന്നും ഉള്ളിലെ പുഴുക്കുത്തുകൾ സ്വയം കണ്ടെത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. അദ്ധ്വാനത്തോടു സമുദായം സ്വീകരിക്കുന്ന നിലപാടു മാറ്റണം, പണിയെടുത്തു ജീവിക്കാൻ പഠിക്കണം. എന്തെങ്കിലും പ്രത്യേക മേന്മയുള്ളവരാണ് തങ്ങളെന്ന ധാരണ പൊള്ളയാണെന്നും വ്യാജമായ ജാതിമേന്മ അനുസരിച്ചു പ്രത്യേകാവകാശങ്ങൾ തങ്ങൾക്കുണ്ടെന്നുള്ള ചിന്ത അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. വിദ്യാഭ്യാസം, തൊഴിൽ എന്നീ കാര്യങ്ങളിൽ നമ്പൂതിരിമാരുടെ പരമ്പരാഗത ചിന്ത മാറ്റിച്ച പ്രസംഗമായിരുന്നു അത്.

ആ പ്രസംഗം ദിവാകരൻ നമ്പൂതിരിപ്പാടിലും മാറ്റമുണ്ടാക്കി. അതിനിടയിൽ ഇല്ലത്തെ സ്വത്തുക്കളുടെ ഭാഗം നടന്നിരുന്നു. സ്വത്തിൽ നിന്ന് നല്ലൊരു വിഹിതം ലഭിച്ചു. സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കാൻ പറ്റിയ അവസരം. എന്തു ചെയ്യണം. ഇ എം എസ് പറഞ്ഞതു പോലെ വ്യവസായം തുടങ്ങിയാലോ. മുൻപരിചയമൊന്നുമില്ല. ഇന്നത്തെ പോലെ സ്റ്റാർട്ട് അപ് സൗകര്യമില്ല. അപ്പോഴാണ് കുളപ്പുള്ളിയിലെ ഒരു വ്യവസായശാല വിൽക്കാനുണ്ടെന്ന് കേട്ടത്.

അന്യനാട്ടുകാരനായ ഒരാൾ 1936 ൽ കുളപ്പുള്ളിയിൽ തുടങ്ങിയ കമ്പനിയാണ്. അത് നഷ്ടം വന്ന് പൂട്ടി പോവാനൊരുങ്ങുന്നു. ഒരു ലക്ഷം രൂപയാണ് അതിന് വില പറഞ്ഞിരുന്നത്. വാങ്ങണമെങ്കിൽ കാശു വേണം. ഭാഗം വഴി ലഭിച്ച ഇല്ലത്തെ സ്വത്തുണ്ട്. അതു വിൽക്കാം. ഒരേക്കർ ഭൂമിക്ക് നൂറു രൂപ പോലും കിട്ടാത്ത കാലം. ഭൂനികുതി അടക്കേണ്ട കാര്യമാലോചിച്ച് ആരും പറമ്പുകൾ വാങ്ങില്ല. എന്നിട്ടും കിട്ടിയ വിലയ്ക്ക് തന്റെയും അനിയന്മാരുടേയും സ്വത്തുക്കളുടെ നല്ലൊരു ഭാഗം വിറ്റു.

പലരും വിമർശിച്ചു. നഷ്ടം വന്ന് പൂട്ടിപ്പോവാനൊരുങ്ങുന്ന ഒരു കമ്പനി വാങ്ങുന്നത് നല്ലതല്ല. മാത്രമല്ല ആ മേഖലയിൽ പരിചയവുമില്ല. പരിചയമുള്ള ആൾക്ക് പോലും പിടിച്ചു നിൽക്കാനാവുന്നില്ലെങ്കിൽ ഒന്നുമറിയാത്ത ഒരു നമ്പൂതിരി അതിലേക്ക് ഇറങ്ങിയാൽ കുളം തോണ്ടും. എന്നാലും പിൻമാറിയില്ല. വിറ്റുപെറുക്കി ഒരു ലക്ഷം ഒപ്പിക്കാൻ നന്നെ പാടുപ്പെട്ടു. 1947 മാർച്ചിലാണ് ദിവാകരൻ നമ്പൂതിരിപ്പാടും, അനിയന്മാരായ പരമേശ്വരൻ നമ്പൂതിരിപ്പാടും, നാരായണൻ നമ്പൂതിരിപ്പാടും, ചിത്രഭാനുവും പാർട്ടണർമാരായി കമ്പനി ഏറ്റെടുത്തത്.

അതൊരു എടുത്തു ചാട്ടം തന്നെയായിരുന്നു.




ഇപ്പോഴത്തെ കമ്പനി മാനേജിങ്ങ് പാർട്ടനർ
എം. സുബ്രഹ്മണ്യൻ നമ്പൂതിരി,

**അന്നത്തെ കാലത്ത് അതൊരു എടുത്തു ചാട്ടം തന്നെയായിരുന്നു. നടത്താനറിയാത്ത പണി. നല്ലൊരു തുക ശമ്പളമായി നൽകണം. മാർക്കറ്റ് കണ്ടെത്തണം. അസംസ്കൃതപദാർത്ഥങ്ങൾ എത്തിക്കണം. അതിനിടക്കാണ് രണ്ടാം ലോകമഹായുദ്ധം ഉണ്ടാവുന്നത്. ലോകമാകെ സാമ്പത്തിക മാന്ദ്യം. വിപണികൾ ഇടിഞ്ഞു. എല്ലാ മേഖലയിലും അനിശ്ചിതത്വം. കമ്പനി തുടങ്ങി രണ്ടു വർഷത്തിനകം അത് പൂട്ടിയിടേണ്ടി വന്നു.**

നടത്താനറിയാത്ത പണി. നല്ലൊരു തുക ശമ്പളമായി നൽകണം. മാർക്കറ്റ് കണ്ടെത്തണം. അസംസ്കൃതപദാർത്ഥങ്ങൾ എത്തിക്കണം. അതിനിടക്കാണ് രണ്ടാം ലോകമഹായുദ്ധം. ലോകമാകെ സാമ്പത്തിക മാന്ദ്യം. വിപണികൾ ഇടിഞ്ഞു. എല്ലാ മേഖലയിലും അനിശ്ചിതത്വം. രണ്ടു വർഷത്തിനകം കമ്പനി പൂട്ടിയിടേണ്ടി വന്നു. വിമർശകർ പറഞ്ഞത് ശരിയായി. നഷ്ടത്തിലോടുന്ന കമ്പനി വില കൊടുത്ത് വാങ്ങി ഒടുവിൽ പൂട്ടിപ്പോവേണ്ട അവസ്ഥ. കയ്യിലുണ്ടായിരുന്ന ഇല്ലപ്പറമ്പും പോയി. എടു



## സംരംഭകരായ മുൻഗാമികൾ

യോഗക്ഷേമസഭ അതിന്റെ ദൗത്യങ്ങളും ലക്ഷ്യങ്ങളും ഏറെക്കുറെ പൂർത്തികരിച്ച ആയിരത്തി തൊള്ളായിരത്തി അമ്പതുകൾക്കു ശേഷമുള്ള കാലം. സഭയെ നയിച്ചിരുന്ന നേതാക്കന്മാരിൽ പലരും നാടും നാട്ടുകാരേയും നന്നാക്കാനായി രാഷ്ട്രീയത്തിലേക്ക് വഴി മാറി പോയി. മറ്റു ചിലർ നാടക സാഹിത്യ രംഗത്തേക്ക് ചേക്കേറി. ചിലരാകട്ടെ തീരെ നിഷ്ക്രിയരായി. സഭ തന്നെ പ്രവർത്തനരഹിതമായി.

തങ്ങൾ തലമുറകളായി അനുഭവിച്ചിരുന്നതൊന്നും ശാശ്വതമല്ലെന്നും അതെല്ലാം ക്രമേണ നഷ്ടപ്പെടുമെന്ന് തിരിച്ചറിഞ്ഞവർ. അന്യന്റെ അദ്ധ്വാനത്തിൽ പങ്കുപറ്റാനും കവർന്നെടുക്കാനും ഇനി പറ്റില്ലെന്ന് തോന്നിയവർ. കാലത്തിനനുസരിച്ച് മാറിയില്ലെങ്കിൽ നിലനില്പുണ്ടാവില്ലെന്ന് മനസ്സിലാക്കിയവർ. ചിലർ ആധുനിക വിദ്യാഭ്യാസം നേടി ഉദ്യോഗങ്ങളിൽ കയറിപ്പറ്റി. വളരെക്കുറച്ചു പേർ മാത്രം റിസ്കുകൾ നിറഞ്ഞ വ്യവസായ രംഗത്തേക്കിറങ്ങി.

ദേശമംഗലം മനക്കാർ ആരംഭിച്ച തൃശൂരിലെ മംഗളോദയം പ്രസ്സ്, കോഴിക്കോട് തിരുവണ്ണൂരിലെ കോട്ടൺമിൽ, അവരുടെ തന്നെ നാട്ടിലെ ഓട്ടുകമ്പനി, ഏലംകുളം മനക്കാരുടെ പറളിയിലെ കുമാർ ഇൻറസ്ട്രീസ്, കാണിപ്പയ്യൂരിന്റെ പഞ്ചാംഗം പ്രസ്സും പുസ്തക ശാലയും, അയിരിൽ നമ്പൂതിരിയുടെ പാലക്കാട്ടെ കമ്പനി തുടങ്ങിയവ ആദ്യകാല വ്യവസായ സംരംഭങ്ങളായിരുന്നു. അന്നത്തെ കാലത്ത് നമ്പൂതിരി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളിൽ, പഴയ പ്രശസ്തിയോടെ തന്നെ, കുന്ദംകുളത്തെ പഞ്ചാംഗം പ്രസ്സ്, വേദശാസ്ത്ര ആചാരാനുഷ്ഠാനങ്ങളുടെ പ്രചരണത്തിനായി ഇന്നും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ഇപ്പോഴും നിലനില്ക്കുന്ന സ്ഥാപനമാണ് സിംകോ എന്നറിയപ്പെടുന്ന ഷൊർണൂരിനടുത്ത് കുളപ്പുള്ളിയിലെ സൗത്ത് ഇന്ത്യ മെറ്റൽ കമ്പനി. പഞ്ചാംഗം പ്രസ്സ് സ്ഥാപിച്ചത് അന്നത്തെ യോഗക്ഷേമസഭയുടെ അമരക്കാരനായിരുന്ന കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടും, സിംകോ തുടങ്ങിയത് പുറയന്നൂർ മനയിലെ അന്നത്തെ കാരണവരായിരുന്ന ദിവാകരൻ നമ്പൂതിരിപ്പാട് എന്ന കുഞ്ചു നമ്പൂതിരിയുമായിരുന്നു. ●



*ഷൊർണ്ണൂർ കുളപ്പുള്ളിയിലെ കമ്പനി കവാടം.*

ത്താൽ പൊന്താത്ത കടവും. യുദ്ധാനന്തരമുണ്ടായ മാന്ദ്യവും മറ്റുമായിരുന്നു കാരണം.

നിരാശനായില്ല. പരാജയ കാരണങ്ങളെല്ലാം ശരിക്കും പഠിക്കാനിറങ്ങി. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ പ്രശ്നം ഭക്ഷണദൗർലഭ്യവും പട്ടിണിയുമായിരുന്നു. കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുക, അതിനായി കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുക. ജലസേചന സൗകര്യവും മേൻമയേറിയ പണിയായുധങ്ങളും ലഭ്യമാക്കുക. ഇവയായിരുന്നു അന്നത്തെ വെല്ലുവിളികൾ.

ആദ്യകാലത്തുണ്ടാക്കിയിരുന്ന ചീനചട്ടി, ദോശക്കല്ല് തുടങ്ങിയവയുടെ ഉല്പാദനം നിർത്തി. പകരം കാർഷിക ഉപകരണങ്ങളും പണിയായുധങ്ങളും തുടങ്ങി. കൃഷിപ്പണിക്കു വേണ്ട ഉപകരണങ്ങൾ നിർമ്മിക്കുന്ന കേരളത്തിലെ ആദ്യ കമ്പനിയായിരുന്നു സിംകോ. അതുവരെ ഇംഗ്ലണ്ടിലെ ഷെഫീൽഡിൽ നിന്നും ഇറക്കുമതി ചെയ്തിരുന്ന ഫോർക്ക് തുടങ്ങിയ ഉപകരണങ്ങൾ ഗുണമേൻമ ഒട്ടും കുറയാതെ സിംകോവിൽ നിർമ്മിച്ചു തുടങ്ങി.

ലണ്ടനിൽ ഇത്തരം ഉപകരണങ്ങൾ നിർമ്മിച്ചിരുന്ന കമ്പനിയിൽ നിന്നു ഇന്ത്യയിലേക്കു മടങ്ങിയ സി.കെ.മേനോൻ ആയിരുന്നു ആദ്യകാല ടെക്കനിക്കൽ അഡ്വൈസർ. അതൊരു സഹായമായി. കേരളത്തിലെ റെയിൽവേ ആസ്ഥാനമായിരുന്ന ഷൊറണൂറിനടുത്തായതിനാൽ റെയിൽവേക്കാർ ഉപേക്ഷിക്കുന്ന നല്ല ഇരുമ്പിൽ നിർമ്മിച്ച പഴയപാളങ്ങൾ ചുരുങ്ങിയ വിലയ്ക്ക് ധാരാളം കിട്ടിയിരുന്നു. സാധനങ്ങൾ കുറഞ്ഞ ചിലവിൽ ഇന്ത്യയിലെവിടെ എത്തിക്കാനും സൗകര്യമുണ്ടായിരുന്നു. സിംകോവിന്റെ പണിയായുധങ്ങൾക്ക് തെക്കേ ഇന്ത്യയിൽ

## ജോലി ചെയ്തവരിൽ



*ചെറിയ അനിയൻ ചിത്രഭാനു (ദേശാഭിമാനി) മകൻ ദിവാകരൻ, ദിവാകരൻ നമ്പൂതിരിപ്പാട്.*

പാട്ടം കിട്ടുന്ന ഭൂമിയെല്ലാം നഷ്ടപ്പെട്ട് ശാന്തിക്കു പോയാൽ പോലും പത്തുപൈസ ദക്ഷിണ കിട്ടാതെ, വരുമാനമൊന്നുമില്ലാതെ കഷ്ടപ്പെട്ടിരുന്ന ധാരാളം നമ്പൂതിരിമാർക്ക് കരിയുടേയും പുകയുടേയും ചൂടിന്റേയും ഇടയിലാണെങ്കിലും തന്റെ കമ്പനിയിൽ ജോലി കൊടുത്തു സഹായിച്ചിട്ടുണ്ട്. കുമ്മിണി, കൂക്കംപാറ, മന്ത്രേടം പള്ളിശ്ശേരി തുടങ്ങി അടുത്തുള്ള ഇല്ലങ്ങളിലെ നാല്പതോളം നമ്പൂതിരിമാർ അവിടെ ജോലി ചെയ്തവാരായിട്ടുണ്ട്.

ഒരിക്കൽ ഒരു ഓതിക്കൻ ചോദിച്ചു. 'നമ്പൂതിരി വ്യാപകമായി ആവശ്യക്കാരുണ്ടായി. വലിയ കൃഷി ഫാമുകാരും എസ്റ്റേറ്റുകാരും ചോദിച്ചു വാങ്ങാൻ തുടങ്ങി. സിംകോവിന്റെ കൈക്കോട്ടോ മൺവെട്ടിയോ, പിക്കാസോ വാങ്ങിയാൽ ജീവിതം മുഴുവൻ ഉപയോഗിക്കാം എന്നാണ് പറയപ്പെട്ടിരുന്നത്.

കമ്പനി തുടങ്ങുന്ന കാലത്ത് പണം തികയാതെ അന്നത്തെ സമ്പന്നവുമായ ഇല്ലത്തെ കാരണവരെ കമ്പനിയിൽ പാർട്ടനർ ആയി ചേരാനായി സമീപിച്ചു. മഴുവും പിക്കാസുമെല്ലാം ഉണ്ടാക്കി വിൽക്കുന്നതു നമ്പൂതിരിമാർക്ക് പറ്റിയ പണിയാണോ എന്നായിരുന്നു ആ കാരണവർക്കു സംശയം. കാലങ്ങൾ കഴിഞ്ഞ് ഇതേ നമ്പൂതിരി ഒരു ഗ്ലാസ് ഫാക്ടറി തുടങ്ങാനുള്ള ആശയവുമായി ദിവാകരൻ നമ്പൂതിരിപ്പാടിനെ സമീപിച്ചു. അതേ ചോദ്യം അദ്ദേഹം തിരിച്ചു ചോദിച്ചു എന്നും കേട്ടിട്ടുണ്ട്.1947 മുതൽ ചില ഇടവേളകളിലൊഴിച്ച് 1999 ൽ മരിക്കുന്നതു വരെ ദിവാകരൻ നമ്പൂതിരിപ്പാട് സിംകോവിന്റെ മാനേജിങ് പാർട്ടണർ ആയിരുന്നു.

കേരളത്തിലിപ്പോൾ കൃഷികുറഞ്ഞതും നാട്ടിൻ പുറങ്ങളിൽപ്പോലും ജെ. സി. ബി വന്നു നിറഞ്ഞതും കൊണ്ട് ആർക്കും പിക്കാസോ കൈക്കോട്ടോ വേണ്ടെന്നായിട്ടുണ്ട്. എന്നാൽ കമ്പനിയെ ഇതൊന്നും ബാധിച്ചിട്ടില്ല. ഉല്പന്നങ്ങൾ വൈവിദ്ധ്യവത്കരിച്ചു കൊണ്ട് ഇന്നും മാർക്കറ്റിൽ നിറഞ്ഞു നിൽക്കുന്നു. ചായ, കാപ്പി, റബ്ബർ, അടുക്കളത്തോട്ടങ്ങൾ എന്നിവക്കുള്ളതായ പണി ആയുധങ്ങളാണ് ഇപ്പോൾ നിർമ്മിക്കുന്നത്. യന്ത്രവൽക്കരണം കൊണ്ടു കമ്പനി നവീകരിച്ചു ചെലവുകൾ കുറച്ചു.

അടുത്ത കാലത്ത് നീലഗിരിയിലെ തോട്ടം തൊഴിലാളികൾക്കു സൗജന്യ വിതരണത്തിനായി തമിൾ

### പൊറാത്തറയുടെ അവകാശികൾ

വള്ളുവനാട്ടിലെ കുലുക്കല്ലൂർ ഗ്രാമത്തിലെ പ്രശസ്തമായ ഇല്ലങ്ങളിലൊന്നാണ് പുറയന്നൂർ മന. പാലക്കാട് ജില്ലയിൽ ഒരോ ഗ്രാമങ്ങളും 'തറ' കളായിട്ടാണ് അറിയപ്പെടുന്നത്. ഒരോ തറകളിലേയും ഭൂമിയുടെ ജന്മിമാരായി ഒരോ ഇല്ലക്കാരും ഉണ്ട്. ഒരലാത്തറ ഒരുപുലാശ്ശേരി മനക്കാരുടേയും വടക്കുംതറ വടക്കുംകരക്കാരുടേയും മപ്പാട്ടിരിതറ മപ്പാട്ടു മനക്കാരുടേയും വണ്ടുംതറ ഇടമനക്കാരുടേയും പൊറാത്തറ പുറയന്നൂർക്കാരുടേയും ഉടമസ്ഥതയിൽ ആയിരുന്നു. പണ്ടുകാലത്ത് തന്നെ സംസ്കൃത ഭാഷാ പണ്ഡിതരും ഭട്ട മീംമാസകരുമായി തലമുറകളിലായി പലരും പുറയന്നൂർ മനയിലുണ്ടായിരുന്നു. കുലുക്കല്ലൂരിലെ പ്രശസ്ത പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ പുറയന്നൂർ മനക്കാർക്കും ഊരായ്മയുണ്ട്. ഒരു കാലത്ത് അമ്പലപ്പുഴ പാൽപായസം പോലെ പ്രശസ്തമായിരുന്നു പെരുംതൃക്കോവിലെ പാൽപായസവും.

# നാല്പതോളം നമ്പൂതിരിമാർ

പ്പാടിപ്പോൾ പാട്ടം കിട്ടണ ഭൂമിയൊക്കെ വിറ്റുതുലച്ച് കൈക്കോട്ടും പിക്കാസും ഉണ്ടാക്കാൻ പോയാൽ വയറു നിറച്ചു ഉണ്ണാൻ എന്താ നിരീച്ചടക്കണത് , കൈക്കോട്ടും പിക്കാസും കൊണ്ട് വയറു നിറയോ?'

ഉടനെ വന്നു മറുപടി. 'അല്ല താനിപ്പോൾ ഈ പുല്ലും ചമതേം കിണ്ടിം കൊണ്ടു നടന്നിട്ടാ എന്നും ഉണ്ണാൻ തരാവണത് എന്നു നിരീക്കണുണ്ടോ ? തന്റെ വായിൽനാവു കൊണ്ടല്ലേ എന്തെങ്കിലും കിട്ടണത്. അതുപോലെ ഞാനിതെല്ലാം ഉണ്ടാക്കി വായ കൊണ്ട് പറഞ്ഞു നടക്കും. അപ്പോ ആരെങ്കിലും ഇതെല്ലാം വാങ്ങി ഉണ്ണാനുള്ളതു തരും '.

തുടർന്ന് അദ്ദേഹം പറഞ്ഞത്രെ 'നമ്പൂതിരിമാർ കാലത്തിനനുസരിച്ചു മാറണം പക്ഷേ അവനവന്റെ സത്വം ഉപേക്ഷിച്ചാവരുത്. ' ഇത്തരം കാര്യങ്ങളിൽ ഇ എം എസ് അടക്കമുള്ള നാവോത്ഥാന നായകരോട് ബഹുമാനത്തോടെ വിയോജിച്ചിരുന്ന ആളായിരുന്നു പി.എം.സി.

അതുപോലെ ഒരിക്കൽ സമകാലീനനായിരുന്ന ഭാഗവത പ്രഭാഷകൻ എന്തോ ഒരു നസ്യം പറഞ്ഞത്രെ. അതിനു മറുപടിയായി അദ്ദേഹം പറഞ്ഞു:

'അങ്ങും ഞാനും ഒരേ പണി ( കച്ചവടം ) ചെയ്യുന്നു. പക്ഷേ ഒരു വ്യത്യാസം ഉണ്ട്. ഞാൻ അതിനു നികുതി അടക്കുന്നു. അങ്ങ് അതു ചെയ്യുന്നില്ല. അത്രയേയുള്ളു നമ്മൾ തമ്മിലുള്ള വ്യത്യാസം '●

നാട് സർക്കാരിൽ നിന്നു വലിയൊരു ഓർഡർ കിട്ടുകയുണ്ടായി. അവിടേക്ക് മുൻപ് അയച്ചിരുന്ന പണിയായുധങ്ങളുടെ ക്വാളിറ്റി കണ്ടാണ് സർക്കാരിൽ നിന്നു തന്നെ ഈ ഓർഡർ കിട്ടിയത്. ഒറീസ്സ, ആന്ധ്ര, തമിഴ്നാട്. കർണ്ണാടക തുടങ്ങി തെക്കെ ഇന്ത്യയിലെ സ്റ്റേറ്റുകളിൽ നിന്നെല്ലാം ധാരാളം ഓർഡറുകൾ വരുന്നുണ്ട്. ഇരുമ്പു കൊണ്ടു നിർമിക്കുന്ന പണിയായുധങ്ങളുടെ കുത്തകക്കാരായ ടാറ്റ ഉല്പന്നങ്ങളോടു മത്സരിച്ചു പോലും ധാരാളം ഓർഡറുകൾ കിട്ടുന്നു.

ദിവാകരൻ നമ്പൂതിരിപ്പാട് കോൺഗ്രസ്സുകാരനും അനിയന്മാരെല്ലാം കമ്മ്യൂണിസ്റ്റുകാരുമായിരുന്നു. ദേശാഭിമാനി പത്രത്തിന്റെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു ചെറിയ അനിയനായ ചിത്രഭാനു നമ്പൂതിരിപ്പാട്. ഇല്ലം വക ജീപ്പ് തിരഞ്ഞെടുപ്പുകാലത്ത് ഉച്ചവരെ ത്രിവർണ്ണ പാതാക പാറിയും ഉച്ചക്കു ശേഷം ചുവന്ന പതാക പാറിച്ചും സഞ്ചരിക്കാറുണ്ടെന്നു കേട്ടിട്ടുണ്ട്. സി.കെ.ജി, ഇ.എം.എസ്, കെ.കരുണാകരൻ, പി.ബാലൻ, കെ ശങ്കരനാരായണൻ, യു.മാധവൻ, പി.പി.കൃഷ്ണൻ, ഇ.പി.ഗോപാലൻ, ഐ സി.പി നമ്പൂതിരി, എം. ആർ.ബി. പ്രശസ്ത സംഗീത നിരൂപകൻ വി.എസ്. എൻ ഇവരെല്ലാം മനയിൽ കയറി സന്ദർശകരായിരുന്നു.

വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരിയുടെ അശീതി ആഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ ഗവർണ്ണറും മന്ത്രിയുമായിരുന്ന ശങ്കരനാരായണൻ പറഞ്ഞത് 'ഞാൻ വൈദ്യമഠം തിരുമേനിയെ ആദ്യം കണ്ടതു പുറയന്നൂർ മനയിൽ വെച്ചായിരുന്നു' എന്നാണ്. മാത്രമല്ല തന്നെ രാഷ്ട്രീയം പഠിപ്പിച്ചതും ഇന്നത്തെ നിലയിലേക്ക് വളർത്തി കൊണ്ടുവന്നതും ദിവാകരൻ തിരുമേനിയാണ് എന്നു പ്രസംഗിച്ചതായും പറയുന്നുണ്ട്. സ്വയം അധികാര രാഷ്ട്രീയത്തിനു പുറകെ പോയിരുന്നില്ലെങ്കിലും അന്നത്തെ പല നേതാക്കന്മാരുടെയും ഉയർച്ചക്കു പിന്നിൽ അദ്ദേഹത്തിന്റെ സഹായഹസ്തങ്ങളുണ്ട്. നേതൃത്വ പാടവം എടുത്തുപറയേണ്ടതാണ്. കോട്ടക്കൽ ആര്യവൈദ്യശാലയിൽ 1970 കാലത്ത് മാസങ്ങളോളം നീണ്ടു നിന്ന തൊഴിൽ സമരമുണ്ടായി. അത് ഒത്തുതീർപ്പായത് ദിവാകരൻ നമ്പൂതിരിയുടെ നിർദ്ദേശങ്ങളും ഇടപെടലുകളും കൊണ്ടായിരുന്നുവെന്ന് പി.കെ വാരിയരുടെ ആത്മകഥയിലുണ്ട്. അവർ തമ്മിലുള്ള ആത്മബന്ധത്തെ പറ്റിയും പ്രത്യേകം പറയുന്നുണ്ട്.

ഒരു ദശകം കൂടി കഴിഞ്ഞാൽ ശതാബ്ദിയിലെത്തുന്ന സിംകോ കമ്പനി ഇപ്പോൾ നടത്തി കൊണ്ടു പോകുന്നത് ദിവാകരൻ നമ്പൂതിരിപ്പാടിന്റെ രണ്ടാം തലമുറയിൽപ്പെട്ടവരാണ്. മന്നാനംപറ്റ സുബ്രഹ്മണ്യൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ മാനേജിങ് പാർട്ടനർ. കൂക്കൻപാറ പരമേശ്വരൻ നമ്പൂതിരിയാണ് മാനേജർ. 1970 മുതൽ അദ്ദേഹം കമ്പനിയിലുണ്ട്. ഓട്ടോമേഷൻ നടത്തിയിട്ടും അമ്പതോളം തൊഴിലാളികൾ ഇപ്പോഴുമുണ്ട്. ●

ഇപ്പോഴത്തെ കമ്പനി മാനേജിങ്ങ് പാർട്ടനർ
എം. സുബ്രഹ്മണ്യൻ നമ്പൂതിരി, ആരഭി,
കുളപ്പുള്ളി, ഷൊറണൂർ. മൊബൈൽ: 9446422516.
ഉദയൻ നമ്പൂതിരിപ്പാട്, മറവഞ്ചേരി കിഴക്കേടത്തു
മന,വയപ്പാറപ്പടി,മഞ്ചേരി,മൊബൈൽ:8281926325.

# ഓലപ്പുരയിൽ നിന്ന് കമ്പനി ഉടമയിലേക്ക്

**ഒരു സംരംഭകന്റെ വിജയഗാഥ**



ബെംഗളൂരുവിൽ നല്ല പോഷ് ഏരിയായിൽ സ്വന്തമായി വീട്. കാറും കമ്പനിയും മറ്റു അനുസാരികളും. ടാറ്റാ പവറിന്റെ ഇലക്ട്രോണിക്സ് വിഭാഗവും ബി ടി എല്ലിന്റെ ആരോഗ്യസംരക്ഷണ വിഭാഗവും കൽക്കിടെക്, സിയന്നാ പോലുള്ള കമ്പനികളും ശ്രീധരന്റെ ഇടപാടുകാരാണ്. കഴിഞ്ഞ രണ്ടു വർഷമായി ഒരു കോടി രൂപയ്ക്കു മുകളിലാണ് കമ്പനിയുടെ വരുമാനം. എന്നാൽ അല്പം റീവൈൻഡ് ചെയ്താൽ കാണുന്നത് ഒരു ചെറിയ ഓലപ്പുരയാണ്. അതിൽ പശുവിനെ വളർത്തി പാൽ വിറ്റ് ജീവിക്കുന്ന ഒരമ്മയും മക്കളും. ആ അമ്മയുടെ നാലു മക്കളിൽ നാലാമനാണ് ശ്രീധരൻ.

**പൊത്തോപ്പുറം കേശവൻ ജയന്തൻ**



നാലുകെട്ടിന്റെ ഒരു കെട്ടു പൊളിച്ചപ്പോൾ മൂന്നു കെട്ടായ വീട്. ഒരു കെട്ടിൽ അടുക്കള, വേറൊന്നിൽ ചെറിയൊരു മുറി, മൂന്നാമത്തെതിൽ രണ്ടു ഇരുണ്ടമുറികൾ. മൂന്നു കെട്ടുകളേയും ബന്ധിപ്പിക്കുന്ന വരാന്തയും. ഇതായിരുന്നു ഇല്ലം. ഉണ്ടായിരുന്ന സ്ഥലത്ത്, കൃഷി ചെയ്തും പശുവിനെ വളർത്തി പാൽ വിറ്റും മറ്റും അമ്മ കുട്ടികളെ വളർത്തി. ഒരു അമ്മാവൻ മാസം തോറും ഒരു തുക കൊടുത്തിരുന്നു. പിന്നെ അയൽക്കാരുടെ സഹായവും. അതായിരുന്നു ബാല്യം. ആ കുടിലിൽ നിന്നാണ് ഇപ്പോൾ കോടികളിലേക്കുള്ള വളർച്ച.

അമ്മ പൊത്തോപ്പുറത്തില്ലത്തു പാർവ്വതി അന്തർജ്ജനം. അച്ഛൻ തൊടുപുഴ മണക്കാട് കല്ലമ്പിള്ളി ഇല്ലത്തു പരേതനായ നാരായണൻ നമ്പൂതിരി. ഒരേട്ടനും രണ്ട് ഒപ്പോളുമാരും. അച്ഛന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാത്ത മകൻ. ദാരിദ്ര്യം, പട്ടിണി, അവഹേളനം, ഒറ്റപ്പെടുത്തൽ, കേസുകൂട്ടങ്ങൾ ....അങ്ങനെയങ്ങനെ അനുഭവിക്കാത്ത ക്ളേശങ്ങൾ ഒന്നുമില്ല.



INDIAN EXPRESS, KOCHI, WEDNESDAY, JUNE 19 1991 PAGE 3 ★ KERALA

MGU pre-degree results

**Sterling performance by Kochi colleges**

Express News Service

Rajesh C.S. (I group I rank) — Sreedharan K.N. (I group I rank) — Sreekala Manmadhan (II rank) — Lakshmy Nair (II rank)

Kottayam, June 18: The second year pre-degree April/May examination results of Mahatma Gandhi University have been published.

Rajesh C.S. of U.C. College, Aluva and K. N. Sreedharan of St Joseph's College, Moolamattom shared the first rank in the first group science (physics, chemistry and mathematics) category by securing a total marks of 782 each.

Lakshmi Nair of Marthoma College for Women, Perumbavoor, and Sreekala Manmadhan of Alphonsa College, Pala, shared the second rank by securing 781 marks each, only one mark less than the first rank holders.

Manju Manuel of Assumption College, Changanasserry got the third rank with 779 marks.

In the science second group (physics, chemistry and biology) category, J. M. Jeevan of S. H. College, Thevara, secured the first rank with 809 marks.

R. Anuradha Menon of St Theresa's College, Ernakulam bagged the second rank with 798 marks.

As many as 73,250 candidate appeared for the examinations. The aggregate pass percentage is 39.58. The strength of regular candidates was 32,047 and pass percentage is 54.97. There were 22,318 privately registered candidates whose pass percentage is only 24.15. The average percentage of pass of regular and privately registered candidates together is 42.32.

The strength of supplemental candidates was 18,885.

The details of the results were announced at a news conference here by Vice-Chancellor U. R. Ananthamurthy, Syndicate members Prof K. P. Saratchandran and C. V. Cherian, Registrar Dr M. C. Chacko and Controller of Examinations Dr N. Babu on Monday night.

The aggregate pass percentage last year was 39.01, when the total number of candidates who appeared for the examination was 67,978.

SH College, Thevara staged a sterling performance in the second year pre-degree examinations of Mahatma Gandhi University.

It bagged four ranks, including two first ranks. Science second group first rank and all the three ranks of commerce section were cornered by students of this college.

*പ്രീഡിഗ്രിക്ക് എം ജി സർവകലാശാലയിലെ ഒന്നാം റാങ്ക് നേടിയപ്പോൾ 1991 ജൂൺ 19ന് ഇന്ത്യൻ എക്സ്പ്രസ്സിൽ വന്ന വാർത്ത (ഫോട്ടോ: കടപ്പാട് ടി.കെ. വിനീത്).*

എന്നിട്ടും 1989–ൽ പത്താം ക്ളാസ് ജയിച്ചത് ഇടുക്കി ജില്ലയിൽ ഒന്നാമനായി. തൊടുപുഴ മണക്കാട് എൻ.എസ്.എസ്. ഹൈസ്കൂളിൽ നിന്ന്. പിന്നീട് മൂലമറ്റം സെന്റ് ജോസഫ്സിൽ പ്രീഡിഗ്രി. എം ജി സർവകലാശാലയിലെ ഒന്നാം റാങ്കോടെ. റാങ്ക് വിവരം അറിഞ്ഞ് നിയുക്ത നിയമസഭാംഗം (പിറ്റേന്നായിരുന്നു സത്യപ്രതിജ്ഞ ) ഇല്ലത്തെത്തി. വയറിംഗ് കഴി

# കഥയല്ലിതു ജീവിതത്തിൽ വായിച്ചിട്ടുണ്ട് ശ്രീധരന്റെ അമ്മയെ

സ്വസ്തിയുടെ വായനക്കാർ ശ്രീധരനെ പരിചയപ്പെട്ടിട്ടുണ്ട്. 2022 ജനുവരി ലക്കത്തിൽ പി.എസ്. പാർവ്വതി അന്തർജ്ജനം എഴുതിയ അതിജീവനകഥയിലെ കൈക്കുഞ്ഞാണ് ഇതിൽ പറയുന്ന ശ്രീധരൻ. (ഭർത്തൃഗൃഹത്തിന്റെ പൂട്ടു പൊളിച്ച് അകത്തു കടന്ന അന്തർജ്ജനം-കൈക്കുഞ്ഞുമായി നടത്തിയ അതിജീവനം. പേജുകൾ 101-104.) ഇല്ലത്തിന്റെ കെട്ടിടം വളരെ പഴയതും അപകടകരവുമായിരുന്നു. അതിനാൽ ശ്രീധരന്റെ ജ്യേഷ്ഠൻ ദാമോദരന് ജോലി കിട്ടിയപ്പോൾ ശമ്പളത്തിൽ നിന്നു മിച്ചം വച്ചും ബാങ്കിൽ നിന്നു ലോൺ എടുത്തും മറ്റും പഴയ കെട്ടിടം പൊളിച്ചിട്ട് അവിടെ തന്നെ ഒരു ചെറിയ വാർക്ക കെട്ടിടം പണിതു.

പ്രവർത്തനമണ്ഡലം മാറാൻ സാദ്ധ്യതയില്ലാത്തതുകൊണ്ട് ശ്രീധരൻ ബാംഗ്ലൂരിൽത്തന്നെ ഒരു വീടു വാങ്ങിച്ചു. എത്ര തിരക്കിനിടയിലും ഇടക്കൊക്കെ വന്ന് അമ്മയെ കാണാൻ മറക്കാറില്ല. അമ്മ - പാർവ്വതി അന്തർജ്ജനം. ഭാര്യ: സുമിത ശ്രീധരൻ (കാടമറുക് ഇല്ലം, മുട്ടം, തൊടുപുഴ) മകൻ: അശ്വിൻ ശ്രീധരൻ (മൂന്നാം വർഷ എൻജിനീയറിങ് വിദ്യാർത്ഥി) മകൾ: അനഘ ശ്രീധരൻ (ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിനി).

ഏട്ടൻ: (അന്തരിച്ച) ദാമോദരൻ നമ്പൂതിരി, ഏടത്തി: ഗീത, മക്കൾ: അനന്തു, ജിത്തു.


കഥയല്ലിതു ജീവിതം
ഭർതൃഗൃഹത്തിന്റെ പൂട്ടു പൊളിച്ച് അകത്തു കടന്ന അന്തർജ്ജനം
പി.എസ്.പാർവ്വതി അന്തർജ്ജനം (പാപ്പ)

*2022 ജനുവരി ലക്കത്തിൽ സ്വസ്തി പ്രസിദ്ധീകരിച്ച അനുഭവക്കുറിപ്പിൽ നിന്ന്*

മൂത്ത ഒപ്പോൾ: അമ്പിളി, ഭർത്താവ് (അന്തരിച്ച) ഹരീഷ്; മകൻ:നവനീത്. ഇളയ ഒപ്പോൾ:ലത; ഭർത്താവ്:ഹരി, മകൾ: ഹരിത.

**പ്രീഡിഗ്രി റാങ്കിന്റെ പേരിൽ ചില ക്യാഷ് അവാർഡുകൾ കിട്ടിയതിനാൽ വലിയ ബുദ്ധിമുട്ടുണ്ടായില്ല. എന്നാൽ തുക തീരാറായപ്പോൾ അങ്കലാപ്പായി. അപ്പോഴാണ് ദൈവദൂതരെപ്പോലെ ഒരു അദ്ധ്യാപക ദമ്പതികൾ അന്വേഷിച്ചു വന്നത്. പ്രമുഖ സിനിമാ നിർമ്മാതാവ് പി. സുബ്രഹ്മണ്യത്തിന്റെ പേരിൽ എല്ലാ വർഷവും കേരളത്തിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കാറുണ്ട്. ഇല്ലത്തെ കാര്യങ്ങളൊക്കെ മനസ്സിലാക്കിയപ്പോൾ അവർ സ്കോളർഷിപ്പ് അനുവദിച്ചു. ഡിഗ്രി കഴിയുന്നതു വരെ ഓരോ വർഷവും 7000 രൂപ.**

ഞ്ഞിരുന്നെങ്കിലും വൈദ്യുതി കിട്ടിയിരുന്നില്ല, എന്തോ തടസ്സങ്ങൾ. അപ്പോൾത്തന്നെ അദ്ദേഹം കെ എസ് ഇ ബിയിൽ വിളിച്ചു. പിറ്റേന്ന് തന്നെ കണക്ഷൻ. റാങ്ക് നൽകിയ വെളിച്ചം.

കോതമംഗലം മാർ അത്തനേഷ്യസ് എൻജിനീയറിംഗ കോളേജിലായിരുന്നു ഡിഗ്രി. പ്രീഡിഗ്രി റാങ്കിന്റെ പേരിൽ ചില ക്യാഷ് അവാർഡുകൾ കിട്ടിയതിനാൽ വലിയ ബുദ്ധിമുട്ടുണ്ടായില്ല. എന്നാൽ തുക തീരാറായപ്പോൾ അങ്കലാപ്പായി. അപ്പോഴാണ് ദൈവദൂതരെപ്പോലെ ഒരു അദ്ധ്യാപകദമ്പതികൾ അന്വേഷിച്ചു വന്നത്. ശ്രീധരനെപ്പറ്റി പത്രങ്ങളിൽ വന്ന വാർത്ത വായിച്ചായിരുന്നു വരവ്. മെരിലാൻഡ് സ്റ്റുഡിയോയുടെ ഉടമ പി. സുബ്രഹ്മണ്യത്തിന്റെ അമേരിക്കയിലുള്ള മകൾ (എന്നാണ് ഓർമ്മ) എല്ലാ വർഷവും കേരളത്തിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കാറുണ്ട്. അതു സംബന്ധിച്ചാണ് ഇവർ അന്വേഷിച്ചു വന്നത്.

ഇല്ലത്തെ കാര്യങ്ങളൊക്കെ മനസ്സിലാക്കി സ്കോളർഷിപ്പ് അനുവദിച്ചു. ഡിഗ്രി കഴിയുന്നതുവരെ വർഷം 7000 രൂപ. അതൊരു വലിയ തുകയായിരുന്നു. തിരുവനന്തപുരത്തു പോയി സഹായദാതാവിനെ നേരിൽ കാണാനും നന്ദിയും സന്തോഷവും അറിയിക്കാനും സാധിച്ചു. യശഃശരീരയായ കവയിത്രി സുഗതകുമാരി സ്ഥാപിച്ച അഭയ വഴിയാണ് ഇതു ലഭിച്ചത്.

1995-ൽ ബി.ടെക് പാസ്സായി. ക്യാമ്പസ് പ്ലേസ്

മെന്റ് വഴി ബാംഗ്ളൂരിലുള്ള ഡെക്കാനെറ്റ് ഡിസൈൻസ് എന്ന സ്റ്റാർട്ട്-അപ്പിൽ ജോലി. വാർത്താവിതരണ ഹാർഡ്‌വെയറുകൾ നിർമ്മിക്കുകയായിരുന്നു അവിടെ. അഞ്ചു വർഷം അവിടെ തുടർന്നു. ഇങ്ങനെ മറ്റൊരു കമ്പനിയിൽ തൊഴിലാളിയായി തുടർന്നാൽ ജീവിതം അവിടെ തീരുമെന്ന് തിരിച്ചറിഞ്ഞു. സ്വന്തമായി വല്ലതും ചെയ്യാനായി ശ്രമം.

അങ്ങനെ ഡെക്കാനെറ്റിൽ നിന്നു വിട്ടു. നാലു സുഹൃത്തുക്കളുമൊത്ത് ബാംഗ്ലൂരിൽ തന്നെ ഓർഡൈൻ ടെക്നോളജീസ് എന്നൊരു കമ്പനി തുടങ്ങി. ടെലികമ്മ്യൂണിക്കേഷൻ ട്രാൻസ്മിഷനിൽ ആവശ്യമായ ഹാർഡ്‌വെയർ ഡിസൈനിംഗും നിർമ്മാണവും.

അങ്ങനെ സ്വന്തമായി ഒരു സ്ഥാപനം. പതിമൂന്നു വർഷം. പല തലത്തിലുമായി മുന്നൂറിൽ കൂടുതൽ പേർ ഇക്കാലത്തിനിടക്ക് കമ്പനിയിൽ ജോലി ചെയ്തു. ടെലികമ്മ്യൂണിക്കേഷൻസ് മേഖലയിൽ ഏറ്റവും ചെലവ് കുറച്ച് ഉപകരണങ്ങൾ നിർമ്മിച്ച ഇന്ത്യയിലെ ആദ്യത്തെ കമ്പനിയായിരുന്നു ഓർഡൈൻ. ഭാരതീയ വിപണിയിൽ യൂറോപ്പിലെയും ചൈനയിലേയും കമ്പനികളോട് കിടപിടിക്കാൻ ഇന്ത്യയിൽ അന്ന് ഓർഡൈൻ എന്ന ചെറുകമ്പനിക്കു കഴിഞ്ഞു. മേയ്ക്ക് ഇൻ ഇന്ത്യ എന്ന ആശയം 2014-ൽ സർക്കാർ പ്രചരിപ്പിക്കുന്നതിനു മുമ്പുതന്നെ ആ വഴിയിൽ ഓർഡൈൻ ഏറെ ദൂരം സഞ്ചരിച്ചിരുന്നു.

ബി എസ് എൻ എൽ ഉൾപ്പെടെയുള്ള ടെലികോം കമ്പനികൾ, ഭാരതീയ റെയിൽവേ തുടങ്ങിയവയൊക്കെ  ഇടപാടുകാരായി. ബി എസ് എൻ എല്ലിൽ നിന്ന് രണ്ടു തവണയായി 57 കോടി രൂപയുടെ ഓർഡർ ലഭിച്ചു. അതുപ്രകാരം ഭാരതത്തിലുടനീളം ബി എസ് എൻ എൽ നെറ്റ് വർക്കിൽ ഓർഡൈൻ നിർമ്മിച്ച ഉപകരണഭാഗങ്ങൾ ഉപയോഗിച്ചു.  മൂന്നാമത്തെ ഓർഡർ 320 കോടി രൂപയുടേതായിരുന്നു. എന്നാൽ 2008-ൽ ലോകവ്യാപകമായി ഉണ്ടായ സാമ്പത്തികമാന്ദ്യം മൂലം ഈ ഓർഡർ പിന്നീട് റദ്ദായി.

2013 ഓടെ ആ കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിച്ചു അഞ്ചു പേരും പിരിഞ്ഞു. വെറുതെയിരിക്കാനല്ല, പുതിയ തുടക്കത്തിന്. 2014-ൽ ശ്രീധരനുൾപ്പെടെ നാലു പേർ ചേർന്ന് ഡെൻസ്റെ ഡിസൈൻസ് തുടങ്ങി. എച്ച് എസ് ആർ ലേ ഔട്ടിൽ ഏകദേശം 550 സ്ക്വയർ അടി വിസ്തൃതിയുള്ള ഒരു കെട്ടിടത്തിൽ ആയിരുന്നു തുടക്കം.2023-ൽ ഇലക്ട്രോണിക് സിറ്റിയുടെ അടുത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 1000 സ്ക്വയർ ഫീറ്റിലേക്കു മാറി. ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഉണ്ടാക്കി.

ഇപ്പോൾ വാർത്താവിതരണ രംഗത്തു മാത്രമല്ല, വൈദ്യശാസ്ത്രം, ആരോഗ്യം, പുനരുപയോഗ ഊർജ്ജം, പ്രതിരോധം, വൈദ്യുതിവാഹനം എന്നീ മേഖല



*ശ്രീധരനും, ഭാര്യ സുമിതയും,*
*മക്കളായ അനുവും അച്ചുവും*

കളിലെല്ലാം കമ്പനി വിദഗ്ധോപദേശങ്ങളും സാങ്കേതിക സഹായങ്ങളും നൽകുന്നുണ്ട്. കക്ഷികളുടെ ആവശ്യമനുസരിച്ച് ഉപകരണങ്ങൾ പരിശോധിച്ച് ഉചിതമായ പരിഹാരങ്ങൾ നിർദ്ദേശിക്കുക, പരിഷ്കരണങ്ങൾ ചെയ്യുക, തുടങ്ങി കക്ഷികളുടെ എല്ലാ ആവശ്യങ്ങൾക്കും ഏകജാലക പരിഹാരമാണ് ഈ കമ്പനി. ടാറ്റാ പവറിന്റെ ഇലക്ട്രോണിക്സ് വിഭാഗം, ബി ടി എല്ലിന്റെ ആരോഗ്യസംരക്ഷണ വിഭാഗം, കൽക്കിടെക് , സിയന്നാ എന്നിവരാണ് ഇപ്പോഴുള്ള പ്രധാന കക്ഷികൾ.

പത്തു വർഷം മുമ്പ് കമ്പനി തുടങ്ങിയപ്പോൾ നാലു പാർട്ട്നർമാരായിരുന്നു. അതിൽ രണ്ടുപേർ മറ്റു ജോലിയിൽ പ്രവേശിച്ചെങ്കിലും പാർട്ണർമാരായി തുടരുന്നു. ശ്രീധരൻ ഉൾപ്പെടെ രണ്ടു പേരാണ് ഇപ്പോൾ സജീവ പാർട്ണർമാർ. കൂടാതെ പത്തോളം എൻജിനീയർമാരും. അവർക്ക് വ്യവസായമേഖലയിൽ പരിചയം നേടുന്നതിനും കമ്പനി നടത്തിപ്പിൽ പ്രാവീണ്യം കിട്ടുന്നതിനും ഉള്ള പരിശീലനവും ഇവിടെ നൽകുന്നു.

കഴിഞ്ഞ വർഷങ്ങളിൽ ഒരു കോടി രൂപയ്ക്കു മുകളിൽ ആയിരുന്നു വരുമാനം. പ്രവർത്തനങ്ങൾ കുറേക്കൂടി വിപുലീകരിക്കാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ. സ്റ്റാർട്ട് അപ് ചെയ്യാൻ ആഗ്രഹിക്കുന്നവരുമായി തന്റെ അനുഭവങ്ങൾ പങ്കു വയ്ക്കാൻ തയ്യാറാണ് ഈ സംരംഭകൻ. ഫോൺ: 9845212069. ●

കെ.എൻ. ശ്രീധരൻ, കല്ലമ്പിള്ളി ഇല്ലം,
മണക്കാട്, തൊടുപുഴ. Densray Designs Pvt Ltd., D-65
Veerasandra Industrial Estate, off Hosur Road, Phase 2,
Bengaluru, Karnataka 560100.
പൊത്തോപ്പുറം കേശവൻ ജയന്തൻ, സരസിജം
(പൊത്തോപ്പുറം), കനാൽ റോഡ്, പട്ടരുകുന്ന്,
പി.ഒ, വെളിയന്നൂർ, വഴി ഉഴവൂർ , കോട്ടയം ജില്ല.
പിൻ 686634. ഫോൺ: 9810453289




pranavam
charitable society

## പ്രണവം ചാരിറ്റബിൾ സൊസൈറ്റി

പ്രണവം ഹാൾ, വെണ്ണല, എറണാകുളം, പിൻ-682028

ഫോൺ - 04842806103, 9846031953, 9497568525

Regd.EKM/TC/640/2014
80G No. AACTP8323P/09/18-19/S0038/80G
Dt: 26-7-18
PAN No: AACTP8323P
MCA Reg No - CSR00004560

- ആതുരസേവന രംഗത്ത് മഹത്തായ 10 വർഷം പിന്നിട്ടു.
- 400 ൽ പരം അർഹരായ രോഗികൾക്ക് 50 ലക്ഷം രൂപയിലധികം വിതരണം ചെയ്തു.
- പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനു സാമ്പത്തിക സഹായം നൽകി.
- നിർധന കുടുംബത്തിലെ യുവതികളുടെ വിവാഹത്തിനു ധനസഹായം നൽകി.
- ഡയാലിസിസ് മെഷിൻ, മെഡിക്കൽ മൊബൈൽ യൂണിറ്റ്, തയ്യൽ മെഷിൻ തുടങ്ങിയവയുടെ വിതരണം നടത്തി.
- വീടില്ലാത്ത പാവപ്പെട്ടവർക്ക് വീടുവെച്ചു നൽകി

സൊസൈറ്റിയുടെ ഭാവി പ്രവർത്തനങ്ങൾക്ക് കരുത്തേകാൻ ആജീവനാന്ത അംഗത്വ ഫീസായ 5,000/ രൂപയോ, മറ്റു സംഭാവനകളോ അയച്ചുതരാനുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (സംഭാവനകൾക്ക് 80 G പ്രകാരമുള്ള ഇൻകം ടാക്സ് ഇളവുകൾ ലഭ്യമാണ്).

Bank A/c Details:-
A/c No. : 034102000005084
People's Urban Co-operative Bank Ltd
Kadavanthra Branch
IFSC Code: IBKL0341PUB

നമ്പൂതിരി സമുദായത്തിൽപ്പെട്ട അർഹരായവർക്കുള്ള ധനസഹായത്തിനു സൊസൈറ്റി വൈസ് പ്രസിഡന്റ് കുറൂർ കൃഷ്ണൻ ഭട്ടതിരിപ്പാടിനെ 99477 34676 എന്ന നമ്പറിൽ ബന്ധപ്പെടുക.



# ശ്രീവിശാഖം

## ഒഴലൂർ പാടേരി സുനിൽ നമ്പൂതിരിപ്പാട് @ 60

### ഷഷ്ട്യബ്ദപൂർത്തി
**2025 ഫെബ്രുവരി 20**
**1200 വൃശ്ചികം 6**

കോഴിക്കോട് നിന്ന് 20 കിലോമീറ്റർ അകലെ ചെറുകുളത്തൂർ ഗ്രാമം. പേരും പെരുമയുമുള്ള ഒഴലൂർ പാടേരി ഇല്ലം ഇവിടെയാണ്. എട്ടു കെട്ടോടു കൂടിയ വലിയ തറവാട്. കിഴക്കിനിയിൽ ഉപാസ നാമൂർത്തികളായ ഭഗവതിയും കുട്ടിച്ചാത്തനും. ഇല്ലത്തിന് തൊട്ടു തന്നെ ഗുരുവായൂരപ്പൻ ക്ഷേത്രം. പാടേരി നമ്പൂതിരിപ്പാടന്മാർ മലബാറിലെ 200 ഓളം ക്ഷേത്രങ്ങളിലും കാവുകളിലും പാരമ്പര്യ തന്ത്രിമാരാണ്.

പാടേരി രാമൻ നമ്പൂതിരിപ്പാടിന്റെയും ചെത്തല്ലൂർ മുണ്ടേടത്ത് പട്ടേരില്ലം ഉമാദേവി അന്തർജനത്തിന്റെയും മകനായി 1140 കുംഭം 10 വിശാഖം നക്ഷത്രത്തിൽ സുനിൽ നമ്പൂതിരിപ്പാടിന്റെ ജനനം. 3 സഹോദരിമാരും 5 സഹോദരന്മാരും.

അഫൻ ശക്രൻ നമ്പൂതിരിപ്പാ

ട് അച്ഛന്റെ ഇരട്ട പെറ്റ സഹോദരൻ. വലിയ കലശപൂജയും വലിയ ഹോമവും പഠിപ്പിച്ചതും അദ്ദേഹം തന്നെ.

സുനിൽ നമ്പൂതിരിപ്പാട് ചെറുപ്പത്തിൽ തന്നെ ഈ മേഖലയിൽ എത്തി. കൂടുതൽ താന്ത്രിക ക്രിയകൾ പഠിപ്പിച്ചത് പട്ടാമ്പി ഈയ്ക്കാട് നാരായണൻ നമ്പൂതിരി.

സുനിൽ നമ്പൂതിരിപ്പാട് തന്റെ ഇരുപതാം വയസ്സിൽ തന്നെ (1985) കോഴിക്കോട് നെല്ലികാവിൽ നവീകരണത്തിന് കാർമ്മികനായി. പിന്നെ 1989 ൽ വിശേഷക്രിയ കളോടെ കോഴിക്കോട് അഴകൊടി കാവിൽ നവീകരണം. തുടർന്ന് 35 വർഷങ്ങളായി ഈ തന്ത്രിവര്യൻ വിശ്രമമറിഞ്ഞിട്ടില്ല.

ഇതുവരെ കാർമികനായ നവീകരണകലശങ്ങൾ 55. എട്ടോളം ധ്വജപ്രതിഷ്ഠകൾ. പത്തിലധികം ക്ഷേത്രങ്ങളിൽ മറ്റു തന്ത്രിമാരുടെ ക്ഷണം സ്വീകരിച്ച് സദസ്യൻ. ഇനിയും ഈ മേഖലയിൽ ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് നമ്പൂതിരിപ്പാട് സ്വസ്തിയോട് പറഞ്ഞു. ഗുരുകാരണവന്മാരെ സ്മരിച്ചു കൊണ്ട് കുടുംബപരദേവതയെ ഉപാസിച്ചു കൊണ്ട് സുനിൽ നമ്പൂതിരിപ്പാട് അറുപതിന്റെ സക്രിയമായ നിറയൗവ്വനത്തിലെത്തുന്നു.

ഇക്കുറി പാടേരി ഇല്ലക്കാർക്ക് രണ്ടുത്സവങ്ങളാണ്. മകരം 20 –21(2025 ഫെബ്രു:2, 3) തീയ്യതികളിൽ ജനകീയോത്സവമായ പാടേരി തിറ. പിന്നെ 2025 ഫെബ്രുവരി 20 (1200 കുംഭം 8 വ്യാഴം) സുനിൽ നമ്പൂതിരിപ്പാടിന്റെ അറുപതാം പിറന്നാൾ.

ഷഷ്ട്യബ്ദപൂർത്തിക്ക് /ഫെബ്രുവരി 20 വ്യാഴം/പത്തു ദിവസത്തെ പരിപാടികളാണ്. ഭാഗവത സത്രം, കുലപരദേവതമാർക്ക് ഉദയാസ്തമനപൂജ. ചക്രാബ്ജപൂജ, ശ്രീചക്രപൂജ, ഗ്രഹശാന്തി ഹോമം, വിശേഷാൽ ഭഗവതിസേവ, സൂര്യകാലടി ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ മഹാഗണപതിഹോമം. മഞ്ചേരി ഹരിദാസ് മാരാർ, മട്ടനൂർ ശ്രീരാജ് ചിറക്കൽ നിധീഷ് തുടങ്ങി പ്രഗത്ഭരുടെ തായമ്പക.ഗോവ ഗവർണർ ശ്രീധരൻ പിള്ള, കൈതപ്രം ദാമോദരൻ നമ്പൂതിരി ഗുരുവായൂർ തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് തുടങ്ങിയ വിശിഷ്ടാതിഥികൾ പങ്കെടുക്കുന്നു. ആദരസഭയിൽ വെച്ച് ജ്യോതിഷം, തന്ത്രം ,വാദ്യം വിഭാഗങ്ങളിലെ മൂന്ന് ആചാര്യന്മാർക്ക് പുരസ്ക്കാരങ്ങളും നൽകുന്നു.

സഹധർമ്മിണി പൊറമണ്ണൂർ എടക്കാട് മകൾ രജനി. മക്കൾ: മീര, രോഹിത്

രോഹിത് അച്ഛനെ സഹായിക്കുന്നു. സർക്കാർ ജോലിക്കുള്ള ശ്രമത്തിലുമാണ്.മീരയുടെ ഭർത്താവ് അങ്ങാടിപ്പുറം ചെറുകുന്നു മന പ്രവീൺ (തിരുമാന്ധാംകുന്ന് ക്ഷേത്രം മേൽശാന്തി )

പേരക്കുട്ടി :

വിശാഖം തിരുനാൾ തന്ത്രിവര്യന് ഷഷ്ട്യബ്ദപൂർത്തി മംഗളങ്ങൾ. ●

സുനിൽ നമ്പൂതിരിപ്പാട്
മൊബൈൽ: 9447732301


## കോഴിക്കോട് ചെറുകുളത്തൂർ ഒഴലൂർ പാടേരി ഇല്ലം

# തിറ മഹോത്സവം



1200 മകരം 20, 21
2025 ഫെബ്രുവരി 2,3

തറവാട്ടു കാരണവർ :
ഒ.പിനാരായണൻ നമ്പൂതിരിപ്പാട്
ഒഴലൂർ പാടേരി ഇല്ലം ട്രസ്റ്റ്.
സെക്രട്ടറി :
പാടേരി സുനിൽ നമ്പൂതിരിപ്പാട്
ഫോൺ : 9447732301



വിഷ്ണു ഈശ്വരനെക്കുറിച്ച്
പാനാട് പദ്മനാഭൻ നമ്പൂതിരി



# മാസ്റ്റർ മൈൻഡിൽ നിന്ന് സ്റ്റാർട്ട് അപ്പിലേക്ക്



*വിഷ്ണു ഈശ്വരൻ ഇടമന*

**മനസ്സു കൊണ്ട് നിയന്ത്രിക്കാവുന്ന വീൽചെയർ ഭാവന ചെയ്ത് മനോരമ യുവ മാസ്റ്റർമൈൻഡ് മത്സരത്തിൽ ഒന്നാം സമ്മാനം കിട്ടി. ഒരു ലക്ഷം രൂപ. ഇൻഫോസിസ് ചെയർമാൻ എൻ ആർ നാരായണമൂർത്തിയിൽ നിന്ന് ലഭിച്ച അഭിനന്ദനം ടേണിംഗ് പോയിന്റ് ആയി. ഇപ്പോൾ റോബോട്ടുകളെ നിയന്ത്രിക്കാനുള്ള ഒരു ഉല്പന്നത്തിന്റെ പണിപ്പുരയിലാണ് വിഷ്ണു കോ ഫൗണ്ടറായ ഡോട്ട് പ്രോഡക്ട് എന്ന കമ്പനി**



*വിഷ്ണു ഈശ്വരൻ ഭാര്യ നമിത റോയിക്കൊപ്പം*

മനസ്സു കൊണ്ട് നിയന്ത്രിക്കാവുന്ന വീൽചെയർ ഭാവന ചെയ്യുന്ന ഒരാൾ പി.എസ്.സി പരീക്ഷ എഴുതില്ല. സർക്കാർ ജോലി ലക്ഷ്യമാക്കുകയുമില്ല. അതുകൊണ്ടാണ് അരുവിക്കര ഇടമന മഠത്തിലെ വിഷ്ണു ഈശ്വരൻ ഒരു ജോലിയ്ക്കും അപേക്ഷിക്കാതിരുന്നത്. ഒരു പരീക്ഷയും എഴുതാതിരുന്നത്. വിഷ്ണു ഇപ്പോൾ ഇരുപതോളം പേർക്ക് ജോലി കൊടുക്കുന്നുണ്ട്. വിഷ്ണുവിനോടൊരു ചോദ്യം.

● പി.എസ്.സി പരീക്ഷ ഇനി എഴുതുകയുമില്ലേ?

❑ഇല്ല.

● താങ്കളെയാണ് കിട്ടേണ്ടത്. മിക്ക നമ്പൂതിരിമാരും സംവരണത്തെ പഴിച്ച് ഇരിക്കുന്നവരാണ്. താങ്കളാണെങ്കിൽ ആരും ജോലി തരണ്ട എന്ന് പറയുന്ന ആൾ. തൊഴിലന്വേഷകരോട് എന്താണ് പറയാനുള്ളത്.?

❑ജോലി കിട്ടാതിരിക്കാൻ എന്തൊക്കെ തടസ്സമുണ്ട് എന്നാലോച്ചിട്ട് കാര്യമില്ല. എങ്ങനെ കിട്ടും എന്ന് വേണം ആലോചിക്കാൻ. സംവരണം എന്ന സ്പേയ്സിനു പുറത്ത് ധാരാളം അവസരമുണ്ടല്ലൊ. അത് കിട്ടാൻ നോക്കണം.

● അങ്ങനെ ശ്രമച്ച് നിരന്തരം തോൽക്കുമ്പോൾ.?

❑തോൽവി എന്നത് ഒരു മോശം ഏർപ്പാടാണ് എന്ന ധാരണ മാറ്റണം. എത്രയോവട്ടം ഞാൻ തോറ്റിട്ടുണ്ട്. അക്കാഡമിക് ലെവലിൽ ഒരു പാട് പ്രാവശ്യം തോറ്റു. പരീക്ഷകളിൽ, ക്വിസിൽ, കോംപറ്റീഷനുകളിൽ. എന്നാൽ ജയിക്കാറുമുണ്ട്. തോൽവികളാണ് കൂടുതലും.

● സംരംഭകനായാലും തോറ്റാലോ എന്ന ഭയമുണ്ടാവില്ലേ?

❑ഇല്ല. തോറ്റാലും കുഴപ്പമില്ല എന്നതാണ് നമ്മളുണ്ടാക്കേണ്ട മനോഭാവം. ഓരോ ഐഡിയയും പരീക്ഷണമാണ്. അതൊരു എക്സ്പീരിയൻസാണ്. എക്സ്പീരിയൻസിന് ജയവും തോൽവിയുമില്ല. തോൽവി മോശമാണ് എന്നാണ് നമ്മെ പഠിപ്പിക്കുന്നത്. വിജയികളായ ആരെ എടുത്താലും അവർ ഏറ്റവും കൂടുതൽ തോറ്റവരായിരിക്കും. അവരുടെ ജയങ്ങളെ മാത്രമേ നമുക്ക് അറിയാവൊള്ളൂ എന്നതാണ് കാര്യം.

● പഠിച്ചത് എവിടെ?

## ആൻസർ റ്റു ദ പോയിന്റ്

● സ്റ്റാർട്ട് അപ് വിജയം
❑നൂറിൽ തൊണ്ണൂറ്റി ഒമ്പതും പരാജയപ്പെടും.
● പരാജയം
❑മോശമാണ് എന്ന ധാരണ മാറ്റുക.
● ഉറക്കം
❑നന്നായി ഉറങ്ങുന്നു.
● വ്യായാമം
❑റെഗുലർ ആയി ജിമ്മിൽ പോവും.
● എം ബി എ
❑ചെയ്തിട്ടില്ല
● എന്തുകൊണ്ട്
❑വർക്ക് എക്സ്പീര്യൻസ് ഇല്ലാതെ എം.ബി.എക്ക് പോവുന്നതിൽ കാര്യമില്ല
● ഐ.ഐ.എമ്മിൽ എക്സിക്യൂട്ടീവ് എം.ബി.എ ഉണ്ടല്ലൊ
❑അത് നല്ലതാണ്. ബ്രാൻഡുമായി ടാഗ് ചെയ്യാം.
● അത് നോക്കുന്നുണ്ടോ
❑ഇപ്പോൾ എന്റെ ഗോൾ എം.ബി.എ അല്ല.
● മറ്റു മേഖലകൾ
❑സഹൃദയ എന്ന ഒരു ഗ്രീൻ ആർമി, വിദ്യാർത്ഥികൾക്കായി.
● ബിസിനസ് വറീസ്
❑ഉണ്ട്, അത് റിയൽ ആണ്. വളരെ കോംപറ്റീറ്റീവ് ആണ്.
● ഏറ്റവും തൃപ്തി തരുന്നത്.
❑മറ്റുള്ളവർക്കും ഒരു ജീവിത മാർഗ്ഗം നൽകാൻ കഴിയുന്നത്.
● മെന്റർ
❑സ്റ്റാർട്ട് അപ് മിഷനിലെ ജയശങ്കർ പ്രസാദ്.
● വേറെ
❑ഐ ഐ ടിയിലെ സാറന്മാരായ മാധവ് ദേശായിയും കണ്ണനും
● എക്സാമിൽ മാർക്ക് കുറഞ്ഞാൽ
❑പാരന്റ്സ് സീരിയസ് ആയി എടുക്കാറില്ല.
● അത്
❑ഹെൽപ്പ്ഫുൾ ആണ്.
● കോ ഫൗണ്ടർ
❑വേണു പൈ, ക്ളാസ് മേറ്റാണ്.
● ജീവിത പങ്കാളി
❑കൂടെ പഠിച്ച നമിത റോയ്
● അവർ എന്ത് ചെയ്യുന്നു
❑ഫ്ളിപ്പ് കാർട്ടിൽ എച്ച് ആർ വിഭാഗം.




*പ്രൊഫസർ നീലിൽ നിന്ന് ഫാബ് അക്കാദമി സർട്ടിഫിക്കറ്റ് ലഭിച്ചപ്പോൾ*

❑തിരുവനന്തപുരത്താണ്. 2008 ൽ പത്താം ക്ളാസ് കഴിഞ്ഞു. ക്ളാസിൽ ആദ്യത്തെ പതിനഞ്ചിനുള്ളിൽ ഉണ്ടായിരുന്നു. എന്നാൽ പ്ളസ് ടുവിന് 73 ശതമാനമായി കുറഞ്ഞു. എൻട്രൻസ് എഴുതി. ഐ.ഐ.ടിയോ എൻ.ഐ.ടിയോ എന്തിന് സി.ഇ.ടി പോലും സ്വപ്നത്തിലുണ്ടായിരുന്നില്ല. കിട്ടിയത് പാപ്പനംകോട്ട്. അവിടെ പഠനത്തിനേക്കാൾ താല്പര്യം എസ്.എഫ്.ഐയിലായിരുന്നു. അറ്റൻഡൻസ് കുറഞ്ഞു. ഇന്റേണൽ മാർക്കിനെ ബാധിച്ചു. എന്നാലും ബിടെക് കടന്നു കിട്ടി.

● സ്റ്റാർട്ട് അപ്പിലെത്തിയത് എങ്ങനെ?

❑ബി ടെക് രണ്ടാം വർഷം പഠിക്കുമ്പോൾ ഒരു പത്രവാർത്ത കണ്ടു. മനോരമയുടെ യുവ മാസ്റ്റർമൈൻഡ്. പുതിയ ആശയങ്ങളുടെ മത്സരമാണത്. ഞങ്ങൾ മൂന്നു കുട്ടികൾ അപേക്ഷിച്ചു. മൈൻഡ് കൺട്രോൾഡ് വീൽ ചെയർ ആയിരുന്നു ആശയം. അനങ്ങാൻ പോലും കഴിയാതെ വീൽ ചെയറിൽ ഒതുങ്ങിപ്പോയവർക്ക് മനസ്സുകൊണ്ട് നിയന്ത്രിക്കാവുന്ന കസേര.

● അറ്റൻഡൻസ് ഇല്ലാതെ ഉഴപ്പി നടന്നിട്ടും ഇതെങ്ങനെ തോന്നി.?

❑ധാരാളം വായിക്കുമായിരുന്നു. സിനിമയും കാണുമായിരുന്നു. പിന്നെ യു ട്യൂബും. അങ്ങനെ പുതിയ ആശയങ്ങൾ കിട്ടി. എക്സ്പോഷർ കിട്ടി.

● എന്നിട്ടെന്തുണ്ടായി.?

❑ഞങ്ങളുടെ ടീമിന് ഒന്നാം സമ്മാനം കിട്ടി. ഒരു ലക്ഷം രൂപ. ഇൻഫോസിസ് ചെയർമാൻ എൻ ആർ നാരായണമൂർത്തിയായിരുന്നു വിശിഷ്ടാതിഥി. അദ്ദേഹത്തിൽ നിന്ന് ലഭിച്ച അഭിനന്ദനം ടേണിംഗ് പോയിന്റ് ആയി.

● ആ വീൽ ചെയറാണോ ആദ്യ ഉല്പന്നം?

❑അത് ആശയമായിരുന്നു. ചെയ്യാൻ പറ്റുമോ എന്നൊന്നും അറിയത്തില്ല. രണ്ടാം വർഷ ബിടെക്കുകാരനല്ലേ. ബ്രെയിൻ വേവ്സ് ഉണ്ടെന്നറിഞ്ഞിരുന്നു. അപ്പോൾ അതിനെ ഇസിജി പോലെ ഇലക്ട്രോഡ് വെച്ച് പ്രയോജനപ്പെടുത്താമല്ലൊ എന്നു തോന്നി. ഒരു സിങ്കപ്പൂർ ബേസ്ഡ് കമ്പനി ഡെവലപ് ചെയ്ത ഹെഡ് സെറ്റ് ഓൺലൈനിൽ കണ്ടു. അത് യൂസ് ചെയ്ത് പ്രൊജക്ട് ചെയ്തു. വീൽ ചെയർ വേണം. ഇലക്ട്രോഡ് വേണം. കൺട്രോൾ സിസ്റ്റം വേണം. തകരപ്പറമ്പിൽ പോയി സാധനങ്ങൾ വാങ്ങി. സോൾഡറിംഗ് ചെറുപ്പത്തിലേ പഠിച്ചിട്ടുണ്ട്. അങ്ങനെ പ്രോട്ടൊടൈപ് ഉണ്ടാക്കി. എന്നാൽ വിജയമായില്ല. പിസിബി ഉണ്ടാക്കാൻ വേണ്ട സാധനങ്ങൾ കിട്ടിയില്ല. ഉണ്ടാക്കിയത്

വർക്ക് ആയില്ല. അങ്ങനെയാണെങ്കിലും ആ ആശയ ത്തിന് ഫസ്റ്റ് കിട്ടി.

● അങ്ങനെ തോറ്റു പഠിക്കാൻ തുടങ്ങി അല്ലേ?

❑അതൊരു അനുഭവമായിരുന്നു. തോൽവിയല്ല.

● ജോലി കിട്ടലാണ് പറഞ്ഞു വരുന്നത്.

❑അക്കാലത്താണ് കൊച്ചിയിൽ സർക്കാറിന്റെ സ്റ്റാർട്ട് അപ് വില്ലേജ് തുടങ്ങിയത്. 2011 /2013 കാലത്ത്. മനോരമയുടെ മത്സരത്തിൽ ഫസ്റ്റ് കിട്ടിയപ്പോൾ സ്റ്റാർട്ട് അപ് വില്ലേജ് അവിടെ വന്നിരുന്നു. ആ ആശയം വച്ച് കമ്പനി തുടങ്ങാൻ അവർ പറഞ്ഞു. സ്റ്റാർട്ട് അപ് വില്ലേജിൽ രജിസ്റ്റർ ചെയ്തു. അങ്ങനെയാണ് കമ്പനി എന്ന ആശയം വന്നത്. ഉല്പന്നത്തെപ്പറ്റി ധാരണ ഉണ്ടെങ്കിൽ പണമുണ്ടാക്കാം എന്ന് മനസിലായി.

● ബ്രെയിനിന് ലഭിച്ച ആദ്യ റിവാർഡ് ?

❑അതേ. മനോരമ ഫണ്ടാണ് ആദ്യത്തെ പണം. ബ്രെയിൻ ഉപയോഗിച്ച് ഉണ്ടാക്കിയ പണം. ഒരുപാട് പ്രശ്നങ്ങൾ ഉണ്ടായി. ഹെഡ് സെറ്റിന് മാത്രം 30000 രൂപയായി. മൊത്തം ഒരു ലക്ഷം ആയിക്കാണും. സെൻസർ, മോട്ടോർ, എല്ലാം. സംഗതി വർക്കായില്ല. അതിനാൽ കമ്പനി ആക്കിയില്ല. എങ്കിലും സ്റ്റാർട്ട് അപ്പ് എന്ന ആശയം തലക്കു പിടിച്ചു.

● എന്നിട്ട് എപ്പോഴാണ് തുടക്കം.?

❑ബിടെക് ക്ളിയർ ചെയ്തെങ്കിലും മാർക്ക് കുറഞ്ഞു. അതിനാൽ എം ടെക് ചെയ്ത് ബെറ്റർ ആക്കാം എന്നു വച്ചു. അതിനുവേണ്ടി രണ്ടു വട്ടം ഗേറ്റ് എഴുതി. രണ്ടു തവണയും ക്വാളിഫൈഡ് ആയില്ല.

● ഇതൊരു ജംഗ്ഷൻ ആണ്. എല്ലാ കുട്ടികളും കടന്നു പോവുന്നത്. കോളേജിൽ രാഷ്ട്രീയം കളിച്ച് മാർക്ക് കുറയുക. ഒരിടത്തും അഡ്മിഷനോ ജോലിയോ കിട്ടാതിരിക്കുക. അനിശ്ചിതത്വം നിറഞ്ഞ നാളുകൾ. പക്ഷേ, വിഷ്ണു അതി ഗംഭീരമായി ആ ഘട്ടത്തെ മറികടന്നു അല്ലേ. ?

❑ആ സമയത്ത് 2015 ൽ ഞാനും ക്ളാസ്മേറ്റായ വേണുവും ചേർന്ന് ഒരു ഐഡിയ ട്രൈ ചെയ്തു. ഓൺലൈനായി മൾട്ടിപ്പ്ൾ ചോയ്സ് പരീക്ഷകൾ നടത്താനും ഇവാലുവേറ്റ് ചെയ്യാനും പറ്റുന്ന സോഫ്റ്റ് വെയർ. കോച്ചിംഗ് സെന്ററുകൾക്ക് വേണ്ടി. ഒരു പാട് മോക്ക് ടെസ്റ്റ് വേണ്ടി വരും അവർക്ക്. അന്ന് പെൻ ആൻഡ് പേപ്പർ ആയിരുന്നു എല്ലാ പരീക്ഷയും. ബബ്ൾ ചെയ്യലായിരുന്നു. ഞങ്ങൾ മൊബൈൽ ആപ്പ് ഉണ്ടാക്കി പി.എസ്.സി കോച്ചിംഗ് സെന്ററിലും എൻട്രൻസ് കോച്ചിംഗ് സെന്ററിലും നൽകി.

കൊല്ലത്ത് അമൃതയിലും കൊണ്ടു പോയി സെയിൽസിന് നോക്കി. എന്നാൽ നടന്നില്ല. ചിലർക്ക് ആറുമാസത്തേക്ക് ഫ്രീ ആയി നൽകി. ഒന്നും വിജയിച്ചില്ല. മൊബൈൽ എന്നത് വിദ്യാർത്ഥികൾ തൊടാൻ പാടില്ലാത്ത ഉപകരണമായിരുന്നു അക്കാലത്ത്. അങ്ങനെ




Email: contact@dotproduct.in
www.dotproduct.in
Phone: +91-7012648655

ആ ഐഡിയ പൊളിഞ്ഞു. അല്പം നേരത്തെ ആയതു കാരണം. 2020 ലെ കോവിഡിനു ശേഷമാണ് ബൈജൂസും മറ്റും വന്നത്. അപ്പോഴേക്കും മൊബൈൽ പഠനമാദ്ധ്യമമായി. ക്ളാസുകൾ ഓൺലൈനിലായി. പഠിക്കാൻ മൊബൈൽ വേണമെന്നായി. അപ്പോഴാണ് തുടങ്ങിയതെങ്കിൽ അത് വർക്കാവുമായിരുന്നു.

● അപ്പോൾ അതു വീണ്ടും ചെയ്തുവോ.

❑അപ്പോഴാണ് പേപ്പറിൽ പരസ്യം കണ്ടത്. കേരള സ്റ്റാർട്ട് അപ് മിഷന്റെ. അത് തുടങ്ങിയിട്ട് അധികം ആയിരുന്നില്ല. സംരംഭകർക്ക് മെന്ററിംഗ്, സീഡ് ഫണ്ടിംഗ് തുടങ്ങി പല സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊണ്ട്. ആ വർഷമാണ് ടെക്നോളജി ഇന്നവേഷൻ ഫെലോഷിപ്പ് പ്രോഗ്രാം തുടങ്ങിയത്. ഒരു വർഷത്തെ ഫെലോഷിപ്പ് ആയിരുന്നു. ആദ്യബാച്ചിൽ ഫെലോഷിപ്പ് കിട്ടി. 2015 ൽ. ഒരു വർഷം അവിടെ ഫെലോ ആയി.

അമേരിക്കയിലെ മാസച്ചുസെറ്റ്സ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിക്ക് (എം.ഐ.ടി) ബിറ്റ്സ് ആൻഡ് ആറ്റംസ് എന്നൊരു സ്കൂൾ ഉണ്ട്. അതിനു കീഴിൽ ലോകത്തെ പലയിടത്തും ഫാബ് ലാബ് ഉണ്ട്. സ്റ്റാർട്ട് അപ് മിഷൻ ആയിരുന്നു ഇവിടത്തെ ഏജൻസി. ലാബ് സെറ്റപ്പ് ചെയ്യുന്നതിൽ എനിക്കും അവസരം കിട്ടി.

ഫ്ളക്സിബിൾ ആയിരുന്നു ജോലി. കോളേജുകളിൽ പോയി സ്റ്റാർട്ട് അപ് മിഷന്റെ കാര്യങ്ങൾ ചെയ്യണം. 30000 രൂപ കിട്ടും. ഫാബ് ലാബ് കോഴ്സ് ഞാനും ചെയ്തു. അത് മോട്ടിവേഷനായി. ശരിക്കുള്ള ഹാർഡ് വെയർ ഉണ്ടാക്കാൻ കഴിഞ്ഞു. പ്രിന്റഡ് സർക്യൂട്ട് ബോർഡ് ഉണ്ടാക്കാനായി. കോളേജിൽ അതി

## താല്പര്യമുള്ളവരോട് പറയാനുള്ളത്

സ്റ്റാർട്ട് അപ് മിഷനിൽനിന്ന് പഠിച്ച ലെസൻ ആണ്. നിങ്ങൾക്ക് ഒരു ഐഡിയ ഉണ്ട്. യു വാണ്ട് എ സ്റ്റാർട്ട് അപ്. ഫസ്റ്റ് വാലിഡേറ്റ് ദ ഐഡിയ, മെയ്ക്ക് സം റെവന്യൂ ദെൻ ഒൺലി യു റജിസ്റ്റർ ദ കമ്പനി.

സെറ്റ് ബാക്ക്, ധാരാളം ഉണ്ടായിട്ടുണ്ട്. കാഷ് ഫ്ളോ നിന്നു പോയ മാസങ്ങളുണ്ട്. കോവിഡാനന്തരം ബിസിനസ് കുറഞ്ഞു. എന്നിട്ടും റിഗ്രറ്റ് തോന്നിയിട്ടില്ല. ക്രൈസിസ് മാനേജ് ചെയ്യാനുള്ള പവർ ഉണ്ടാവും നമുക്ക്. വിൽ പവർ വെറുതെ കിട്ടത്തില്ല. റിസർവായി ഫണ്ട് ഉണ്ടെങ്കിൽ കാഷ് ഫ്ളോ കുറഞ്ഞാലും പിടിച്ചു നിൽക്കാം. ഞങ്ങൾ രണ്ടു പേരും സൂക്ഷിച്ച് കൈകാര്യം ചെയ്യുന്നവരാണ്. അടുത്ത ആറു മാസത്തെ വരവുചെലവുകൾ നമുക്ക് ഫോർകാസ്റ്റ് ചെയ്യാൻ പറ്റും.

ഹൈസ്കൂൾ കുട്ടികളെ ഐ ഐ ടി പോലുള്ള മികച്ച സ്ഥാപനങ്ങൾ കാണിക്കണം. അവർക്ക് മോട്ടിവേഷൻ ഉണ്ടാവും. എന്റെ പല ബന്ധുക്കളും സി.ഇ.ടിയിലും  മറ്റുമായിട്ടും അവിടെ പോവാത്തതിനാൽ ആഗ്രഹം ഉണ്ടായില്ല. കോഴ്സിനെപ്പറ്റി മാത്രമേ ചിന്തിച്ചുള്ളൂ. എവിടെ പഠിക്കണം എന്ന ചിന്ത ഉണ്ടായില്ല. രണ്ടാം വർഷ ബി ടെക്കിന് പഠിക്കുമ്പോൾ മുംബയ് ഐ ഐ ടിയിലെ മൂഡ് ഇൻഡിഗോ കൾചറൽ ഫെസ്റ്റ് കാണാൻ പോയി. നേരത്തെ അവിടെ പോയിരുന്നെങ്കിൽ നമ്മുടെ വിഷൻ മാറിയേനെ. തിരുവനന്തപുരത്ത് ട്യൂഷൻ കൾചറുണ്ട്. ഞാനും പോയിട്ടുണ്ട്. എന്നാൽ എന്റെ മനസിൽ ഐ ഐ ടി കുടിയേറിയിരുന്നില്ല. അത് നേരിൽ കണ്ടപ്പോഴാണ് മാറിയത്. സ്കൂളിൽ പഠിക്കുന്നവരെ വേണം കൊണ്ട് പോയി കാണിക്കാൻ. അത് വിഷൻ ചെയ്ഞ്ച് ചെയ്യിക്കും.



*മനോരമയുടെ യുവ മാസ്റ്റർമൈൻഡ് മത്സരത്തിൽ വിഷ്ണുവിന്റെ ടീമിന് ഒന്നാം സ്ഥാനം ലഭിച്ചപ്പോൾ*

ല്ലായിരുന്നു. കോളേജുകളിൽ ഇതിന്റെ മിനിയേച്ചർ ചെയ്യണം. ലക്ചറേഴ്സിനും കുട്ടികൾക്കും ക്ളാസ് എടുക്കണം. അങ്ങനെ മൊത്തം ഒന്നര വർഷം സ്റ്റാർട്ട് അപ് മിഷനിൽ തുടർന്നു.

ആ സമയത്ത് സ്റ്റാർട്ട് അപ് മിഷനിലെ ജയശങ്കർ പ്രസാദ് സാർ മുംബയ് ഐ.ഐ.ടിയിലെ ഒരു പ്രൊഫസറെ പരിചയപ്പെടുത്തി. കണ്ണൻ സാർ. അവർക്ക് സെൻട്രൽ ഗവ. ഫണ്ടിൽ ഒരു പ്രോഗ്രാം ഉണ്ടായിരുന്നു. അതിൽ ചേരാൻ താല്പര്യമുണ്ടോ എന്നു ചോദിച്ചു. എഡ്യുക്കേഷണൽ കണ്ടന്റ് ടൂൾസ് ഉണ്ടാക്കലാണ് ജോലി. റിസർച്ച് അസോസിയേറ്റ്. അത് പുതിയൊരു ലോകം കാട്ടിത്തന്നു. 2020 വരെ അവിടെ വർക്ക് ചെയ്തു. പിന്നെ അവിടെത്തന്നെ ഒരു ചിപ്പ് ഉണ്ടാക്കുന്ന പ്രൊജക്ടിലേക്ക് മാറി. ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിലെ മാധവ് ദേശായിയുടെ പ്രൊജക്ടിലേക്ക്.

● സ്റ്റാർട്ട് അപ് മിഷനിലും ഐ.ഐ.ടിയിലും ചെയ്തിരുന്നത് സ്ഥിരം ജോലിയല്ലല്ലൊ. മാറണമെന്ന് തോന്നിയില്ലേ

❑ഐ.ഐ.ടിയിൽ നിന്ന് ലഭിച്ച എക്സ്പോഷർ വലുതായിരുന്നു. വിദേശത്ത് ഉപരിപഠനത്തിന് പോവാൻ തോന്നി. അതിനായി ജിആർഇ എന്ന ടെസ്റ്റ് എഴുതി. എന്നാൽ എന്റെ ബിടെക് കാലത്തെ അക്കാഡമിക്സ് മോശയിരുന്നു. അതിനാൽ വിദേശമോഹം നടന്നില്ല. ജിആർഇ മാത്രം പോരല്ലൊ വിദേശത്ത് കിട്ടാൻ.

● അപ്പോഴും ഇന്ത്യയിൽ ഒരു തൊഴിലന്വേഷകനായില്ല, പരീക്ഷകൾ എഴുതിയില്ല.

❑ഇല്ല, ഞാൻ മുംബയിലായിരുന്നല്ലൊ. ആസമയത്ത് ചില ജോലികൾ ഫ്രീലാൻസ് ആയി ചെയ്തിരുന്നു. ചെറിയ വരുമാനം ഉള്ളതിനാൽ പ്രയാസമുണ്ടായില്ല. ഫ്രീലാൻസ് ചെയ്തിരുന്ന സ്ഥാപനങ്ങളുടെ ജോലി തന്നെ ഒരു കമ്പനിയുണ്ടാക്കി അതിന്റെ കീഴിലാക്കി. 2019 ൽ കമ്പനി റജിസ്റ്റർ ചെയ്തു. പുതിയ ക്ളയന്റ്സിനെ കിട്ടി. റഫറലായും പുതിയ ക്ളയന്റ്സ് ഉണ്ടായി. ധാരാളം കസ്റ്റമേഴ്സ് ആയപ്പോൾ ആദ്യം ഒരാളെ നിയമിച്ചു. പതിയെ പതിയെ കൂടുതൽ ആളുകളെ എടുത്തു.

● സർവീസാണോ അതോ ഉല്പന്നമോ?

❑സർവീസ്. ഇനി പ്രൊഡക്ടിലേക്ക് മാറുകയാണ്.

● ഇപ്പോൾ എത്ര പേരുണ്ട്.?

❑രണ്ടു ഫൗണ്ടേഴ്സ്. 20 ജീവനക്കാർ. എല്ലാവരും വർക്ക് അറ്റ് ഹോം. ഓഫീസ് കെട്ടിടമില്ല. തിരുവനന്തപുരത്തെ എന്റെ മഠത്തിന്റെ വിലാസത്തിൽ തന്നെ



*അച്ഛൻ ഡോക്ടർ ഇ കെ ഈശ്വരൻ പോറ്റി അമ്മ ആർ ലേഖ അനിയൻ മഹേഷ് മറ്റു കടുംബാംഗ ങ്ങൾ എന്നിവർക്കൊപ്പം വിഷ്ണു ഈശ്വരൻ.*

## സ്റ്റാർട്ട് അപ്പിന് പറ്റിയ പ്രായം

മുപ്പത് വയസിനുള്ളിൽ നമ്മൾ പല കാര്യങ്ങൾ ട്രൈ ഔട്ട് ചെയ്യണം. പണം ഉണ്ടാക്കാനാവരുത് ശ്രമം. എന്റെ കാര്യമെടുത്താൽ മുപ്പതു വയസി നുള്ളിൽ ഗേറ്റ് എഴുതി, ഫെലോഷിപ്പ് ചെയ്തു. ഫെലോഷിപ്പിനകത്ത് പല കാര്യങ്ങൾ. ക്ളാസ് എടുക്കാൻ പോയി. കോംപറ്റീഷൻ കണ്ടക്ട് ചെയ്യാറുണ്ടായിരുന്നു. അതിന്റെ കൂടെ ലാബിൽ വർക്ക് ചെയ്തു. ലാബ് സെറ്റപ്പ് ചെയ്തു. അതി നൊപ്പം ഒരു കോഴ്സ് ചെയ്തു. ആ കോഴ്സിനെ ബെയ്സ് ചെയ്ത് ചൈനയിൽ പോയി. രണ്ടാഴ്ച അവിടെ ചെലവഴിച്ച് അവിടത്തെ മാനുഫാക്ചറിം ഗ് രീതികൾ കണ്ടു പഠിച്ചു. തിരിച്ചു വന്ന് അതേ ലാബ് കേരളത്തിൽ പലേടത്തും സെറ്റപ്പ് ചെയ് തു. പിന്നെ, റിസർച്ചിന് ഓപ്പർച്യൂണിറ്റി കിട്ടിയ പ്പോൾ മുംബയിൽ റിസർചിന്റെ കൂടെപ്പോയി.

മൂന്നു വർഷം കഴിഞ്ഞപ്പോൾ തികച്ചും വ്യത്യസ് തമായ മറ്റൊരു പ്രൊജക്ടിൽ ചേർന്നു. ആ ഏരി യയുമായി ഒരു ബന്ധവുമില്ലാത്തത്. ഈ ഓരോ കാര്യങ്ങളും ഐ ഓപ്പണിംഗ് ആയിരുന്നു. എന്റെ എക്സ്പീര്യൻസ് ബ്രോഡൻ ചെയ്ത കാര്യങ്ങളാ യിരുന്നു ഓരോന്നും. ഇതിന്റെ കൂടെ എപ്പോഴും കമ്പനി ഓപ്പൺ ചെയ്യാനുള്ള ആലോചനകളും നടത്തി. അന്നൊന്നും വർക്കൗട്ട് ആയില്ലെങ്കി ലും എന്നെക്കൊണ്ട് പറ്റും എന്ന് തോന്നിപ്പിച്ചത് ഇങ്ങനെ പല തരത്തിലുള്ള അനുഭവമാണ്. ഒരി ടത്ത് ഫെയ്‌ലിയർ ആയാലും കുഴപ്പമില്ല മറ്റൊരി ടത്ത് നേടാം എന്ന തോന്നലുണ്ടായി. ഇപ്പോൾ എന്റെ കമ്പനിയിലും ഞാൻ പുതിയ റോളിലാണ്. റിസർച്ചിൽ നിന്ന് മാറി അഡ്മിനിസ്ട്രേഷനിലാ ണ്. കംപ്ളീറ്റ് പുതിയ റോൾ. അതിനകത്ത് പ്രൊ ഫഷണൽ ട്രെയിനിംഗ് ഒന്നുമില്ല.

റജിസ്റ്റർ ചെയ്തു. ക്ളയന്റ്സ് കൂടുതലും യു എസിലാ യപ്പോൾ അവിടെയും കമ്പനി റജിസ്റ്റർ ചെയ്തു. മൂന്നു മുതൽ അഞ്ചുകോടി വരെ റവന്യൂ. അവിടെയും ഓപ്പ റേഷൻ ഉണ്ട്. യു എസിൽ ബാങ്കിംഗും ഉണ്ട്. അവിടെ സ്റ്റാഫ് ഇല്ല. ഇടക്ക് അവിടെ പോവേണ്ടി വരും. നമു ക്ക് വേണ്ടി ഏജന്റ്സ് ഉണ്ടാവും. ഡെലാവയർ എന്ന സ്റ്റേറ്റിലാണ് റജിസ്റ്റർ ചെയ്തത്.

● പുതിയ പ്രൊഡക്ട് എന്താണ്.?

❑വലിയ വെയർ ഹൗസുകളിലെ റോബോട്ടിനെ നിയന്ത്രിക്കുന്ന സോഫ്റ്റ് വെയറാണ് ഉല്പന്നം. ബോ ക്സുകൾ എടുത്തോണ്ടു വരിക കൊണ്ടു പോയി വെ യ്ക്കുക. അതിനെ കൺട്രോൾ ചെയ്യുന്ന ഉപകരണം. പവർ ടെക്നോളജീസ് എന്ന ബെംഗളൂരു കമ്പനിക്കു വേണ്ടിയാണ് അത്.

കസ്റ്റമർ ഡ്രിവൺ ആയിട്ടാണ് ഞങ്ങൾ പണിയെടു ക്കുന്നത്. വെറുതെ ഒരു പ്രൊഡക്ട് ഉണ്ടാക്കുകയല്ല. ഒരു ആവശ്യക്കാരനു വേണ്ടി ആവശ്യമുള്ള പ്രൊഡക്ട് ഉണ്ടാക്കുകയാണ്. ആദ്യ പ്രൊഡക്ട് വർക്ക് ആയില്ല. രണ്ടാം പ്രൊഡക്ട് ആയി വരുന്നു.

● ഇൻവെസ്റ്റ്മെന്റ് എടുത്തിട്ടില്ലേ. ?

❑ഇല്ല. കോ ഫൗണ്ടറിനെ തിരഞ്ഞെടുക്കുന്ന പോ ലെ ഒന്നാണ് ഇൻവെസ്റ്ററെ തിരഞ്ഞെടുക്കുന്നതും. വെറുതെ കാശ് തന്നാൽ മാത്രം പോരാ. മെന്ററിംഗ് കൂ ടി നടക്കണം.

● ഇത് ഒരു പ്ളസ് ടു കാരൻ വായിക്കുന്നു എന്നു വയ്ക്കുക. അവന്റെ തലയിൽ കയറേണ്ട ഒന്ന്.

❑2010 ൽ പ്ളസ്ടു കഴിഞ്ഞ ആളാണ്. അന്നത്തെ പോലുള്ള അവസരങ്ങളല്ല ഇന്ന്. ഓപ്പർച്യൂണിറ്റി ഒരുപാടുണ്ട്. അഞ്ചു കൊല്ലം കൊണ്ട് ധാരാളം അപ് ഡേഷൻ നടക്കും. സംരംഭകത്വം എന്നത് ഒരു തോട്ട് പ്രോസസ് ആണ്. നമ്മുടെ ഫോമേറ്റീവ് ഇയേഴ്സിൽ നമ്മൾ കാണുന്നത് ജോലിക്ക് പോകുന്നവരെയാണ്, ജോലി കൊടുക്കുന്നവരെയല്ല. നമ്മുടെയെല്ലാം വീടുക ളിൽ ഉള്ളത് സംരംഭകരല്ല, ജോലിക്കാരാണ്. ഒരു റോൾ മോഡൽ വേണം. വീട്ടിൽ നിന്ന് കിട്ടി എന്നുവരില്ല. ആരെയെങ്കിലും പുറത്തു നിന്ന് കാണണം. നേരിട്ട് കാണണം എന്നില്ല. അതിന് വേണ്ടത് എക്സ്പോഷർ ആണ്. വായനയിൽ നിന്ന് സിനിമയിൽ നിന്ന് ഒക്കെ എനിക്ക് ധാരാളം എക്സ്പോഷർ കിട്ടിയിട്ടുണ്ട്. ഞാൻ ധാരാളം വായിക്കുന്ന ആളാണ്.

● ആരായിരുന്നു താങ്കളുടെ മോഡൽ?

**എംപ്ളോയി അവന്റെ സമയം തൊഴിലുടയ്ക്ക് വിൽക്കുന്നു. സംരംഭകൻ കാശുണ്ടാക്കി സമയം വിലയ്ക്കു വാങ്ങുന്നു. അതായത് മറ്റുള്ളവർ ചെയ്യുന്ന തൊഴിലിന്റെ ഗുണം പണം ലാഭം സമയം എല്ലാത്തിലും ഒരു പങ്ക് സംരംഭകന് ലഭിക്കുന്നു. എംപ്ളോയിക്ക് അവന്റെ സമയത്തിൽ നിയന്ത്രണമില്ല. സംരംഭകന്റെ സമയം ഏറ്റവും ഫ്ളക്സിബിളാണ്.**

❑അച്ഛൻ എല്ലാ പണിയും ചെയ്യും, അതൊരു മോഡലായിരുന്നു. വെറ്ററിനറി ഡോക്ടറായ അച്ഛൻ കമ്പ്യൂട്ടർ വിദഗ്ധനായിരുന്നു. ഹാം റേഡിയോ ആയിരുന്നു ഹോബി. കുട്ടിക്കാലത്തേ അച്ഛൻ സോൾഡറിംഗ് നടത്തുന്നതും റേഡിയോ അസംബിൾ ചെയ്യുന്നതും കാണും. ഞാനും പരീക്ഷണങ്ങൾ ചെയ്തിരുന്നു. ടെക്നോളജി വൈസ് ഞാൻ മുന്നിലായിരുന്നു. ചെമ്പ് കമ്പി പ്ളഗിൽ കുത്തി ഷോക്ക് അടിച്ചിട്ടുണ്ട്.

● എംപ്ളോയിയും സംരംഭകനും തമ്മിലുള്ള വ്യത്യാസം എന്താണ്.?

❑ജോലിയിൽ ചിട്ടയായിട്ടുള്ള സെറ്റ് ഗോൾസ് ഉണ്ട്. ടൈം തന്നെ ഫിക്സഡ് ആണ്. എന്നാൽ സംരംഭകൻ 24 X 7 ആണ്. എപ്പോൾ വേണെങ്കിലും ആരു വേണമെങ്കിലും വിളിക്കാം. എന്നാൽ ടൈം നമുക്ക് മാനേജ് ചെയ്യാം. മാത്രമല്ല ഫൈനാൻസ് നന്നായാൽ യു കാൻ ബൈ ടൈം.

● സമയത്തെ വാങ്ങുക. ഈ ആശയം ഇഷ്ടമായി. സംരംഭകന് സമയം ഇല്ലെന്നാണ് കേൾക്കുന്നത്.

❑എംപ്ളോയി അവന്റെ സമയം തൊഴിലുടയ്ക്ക് വിൽക്കുന്നു. സംരംഭകൻ കാശുണ്ടാക്കി സമയം വിലയ്ക്കു വാങ്ങുന്നു. അതായത് മറ്റുള്ളവർ ചെയ്യുന്ന തൊഴിലിന്റെ ഗുണം പണം ലാഭം സമയം എല്ലാത്തിലും ഒരു പങ്ക് സംരംഭകന് ലഭിക്കുന്നു. എംപ്ളോയിക്ക് അവന്റെ സമയത്തിൽ നിയന്ത്രണമില്ല. സംരംഭകന്റെ സമയം ഏറ്റവും ഫ്ളക്സിബിളാണ്.

● ബിസിനസ് ചെയ്യുന്നത് മോശമായി കാണുന്ന റിലേറ്റീവ്സ് ആണോ.?

❑ഇപ്പോൾ കാലം മാറി. സംരംഭകരെ സ്വീകരിക്കുന്നവരായി മാറി. അച്ഛൻ റിട്ട. വെറ്ററിനറി ഡോക്ടർ ഇ കെ ഈശ്വരൻ. ഇടമന മഠം അരുവിക്കര. അമ്മ ആർ ലേഖ. കുറച്ചുകാലം നെടുമങ്ങാട് ശ്രീധരീയം ക്ളിനിക് നടത്തിയിരുന്നു. അനിയൻ മഹേഷ് കാനഡയിൽ.●

വിഷ്ണു ഈശ്വരൻ, എടമന മഠം, അരുവിക്കര,
തിരുവനന്തപുരം പിൻ: 695564
മൊബൈൽ: 7012648655
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ: 9400992823

**വൈദിക വിദ്യാ പീഠം**

**VAIDIKA VIDYA PEEDHAM**

**Thekke Swamiyar Madham,**
**Thekkemadham Road, Thrissur 680001, Kerala**

Reg. No. 173 dt. 4.5.2002. Regd u/s 12A of IT act
and eligible for exepmtion u/ s/ 80 G
(Institution for preserving and developing,
Vaidika - Shrautha Culture)
Email: vaidikavidyapeedham@gmail.com

**എല്ലാവിധ ഷോഡശ ക്രിയകൾക്കും ശ്രാദ്ധം, പിണ്ഡം തുടങ്ങിയവക്കും ബന്ധപ്പെടുക**

- **ഷോഡശ ക്രിയകൾക്ക് കേരളത്തിലെ ഏറ്റവും ആധികാരികമായ സ്ഥാപനം**
- **ക്രിയകളെ സംബന്ധിച്ച് ആധികാരികമായ അറിവുള്ള കാർമ്മികർ**
- **വിശാലമായ കുളവും അനുബന്ധ സൗകര്യങ്ങളും**
- **ഒരു ഡസനിലേറെ ഓയ്ക്കന്മാരുടെ സേവനം**

8590890228
9447805600
9562634427



നർമ്മം

# അസാധ്യം കഞ്ഞി

വാസുദേവനുണ്ണി, തിരുവാലൂർ



മുമ്പ് മിക്ക ഇല്ലങ്ങളിലും ഇടയ്ക്കിടെ നമ്പൂതിരിമാർ അതിഥികളായി വന്നു ചേരുക പതിവായിരുന്നു. ചിലരൊക്കെ രണ്ടും മൂന്നും ദിവസങ്ങൾ താമസിക്കും. ചിലർ ഉച്ചഭക്ഷണം കഴിഞ്ഞ് വിശ്രമശേഷം മടങ്ങും. അതെല്ലാം ഇന്ന് നന്നേ കുറവ്. ലൈൻ ബസ്സിനെ മാത്രം ആശ്രയിച്ചുള്ള അന്നത്തെ യാത്ര ഇന്നില്ല. സ്വന്തം വാഹനത്തിൽ വരുന്നു പോകുന്നു.

അക്കാലത്ത് അതിഥികൾ എത്ര പേരുണ്ടെങ്കിലും ഇല്ലങ്ങളിൽ ഭക്ഷണത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടാറില്ല. തേങ്ങ, പച്ചക്കറി, നെല്ല്, എന്നു വേണ്ട പച്ചമുളക്, മഞ്ഞൾ, ഉഴുന്ന് എല്ലാം സുലഭമായി നട്ടുവളർത്തുന്ന കാലം. കൂടാതെ പുളി, മാങ്ങ എന്നിവയും ഇല്ലപ്പറമ്പിൽ ധാരാളമായി കാണാം.

അക്കാലത്ത് ഇല്ലത്തെത്തിയ ഒരു നമ്പൂതിരിയെ ഇന്നും ഓർക്കുന്നു.

അല്പം ദൂരെ നിന്നാണ് വരവ്. വളരെ ക്ഷീണിതനായിരുന്നു.

എത്തിയ ഉടനെ അദ്ദേഹം ആവശ്യപ്പെട്ടു.

'താൻ കുറച്ചു സംഭാരം ങ്ങട് ട്ക്ക് ആ'.

സംഭാരം കഴിച്ചശേഷം കുറച്ചു നേരം വിശ്രമം.

വിശ്രമശേഷം സന്ധ്യക്കുമുമ്പായി കുളത്തിൽ പോയി എണ്ണയും സോപ്പും തേച്ചു വിസ്തരിച്ചുള്ള കുളി. ശേഷം സന്ധ്യാവന്ദനം, ഗായത്രി ജപം എല്ലാം സാവകാശത്തിൽ തെറ്റുകൂടാതെ. നർമ്മം കലർന്ന സംസാരമുള്ള ആളായതിനാൽ എല്ലാവരും താല്പര്യപൂർവ്വം അദ്ദേഹവുമായി സംസാരിച്ചുകൊണ്ടിരുന്നു.

ശാന്തിക്കാരനായ അദ്ദേഹത്തിന്റെ ചില പല്ലവികൾ.

'അമ്പലത്തിൽ നടവരവൊക്കെ വളരെ മോശാ.ഭക്തർ തൊഴുതു പോവുകയല്ലാതെ ദക്ഷിണ വയ്ക്കുന്ന പതിവൊന്നും ഇല്ല്യാട്ടോ. ഹഹഹ എന്താ ചെയ്യ്ആ.. അല്ലേ...'

ഇങ്ങനെ സംസാരിച്ച് കുറച്ചു കഴിഞ്ഞ് ചില അഭ്യാസങ്ങൾ. മയൂരാസനം, ശീർഷാസനം, പിന്നെ

തെക്കിനിയുടെ ഒരു മൂലയിൽ തലകുത്തിനിന്നു കൊണ്ടുള്ള അഭ്യാസം. ചുരുക്കത്തിൽ പല പല കോമാളിത്ത അഭ്യാസങ്ങളും കയ്യിരുപ്പുണ്ട്. അതെല്ലാം പ്രകടിപ്പിച്ചു കൊണ്ട് ഹ.. ഹ.. ഹ..

കൗതുകത്തോടെ കുട്ട്യോൾ ഇതെല്ലാം കണ്ടു രസിച്ചു കൊണ്ടിരുന്നു..

സംസാരിച്ചും ചിരിച്ചും അത്താഴത്തിന് സമയമായതറിഞ്ഞില്ല.

'ശരി, ഭക്ഷണം കഴിക്കാം അല്ലേ?'

'ആവാം..'

കിഴക്കിനിയിൽ നിലത്ത് പലകയിട്ട് ഇരുന്നു. മുന്നിൽ കാണുന്നത് വാഴപ്പോള കൊണ്ടുള്ള തട, മുകളിൽ ഒരിലയും. (അക്കാലത്ത് അതിഥികളായി വരുന്ന നമ്പൂതിരിമാർക്ക് പ്ലേറ്റുകൾ നല്കാറില്ല )

'ഇതെന്താണ്?'

'ഇന്നു വാവ് ആയതിനാൽ രാത്രി കഞ്ഞിയാണത്രെ!'

'വിരോധമുണ്ടോ?'

'ഏയ്, ഒരു വിരോധവുമില്ല.'

തടത്തിനു മീതെയുള്ള ഇലയിൽ അദ്ദേഹത്തിനു കഞ്ഞി വിളമ്പി. കൂടെ സമ്മന്തിയും പപ്പടം, കൊണ്ടാട്ടം മുളക് എന്നിങ്ങനെയുള്ള വട്ടങ്ങളും. കഞ്ഞിയും സമ്മന്തിയും ധാരാളമായി കഴിച്ചു.

'നല്ല സ്വാദ്.'

കഞ്ഞിയിൽ അല്പം വെള്ളം കൂടിയതിനാൽ വളരെ സാവകാശമേ അതു കഴിച്ചു തീർക്കാനായുള്ളു.

വയർ നിറഞ്ഞു മുട്ടി. എത്ര കഴിച്ചിട്ടും കഞ്ഞി തീരുന്നില്ല. വല്ലാത്ത ഒരവസ്ഥ തന്നെ.

ഒരു വിധം തീർത്തു കുടിക്കുനീർ എടുത്ത് എഴുന്നേറ്റ അദ്ദേഹം പറഞ്ഞു.

'അസാധ്യം കഞ്ഞി'

കഞ്ഞിയുടെ സ്വാദാണാ  വെള്ളത്തിന്റെ അളവ് കൂടിയത് കാരണം കഞ്ഞി കുടിച്ചു തീർക്കലാണോ അസാധ്യമെന്നത് ഇന്നും അറിയില്ല. അതൊരു പ്രശംസയാണോ അതല്ല, പരിഭവമാണോ എന്നും അറിയില്ല. ഏതു നിലയ്ക്കും വ്യാഖ്യാനിക്കാവുന്ന പ്രയോഗം.

എന്തായാലും ആ വാക്ക് എല്ലാവരേയും അത്യധികം രസിപ്പിച്ചു. ●

വാസുദേവനുണ്ണി, തിരുവാലൂർ, പുല്പറ്റ,
മഞ്ചേരി പിൻ: 676123, മൊബൈൽ: 9447980502

❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ
സ്വസ്തി
ത്രൈമാസിക

An Exclusive Publication on Namboodiri Life &Life style

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

**പരസ്യ നിരക്ക് താഴെ കൊടുക്കുന്നു**

| | |
|---|---|
| ബാക്ക് കവർ | 18000 |
| ഫ്രണ്ട് &ബാക്ക് ഇന്നർ കവർ | 12000 |
| ഫുൾ പേജ് കളർ | 7500 |
| ഹാഫ് പേജ് കളർ | 4000 |
| ക്വാർട്ടർ പേജ് കളർ | 2000 |
| ഫുൾ പേജ് ബ്ളാക്ക് &വൈറ്റ് | 4000 |
| ഹാഫ് പേജ് ബ്ളാക്ക് &വൈറ്റ് | 2500 |
| ക്വാർട്ടർ പേജ് ബ്ളാക്ക് &വൈറ്റ് | 1300 |
| വേളി പംക്തിയിൽ | 1800 |
| ജാതകം/ആശംസകൾ | 1000 |

**വാർഷിക പാക്കേജ്**
ബാക്ക് കവർ: 60000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ: 40000
ഫുൾപേജ് കളർ:26000
ബ്ളാക്ക് &വൈറ്റ് ഫുൾ പേജ്: 14000

Net Banking / Google Pay

**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC**_DLXB0000133

വാർഷിക വരിസംഖ്യ
Rs/**300**
അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

വരിസംഖ്യ കാലാവധി വിവരങ്ങൾ അറിയാൻ
**9447332611**

**കസ്റ്റമർ കെയർ**
**9495379337**

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O.
Perumbavoor, Pin : 683556, Phone : 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O., Perumbavoor Pin : 683556. Phone : 0484 2656938
(Affiliated to M.G. University) (NAAC Accredited at the "A++" Level)
www.ssvcollege.ac.in ssvidyapeetom@gmail.com

**U G COURSES**

B.A. History, B.A. Economics, B.A. English, B.A. Hindi
B.Sc. Mathematics, B.Sc. Physics, B.Sc. Chemistry
B.Sc. Computer Science
B.Com Taxation, B.Com Computer Application
B.Voc. Tourism and Hospitality Management

**P G COURSES**

M.A. History
M.Com Finance, M.Com International Business
M.Sc. Chemistry

*HOSTEL FACILITY FOR WOMEN*

## V.T. BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O., Palakkad Dt., Pin - 679517. Phone : 0466 - 2268927
(Affiliated to University of Calicut) (NAAC Accredited at the "B+" Level)
principalvtb@gmail.com

**U G COURSES**

B.A. Sanskrit, B.A. History,
B.A. Economics Foreign Trade and Practice
B.Sc. Mathematics
B.Com, B.B.A

**P G COURSES**

M.Sc. Computer Science
M.Com
M.Sc. Mathematics with Data Science

## SREE SANKARA COLLEGE

Nagaroor P.O., Kilimanoor, Pin - 695601, Phone : 0470-2678898
(Affiliated to University of Kerala). sscollegenagaroor@gmail.com

**COURSES** B.Sc. Physics, B.A. Economics, B.Com Taxation

## SREE SANKARA VIDYAPEETOM COLLEGE

Nagaroor P.O., Kilimanoor. Pin : 695601, Phone 0470-2677241, 2678899
(Affiliated to University of Kerala) ssvcn@md3.vsnl.net.in

**U G COURSES**

B.B.A., B.A. English
B.Com Computer Application, B.Com Co-operation
B.Sc. Computer Science, B.Sc. Psychology

**P G COURSES**

M.Com Finance
M.Sc. Computer Science
M.A. English

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O., Kilimanoor, Thiruvananthapuram, Pin - 695601
Phone : 0470 - 2678610 ssvpems@gmail.com
**LKG to 12 (CBSE)**

**Temples Managed by Sree Sankara Trust**

Raloor Kavu Devi Temple, Nagaroor
Thekkinkadu Shiva Temple, Nagaroor
Vishnu Temple, Nagaroor

*"Thamaso Ma Jothir Gamaya"*

# ശ്രദ്ധാഞ്ജലി



## ക്ടാക്കോട്ടില്ലം മഹേശ്വരൻ പോറ്റി

**അറുപതാം ശ്രാദ്ധം (1897 / 1964)**



പൂജാരി, സംസ്കൃത പണ്ഡിതൻ, കഴിഞ്ഞ തലമുറയിലെ പ്രശസ്ത കഥകളി നടൻ. കൊട്ടാരക്കര കരീപ്ര വലിയമഠത്തിലെ കഥകളിയോഗത്തിൽ പഠിച്ചു. തിരുവിതാംകൂറിലെ നിരവധി വേദികളിൽ കഥകളി നടനായി. പ്രധാന വേഷങ്ങൾ : രാമായണത്തിലെ മന്ഥര, സന്താനഗോപാലത്തിലും രുഗ്മിണീസ്വയംവരത്തിലും ബ്രാഹ്മണൻ, പൂതനാമോക്ഷത്തിൽ ലളിത, ശങ്കരവിജയത്തിൽ മണ്ഡനമിശ്രൻ. ആട്ടത്തിന്റെ സവിശേഷതയും വേഷഭംഗിയും പോറ്റിയുടെ പ്രത്യേകതകളായി വിലയിരുത്തുന്നു. സഹധർമ്മിണി :ഇട്ടിശ്രീ അന്തർജനം. (കണ്ണമംഗലം ഇലവുങ്കൽ ഇല്ലം)



## ക്ടാക്കോട്ടില്ലത്ത് ശങ്കരൻ പോറ്റി

**മുപ്പത്തഞ്ചാം ശ്രാദ്ധം (1919/ 1989)**

കായംകുളം കൊട്ടാരം വകയായിരുന്ന (നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ്) കൃഷ്ണപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ 36 വർഷം മേൽശാന്തി. സഹധർമ്മിണി : ഉമാദേവി അന്തർജനം (കായംകുളം എരുവ കുറവഴിയത്ത് ഇല്ലം)



വിഷ്ണുപാദം പൂകിയ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും അച്ഛന്റെയും അമ്മയുടെയും ദീപ്തസ്മരണകൾക്കു മുമ്പിൽ തിലോദകമർപ്പിച്ചു കൊണ്ട് സുരേഷ് പോറ്റിയും കുടുംബവും.

കൃഷ്ണപുരം, ക്ടാക്കോട്ടില്ലം, ഭദ്രാ ജ്യോതിഷാലയം, മൊബൈൽ: 9349463740




*ഡോക്ടർ ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ 2022-ൽ ഓപ്പറേഷൻ ഗംഗയുടെ ഭാഗമായപ്പോൾ. ഫോട്ടോ: പോളണ്ട് യുക്രൈൻ അതിർത്തിയിൽ നിന്ന്*



*2024 ജൂലൈയിൽ യു എസിലെ സ്റ്റാൻഫോർഡ് സർവകലാശാലയിൽ നടന്ന ഗവേഷണ സമ്മേളനത്തിൽ ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ പേപ്പർ അവതരിപ്പിക്കുന്*

ഇല്ലപ്പെരുമ / ഓച്ചിറ / കൃഷ്ണപുര

# ആടുജീവിതമല്ല; സിംഹങ്ങളുടെ ക സിംഹാസനങ്ങള

**വിനോദ് മങ്ങത്തായ**



വത്തിക്കാൻ സിറ്റിയെപറ്റി നമ്മൾ കേട്ടിട്ടുണ്ട്. പോപ്പിന്റെ ആസ്ഥാനം. ലോകത്തിലെ ഏറ്റവും ചെറിയ രാജ്യം. ഇനി അവിടെ പോയ ഏതെങ്കിലും നമ്പൂതിരി ഉണ്ടാവുമോ? ഒട്ടും സാധ്യതയില്ല എന്നു പറയാൻ വരട്ടെ. അറിയുക, അങ്ങിനൊരാളുണ്ട് നമുക്കിടയിൽ. പേര് ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ. ഇപ്പോൾ ആസ്ട്രോഫിസിക്സിൽ ഗവേഷകൻ. ജ്യോതിഷി കൂടിയായ സുരേഷ് പോറ്റിയുടെ ജ്യോതിശാസ്ത്രജ്ഞനായ മകൻ. ഉണ്ണികൃഷ്ണന്റെ രാജ്യാന്തരയാത്രകളുടെ തുടക്കം ജ്യോതിശാസ്ത്ര ഗവേഷണത്തിനൊക്കെ മുമ്പായിരുന്നു. അമേരിക്കയും, കൊറിയയും, വത്തിക്കാനും സ്ലൊവാക്യയുമടക്കം





ന്നു.

2012 ജൂണിൽ ദക്ഷിണ കൊറിയയിലെ ബുസാനിൽ നടന്ന ഗ്ലോബൽ ലിയോ-ലയൺ സമ്മിറ്റ് ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ ചെയർ ചെയ്യുന്നു.

ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ ലയൺസ് ക്ലബ്സ് ഇന്റർനാഷനൽ കൺവെൻഷൻ: സിയാറ്റിൽ, യു എസ് : 2011

ം ക്ലാക്കോട്ടില്ലം

# ഇതു
# കഥ,
# ുടേയും



ക്ലാക്കോട്ട് ഇല്ലം, കൃഷ്ണപുരം

നാല്പത്തിരണ്ട് രാജ്യങ്ങളാണ് മുപ്പത് വയസ്സിനിടയിൽ ഈ യുവാവ് സന്ദർശിച്ചത്. 2011 മുതൽ നാളിതുവരെ ഏറ്റവും കൂടുതൽ അന്തർദേശീയ വിമാനയാത്രകൾ നടത്തിയ നമ്പൂതിരിയും ഇദ്ദേഹം തന്നെയാവണം.

ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ സന്തോഷ് ജോർജ് കുളങ്ങരയെ പോലെ ഒരു ട്രാവലർ അല്ല. എന്നാൽ പിന്നെ പുതുകാലത്തെ ഐ ടി വിദഗ്ധനായി ഗൂഗിളിലോ മൈക്രോസോഫ്റ്റിലോ വിലസുന്ന ടെക്നോക്രാറ്റ്?അല്ലേ അല്ല. ഇനി ഏതെങ്കിലും ഗവൺമെന്റ് ഡെലിഗേഷനിലെ അംഗം? അതുമല്ല. പിന്നെ ഇതെങ്ങിനെ സാധിച്ചു എന്നല്ലേ?

ലയൺസ് ക്ലബിന്റെ ഇന്റർനാഷനൽ യൂത്ത് ഫോറം ചെയർമാനായിരുന്നു ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ. അതു വരെ ഇന്ത്യയിൽ നിന്നും മറ്റൊരാളും ഈ പൊസിഷനിൽ എത്തിയിരുന്നില്ല. വൺ ആന്റ് ഓൺലി നമ്പൂതിരി യൂത്ത് ഫ്രം കേരള ആ നേട്ടത്തിനുടമയായി.

ലയൺസ് എന്നാൽ പണക്കാരുടെ എന്തോ തല തിരിഞ്ഞ ഏർപ്പാടാണെന്ന ചിന്തയാണ് മിക്കവർക്കും. നമ്പൂതിരി ആണെങ്കിൽ പൊതുവേ ആ വഴിക്കൊന്നും പോവാറുമില്ല. അന്വേഷിക്കാറുമില്ല. സത്യത്തിൽ സേവനം മുഖമുദ്രയായി ലോകമെങ്ങും പ്രവർത്തിക്കുന്ന സംഘടനയാണ് ലയൺസ് പ്രസ്ഥാനം.

വീ ആർ സെർവിംഗ് എ വേൾഡ് ഇൻ നീഡ് എന്നതാണ് അവരുടെ സ്ലോഗൻ. നമ്പൂതിരി സ്വന്തം ഇല്ലപ്പേര് പ്രിഫിക്സ് ചെയ്യുന്നതുപോലെയാണ് ലയൺസും. പ്രഫഷൻ എന്തുമായിക്കോട്ടെ, അഭിമാനത്തോടെ ലയൺ എന്ന് തന്നെ പറയും ,എഴുതും. സംഗതി അൽപ്പം എലൈറ്റ് ആണെങ്കിലും ലയൺ ആവാനുള്ള മാനദണ്ഡം പണം മാത്രമല്ല.

ഉണ്ണികൃഷ്ണന്റെ അച്ഛൻ സുരേഷ് പോറ്റി ഡിഫൻസിൽ ജൂനിയർ കമ്മീഷൻഡ് ഓഫീസർ ആയിരുന്നു.



*അച്ഛൻ സുരേഷ്കുമാർ പോറ്റി, അമ്മ ഉഷ അന്തർജനം, മൂത്ത സഹോദരി ശ്രീദേവി അന്തർജനം, ഭർത്താവ് ഹരിനാരായണൻ നമ്പൂതിരി, മക്കൾ സൂര്യകൃഷ്ണ, ശ്രീധർ കൃഷ്ണ. രണ്ടാമത്തെ സഹോദരി മണിക്കുട്ടി അന്തർജനം, ഭർത്താവ് മനു നമ്പൂതിരി, മക്കൾ സൂര്യഗായത്രി, സൗപർണിക,*



*ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ, അച്ഛൻ സുരേഷ് പോറ്റി , അമ്മ ഉഷ അന്തർജനം.*

(ഓഫീസ് സൂപ്രണ്ട്). ലക്നൗവിലായിരുന്നു ഉണ്ണികൃഷ്ണന്റെ ജനനം. അച്ഛന്റെ സ്ഥലം മാറ്റമനുസരിച്ച് മകന്റെ സ്കൂൾ പഠനം ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ. വിദ്യാഭ്യാസത്തിൽ ഉണ്ണികൃഷ്ണൻ പാൻ ഇന്ത്യൻ.

റിട്ടയർ ആയി നാട്ടിൽ സെറ്റിൽഡ് ആയ സുരേഷ് പോറ്റിക്ക് ഓച്ചിറ ലയൺസ് ക്ലബിൽ നിന്നും ക്ഷണം കിട്ടി. ഒരാൾ ലയൺസിൽ അംഗമാകണമെങ്കിൽ നിലവിലുള്ള ഒരു മെമ്പർ - ലയൺ - ഇൻവൈറ്റ് ചെയ്യണം.

സുരേഷ് പോറ്റി 2005 ൽ ഓച്ചിറ ലയൺസ് മെമ്പറായി. അതോടെ അദ്ദേഹത്തിന്റെ ഫാമിലിയും ഓട്ടോമേറ്റിക് ആയി ക്ലബിന്റെ ഭാഗമാവും. ഇതൊരു കുടുംബ കൂട്ടായ്മയാണെന്നർത്ഥം. മകൻ ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ ഓച്ചിറ ലിയോ -അഥവാ ലയണിന്റെ യുവരൂപം -യിൽ ആക്ടീവ് ആയി.

ലയൺസിൽ ഭാരവാഹിത്വത്തിന്റെ ക്രൈറ്റീരിയ ലീഡർഷിപ്പ് ക്വാളിറ്റി മാത്രമാണ്. സേവന പ്രസ്ഥാനമായതുകൊണ്ടു തന്നെ നമ്മുടെ റോളുകൾ വിലയിരുത്തുന്ന സംവിധാനം ഇവർക്കുണ്ട്. കാട്ടിക്കൂട്ടലുകൾക്കും ഷോ ഓഫിനും ഇതിൽ സ്ഥാനമില്ല. ഏറ്റെടുക്കുന്ന വർക്കുകൾ ഉത്തരവാദിത്വത്തോടെ ചെയ്തു തീർക്കണം. ലീഡർഷിപ്പ് സ്കില്ലുകൾ സ്വാഭാവികമായും ഡെവലപ് ചെയ്യും. ലയൺസ് പിന്തുടരുന്ന ഒരു റേറ്റിംഗ് സിസ്റ്റവും ഉണ്ട്.ഇവിടത്തെ ടൈം ബൗണ്ട് ആയ പ്രൊജക്ടുകൾ ഉണ്ണികൃഷ്ണന് ഇഷ്ടപ്പെട്ടു. സാമൂഹ്യ സേവനമെന്നത്




*ഡോ. ഉണ്ണിക്കൃഷ്ണൻ സുരേഷ്കുമാർ*

*സുരേഷ്കുമാർ പോറ്റി,*

**ലയൺ ഉണ്ണിക്കൃഷ്ണൻ സുരേഷ് സന്ദർശിച്ച രാജ്യങ്ങൾ..**

*മലേഷ്യ*
*സിംഗപ്പൂർ*
*ശ്രീലങ്ക*
*യുഎസ്എ*
*തായ്‌ലൻഡ്*
*ദക്ഷിണ കൊറിയ*
*പോളണ്ട്*
*ചെക്ക് റിപ്പബ്ലിക്*
*ഫ്രാൻസ്*
*മൊണാക്കോ*
*ഇറ്റലി*
*ഹംഗറി*
*സ്ലൊവാക്യ*
*ഓസ്ട്രിയ*
*ഗ്രീസ്*
*ലിത്വാനിയ*
*ലാത്വിയ*
*എസ്റ്റോണിയ*
*ഫിൻലാൻഡ്*
*ചൈന*
*ജർമ്മനി*
*മാൾട്ട*
*ലിച്ചെൻസ്റ്റീൻ*
*സ്വിറ്റ്സർലൻഡ്*
*നോർവേ*
*റൊമാനിയ*
*വത്തിക്കാൻ സിറ്റി*
*ഡെൻമാർക്ക്*
*സ്വീഡൻ*
*സ്പെയിൻ*
*നെതർലാൻഡ്സ്*
*ബെൽജിയം*
*ലക്സംബർഗ്*
*മാലിദ്വീപ്*
*ദക്ഷിണാഫ്രിക്ക*
*തുർക്കി*
*ക്രൊയേഷ്യ*
*സ്ലോവേനിയ*
*സിംബാബ്‌വെ*
*സെർബിയ*
*ബോസ്നിയ*
*ആൻഡ്*
*ഹെർഷെഗോവിന*
*സാൻ മറിനോ*



*പോളണ്ടിലെ യഗിയെലോണിയൻ സർവ കലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം. ഡോക്ടർ ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ സൂപ്പർവൈസർസ് ആയ പ്രൊഫ: അഗ്നിയെഷ്ക പൊള്ളോയോടും ഡോ: അന്ന ദുർകാലെറ്റ്സിനുമൊപ്പം*

പ്രസ്റ്റീജിയസ് ആയ മറ്റൊരു പുരസ്ക്കാരവും ഉണ്ണികൃഷ്ണനെ തേടി എത്തി. ലയൺസ് ഇന്റർനാഷനൽ പ്രസിഡണ്ടിന്റെ ലീഡർഷിപ് അവാർഡ്.2012 ൽ സൗത്ത് കൊറിയയിലെ ബുസാനിൽ നടന്ന ലയൺസ് ഗ്ലോബൽ കൺവെൻഷനായിരുന്നു വേദി.




*ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ ലിയോ ഓഫ് ദ ഇയർ അവാർഡ് ഏറ്റു വാങ്ങുന്നു*

ലക്ഷ്യബോധത്തോടെയാണ്. സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ ഉപകരണങ്ങളുടെ വിതരണമാവാം, വിദ്യാലയങ്ങളിലെ ആന്റി റാഗിംഗ് ബോധവൽക്കരണമാവാം. എല്ലാം നീഡ് ബേസ്ഡ് ആണ്. എന്തിനും കൃത്യമായ പ്ലാൻ ഉണ്ട്. പീരിയോഡിക് അസസ്മെന്റും, വേണമെങ്കിൽ തിരുത്തലും നടക്കുന്നു. റിസൽട്ടാണ് മുഖ്യം. ചിട്ടയായ പ്രവർത്തനമായതിനാൽ തന്നെ വിമർശനങ്ങളെ ലയൺസ് കാര്യമാക്കാറില്ല. പറയുന്നതല്ല, പ്രവൃത്തിയാണ് പ്രധാനം എന്ന് ക്ലബ് വിശ്വസിക്കുന്നു.

2008 ൽ ഓച്ചിറ ലയൺസ് ക്ലബിന്റെ ലിയോ ബ്രാഞ്ച് പ്രസിഡണ്ടായി ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ തെരഞ്ഞെടുക്കപ്പെട്ടു. 2009 ൽ ലിയോ ഡിസ്ട്രിക്ട് പ്രസിഡണ്ട്. 2011ൽ ലിയോയുടെ മൾട്ടിപ്പിൾ ഡിസ്ട്രിക്ട് പ്രസിഡണ്ടായി. വലിയ പദവി തുടർന്നായിരുന്നു. 2011 മുതൽ 2013 വരെ ഇന്റർനാഷനൽ ലിയോ അഡ്വൈസറി പാനൽ ചെയർമാനായി ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ ഉയർന്നു. 205 രാജ്യങ്ങളിലുള്ള ലയൺസ് യൂത്ത് വിംഗ് (ലിയോ) ക്ലബുകളുടെ അന്താരാഷ്ട്ര തലവൻ. ലിയോ ലോകത്തിന്റെ ലീഡർ.

തന്റെ കാലയളവിൽ മിക്ക രാജ്യങ്ങളിലും ഉണ്ണികൃഷ്ണൻ എത്തി. അവരുടെ ലിയോ മീറ്റിംഗുകളിൽ പങ്കെടുത്തു. ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. 2012 ൽ ലിയോ ഓഫ് ദ ഇയർ ആയി ഉണ്ണികൃഷ്ണൻ തെരഞ്ഞെടുക്കപ്പെട്ടു.

പ്രസ്റ്റീജിയസ് ആയ മറ്റൊരു പുരസ്ക്കാരവും ഇതിനിടെ ഉണ്ണികൃഷ്ണനെ തേടി എത്തി. ലയൺസ് ഇന്റർനാഷനൽ പ്രസിഡണ്ടിന്റെ ലീഡർഷിപ് അവാർഡ്.2012 ൽ സൗത്ത് കൊറിയയിലെ ബുസാനിൽ നടന്ന ലയൺസ് ഗ്ലോബൽ കൺവെൻഷനായിരുന്നു വേദി.

? ലയൺസ് ക്ലബുകളിൽ ബ്രാഹ്മണർക്കൊക്കെ നിന്നു പെരുമാറാൻ പറ്റുമോ?

: സമൂഹത്തിലെ ഉന്നതന്മാർ ഇതിൽ അംഗങ്ങളാവാം. ഇൻഫീരിയർ ആണെന്നുള്ള ചിന്ത സ്വയം മാറ്റിയാൽ മതി. പേരു കൊണ്ടെങ്കിലും നമ്മൾ ഭൂദേവന്മാർ ആണല്ലോ.

? അവിടത്തെ സമ്പ്രദായങ്ങൾ, ഭക്ഷണരീതി, വേഷം ഇതൊക്കെ നമുക്ക് പറ്റുമോ?

: നാം എന്താണെന്ന് നമ്മൾ അറിയണം. അതിനപ്പുറം ഒന്നുമില്ല.

? അവിടെ ഫോളോ ചെയ്യേണ്ട ചില രീതികൾ ഉദാ:ഡ്രസ് കോഡ് അടക്കം. ബുദ്ധിമുട്ടാവില്ലേ?

: ഓത്തൂട്ടിനും ശാന്തിക്കും ഒക്കെ ഇതില്ലേ? ഒരു പ്രയാസവുമില്ലാതെ നമ്മൾ പ്രത്യക്ഷവേഷ ധാരികൾ ആവുന്നുണ്ടല്ലോ?

? ലയൺസിൽ നിന്നും കിട്ടിയ ഏറ്റവും വലിയ നേട്ടം?

: ലോകത്തെ നന്നായി അറിയാൻ കഴിഞ്ഞു, ഒപ്പം നമ്മളെയും.

? 42 രാജ്യങ്ങൾ സഞ്ചരിച്ചതിൽ ഒരു രസകരമായ അനുഭവം പറയാമോ?

: ചില ചെറിയ വലിയ കാര്യങ്ങളുണ്ട്. ഉദാഹരണമായി അമേരിക്കയിലെ ബസ് യാത്ര. ഗൂഗിളില്ലാത്ത കാലത്തും

അവിടെ എല്ലാം വെൽപ്ലാൻഡ് ആണ്. നമുക്കതൊട്ടുമില്ലല്ലോ. നിയമങ്ങൾ അനുസരിക്കുന്ന സ്വഭാവവുമില്ല. ബസുകൾക്കെല്ലാം ഡസിഗ്നേറ്റഡ് സ്റ്റോപ്പ്സ് ആണ്. ഒരു റൂട്ടിൽ ഓരോ ബസ്സിനും അവ വ്യത്യസ്തമാവും. നിർത്തുന്ന ബസ് നമ്പറുകൾ അതത് സ്റ്റോപ്പുകളിലാണ് എഴുതി വെയ്ക്കുന്നത്. ബസ്സുകൾക്ക് സ്റ്റോപ്പും സ്റ്റോപ്പുകൾക്ക് ബസ്സും തീരുമാനിച്ചിട്ടുണ്ടെന്നർത്ഥം. നോക്കിയും കണ്ടും നിന്നില്ലെങ്കിൽ ബസ്സ് വന്നാലും നമ്മുടെ യാത്ര നടക്കണമെന്നില്ല എന്ന് സാരം.



ഡോക്ടർ ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ അസ്ട്രോണമിക്കൽ യൂണിയൻ ജനറൽ അസംബ്ളിയിൽ. കേപ്പ് ടൗൺ, സൗത്ത് ആഫ്രിക്ക. 2024 ഓഗസ്റ്റ്.

അന്നത്തെ ഇന്റർനാഷണൽ പ്രസിഡന്റ് ലയൺ വിങ്കുൻ താം ഉണ്ണികൃഷ്ണന് അവാർഡ് സമ്മാനിച്ചു.

ലയൺ ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ ഇപ്പോൾ ദക്ഷിണാഫ്രിക്കയിലാണ്. എസ്റ്റിമേഷൻ ഓഫ് പ്രസന്റ് റേറ്റ് ഓഫ് എക്സ്പാൻഷൻ ഓഫ് യൂനിവേഴ്സ് യൂസിങ് ഗാലക്സിസ് ഫ്രം സ്ലോവൻ ഡിജിറ്റൽ സ്കൈ സർവ്വേ. 2013ൽ എം ജി സർവ്വകലാശാലയിൽ എം എസ് സി ഫിസിക്സ് കാലത്ത് ഉണ്ണികൃഷ്ണന്റെ തിസീസ് ടൈറ്റിലാണിത്.മാവേലിക്കര ബിഷപ് മൂർ കോളേജിൽ ഫിസിക്സ് ലെക്ച്ചറർ . തിരുവനന്തപുരം IIST യിൽ ജെ ആർ എഫ്. പോളണ്ടിലെ യഗ്യെല്ലോണിയൻ യൂനിവേഴ്സിറ്റിയിൽ നിന്നും ജ്യോതിശാസ്ത്രത്തിൽ (അസ്ട്രോണമി) പി എച്ച് ഡി. പ്രപഞ്ചത്തിന്റെ വിശാല ഘടനയും അതിൽ നമ്മുടെ ആകാശഗംഗ പോലെ ഉള്ള മറ്റു ഗ്യാലക്സികൾ എങ്ങനെ ചിതറി കിടക്കുന്നു എന്നതും ആയിരുന്നു ഗവേഷണവിഷയം.

ഗവേഷണത്തോടൊപ്പം നിരവധി ഇന്റർനാഷനൽ

കുട്ടക്കോട്ടില്ലം
ഉണ്ണിക്കൃഷ്ണൻ
സുരേഷ്കുമാർ.
അച്ഛൻ : സുരേഷ് പോറ്റി
അമ്മ : ഉഷാ അന്തർജനം
(ഓച്ചിറ ഗ്രേറ്റർ ലയൺസ് ക്ലബ്ബ് മെമ്പർമാർ)
സഹോദരിമാർ:
1:ശ്രീദേവി അന്തർജനം
ഭർത്താവ് ഹരിനാരായണൻ നമ്പൂതിരി
കുട്ടികൾ: സൂര്യ കൃഷ്ണ,
ശ്രീധർ കൃഷ്ണ.
2:മണിക്കുട്ടി അന്തർജനം
ഭർത്താവ്: മനു നമ്പൂതിരി.
കുട്ടികൾ: സൂര്യഗായത്രി, സൗപർണിക.



? ഭക്ഷണരീതികളിൽ വന്ന അബദ്ധങ്ങൾ?

: ഞാൻ പറഞ്ഞല്ലോ, അതും പ്ലാൻ ചെയ്യണം. കിട്ടുന്നത് വാരി വലിച്ച് കഴിക്കൽ അല്ലല്ലോ നമ്പൂതിരി ശീലം. കുടുക്കീർ വീഴ്ത്തി പ്രാണാതി. തുടർന്ന് എച്ചിലും വറ്റുമൊക്കെ ശ്രദ്ധിക്കും. വിഭവങ്ങൾ വിളമ്പുന്നതിന് ക്രമവും, ഇലയിൽ ഓരോന്നിനും നിശ്ചിത സ്ഥലവും സദ്യയിൽ ആദിമധ്യാന്തമായി എന്തൊക്കെ കഴിക്കണമെന്നതും നമ്മൾ തീരുമാനിച്ചിട്ടുണ്ടല്ലോ. എല്ലാ രാജ്യങ്ങളിലും സമൂഹങ്ങളിലും അത്തരം ചില ഏർപ്പാടുകൾ ഉണ്ട്.

കൈയ്ക്കു പകരം സ്പൂൺ, ഫോർക്ക്, ചോപ്സ് ഇത്യാദി തീനുപകരണങ്ങളാണ് ഇവിടെ. രീതികൾ നോൺ വെജ് വിഭവങ്ങൾ കൈകാര്യം ചെയ്യാനായി എവോൾവ് ചെയ്തു വന്നതാവാം. എല്ലാടത്തും സ്പൂണും ഫോർക്കുമല്ല. കൊറിയയിലും ചൈനയിലും ചോപ്സ് സ്റ്റിക്സ് ( ഭക്ഷണക്കോൽ എന്ന് ഗൂഗിൾ പരിഭാഷ) ആണ് താരം. സ്പൂൺ സ്വപ്നത്തിൽ മാത്രം. ഇവയെല്ലാം ഉപയോഗിക്കാൻ അറിയണം. ഒഫീഷ്യൽ വിരുന്നുകളിൽ ആദ്യം ഏത് വിഭവത്തിൽ തുടങ്ങണം എന്നതും പ്രധാനം. ഭക്ഷണശേഷം തീനുപകരണങ്ങൾ പ്ളേറ്റിൽ എങ്ങിനെ വെയ്ക്കണമെന്നതും പഠിക്കാനുണ്ട്. തീൻമേശ എത്തിക്സ് ശീലിക്കണം. നമ്മുടെ ഭാഷയിൽ 'ചടങ്ങിനാലെ.'

? ലയൺസ് നേതൃത്വത്തിൽ എത്തിയപ്പോൾ ബോൺ ടു ലീഡ് എന്ന് തോന്നിയിട്ടുണ്ടോ?

: ബോൺ ടു ലിവ് എന്നതാണ് ശരി. ജീവിതത്തെ നന്നായി ഉൾക്കൊള്ളുമ്പോൾ ലിവ് ടു ലീഡ് സംഭവിക്കുന്നു.

? പല രാജ്യങ്ങളും സന്ദർശിച്ചല്ലോ? കേമം നമ്മുടെ ഇന്ത്യ തന്നെയല്ലേ?

: ഭാരതം ഗംഭീരമാണ്. അതിനർത്ഥം മറ്റു പ്രദേശങ്ങൾ മോശമാണെന്നല്ല.

? ബ്രാഹ്മണന് വീണ്ടേടം വിഷ്ണുലോകം. അല്ലേ?

: അതിജീവനത്തിന്റെ അടിസ്ഥാന തത്വമാണത്. അവിടെയും പ്രയത്നം തുടരണം, വിഷ്ണു ആവാൻ.

? ലോകസഞ്ചാരിക്ക് നമ്മുടെ യുവാക്കളോട് പറയാൻ?

: നമ്മളെ പിന്തിരിപ്പിക്കുന്ന ഭയങ്ങളെ മറികടന്ന് കഴിയുന്നത്ര യാത്രകൾ ചെയ്യുക. ഓരോ നാട്ടിലെയും ജീവിതരീതികൾ അടുത്തറിയുക, ലോകത്തെ ചേർത്തു പിടിക്കാനുള്ള ആഗ്രഹത്തോടെ സഞ്ചരിക്കുക, എല്ലാ അനുഭവങ്ങളും ഓരോ പാഠങ്ങളാണ്. അവ ജീവിതത്തിൽ മുതൽക്കൂട്ടാകും. സോ, പ്രയത്നിക്കുക, എക്സ്പീരിയൻസ് ചെയ്യുക. പരിധിയില്ലാത്ത ആകാശങ്ങളിലേക്ക് യാത്ര തുടരുക. ●

---

സയൻസ് ജേർണലുകളിൽ ലേഖനങ്ങൾ.വിവിധ ഗവേഷണ പ്രൊജക്ടുകളിൽ പങ്കാളി. പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ആയ വിവിധ പ്രൊജക്ടുകൾക്ക്, പോളിഷ് നാഷനൽ സയൻസ് സെന്ററിന്റേത് അടക്കം, പ്രസ്റ്റീജിയസ് സ്ഥാപനങ്ങളുടെ ഗവേഷണഗ്രാന്റുകൾ.

വിവിധ രാജ്യങ്ങളിൽ അമ്പതിലധികം അന്താരാഷ്ട്ര സെമിനാറുകൾ, വർക്ക്ഷോപ്പുകൾ . 'കോസ്മിക് സൂം ഔട്ട്,, 'ഡാർക്ക് സൈഡ് ഓഫ് ദ യുണിവേഴ്സ്' തുടങ്ങിയ വിഷയങ്ങളിൽ ധാരാളം വേദികളിൽ ശാസ്ത്ര പ്രഭാഷണങ്ങൾ.2023 മുതൽ ജോഹന്നാസ് ബർഗിലെ ( ദക്ഷിണാഫ്രിക്ക) വിറ്റ് വാട്ടർസ്രാൻഡ് യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ.

തന്റെ ജീവിതാനുഭവങ്ങളിൽ ഏറ്റവും വലുതായി ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ കാണുന്നതീ നേട്ടങ്ങൾ ഒന്നുമല്ല. 2022 ൽ റഷ്യാ –ഉക്രൈൻ യുദ്ധകാലത്ത് പോളണ്ട് അതിർത്തിയിൽ മലയാളി വിദ്യാർത്ഥികളടങ്ങുന്ന നിരവധി ഇന്ത്യക്കാർ കുടുങ്ങി. അവരെ രക്ഷിച്ച് നാട്ടിലെത്തിക്കണം. ഏറെ സങ്കീർണമായ ഈ ഓപ്പറേഷന് ഇന്ത്യാ ഗവൺമെന്റ് ഇട്ട പേര് ഓപ്പറേഷൻ ഗംഗ. ഈ പ്രൊജക്ടിൽ വളണ്ടിയർ ആയി ഉണ്ണികൃഷ്ണൻ. തന്റെ ജീവിതത്തിലെ അമൂല്യവും അവിസ്മരണീയവുമായ അനുഭവമായിരുന്നു 'ഓപ്പറേഷൻ ഗംഗ'യെന്ന് ഡോക്ടർ ഉണ്ണികൃഷ്ണൻ പറഞ്ഞു.

ഇപ്പോൾ അസ്ട്രോഫിസിക്സിലെ മൂന്ന് മാസ്റ്റേഴ്സ് തീസിസുകളും ഒരു ഡോക്ടറേറ്റ് തീസിസും സൂപ്പർവൈസ് ചെയ്യുന്നു. അതുകൂടാതെ അസ്ട്രോണോമിയിലെ ഗവേഷണത്തിനുള്ള അവസരങ്ങൾ കുട്ടികളിലേക്ക് എത്തിക്കുവാനായി ഒരു ഗൂഗിൾ ഗ്രൂപ്പും ഉണ്ണികൃഷ്ണനുണ്ട്. താഴെ കൊടുത്ത ഐഡിയിൽ ഇ മെയിൽ നൽകിയാൽ ഈ രംഗത്തെ പുതിയ വിവരങ്ങൾ നിങ്ങൾക്കും ലഭിക്കും.

ഇന്ന് ലോകത്തെ അസ്ട്രോഫിസിക്സ് ശാസ്ത്രജ്ഞരിൽ ശ്രദ്ധേയനാണ് ഈ നമ്പൂതിരി യുവാവ്. ഈ രംഗത്തെ അപ്രൂവ്ഡ് മെന്ററും ഇൻവെസ്റ്റിഗേറ്ററും. ഉണ്ണികൃഷ്ണൻസുരേഷ്കുമാറിന്റെ അന്വേഷണങ്ങ




*ഡോക്ടർ ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ അസ്ട്രോണമി ലൈവ് സെഷൻ. അസ്ട്രോമിക്കൽ ഒബ്സർവേറ്ററി ഓഫ് ജാഗില്ലോണിയൻ സർവ്വകലാശാല (പോളണ്ട് : 2019)*

ളും യാത്രകളും തുടരുകയാണ്,പ്രപഞ്ചത്തിലെ 'ബിയോണ്ട് വാട്ട് വീ സീ'കൾക്കായി.

'പ്രകാശത്തിന്റെ വേഗം ഒരു സെക്കന്റിൽ 3 ലക്ഷം കിലോമീറ്റർ. ഒരു വർഷം കൊണ്ട് പ്രകാശം സഞ്ചരിക്കുന്നതാണ് ഒരു പ്രകാശവർഷം. കിലോമീറ്ററിൽ കോടാനുകോടി. ഭൂമിയോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന നക്ഷത്രമായ സൂര്യനിൽ നിന്നും വെളിച്ചം ഭൂമിയിൽ എത്തണമെങ്കിൽ സുമാർ 8 മിനിറ്റ് വേണം. അപ്പോൾ ദൂരം 8 x 60 x 3 ലക്ഷം കിലോമീറ്റർ.നാം കാണുന്ന മിക്ക നക്ഷത്രങ്ങളും, ഉദാഹരണം തിരുവാതിര, ഭൂമിയിൽ നിന്നും എത്രയോ പ്രകാശവർഷങ്ങൾ അകലെയാണ്. ആ നക്ഷത്രത്തിൽ നിന്നും പ്രകാശം നമ്മളിൽ എത്തുമ്പോഴാണല്ലോ കാഴ്ച എന്നത് സംഭവിക്കുക. ഇപ്പോൾ നോക്കുന്നയാളുടെ കണ്ണിലെത്തിയ വെളിച്ചം പുറപ്പെട്ടത് അയാൾ ജനിക്കുന്നതിന് മുമ്പാകാം. ഇപ്പോൾ അയാൾ കാണുന്നതോ, ഒരു പക്ഷേ വർഷങ്ങൾക്കു മുമ്പ് മരിച്ച നക്ഷത്രത്തെയാവാം.

വിദൂരത്തിലേക്കു നോക്കുമ്പോൾ വീ ആർ ആക്ചലി ലുക്കിംഗ് ഇൻ ടു ദ പാസ്റ്റ്. ആസ്ട്രോണമിയിൽ എത്ര പഠിക്കുമ്പോഴും ഇതോർക്കുമ്പോൾ ഐ ഫീൽ സോ എക്സൈറ്റഡ്.' ●

ഡോ. ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ
ഇ മെയിൽ: ukp1513@gmail.com
വാട്സ് ആപ് : +919961235922
വിനോദ് മങ്ങത്തായ: 9895621493

## ജ്യോതിഷം കൈകാര്യം

**ലയൺ കൃഷ്ണപുരം സുരേഷ് പോറ്റി.**
ലയൺ ഉണ്ണിക്കൃഷ്ണൻ സുരേഷ് കുമാറിന്റെ പിതാവ്. ഗോത്രം: വിശ്വാമിത്ര ഗോത്രം, വേദം: യജുർവേദം. ക്ഷേത്രം: പഴയിടത്ത് പുതിയകാവ്. പ്രധാന ദേവത: ഭദ്രകാളി. തേവാരമൂർത്തികൾ (ക്ഷേത്രത്തിൽ പ്രത്യേകമായി). രക്തേശ്വരി, ശിവൻ, വിഷ്ണു, ആദിത്യൻ



*ടെലിസ്കോപ്പ്*

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരത്തിന് ഒരു നാഴിക കിഴക്ക് മാറി പടിഞ്ഞാറെക്കാപ്പിൽ കൂാക്കോട്ട് ഇല്ലം. തലമുറകൾക്കു മുമ്പ് വടക്കൻ കേരളത്തിൽ നിന്നും എത്തിയതാണെന്ന് ചരിത്രം പറയുന്നു. നൂറു കൊല്ലം മുമ്പത്തെ കേമൻ കഥകളി വേഷക്കാരനായിരുന്ന മഹേശ്വരൻ പോറ്റി ഇല്ലത്തെ മുത്തച്ഛനായിരുന്നു. അക്കാലം തിരുവിതാംകൂർ മഹാരാജാവിൽ നിന്നും വീരശൃഖല (1940) വാങ്ങിയ ആൾ. മഹേശ്വരൻ പോറ്റിയുടെ കൊച്ചുമകനാണ് സുരേഷ് പോറ്റി. 1980 ൽ




*ഉണ്ണികൃഷ്ണൻ സുരേഷ്കുമാർ*
*ലിയോ ഡിസ്ട്രിക്ട് പ്രസിഡണ്ടായപ്പോൾ: 2009–10*

## ചെയ്യേണ്ടത് ശാസ്ത്രത്തിന്റെ ടൂളുകൾ ഉപയോഗിച്ചു തന്നെയാണ്

ഇന്ത്യൻ കരസേനയിൽ ഓഫീസ് വിഭാഗത്തിൽ ചേർന്നു. ജ്യോതിഷത്തിൽ പണ്ടേ താൽപര്യമുണ്ടായിരുന്നു. ഇല്ലത്തിന് അടുത്തുള്ള ചന്ദ്രശേഖരൻ ജ്യോത്സ്യരും ജ്യോതിഷ ചക്രവർത്തി ചേപ്പാട് കെ ജി കൈമളും ഗുരുക്കന്മാർ. ഇന്ന് നാട്ടിലെ തിരക്കുള്ള ജ്യോതിഷിയാണ് സുരേഷ് പോറ്റി. നോക്കലും ഫലം പറയലും കൂടാക്കോട്ടില്ലത്തു വെച്ചു തന്നെ.പ്രശ്നം വിവേചിച്ചറിഞ്ഞ് മാത്രം പ്രവചനവും പരിഹാരവുമാണ് ഇവിടെ. അതിന് സമയമെടുത്താലും നാട്ടാർ കാത്തിരിക്കും.

"ജ്യോതിഷം ഒരു ശാസ്ത്രമാണ്. അത് കൈകാര്യം ചെയ്യേണ്ടത് ശാസ്ത്രത്തിന്റെ ടൂളുകൾ ഉപയോഗിച്ചു തന്നെയാണ്. ജ്യോതിഷി, ദൈവികമായ അറിവുകളുടെ ഉൾപ്പൊരുളുകൾ തിരയുന്നു. അതൊരു പ്രാർത്ഥനയാണ്. ഉപാസനയും പ്രധാനം. നഗ്നനേത്രങ്ങൾക്ക് കാണാൻ പറ്റാത്തവയെ ജ്യോതിഷസ്കാനിൽ അറിയാം എന്നർത്ഥം. അസ്ട്രോളജി ഒരു തപസ്യയായി കണ്ടാൽ വ്യക്തിയെ മാത്രമല്ല ഒരു സമൂഹത്തെ അറിയാനും ഭാവി പ്രവചിക്കാനും സാധിക്കും. ദൃഷ്ടാന്തങ്ങളും അനുഭവങ്ങളും നിരവധിയാണ്. ജ്യോതിഷത്തിന്റെ വിവിധവേർഷനുകൾ ലോകമെങ്ങുമുണ്ടല്ലോ . ഇതൊരു സയൻസ് ആണെന്നർത്ഥം. ഭാരതീയജ്യോതിഷവും ജ്യോതിശാസ്ത്രവും പരസ്പരപൂരകമായാണ് വളർന്നത്. ആധുനികോപകരണങ്ങളുടെ സഹായമില്ലാതെ നിരവധി പ്രകാശവർഷം അകലെയുള്ള നക്ഷത്ര പഥക്തികളെ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ഭാരതീയർ പഠിച്ചിരുന്നു. ആര്യഭട്ടന്മാരും വരാഹമിഹിരന്മാരും ഇവിടെ പിറന്നു. ഗവേഷണങ്ങൾ ഇനിയും വേണം. അപ്ഡേറ്റ് ചെയ്യപ്പെടണം."

അസ്ട്രോഫിസിക്സുകാരനായ ഉണ്ണികൃഷ്ണൻ സുരേഷ്കുമാറിന്റെ പിതാവ് മറ്റൊരു കാര്യം കൂടി പറഞ്ഞു.

"ഒരു കുഞ്ഞിന്റെ കരിയർ തെരഞ്ഞെടുക്കുന്നതിൽ തീരുമാനമെടുക്കാൻ കൃത്യമായ ജാതക പരിശോധന കൊണ്ടു സാധിക്കും. അത് നോക്കാതെ മകനെ / മകളെ അവർക്ക് അഭിരുചിയോ വാസനയോ ഇല്ലാത്ത ദിശയിലേക്ക് നിർബന്ധിച്ചു നയിക്കുന്ന രക്ഷിതാക്കൾ പ്രകൃതിയുടെ നിയമങ്ങൾ ലംഘിക്കുകയാണ്. പിന്നീട് സ്ട്രെസ്സ്, ടെൻഷൻ. അതു പരിഹരിക്കാനായി കൗൺസലിംഗ്. ചികിത്സയെക്കാൾ എത്രയോ പ്രധാനം രോഗം വരാതെ നോക്കുന്നതല്ലേ ? കരിയർ ഗൈഡൻസിലും ജ്യോതിഷത്തിന്റെ ആപ്ളിക്കേഷനുകൾക്ക് സ്ഥാനമുണ്ട്." ●

സുരേഷ് പോറ്റി,
ഭദ്രാ ജ്യോതിഷാലയം
മൊബൈൽ: 9349463740

### നമ്പൂതിരിപ്പഴമയിൽ നിന്ന് ഒരേട്

# ചെണ്ടയിൽ മിമിക്രി കൊട്ടിയ ആൾ

**കീചകവധത്തിൽ ശയ്യാലങ്കാരമുണ്ട്. മെത്ത വിരിച്ച് ക്രീഡയ്ക്ക് പാകപ്പെടുത്തുന്ന രംഗം. മെത്ത വിരിക്കാനും ചെണ്ടക്കോലു പറ്റുമെന്ന് മൂത്തമന തെളിയിച്ചു. അതായത് പുതിയ ഭാഷയിൽ പറഞ്ഞാൽ ചെണ്ടക്കോലു കൊണ്ട് മിമിക്രി. അത്രയ്ക്ക് സിദ്ധി കാണിച്ച ആ നമ്പൂതിരിയെ സമുദായമോ കഥകളി രംഗമോ വേണ്ടവിധം അടയാളപ്പെടുത്തിയിട്ടില്ല.**

**രവി തേലക്കാട്**



കഥകളി കാണുന്നവർക്കറിയാം, അതിന്റെ ബി.ജി.എമ്മിൽ ചെണ്ടയുടെ സ്ഥാനം. പൊന്നാനിയും ശിങ്കിടിയും എത്ര ഉച്ചത്തിൽ പദങ്ങൾ ചൊല്ലിയാലും ചെണ്ടക്കൊപ്പം വരില്ല. കഥകളിയുടെ കേളികൊട്ടിനായിരുന്നു ചെണ്ട സമൃദ്ധമായി ഉപയോഗിച്ചിരുന്നതെങ്കിൽ മൂത്തമനയുടെ വരവോടെ ഇളകിയാടുന്ന മനോധർമ്മത്തിനൊപ്പം ചെണ്ടക്കോലും ഇളകിയാടാൻ തുടങ്ങി. നടനത്തിലെ മനോധർമ്മം ചെണ്ടയിലുമായി.

അളന്നുതൂക്കിയ താളബോധം, നിറഞ്ഞു തൂവിയ രംഗബോധം. അതായിരുന്നു മൂത്തമനയുടെ വാദന ശൈലി.

ഒരു ഉദാഹരണം പറയാം. രാവണോത്ഭവം കഥകളി. ആകാശത്തു കൂടിയുള്ള വൈശ്രവണന്റെ വിമാനയാത്ര. ചെണ്ടക്കോലു കൊണ്ട് വിമാനയാത്രയുടെ ശരീരഭാഷയും ശബ്ദഭാഷയും ആദ്യമായി അരങ്ങിൽ പ്രയോഗിച്ചത് മൂത്തമനയാണ്. മറ്റൊന്നു പറയാം. നളചരിതമാണ് കഥ. കാട്ടാളന്റെ കൂർക്കംവലി. പാട്ടുകാർക്ക് പാടി ഫലിപ്പിക്കാനോ നടന് ഇളകിയാടാനോ പറ്റില്ല. പക്ഷേ, ചെണ്ടക്കോല് മതി മൂത്തമനയ്ക്ക് ഏതു തരം കൂർക്കം വലിയും സൃഷ്ടിക്കാൻ. കാട്ടാളന്റേതല്ല കാപ്പിരിയുടേതും.

**മൈക്കും കോളാമ്പിയും പതിനായിരം വാട്ട്സിന്റെ ശബ്ദഘോഷങ്ങളും ഇല്ലാതിരുന്ന കാലത്ത് കളിവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ചെണ്ടക്കോലിന്റെ സൂക്ഷ്മശബ്ദം കൊണ്ട് മായാപ്രപഞ്ചമൊരുക്കിയ കലാകാരനായിരുന്നു മൂത്തമന കേശവൻ നമ്പൂതിരി**



*മൂത്തമന കേശവൻ നമ്പൂതിരി (ജനനം:1888- മരണം:1955)*

കീചകവധത്തിൽ ശയ്യാലങ്കാരമുണ്ട്. മെത്ത വിരിച്ച് ക്രീഡയ്ക്ക് പാകപ്പെടുത്തുന്ന രംഗം. മെത്ത വിരിക്കാനും ചെണ്ടക്കോലു പറ്റുമെന്ന് മൂത്തമന തെളിയിച്ചു. അതായത് പുതിയ ഭാഷയിൽ പറഞ്ഞാൽ ചെണ്ടക്കോലു കൊണ്ട് മിമിക്രി. അത്രയ്ക്ക് സിദ്ധി കാണിച്ച ആ നമ്പൂതിരിയെ സമുദായമോ കഥകളി രംഗമോ വേണ്ടവിധം അടയാളപ്പെടുത്തിയിട്ടില്ല. പഴയതും പുതിയതുമായ പല നമ്പൂതിരിമാരെയും സ്വസ്തിയിലൂടെ അറിയാൻ പറ്റി. അപ്പോൾ എന്റെ അമ്മാത്തായ മൂത്തമനയിൽ ഉണ്ടായിരുന്ന മുത്തപ്ഫനെപ്പറ്റി എഴുതണമെന്നു തോന്നി.

മൂത്തമന കേശവൻ നമ്പൂതിരി. അതാണ് മുത്തപ്ഫന്റെ പേര്. തൃശൂർ ജില്ലയിലെ തയ്യൂരിലാണ് മൂത്തമന. അവിടത്തെ ശങ്കരൻ നമ്പൂതിരിയുടേയും ഏനാമാവ് പെരിങ്ങര ഇല്ലത്ത് പാർവതി അന്തർജനത്തിന്റേയും മകനായി1888-ൽ ജനനം.

വടക്കേ മലബാറിൽ പാനേംകളി എന്നൊരു കലാരൂപമുണ്ട്. തെക്കൻ കേരളത്തിൽ യാത്രക്കളി എന്നു പറയും. മദ്ധ്യ കേരളത്തിൽ സംഘക്കളിയെന്നും. ഇല്ലങ്ങളിൽ അരങ്ങേറുന്ന ആ കലാരൂപത്തിലെ ചെണ്ടയിൽ മൂത്തമന കേശവൻ നമ്പൂതിരി ആകൃഷ്ടനായി. വെള്ളാറ്റഞ്ഞൂർ രാമൻ നമ്പീശന്റെ ശിക്ഷണത്തിൽ ചെണ്ട കൊട്ട് അഭ്യസിച്ചു.

വളരെ പെട്ടെന്നു തന്നെ പാനേംകളിയിൽ നിന്ന് കഥകളിച്ചെണ്ടയിൽ പ്രാവീണ്യം നേടി. തിരുവിലാമല വെങ്കിച്ച സ്വാമിയും (മദ്ദളം) വൈലത്തൂർ മാധവൻ നായരും കേശവൻ നമ്പൂതിരിയുടെ സമകാലികരായിരുന്നു. ആ കൂട്ടുകെട്ട് കളിയരങ്ങിനെ ത്രസിപ്പിച്ചു. കഥക

ളിയിൽ മേളത്തിന് പ്രാധാന്യമില്ലാതിരുന്ന കാലത്ത് മേളത്തിന് കീഴടങ്ങിയ നൂറു കണക്കിന് വേദികൾ.

ചെണ്ടയിൽ മൂത്തമനയും മദ്ദളത്തിൽ വെങ്കിച്ച സ്വാമിയും. ഇവർ ഇരുവരും ചേർന്നാണ് കഥകളി ച്ചെണ്ട മേളരൂപത്തിൽ ആദ്യമായി ചിട്ടപ്പെടുത്തിയത്. അക്കാലത്ത് കേരളമൊട്ടുക്കും ഒരു പാട് ആരാധകരും, ആസ്വാദകരും ഉണ്ടായിരുന്ന കേശവൻ നമ്പൂതിരിയ്ക്ക് അവരിലെ ആഹ്ലാദവും, ആവേശവുമൊക്കെയായിരുന്നു കിട്ടിയിരുന്ന പ്രചോദനങ്ങളും, പുരസ്കാരങ്ങളും.

കഥകളിച്ചെണ്ടയ്ക്ക് പിൽക്കാലത്ത് പേരും പെരുമയും ഉണ്ടാക്കിക്കൊടുത്ത കോട്ടക്കൽ കുട്ടൻമാരാരും കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളും മറ്റും അദ്ദേഹത്തിന്റെ ശിഷ്യരാണ്. വേറെയും പ്രഗൽഭരായ അനേകരെ ശിഷ്യസമ്പത്തായി കിട്ടി. മുത്തഫന്റെ ശൈലി വല്യച്ഛന്റെ മകനായ കൃഷ്ണൻ കുട്ടി പൊതുവാളും അനുകരിച്ചു വന്നിരുന്നതായി പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്.

മുത്തപ്ഫനെ പോലെ തന്നെ മുത്തശ്ശൻ ശങ്കരൻ നമ്പൂതിരി ഒരു കലാകാരനായിരുന്നു. കളിയരങ്ങിൽ മദ്ദളക്കാരനായി മുത്തശ്ശൻ അധികം അറിയപ്പെട്ടിരുന്നില്ലെങ്കിലും സംഘക്കളിയുടെ അമരത്ത് അദ്ദേഹം ആചാര്യനായി. ധാരാളം ശിഷ്യസമ്പത്തും അദ്ദേഹത്തിനുണ്ടായിരുന്നു. മുത്തശ്ശന്റെ ശിഷ്യപ്രശിഷ്യരിൽ മൂത്തമന പരമേശ്വരൻ നമ്പൂതിരി, മേലേടം കൃഷ്ണൻ മാഷ്, പൂങ്ങാട് നാരായണൻ, ചെറുമിറ്റം പ്രശാന്ത് തുടങ്ങിയവർ സമുദായക്കളിയെ ഇന്നും പരിപോഷിക്കുന്നു.

പഴയ നമ്പൂതിരി സമ്പ്രദായമനുസരിച്ച് തയ്യൂർ കല്ലാറ്റു കുറുപ്പത്തുനിന്നാണ് മുത്തഫൻ വിവാഹം കഴിച്ചത്. വെള്ളാറ്റഞ്ഞൂരിൽ തിരുവാതിരക്കളിയിൽ പ്രഗൽഭയായ കല്ലാറ്റ് മാധവിക്കുട്ടിയമ്മയെ. മാധവക്കുറുപ്പ്, കരുണാകരക്കുപ്പ്, നാണിക്കുട്ടിയമ്മ, രാവുണ്ണിക്കുറുപ്പ്, കൃഷ്ണക്കുറുപ്പ് എന്നിവർ മക്കളാണ്.

നമ്പൂതിരി സമുദായത്തിന്റെ കർശനമായ ആചാരാനുഷ്ഠാനങ്ങൾക്കിടയിൽ നിന്നു കൊണ്ടു തന്നെ കറ കളഞ്ഞ കലാകാരനായി ജീവിതം നയിച്ച മൂത്തമനയെ അത്ഭുതത്തോടു കൂടി മാത്രമേ നോക്കി ക്കാണാൻ കഴിയൂ. 1955 ൽ അറുപത്തിയേഴാം വയസ്സിൽ വിഷ്ണു പാദങ്ങളിൽ ലയിച്ചു. ഇപ്പോൾ ഏഴു പതിറ്റാണ്ട് കഴിഞ്ഞു. ●


രവിതേലക്കാട്, തേലക്കാട് മന
പി.ഒ വെള്ളിനേഴി,
പാലക്കാട് ജില്ല, പിൻ:679504
മൊബൈൽ: 9895333280


## പുസ്തക പരിചയം / പൈക്കാട് രാമായണം

**ദേവകി. കെ.ഐ**



ഈയിടെ ദിവംഗതനായ പൈക്കാട് കേശവൻ നമ്പൂതിരിയുടെ ഏറെനാളത്തെ ശ്രമഫലമായി ഒരു രാമായണം പ്രകാശിതമായി. പൈക്കാട് രാമായണം. പൂർണമായും നതോന്നതയിൽ എഴുതിയപ്പെട്ട മനോഹരമായ കൃതി.

കേശവേട്ടനെ സ്നേഹബഹുമാനങ്ങളോടെ ഓർക്കാൻ ഈ കൃതി വീണ്ടും കാരണമായി. ഇത് കൂടുതൽ വായനക്കാരിലെത്തണം. പൈക്കാട് ഇല്ലക്കാർ എന്നെ അതിനായി പ്രേരിപ്പിച്ചിട്ടില്ല. വായിച്ചപ്പോൾ എനിക്ക് തോന്നിയതാണ്. സ്വസ്തിയിലൂടെ ഇതിനായി ശ്രമിച്ചാലോ എന്നൊരു ചിന്ത. വായനാപ്രിയരായവർ എന്തെങ്കിലുമൊക്കെ ചെയ്യുമെന്ന വിശ്വാസം കൊണ്ടാണ് ഈ കുറിപ്പ്.

ഓരോ വായനക്കാരും ഈ പുസ്തകം കൂടുതൽ പേരിലെത്തിക്കാൻ ശ്രമിക്കണം. ഒരു അപേക്ഷയാണ്. ഈ പുസ്തകം വേറിട്ടൊരു മലയാള രാമായണമെന്നതിൽ സംശയമില്ല. രാമായണങ്ങൾ പലവിധമുണ്ടല്ലോ. നതോന്നത വൃത്തത്തിൽ വ്യത്യസ്തമായ രസകരമായി ചെല്ലാൻ പറ്റുന്ന ഒരു







രചന തന്നെയാണ് ഇത്. അന്വേഷണത്തിനായി അദ്ദേഹത്തിന്റെ മകൻ രാജുവിന്റെ നമ്പർ +9181570 54886


**ദേവകി. കെ.ഐ,** ഇടിപ്പ ഇല്ലം, അരീക്കൽ
താഴെക്കുനിയിൽ, കുന്നുമ്മൽ, കക്കട്ടിൽ–673507,
കോഴിക്കോട്, മൊബൈൽ: 9539173908

# ആ ഫോൺകോൾ വന്നത് ദേവീസന്നിധിയിൽ നിന്ന്



*പനച്ചിക്കാട് ദക്ഷിണ മൂകാംബി ക്ഷേത്രത്തിൽ എഴുത്തിനിരുത്താൻ ചെന്ന ആചാര്യന്മാർക്കൊപ്പം ഈറ്റിശ്ശേരി ദാമോദരൻ നമ്പൂതിരി*

**പുലർച്ചെ രണ്ടുമണിക്ക് എഴുന്നേൽക്കണം എന്നായിരുന്നു നിർദ്ദേശം. അതിനുമുമ്പ് തന്നെ എഴുന്നേറ്റു. കുളി കഴിഞ്ഞ് മൂന്നു മണിയോടെ അമ്പലത്തിലെത്തി. ഓഫീസിൽ പോയി ഞങ്ങൾക്കുള്ള ടാഗ് ധരിച്ചു. 36 ആചാര്യന്മാർ. ഒരു തളികയിൽ അരിയും പാത്രത്തിൽ കുറച്ച് വെള്ളവും വെച്ചിട്ടുണ്ടായിരുന്നു. നാലുമണിയോടെ തന്നെ ഞങ്ങൾ റെഡിയായി. ചടങ്ങ് കഴിഞ്ഞ് അരിയിട്ട് കുട്ടിയുടെ ശിരസ്സിൽ കൈവെക്കുമ്പോൾ അനുഗ്രഹം എന്നതിന്റെ വാക്യാർഥം അക്ഷരാർത്ഥത്തിൽ അനുഭവിക്കുകയായിരുന്നു.**

**ഈറ്റിശ്ശേരി ദാമോദരൻ നമ്പൂതിരി**



പനച്ചിക്കാട് ദക്ഷിണ മൂകാംബി ക്ഷേത്രത്തിലേക്ക് എഴുത്തിനിരുത്തിനുള്ള ആചാര്യനായി ഒരാൾ കൂടി വേണം, ദാമോദരേട്ടന് വരാൻ പറ്റുമോ? മാഞ്ചേരി രാജേട്ടന്റെ ഫോൺ വന്നപ്പോൾ മറ്റൊന്നും ആലോചിച്ചില്ല,വരാമെന്ന് ഉറപ്പു കൊടുത്തു. മറ്റു കാര്യങ്ങൾ ഒക്കെ പിന്നീട് മാത്രമേ ആലോചിച്ചുള്ളൂ. അത്രമാത്രം ഭാഗ്യമായി കരുതിയിരുന്നു പനച്ചിക്കാട് ദേവീസന്നിധിയിൽ പോയി ഇങ്ങനെയൊരു ചടങ്ങിൽ പങ്കെടുക്കുക എന്നുള്ളത്.

മുൻകൂട്ടി നിശ്ചയിച്ച പ്രകാരം തലേന്ന് വൈകിട്ടോടെ തന്നെ ഞങ്ങൾ അഞ്ചുപേർ പനച്ചിക്കാട് ദേവി സന്നിധിയിലെത്തി. ആദ്യമായിട്ടാണ് അവിടെ പോകുന്നത്. മഹാനവമി ആയതിനാൽ അത്യധികം തിരക്കായിരുന്നു. രാപ്പകൽ ഭേദമില്ലാതെ സംഗീത കലാപരിപാടികൾ. ഗസ്റ്റ് ഹൗസിൽ മുറി ഏർപ്പാടാക്കിയിരുന്നു. കുളികഴിഞ്ഞ് ക്ഷേത്രദർശനത്തിന് പുറപ്പെട്ടു. ഭഗവതി സേവയിൽ പുഷ്പാഞ്ജലി ചെയ്യാനും മറ്റും അവസരവും ലഭിച്ചു. ദർശനം കഴിഞ്ഞ് പുറത്തെ സരസ്വതീമണ്ഡപത്തിൽ തൊഴുത് റൂമിലെത്തി. പുലർച്ചെ രണ്ടുമണിക്ക് എഴുന്നേൽക്കണം എന്നായിരുന്നു നിർദ്ദേശം. അതിനുമുമ്പ് തന്നെ എഴുന്നേറ്റു. കുളി കഴിഞ്ഞ് മൂന്നു മണിയോടെ അമ്പലത്തിലെത്തി.

ഓഫീസിൽ പോയി ഞങ്ങൾക്കുള്ള ടാഗ് ധരിച്ചു. 36 ആചാര്യന്മാർ. ഒരു തളികയിൽ അരിയും പാത്രത്തിൽ കുറച്ച് വെള്ളവും വെച്ചിട്ടുണ്ടായിരുന്നു. നാലുമണിയോടെ തന്നെ ഞങ്ങൾ റെഡിയായി. ക്യൂവിൽ നിന്നിരുന്ന കുട്ടികളും രക്ഷിതാക്കളും ഓരോരുത്തരായി വരാൻ തുടങ്ങി. കൈത്തണ്ടയുമായി ബന്ധിപ്പിച്ച ചരടിൽ കെട്ടിയ സ്വർണ്ണമോതിരം കൊണ്ട് ഓരോ കുട്ടിയുടെയും നാവിൽ ഹരിശ്രീ കുറിക്കാനും തുടർന്ന് അരിയിൽ എഴുതിക്കാനും തുടങ്ങി.

തുടർന്നങ്ങോട്ട് കുട്ടികളുടെയും രക്ഷിതാക്കളുടെയും ഇടതടവില്ലാത്ത ഒഴുക്ക് തന്നെ. അപരിചിതനായ ഈ മുത്തശ്ശന്റെ മടിയിലിരുന്നപ്പോൾ പലരും കരയാൻ തുടങ്ങി. വേറെ ചിലർ പുഞ്ചിരിച്ച് കൊണ്ട് നാവു നീട്ടി. പല്ലിറുക്കിപ്പിടിച്ചു കൊണ്ട് വേറെ ചിലർ. പലരോടും അല്പം ഭേദ്യം വേണ്ടിവന്നു. പക്ഷേ അരിയിൽ എഴുതാൻ തുടങ്ങിയപ്പോൾ എല്ലാവർക്കും വലിയ സന്തോഷം. ചടങ്ങ് കഴിഞ്ഞ് അരിയിട്ട് കുട്ടിയുടെ ശിരസ്സിൽ കൈവെക്കുമ്പോൾ അനുഗ്രഹം എന്നതിന്റെ വാക്യാർഥം അക്ഷരാർത്ഥത്തിൽ അനുഭവിക്കുകയായിരുന്നു.

അനുസരണക്കേടും വികൃതിയും കാണിക്കുന്ന കുട്ടികളെയോർത്ത് ചില രക്ഷിതാക്കൾക്ക് സങ്കടം. കുട്ടികളിലെല്ലാം ഈശ്വരനെ ദർശിക്കണമെന്ന് അവരോട് പറഞ്ഞു. എല്ലാം ബാലലീലയായി കരുതിയാൽ മതിയെന്നും. അവരുടെ മുഖത്ത് സന്തോഷം. ഏതാണ്ട് പതിനൊന്നര പന്ത്രണ്ട് മണിയോടെയാണ് കുട്ടികളുടെ ഒഴുക്ക് കുറച്ചൊന്ന് കുറഞ്ഞത്. ഇടക്ക് ഭക്ഷണം കഴിക്കാൻ പോലും സാധിച്ചിരുന്നില്ല. വിശപ്പ് മറന്ന നിമിഷങ്ങൾ. മാഞ്ചേരി രാജേട്ടന്റെ ഫോൺ വന്നപ്പോൾ അത് ഇത്ര ധന്യമായ ഒരു നിയോഗമാവുമെന്ന് നിനച്ചില്ല. ആ ഫോൾകോൾ വന്നത് ദേവീസന്നിധിയിൽ നിന്നെന്ന് വിശ്വസിക്കാനാണ് ഇഷ്ടം. ●

പി ഇ ദാമോദരൻ നമ്പൂതിരി, നന്ദീശ്വരം,
ഈറ്റിശ്ശേരി മന, ഉല്ലാസ് നഗർ, തൃക്കങ്ങോട്,
പി. ഒ മനിശ്ശേരി, ഒറ്റപ്പാലം, പാലക്കാട് ജില്ല.
പിൻ: 679521, മൊബൈൽ: 9447637415
പനച്ചിക്കാട് മൊബൈൽ: 9446283596



# നാൽപതാം വിവാഹ വാർഷികം

**വെദിരമന വിഷ്ണുനമ്പൂതിരി –**
**ലത അന്തർജനം** (മാധവപ്പള്ളി ഇല്ലം)

*ആശംസകളോടെ*
മക്കൾ: **ഡോ. കേശവൻ വെദിരമന,**
**ഡോ. അശ്വതി അനൂപ്**
മരുമക്കൾ: **ഡോ: തുളസി കേശവൻ,**
**അനൂപ് ഗോവിന്ദ് പെരികമന**
പേരക്കുട്ടികൾ: **നിവേദ് വിഷ്ണു, അദ്വിക് ഗോവിന്ദ്**

**കേശവതീരം ആയുർവേദ ആശുപത്രി**
**ഏഴിലോട് പി.ഒ., പയ്യന്നൂർ, കണ്ണൂർ ജില്ല**
**ഫോൺ: 9495014766, 04972800298**





## 2025 നവവത്സരാശംസകൾ

സസ്നേഹം
പഴങ്ങോട്ടുപൊറ്റ
മാധവൻ നമ്പൂതിരിയും
കുടുംബാംഗങ്ങളും

പഴങ്ങോട്ടുപൊറ്റ ഇല്ലം
പി ഒ പുളിയക്കോട്
വഴി കുഴിമണ്ണ
മലപ്പുറം ജില്ല
മൊബൈൽ
9495231304
9400344842
9745137987

ശതാഭിഷേകം
2024 ഡിസംബർ 5

## ടി.പി ശങ്കരൻ നമ്പൂതിരി

(ടിപിഎസ് )
റിട്ട. കനറാ ബാങ്ക് ഓഫീസർ

തട്ടായത്ത് മന,
ചാലക്കുടി, തൃശ്ശൂർ

ആശംസകളോടെ
തട്ടായത്ത് മന കുടുംബാംഗങ്ങൾ,
യോഗക്ഷേമസഭ,
ചാലക്കുടി ഉപസഭ



# കാറൽമണ്ണ ദേശത്തിന്റെ ആദരാഞ്ജലികൾ

## കഥകളി ആശാൻ കീഴേ നരിപ്പറ്റ നാരായണൻ നമ്പൂതിരി



ജനനം:1947 തുലാം രോഹിണി.
ചരമം: 23 - 10 - 2024
സന്തപ്ത കുടുംബാംഗങ്ങൾ: - പത്നി: ആര്യ ടീച്ചർ ( കൊടയ്ക്കാട്ടു കുത്തുള്ളി മഹൾ, ഉറിയൻ മഠം മരുമഹൾ ) മക്കൾ: രജിത നരിപ്പറ്റ, ഗിരിജ നരിപ്പറ്റ. മരുമക്കൾ: പ്രശാന്ത് ചെറുമിറ്റം, അഭിലാഷ് അഷ്ടത്തുമന. പൗത്രന്മാർ: ശ്രീദേവ് ചെറുമിറ്റം, ദേവദത്തൻ ചെറുമിറ്റം, ഹരിശങ്കർ അഷ്ടത്ത്, ഗൗതം നാരായണൻ അഷ്ടത്ത്

## കാറൽമണ്ണ കുന്നത്ത് മന ലീല അന്തർജ്ജനം



ജനനം: 28 - 05 - 1936, വേർപാട് 15 - 10 - 2024
കാറൽമണ്ണ കുന്നം യശശ്ശരീരനായ ബ്രഹ്മദത്തൻ നമ്പൂതിരിയുടെ പത്നി ലീല അന്തർജ്ജനത്തിന്റെ സദ്ഗതിക്കായി പ്രാർത്ഥനാപൂർവ്വം
മക്കൾ: കുന്നം രാധാകൃഷ്ണൻ നമ്പൂതിരി, കൂക്കമ്പാറ ശ്രീദേവി ( അമ്മിണി) അന്തർജ്ജനം, ഓട്ടുപുര ആര്യ (തങ്കമണി) അന്തർജ്ജനം, എടോഴിപ്പുറം ഗീത (ആര്യവൈദ്യശാല, കോട്ടക്കൽ)
മരുമകൾ ജയ പുവ്വത്തടി ( കുന്നം രാധാകൃഷ്ണന്റെ സഹധർമ്മിണി)
പൗത്രരും പ്രപൗത്രരും

## കാറൽമണ്ണ കുന്നത്ത് മന പരമേശ്വരൻ നമ്പൂതിരി



കുന്നത്ത് മന, കാരൽമണ്ണ,
ജനനം: 04 - 02 - 1938, മകരം 22
പൂരൂരുട്ടാതി നക്ഷത്രം. മരണം: 25 - 10 - 2024
ഭാര്യ: കോമളം അന്തർജനം (പനമ്പറ്റ മന മഹൾ)
മക്കൾ: വിജയ് കെ പി , വിനോദ് കെ പി
മരുമകൾ: രമ്യ വിജയ് (ചെറവല്ലൂർ മന )
പേരക്കുട്ടികൾ: അദിനാഥ് കെ വിജയ്, നിതാര കെ വിജയ്.

## ദേശപ്പെരുമ /കാറൽമണ്ണ / പാലക്കാട് ജില്ല

# നമ്പൂതിരിമാരുടെ ഒരു സ്വാശ്രയ ഗ്രാമം








പാണ്ടം സുബ്രഹ്മണ്യൻ എന്ന അപ്പു, കുന്നം രാജൻ മീമാംസക്, കുന്നം വിനോദ് നാരായണൻ

**യാഗം പോലുള്ള പഴയ സംസ്കൃതികൾ. യോഗം (ക്ഷേമസഭ) പോലുള്ള പുതിയ കൂട്ടായ്മകൾ. വായനശാലയും സ്കൂളും വ്യവസായവും ബസ്സും ബാങ്കും എന്നുവേണ്ട മലമ്പുഴയിലെ ഫാൻ്റസി പാർക്ക് പോലുള്ള പുതുസംരംഭങ്ങൾ പോലും നടത്താൻ ശേഷിയുള്ള നമ്പൂതിരിമാരെ സൃഷ്ടിച്ച നാട്. അതേ, ഒരു നമ്പൂതിരി സ്വാശ്രയ ഗ്രാമം. ഇപ്പോഴും അതിന് മാറ്റമില്ല. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനമായ ഐ എസ് ആർ ഒ യിലും ഗൂഗിളിൻ്റെ ആസ്ഥാനത്തു പോലുമുണ്ട് കാറൽമണ്ണക്കാർ.**

**കെ എം പരമേശ്വരൻ**



ഒരുപാടുണ്ട് കാറൽമണ്ണയുടെ ദേശപ്പെരുമ. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസമനുഷ്ഠിച്ച മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിൻ്റെ കർമ്മഭൂമി. യോഗക്ഷേമസഭയുടെ യുവജനപ്രസ്ഥാനത്തിൽ വി.ടിയോടൊപ്പം ചേർന്ന് കാസർഗോഡ് വരെ യാചനായാത്ര നടത്തിയ പാണ്ടം വാസുദേവൻ നമ്പൂതിരിയുടെ ദേശം. ഗുരുവായൂരിലും ശബരിമലയിലും മേൽശാന്തിയാവാൻ അപൂർവ ഭാഗ്യം സിദ്ധിച്ച തെക്കുമ്പറമ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ ദേശം. 1787ലെ ആലുവ സോമയാഗത്തിൽ ഋത്വിക്ക് ആയ തൃക്കടീരി വലിയ അടിതിരിപ്പാടിൻ്റെ ദേശം. അഞ്ചു തലമുറയിലുള്ളവർ സോമയാഗമനുഷ്ഠിച്ച് അഗ്നിഹോത്രം പരിപാലിച്ച കൊയ്ത്തടി തറവാടുള്ള ദേശം. കടവല്ലൂർ അന്യോന്യത്തിലെ കടന്നിരുന്ന ഓത്തന്മാരുടെ നാട്.

മലബാർ ഡിസ്ട്രിക്ട് ബോർഡിൻ്റെ പ്രസിഡൻ്റായിരുന്ന പി.ടി. ഭാസ്കരപ്പണിക്കരുടെ അച്ഛൻ്റെ ഇല്ലമുള്ള നാട്. 1932ൽ യോഗക്ഷേമസഭയുടെ 25–ാം വാർഷികത്തിന് ആതിഥേയത്വം വഹിച്ച ദേശം. സംഹിതയും സർവ്വകലാശാലാ ബിരുദവും ഒരുമിച്ചു കീഴടക്കിയ പാണ്ടം അപ്പുവിൻ്റെ നാട്. 'പുത്രകാമേഷ്ടി' നടത്തിയ തൃക്കടീരി മനയുള്ള നാട്. പിൽക്കാലത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിച്ച സ്വകാര്യ ബാങ്കുകൾ

*കാറൽമണ്ണ തിരുമുല്ലപ്പള്ളിയപ്പൻ്റെ ആസ്ഥാനം*



*ഫോട്ടൊ മാളൂട്ടി സ്റ്റുഡിയോ കാറൽമണ്ണ 9961733452*




*1932ൽ സ്വന്തം ഭാര്യമാർക്ക് ഘോഷയിൽ നിന്ന് മോചനംനൽകിയ വിപ്ളവകാരി കളായ രണ്ടു ഭർത്താക്കന്മാർ. യശശ്ശരീരരായ കീഴേ നരിപ്പറ്റ ശങ്കരനാരായണൻ നമ്പൂതിരി യും പാണ്ടം വാസുദേവൻ നമ്പൂതിരിയും.*



*ചെർപ്പുളശശേരി പഞ്ചായത്തിന്റെ ആദ്യ കാലമെമ്പറായിരുന്ന കൊയ്ത്തടി വാസു ദേവൻ നമ്പൂതിരി*

നടത്തിയ നമ്പൂതിരിമാരുടെ നാട്.

ഒരു ശ്ളോകം ചൊല്ലാം.

'സംസാര സാഗരത്തിന്റെ
ഒറ്റപ്പാലം കടക്കുകിൽ
തെറ്റുപറ്റാതെയെത്തീടാം
കാറൽമണ്ണയിലാർക്കുമേ'

വാസുദേവൻ പാണ്ടം ചൊല്ലി ക്കേട്ടതാണ്. പറഞ്ഞ ആൾ ജ്ഞാനിയും കേട്ട ആൾ അജ്ഞാനിയും ആയതിനാൽ അന്നതിന്റെ പൊരുൾ പിടികിട്ടിയില്ല. ഒറ്റപ്പാലത്തു നിന്നു പെരിന്തൽമണ്ണക്കുള്ള ബസ്സിൽ കയറിയാൽ കാറൽമണ്ണ അമ്പലനടയിൽ ഇറങ്ങാം എന്ന് വാച്യം. സംസാരസാഗരത്തിൽ നിന്ന് കര കയറിയാലേ കാറൽമണ്ണയുടെ യജ്ഞപാരമ്പര്യം പിടികിട്ടുകയുള്ളൂ എന്ന് വ്യംഗ്യം.

ചെർപ്പുളശ്ശേരി വഴിയുള്ള പാലക്കാട്- പെരിന്തൽമണ്ണ ബസ്സിൽ ഇരുപത്തെട്ടാം മൈലിലാണ് കാറൽമണ്ണ. പെരിന്തൽമണ്ണ പഴയ ബസ് സ്റ്റാന്റിൽ 'ആന-പാറൽ, തൂത-കാറൽ' എന്ന് സംഗീതാത്മകമായി അനൗൺസ് ചെയ്ത് ചെർപ്പുളശ്ശേരിക്ക് യാത്രക്കാരെ ക്ഷണിച്ചിരുന്ന ഒരാൾ മുമ്പുണ്ടായിരുന്നു. യജ്ഞപാരമ്പര്യമില്ലാത്ത സംഗീതം.

തൃശൂരിൽ ബ്രഹ്മസ്വം മഠത്തിലും നമ്പൂതിരി വിദ്യാലയത്തിലും പഠിച്ച ആളാണ് വാസുദേവൻ. പാണ്ടം യോഗക്ഷേമസഭയുടെ യുവജനപ്രസ്ഥാനത്തിൽ വി.ടിയോടൊപ്പം ചേർന്ന ആൾ. കാസർഗോഡ് കുഡ്‌ലു കാവിപ്പട്ടേരി ഇല്ലം വരെ യാചനായാത്രയിൽ മുൻനിരയിലുണ്ടായആൾ. പരിവേദനത്തിന്റെ പേരിൽ തറവാട്ടിൽ നിന്ന് ബഹിഷ്കൃതനായവൻ.

മാത്രമല്ല, സഹധർമ്മിണി പാർവ്വതിയെ ഘോഷ ബഹിഷ്കരിച്ച് യോഗക്ഷേമസഭാ രജതജൂബിലിയാഘോഷത്തിലെത്തിക്കുകയും ചെയ്തു. അതോടെ നാട്ടിൽ നിൽക്കാൻ പറ്റാതെ പാലക്കാട്ടേക്ക് താമസം മാറ്റി. അവിടെ മകൻ സുബ്രഹ്മണ്യനും മകൾ അമ്മിണിക്കും കോളേജ് വിദ്യാഭ്യാസം പകർന്നവൻ. 1940 കളിലാണ് ഇത്. തിരുവിതാംകൂറുമായി വിവാഹബന്ധത്തിന് തുടക്കമിട്ട ആദ്യകാറൽമണ്ണക്കാരനും ഇദ്ദേഹമാണ്. ചങ്ങനാശ്ശേരി കുമാരമംഗലത്തേക്കാണ് മകളെ പെൺകൊട നടത്തിയത്.

ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ വടക്കൻ പ്രദേശമാണ് കാറൽമണ്ണ. തിരുമുല്ലപ്പള്ളിയപ്പനാ ണ് ദേശദേവൻ. പത്ത് പാരമ്പര്യ ഊരാള കുടുംബക്കാർ. ചുറ്റും ദേശക്കാരുടെ സ്വാശ്രയ ഗ്രാമം. വേദങ്ങൾ പഠിച്ചും പഠിപ്പിച്ചും ഇവിടത്തുകാർ ഉപാസന ചെയ്തു. യാഗങ്ങൾ ചെയ്തും ചെയ്യിപ്പിച്ചും ജീവിതം തപസ്സാക്കി.





*തെക്കേടത്ത് പെരുമ്പടപ്പ് പാർവ്വതി,ആര്യാ പാവുരി, നീലി മൂരിമുണ്ടനാട്ടു*

## യോഗക്ഷേമ സഭയുടെ 25-ാം വാർഷികത്തിൽ ഘോഷ ഉപേക്ഷിച്ച മൂന്ന് അന്തർജ്ജനങ്ങൾ

1932ൽ കാറൽമണ്ണ നരിപ്പറ്റ സ്ഥലത്ത് യോഗക്ഷേമ സഭയുടെ 25-ാം വാർഷികത്തിൽ ഘോഷപ്പുതപ്പ് ഉപേക്ഷിച്ച് ആധുനിക വേഷത്തിൽ സദസ്സിലെത്തിയ മൂന്ന് അന്തർജ്ജനങ്ങൾ കാറൽമണ്ണക്കാരായിരുന്നു. പാണ്ടം വാസുദേവൻ നമ്പൂതിരിയുടെ സഹധർമ്മിണി തെക്കേടത്ത് പെരുമ്പടപ്പ് പാർവ്വതി. യശശ്ശരീരനായ കീഴേ നരിപ്പറ്റ ശങ്കരനാരായണൻ നമ്പൂതിരിയുടെ പത്നിമാരായ ആര്യാ പാവുരി,നീലി മൂരിമുണ്ടനാട്ടു മന എന്നിവർ

## തിരുമുല്ലപ്പള്ളിയപ്പന്റെ വാർഷിക ഉത്സവം

**2025** മാർച്ച് ഒന്നു മുതൽ എട്ടു വരെ കാറൽമണ്ണ തിരുമുല്ലപ്പള്ളിയപ്പന്റെ വാർഷിക ഉത്സവമാണ്. കൊടിയേറ്റം കഴിഞ്ഞാൽ നാലു ദിവസത്തെ ഉത്സവബലി പാരമ്പര്യ ട്രസ്റ്റി കുടുംബക്കാർ വഴിപാടായി ചെയ്തുവരുന്നു. കൊടിയേറ്റത്തോടൊപ്പം പനങ്കുറുശ്ശിക്കാവിൽ ഭഗവതിക്കും ഭദ്രകാളിപ്പാട്ടിന് കൂറയിടും. 41 ദിവസത്തെ ഭദ്രകാളിപ്പാട്ട്. പത്തു ട്രസ്റ്റി കുടുംബക്കാരും നിശ്ചിത ദിവസങ്ങളിൽ കളം പാട്ട് നടത്തുന്നു.

തിരുവാതിരക്ക് മുഖമണ്ഡപത്തിലിരുന്നു വേദസ്തുതികളോടെ വാരമിരിക്കൽ ദേവചൈതന്യ വർദ്ധനക്കായുള്ള സൽക്കർമ്മമാണ്. അന്നദാനത്തോടെയാണ് വാരം നടത്താറുള്ളത്. ചിങ്ങത്തിൽ തൃക്കടീരി, കന്നിയിൽ മേലേനരിപ്പറ്റ തുലാത്തിൽ കീഴേ നരിപ്പറ്റ, വൃശ്ചികത്തിൽ കുന്നത്തുമന, ധനുവിൽ പാവുട്ടി മന, മകരത്തിൽ പാണ്ടത്തുമന ( കുംഭമാസത്തിലെ തിരുവാതിര ആറാട്ടാണ്. മീനത്തിൽ ദേവസ്വം വഴിപാടായിട്ടാണ് വാരം) മേടത്തിൽ തെക്കുംപറമ്പത്തുമന, എടവത്തിൽ കൊയ്ത്തടിമന, മിഥുനത്തിൽ എടത്തൊടി മന, കർക്കിടകത്തിൽ ആലക്കാട്ടു മന എന്ന ക്രമത്തിൽ പത്തു പാരമ്പര്യ ട്രസ്റ്റി കുടുംബക്കാരും മത്സരിച്ച് വാരം നടത്തിയ കാലം പഴയ തലമുറക്കാരുടെ ഓർമ്മയിലുണ്ട്.

നവകം പഞ്ചഗവ്യാദി ചടങ്ങുകളും മിഥുനച്ചോതി പ്രതിഷ്ഠാദിനം, കർക്കിടകത്തിലും വൃശ്ചികത്തിലും തേവരസേവ ഇത്യാദി നിത്യനിദാനങ്ങളും, ട്രസ്റ്റിമാരുടെ മേൽനോട്ടത്തിലും പങ്കാളിത്തത്തിലും നടക്കുന്നു. ഭക്തജനങ്ങളുടെ പങ്കാളിത്തത്തോടെ മലബാർ ദേവസ്വം ബോർഡ് ആണ് ഇപ്പോൾ ഭരണം നടത്തുന്നത്.

പെരുമനം ഗ്രാമക്കാരായ തൃക്കടീരി, ആലക്കാട്, പാവുട്ടി എന്നീ മനക്കാരും ശുകപുരം ഗ്രാമക്കാരായ കുന്നം, കൊയ്ത്തടി, പാണ്ടം എന്നീ മനക്കാരും കാറൽമണ്ണയുടെ തെക്കേ പകുതിയായ അമ്പലവട്ടത്ത് കഴിയുന്നു. ശുകപുരം ഗ്രാമക്കാർ തന്നെയായ തെക്കുംപറമ്പ്, കീഴേനരിപ്പറ്റ, മേലേനരിപ്പറ്റ, എടത്തടി എന്നീ നാലു തറവാട്ടുകാർ വടക്കുംമുറിയിലും നാലുകെട്ടുകൾ പണിതു.

1787–ൽ ആലുവ ദേശത്തെ സോമയാഗത്തിൽ തൃക്കടീരിയിലെ വലിയ അടിതിരിപ്പാട് ഋത്വിക്ക് ആയി പങ്കെടുത്ത് ഭൂമിദാനം കൈപ്പറ്റിയതായി ചരിത്രരേഖയുണ്ട്. വൈദികൻ ചെറുമുക്കായിരുന്നു യജമാനൻ. തിരുവിതാംകൂർ രാജാവ് കുലശേഖര പെരുമാൾ രക്ഷാപുരുഷനും. കണ്ണനൂർ കുന്നം അടിതിരിപ്പാടും ആലുവ യാഗത്തിന്റെ സംഘാടകനായിരുന്നു.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് കാറൽമണ്ണ തിരുമുല്ലപ്പള്ളി ക്ഷേത്രവും നമ്പൂതിരിത്തറവാടുകളും തകർത്തും തീവെച്ചും ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചു. എങ്കിലും, രക്ഷപ്പെട്ട പിൻഗാമികൾ തിരിച്ചെത്തി അവ പുനരുദ്ധരിച്ചു. 1800 നു ശേഷം 1960 വരെ കാറൽമണ്ണ കൊയ്ത്തടി തറവാട്ടിൽ അഞ്ചു തലമുറയിലുള്ളവർ സോമയാഗമനുഷ്ഠിച്ച് അഗ്നിഹോത്രം പരിപാലിച്ചു. എടത്തടിയുടെ മൂലമായ തിരുമിറ്റക്കോട് കറുത്തേടത്തും ആലക്കാടിന്റെ മൂലമായ കണ്ണനൂർ ആലക്കാടും ത്രേതാഗ്നി പാരമ്പര്യം പിന്തുടർന്നു.

വ്യത്യസ്ത ഗോത്രക്കാരും വേദക്കാരും ഗൃഹക്കാരുമായ നമ്പൂതിരിമാർ പരസ്പരം സഹകരിച്ച് ഒരു ദേശം വികസിപ്പിച്ചെടുക്കാമെന്നും ദേശദേവതയെ മുൻനിർത്തി യജ്ഞഭാവത്തോടെ കർമ്മയോഗമനുഷ്ഠിക്കാമെന്നും ഉദാഹരിച്ചതിന്റെ സാക്ഷ്യപത്രം കൂടിയാണ് കാറൽമണ്ണ.

കാറൽമണ്ണ ദേശത്ത് തൃശൂർ യോഗക്കാരും തിരുന്നാവായ യോഗക്കാരും സൗഹൃദത്തിൽ കഴിഞ്ഞു. കോഴിക്കോട് സാമൂതിരിയാണ് തിരുന്നാവായ യോഗം സ്ഥാപിച്ചത്. രണ്ടു യോഗക്കാരും തമ്മിലുള്ള



*കാറൽമണ്ണയുടെ യജ്ഞപാരമ്പര്യം: കുന്നം ത്രിവിക്രമൻ സോമയാജിപ്പാട്, കൊയ്ത്തൊടി പരമേശ്വരൻ സോമയാജിപ്പാട്, കുന്നം നാരായണൻ സോമയാജിപ്പാട്,തെക്കുമ്പറമ്പ് സുബ്രഹ്മണ്യൻ സോമയാജിപ്പാട്, നരിപ്പറ്റ വാസുദേവൻ സോമയാജിപ്പാട്,*



കെ.എൻ.നീലകണ്ഠൻ



ശ്രീദേവി കക്കാട്

## ബെംഗളൂരുവിലെ ഇസ്റോയിലും അമേരിക്കയിലെ ഗൂഗിളിലും കാറൽമണ്ണക്കാർ

*കീഴേ നരിപ്പറ്റയിലെ കെ.എൻ. നീലകണ്ഠൻ എന്ന അപ്പു) ഐ എസ് ആർ ഒ യിലെ റിട്ട ഉദ്യോഗസ്ഥനാണ്. പ്രമുഖ കവി എൻ എൻ കക്കാടിന്റെ പത്നി ശ്രീദേവി കക്കാടും കീഴേ നരിപ്പറ്റയിലെ മഹളാണ്. അമേരിക്കയിലെ ഗൂഗിളിന്റെ ആസ്ഥാനത്ത് പോലും ഉയർന്ന ഉദ്യോഗത്തിൽ കാറൽമണ്ണക്കാരനായ ഒരു നമ്പൂരിയുണ്ട്. കാറൽമണ്ണ ദേശത്തെ കുന്നം തറവാടായിട്ടുള്ള വിനോദ്നാരായണൻ. കുന്നം നാരായണൻ നമ്പൂതിരിയുടെയും പരപ്പനങ്ങാടി ചിറമംഗലത്തെ ഉഷായജ്ഞമൂർത്തിയുടെയും മകനാണ് വിനോദ്*

വേദപ്രയോഗ മത്സരമാണ് കടവല്ലൂർ അന്യോന്യം. കാറൽമണ്ണക്കാർ കുറെക്കാലം അന്യോന്യത്തിൽ പങ്കെടുത്തിരുന്നില്ല. വിരൂപാക്ഷൻ കൊയ്ത്തടിയാണ് ആദ്യമായി അന്യോന്യത്തിൽ പങ്കെടുത്തത്.

കേരള രൂപീകരണത്തിന് തൊട്ടുമുമ്പ് സ്വതന്ത്ര മലബാർ ഭരിച്ച പി.ടി. ഭാസ്കരപ്പണിക്കർ, ഓത്തനും വൈദ്യനുമായ വിരൂപാക്ഷൻ കൊയ്ത്തടിയുടെ മകനായിരുന്നു. (മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രസിഡന്റായി 1953–1956 കാലത്ത് ഭരണം നടത്തി). വിരൂപാക്ഷൻ കൊയ്ത്തടിയുടെ ജ്യേഷ്ഠൻ നീലകണ്ഠൻ സോമയാജിപ്പാടിന്റെ മകൻ നാരായണൻ കൊയ്ത്തടിയും കടന്നിരിക്കൽ പ്രയോഗത്തിൽ വിജയിച്ച ഓത്തനായിരുന്നു. കാടാമ്പുഴ അച്ചിപ്രപുന്നപ്പുറത്ത് മനയിൽ ഇന്നുള്ളവർ കൊയ്ത്തടി പരമ്പരയാണ്.

വേറൊന്ന് പറയാം. ഏത് ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തിയാലും വള്ളി പുള്ളി തെറ്റാതെ സ്വരം പിഴക്കാതെ ഋഗ്വേദ സൂക്തങ്ങൾ ചൊല്ലാൻ കെല്പുള്ള ആളുണ്ടായിരുന്നു കാറൽമണ്ണയിൽ. പാഞ്ഞാളിലെ നെല്ലിക്കാട്ടിൽ മാമണ്ണിൽ യശഃശരീരനായ നീലകണ്ഠൻ അക്കിത്തിരി 1980 കളിൽ സംസാരത്തിനിടെ പറഞ്ഞതാണ്.

'കൊയ്ത്തടി അച്ഛൻ ചെമാരിയാണ് എന്റെ യാഗം മുടങ്ങാതെ രക്ഷിച്ചത്'.

അക്കഥ ഇങ്ങനെ. ഹവിത്രം നിശ്ചയിച്ച ഋത്വിക്കിന് യാഗം തുടങ്ങാൻ മൂന്നു നാലു ദിവസം മാത്രമുള്ളപ്പോൾ അവിചാരിത്മായി പുലയായി. പകരം ഒരാളെ പെട്ടെന്ന് കിട്ടില്ല. ഋഗ്വേദ സൂക്തങ്ങൾ യാഗത്തിൽ പ്രയോഗിക്കാൻ പരിശീലനം വേണം. എന്നാൽ കൊയ്ത്തടി പരമേശ്വരൻ ചെമാരിക്ക് പരിശീലനം വേണ്ടെന്ന് മാമണ്ണിനും അറിയാമായിരുന്നു. കൊയ്ത്തടി ചെമാരിയെ 1930 കളിൽ ഷൊർണ്ണൂരിൽ ഉണ്ടായിരുന്ന ഒരേയൊരു ടാക്സി കാർ വാടകക്കെടുത്തു കയ്യോടെ കൂട്ടിക്കൊണ്ടുവന്നാണ് മുൻ നിശ്ചയപ്രകാരം യാഗം അനുഷ്ഠിച്ചത്.

തൃക്കടീരി മനയിൽ നിന്ന് തൃശൂർ ശങ്കരാചാര്യ മഠത്തിൽ സന്യസിച്ച ഒന്നിലേറെ യോഗിവര്യർ ഉണ്ടായിരുന്നു. അതിനാൽ, തൃക്കടീരിയിൽ യോഗീശ്വര പൂജയും പതിവായിരുന്നു.

ആലുവ ദേശത്തെ വൈദികൻ ചെറുമുക്കിന്റെ ഇല്ലത്തുവെച്ചാണ് 1908–ൽ യോഗക്ഷേമസഭ രൂപീകരിക്കപ്പെട്ടതെങ്കിലും പ്രവർത്തനകേന്ദ്രം തൃശ്ശിവപേരൂരായിരുന്നു. ഉണ്ണിനമ്പൂതിരിമാർ താമസിച്ച് ഓത്തു ചൊല്ലിയിരുന്ന തൃശ്ശൂർ ബ്രഹ്മസ്വംമഠം സഭാപ്രവർത്തനങ്ങളുടെ കേന്ദ്രമായി. 1914 കാലത്ത് മഠത്തിൽ വേദപഠനത്തിനായി താമസിച്ചിരുന്ന ഉണ്ണിനമ്പൂതിരിമാരിൽ മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിയെ എടുത്തുപറയേണ്ടതുണ്ട്. 'ബ്രഹ്മസ്വം മഠത്തിലേക്ക് മണ്ണെണ്ണ വിളക്ക് കടത്തിയ സംഭവ'ത്തിൽ 'പ്രതി'യാക്കപ്പെട്ട മോഴികുന്നത്തെ അവിടന്നു പുറത്താക്കി. ഇല്ലത്തു മടങ്ങിയെത്തിയശേഷം കാറൽമണ്ണ കേന്ദ്രീകരിച്ച് യോഗക്ഷേമസഭാ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

1916–ൽ വെള്ളിനേഴിയിൽ വെച്ച് എട്ടാം വാർഷികം കഴിഞ്ഞതോടെ കാറൽമണ്ണയിലെ സഭാപ്രവർത്തനം ഒന്നുകൂടി സംഘടിതമായി. കാറൽമണ്ണ അമ്പലവട്ടത്ത് മോഴികുന്നത്തിന്റെ ഉത്സാഹത്തിൽ 'ദാമോദരവിലാസം വായനശാല' തുറന്നു. അക്ഷരാർത്ഥത്തിൽ അതൊരു നമ്പൂതിരി വിദ്യാലയമായി. മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിനെ മാപ്പിളലഹളയുമായി ബന്ധപ്പെട്ട് 1921 സെപ്തംബർ ഒന്നിന് ബ്രിട്ടീഷ് കുതിരപ്പട്ടാളം അറസ്റ്റ് ചെയ്തു. തുടർന്ന് സ്വാതന്ത്ര്യസമരപ്രേമികളെ ഭയപ്പെടുത്താനായി കാറൽമണ്ണയിലേക്ക് ആട്ടിത്തെളിച്ചുകൊണ്ടുവന്നു. തിരുമുല്ല



*കോൺഗ്രസ് പ്രവർത്തകനും സ്വാതന്ത്ര്യസമരസേനാനിയുമായ മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്*

പ്പള്ളിയപ്പന്റെ നമസ്കാരപ്രസാദം ആണ് ആ ദിവസം തന്റെ അകത്തു ചെന്ന ഭക്ഷണമെന്ന് 'ഖിലാഫത്ത് സ്മരണകളി'ൽ മോഴികുന്നം എടുത്തുപറഞ്ഞിട്ടുണ്ട്. താനടക്കമുള്ളവർ തുടങ്ങിയ 'ദാമോദരവിലാസം വായനശാലാ' പ്രവർത്തകരായ രണ്ട് ഉണ്ണിനമ്പൂതിരിമാരാണ് 'പ്രസാദ ഊട്ട്' നടത്തി തന്റെ ജീവൻ രക്ഷിച്ചതെന്നും മോഴികുന്നം ഓർത്തിട്ടുണ്ട്. കാറൽമണ്ണ കുന്നത്തെ മരുമഹനായിരുന്നു മോഴികുന്നത്തിന്റെ അച്ഛൻ നാരായണൻ സോമയാജിപ്പാട്.

ദാമോദരവിലാസം വായനശാലാ വിദ്യാലയത്തിൽ പഠിച്ച ആളാണ് കൊയ്ത്തടി വാസുദേവൻ നമ്പൂതിരി. കാൽനൂറ്റാണ്ട് കാറൽമണ്ണ പൊതുജനവായനശാലാ സെക്രട്ടറിയായി പ്രവർത്തിച്ച അദ്ദേഹം പത്തു വർഷം കാറൽമണ്ണ അഞ്ചാം വാർഡ് മെമ്പറായും പ്രവർത്തിച്ചു. 1980കളിൽ യോഗക്ഷേമസഭയുടെ കാറൽമണ്ണ ഉപസഭാ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. തിരുമുല്ലപ്പള്ളി ദേവസ്വം വെൽഫെയർ സൊസൈറ്റി സെക്രട്ടറി എന്ന നിലയിൽ ദേശക്ഷേത്രത്തെ പ്രതിസന്ധിഘട്ടത്തിൽ മുമ്പിൽ നിന്നു നയിച്ചതും അദ്ദേഹമാണ്.

സ്കൂൾ വേനലവധിക്കാലത്ത് തൃശൂർ മഠത്തിൽ വെച്ച് മൊതലോറ കഴിപ്പിക്കാനാണ് പാണ്ടം സുബ്രഹ്മണ്യൻ നമ്പൂതിരി മകൻ അപ്പുവിനെയും കൊണ്ട് തൃശൂർക്ക് പോയത്. മൊതലോറ കഴിയുമ്പോഴേക്കും അപ്പു ഓത്തു ചൊല്ലുന്ന ഉണ്ണികളുമായി നല്ല പരിചയത്തിലായി. അപ്പുവിന്റെ അമ്മാത്ത് ഭട്ടി തെക്കേടത്തും അമ്മയുടെ അമ്മാത്ത് വട്ടംകുളം കാപ്ര മനയിലുമാണ്. കാപ്രയിലെ മൂന്നുനാല് ഉണ്ണികൾ അക്കാലത്ത് മഠത്തിലുണ്ടായിരുന്നു. അങ്ങനെ മൊതലോറ കഴിഞ്ഞിട്ടും തുടർവിദ്യാഭ്യാസം മഠത്തിലായി.

തൃശൂർ വാദ്ധ്യാൻ അഡ്വക്കറ്റ് കേശവൻ നമ്പൂതിരിക്കും സന്തോഷമായി. അങ്ങനെ പാണ്ടം അപ്പു ബ്രഹ്മസ്വം മഠം അന്തേവാസിയായി. സംഹിത മനപ്പാഠമാക്കൽ, പദംചൊല്ലൽ ഒക്കെ കഴിഞ്ഞപ്പോഴേക്കും സർവ്വകലാശാലാ ബിരുദവും സ്വന്തമായി. നാരായണൻ തെക്കുമ്പറമ്പും (എൽ.ഐ.സി.) തൃശൂർ മഠത്തിൽ നിന്ന് വേദപഠനത്തോടൊപ്പം കോളേജ് ബിരുദം നേടിയ ആളാണ്. നിരവധി യാഗങ്ങളിലും അതിരാത്രങ്ങളിലും ഋത്വിക്കായി അപ്പു തിളങ്ങി. ഇന്ന് തിരക്കോട് തിരക്കാണ്. ചെറുമുക്ക് വല്ലഭൻ അക്കിത്തരിൽ നിന്ന് ഇപ്പോഴും ഉപരിവിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. കാറൽമണ്ണയുടെ വൈദിക പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നത് പാണ്ടം ചെറിയ സുബ്രഹ്മണ്യൻ നമ്പൂതിരിയായ അപ്പുവാണ്. ഓതിക്കൻ രംഗത്തുള്ള യുവാവായ അപ്പുവിനെ ബന്ധപ്പെടാം- 9400783629.

1926ൽ തന്നെ കാറൽമണ്ണ അമ്പലവട്ടത്ത് 'വാസുദേവ വിലാസം ബാങ്ക്'

# ചന്ദ്രനിലേക്ക് ടിക്കറ്റ് എടുക്കാൻ



നരിപ്പറ്റ നാരായണൻ നമ്പൂതിരി

ജനനം: 1947 സ്ഥലം: കാറൽമണ്ണ
അച്ഛൻ: ശങ്കരനാരായണൻ നമ്പൂതിരി
അമ്മ: ആര്യ അന്തർജനം
പത്നി: ആര്യാദേവി, മക്കൾ:രജിത, ഗിരിജ.

1962 മുതൽ സദനം കഥകളി അക്കാദമിയിൽ.
അദ്ധ്യാപനം: സദനം കഥകളി അക്കാദമി, ശ്രീകൃഷ്ണപുരം കലാകേന്ദ്രം, ചെറുകുന്ന് ആസ്തികാലയം, തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമ.

അദ്ധ്യേതാക്കൾ: കേരളത്തിലും യൂറോപ്പ്, മദ്ധ്യേഷ്യൻ രാജ്യങ്ങൾ, സൗത്ത്കൊറിയ, സിങ്കപ്പൂർ തുടങ്ങിയ വിദേശങ്ങളിലും.
ഫെല്ലോഷിപ്പ്:കേരള കലാമണ്ഡലം,കേരള സംഗീതനാടക അക്കാദമി ഗുരുപൂജ.

അംഗീകാര ഫലകങ്ങൾ: കഥകളി ക്ളബുകൾ, കളഹംസപുരസ്കാരം എറണാകുളം ക്ളബ്, കീഴ്പടം സ്മാരക പുരസ്കാരം (കൊല്ലം കഥകളി ക്ളബ്), പട്ടിയ്ക്കാന്തൊടി ആചാര്യ പുരസ്കാരം (സദനം കഥകളി അക്കാദമി), ഒ എം സി സ്മാരക ദേവീപ്രസാദം പുരസ്കാരം, സി സി ആർ ടി സീനിയർ ഫെല്ലോഷിപ്പ് (ഗവേഷണ പഠനത്തിന്)

# ശ്രമിച്ച കാറൽമണ്ണക്കാരന്റെ മകൻ

*നരിപ്പറ്റ നാരായണൻ നമ്പൂതിരിയുമായി 2009 ഓഗസ്റ്റ് എട്ടാം തിയതി ഇരിഞ്ഞാലക്കുട കലാനില യത്തിൽ ഉണ്ടായ സംഭാഷണ ശകലങ്ങളിൽ നിന്ന് സന്തോഷ് കുന്നത്ത് കേട്ടെഴുതിയത്*

അച്ഛൻ രണ്ട് വിവാഹം ചെയ്തിരുന്നു. എന്റെ അമ്മയാണ് ആദ്യത്തെ. ആ വഴിയിൽ ഞാനും ഓപ്പോളും. ചെറിയമ്മയുടെ മക്കളായിട്ട് മൂന്നു സഹോദരിമാരും, ഒരു അനിയനും എനിക്കുണ്ട്. അങ്ങിനെ ഞങ്ങൾ ആറു പേർ.

അച്ഛൻ വിദ്യാഭ്യാസം നേടാത്ത സാധാരണ നമ്പൂതിരിയായിരുന്നു. എന്നാൽ ഈ ലോകത്തെക്കുറിച്ച് മുൻകൂട്ടികാണാനുള്ള കഴിവുണ്ടായിരുന്നു. അദ്ദേഹം പുറത്തേക്ക് പോകുന്ന സമയത്ത് എങ്ങോട്ടാണ് പോകുന്നത് എന്ന് ചോദിച്ചാൽ 'ഞാൻ ചന്ദ്രനിലേക്ക് ടിക്കറ്റ് എടുക്കാൻ പോവുകയാണ് എന്താവരുന്നോ'? എന്ന് ചോദിക്കും.

കുട്ടികൾക്ക് വ്യത്യസ്തമായ ജീവിതം ഉണ്ടാവണം എന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അങ്ങനെ ഇല്ലത്ത് കഥകളി അഭ്യാസം തുടങ്ങി. ഞങ്ങളെ കൂടാതെ അടുത്തുള്ള കുട്ടികളും പഠിക്കുക എന്നായിരുന്നു രീതി.1962ൽ സദനത്തിൽ ചേർന്നു. അന്ന് പത്താം ക്ലാസ്സിലായിരുന്നു.

അവിടെ ഗുരുനാഥൻ കീഴ്പ്പടം കുമാരൻ നായർ. ശേഷം ഒരു കൊല്ലം സദനം ബാലകൃഷ്ണൻ ആശാനും.

ഏറ്റവും ആദരിക്കുന്ന പുരുഷൻ സദനം കുമാരേട്ടനാണ്. 'നിങ്ങളുടെ ഗ്രാമത്തിൽ അണിചേരുക, അവിടെ പണിയെടുക്കുക, അവിടെ തന്നെ മരിക്കുക'. ഗാന്ധിയുടെ ഈ ആഹ്വാനം കേട്ട് വടക്കെ ഇന്ത്യയിൽ നിന്നും അദ്ദേഹം മടങ്ങി വന്നു. ദമയന്തിയാണ് ഞാൻ ആദരിക്കുന്ന സ്ത്രീ. അത് കാൽപ്പനിക ലോകത്താണെന്ന് മാത്രം.

ഇഷ്ടപ്പെട്ട ഒരു യുവ പ്രതിഭ. നരിപറ്റ രാജു . അദ്ദേഹം അമേചർ നാടകങ്ങൾ ആണ് ചെയ്യുന്നത്. ഒരു സംവിധായകൻ കൂടി ആണ്. പണ്ട് പൂമുള്ളില്യ് (പൂമുള്ളി മനക്കിൽ)കഴിച്ചോരു ഊണുണ്ട്. നല്ല മോരുകൂട്ടാൻ, കായകൊണ്ട് ഒരു മെഴുക്ക് പെരട്ടി, ഇത്തിരി ഉപ്പിലിട്ടതും മത്തനും പയറും കൊണ്ട് ഒരു ഓലൻ ഉണ്ടെങ്കിൽ കേമായി. അതുപോലെ പൂമുള്ളിയിലെ തൃമധുരം, പായസം. അതാണ് ഇഷ്ടപ്പെട്ട ഭക്ഷണം.

എന്ന ധനകാര്യ സ്ഥാപനം ആരംഭിച്ചിരുന്നു. തൃക്കടീരി വാസുദേവൻ അടിതിരിപ്പാടായിരുന്നു സ്ഥാപകൻ.

ബാല്യത്തിൽ പതിമൂന്നാം വയസ്സിൽ അച്ഛന്റെ അകാലമരണത്തിനു ശേഷം അമ്മാമന്റെ സഹായത്തോടെ





*തൃക്കടീരി വാസുദേവൻ അടിതിരിപ്പാടും ദ്വിതീയ പത്നി ഉമാദേവി അന്തർജനവും (മാടമ്പി മുണ്ടനാട്ടുമന മഹൾ) 'വാസുദേവ വിലാസം ബാങ്ക്' പ്രവർത്തിച്ചിരുന്ന അമ്പലവട്ടത്തെ കെട്ടിടത്തിലാണ് ഇവർ താമസിച്ചിരുന്നത്.*

ഇല്ലത്തെ മാനേജ്മെന്റ് ഏറ്റെടുത്ത് മികച്ച ധനകാര്യ വിദഗ്ധനായി അദ്ദേഹം. വാസുദേവ വിലാസം ബാങ്കും ദാമോദരവിലാസം വായനശാലയും അക്കാലത്ത് അടുത്തടുത്തായി പ്രവർത്തിച്ചുവന്നു.

പെരിന്തൽമണ്ണയിലും മേലാറ്റൂരിലുമായി രണ്ടു ബ്രാഞ്ചുകളും തൃക്കടീരി ബാങ്കിനുണ്ടായി. പിൽക്കാലത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിച്ചു. പല ദേശങ്ങളിലും തൃക്കടീരിമന വക കൃഷിക്കളങ്ങളും വികസിച്ചു. അടിതിരിപ്പാടിന്റെ വ്യവസായബുദ്ധി പകർന്നുകിട്ടിയ പിൻതലമുറക്കാർ ഓട്ടോമൊബൈൽ, ബസ് സർവ്വീസ്, പുസ്തക പ്രസാധനം (ഉദയാ പബ്ലിക്കേഷൻ), ഉദയാ പ്രസ്സ് (ചെർപ്പുളശ്ശേരി) തുടങ്ങി സംസ്ഥാന



# ആരാധനാ സ്വാതന്ത്ര്യം പ്രഖ്യാപിച്ച തൃക്കടീരി ഗൗരി അന്തർജ്ജനം

*1949 ൽ ഘോഷയില്ലാതെ കാറൽമണ്ണ തിരുമുല്ലപ്പള്ളി ക്ഷേത്രത്തിന്റെ നാലമ്പലത്തിനുള്ളിൽ ആരുടേയും അനുവാദം ചോദിക്കാതെ ആദ്യമായി പ്രവേശിച്ച് ആരാധനാസ്വാതന്ത്ര്യം പ്രഖ്യാപിച്ച അന്തർജ്ജനം. പെരുവനം മഹാക്ഷേത്രം തന്ത്രി കുന്നത്തൂർ പടിഞ്ഞാറേടത്തു മന മഹൾ ആണ് ഗൗരി. വാസുദേവൻ തൃക്കടീരിയുടെ പത്നിയാണ്. അക്കാലത്ത് അന്തർജനങ്ങൾ ക്ഷേത്രത്തിൽ പോവുമ്പോൾ മറക്കുടയും തുണയും വേണം.*

ത്തിനകത്തും പുറത്തും ബിസിനസ് വളർത്തി. എം.ടി.വാസുദേവൻ നായർ എഴുതിയ 'രക്തം പുരണ്ട മൺതരികൾ' ആദ്യം പ്രസിദ്ധീകരിച്ചത് തൃക്കടീരി മനക്കാരുടെ ഉദയാ പബ്ലിക്കേഷനാണ്.

ഇപ്പോൾ പുതുതലമുറ നിയോടെക് അമ്യൂസ്മെന്റ്സ് ആൻഡ് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി സ്ഥാപിച്ചു. മലമ്പുഴയിലെ ഫാന്റസിപാർക്ക് ഈ കമ്പനി നടത്തുന്നതാണ്. കൂടാതെ കോഴിക്കോട് മംഗലാപുരം, കോയമ്പത്തൂർ എന്നിവിടങ്ങളിൽ സ്നോ ഫാന്റസി എന്ന വിനോദകേന്ദ്രവും പ്രവർത്തിക്കുന്നു.

കാറൽമണ്ണ ദേശത്ത് തൃക്കടീരി മനയിൽ മാത്രമേ 'പുത്രകാമേഷ്ടി' എന്ന ഗണഹോമയാഗം നടന്നിട്ടുള്ളൂ. ബാങ്കർ അടിതിരിപ്പാടിന്റെ ഉത്സാഹത്തിൽ ഒരു നൂറ്റാണ്ട് മുമ്പാണ് അതുണ്ടായത്. അതിനൊരു കാരണവുമുണ്ട്. പണമിടപാടിൽ കർക്കശക്കാരനായിരുന്നു ബാങ്കർ അടിതിരിപ്പാട്. നാറാണത്തു ഭ്രാന്തന്റെ പിൻതലമുറയിൽപ്പെട്ട മലേപട്ടേരിയോട് പണമിടപാടിൽ കാർക്കശ്യം കാട്ടി. അദ്ദേഹം ബാങ്കർ അടിതിരിപ്പാടിനെ ശപിച്ചു.

'പത്തു പെൺകൊടകൾ നടത്താൻ ഇടയാവട്ടെ'

അതായത് പെൺകൊടകൾ നടത്തി സ്ത്രീധനം നൽകി സ്വത്തെല്ലാം തീരട്ടെ എന്ന്. ബാങ്കർ അടീരിയുടെ മകൻ വാസുദേവന്റെ വേളി കഴിഞ്ഞ കാലത്താണ് സംഭവം. മകന്റെ ആദ്യപത്നിയിൽ ഒരുപുത്രിയാണ് ജനിച്ചത്. (കോഴിക്കോട് ഐ.ഐ.എം. ഫാക്കൽട്ടി തൊഴുവാന്നൂർ കൃഷ്ണന്റെ അമ്മാത്തെ മുത്തശ്ശിയാണവർ). വൈകാതെ ആ പത്നി മരിച്ചു. പുരുഷസന്താനത്തിനായി രണ്ടാമത് മംഗലത്തേരിയിൽ നിന്ന് ശ്രീദേവി അന്തർജ്ജനത്തെ വേളികഴിച്ചു. എന്നാൽ തുടർച്ചയായി ആറ് പെൺകിടാങ്ങളാണ് ഉണ്ടായത്. ഓരോ കുട്ടി പിറക്കുമ്പോഴും അടീരി, ആ കുട്ടിയുടെ പെൺകൊടക്കുള്ള സ്ത്രീധനം മാറ്റിവെക്കും.

പുത്രവധുക്കളുടെ പ്രസവാനന്തര ശുശ്രൂഷകൾ ഒരു പിശുക്കുമില്ലാതെ ശുഷ്കാന്തിയോടെ ത്തന്നെ അടീരി നടത്തിയിരുന്നു. മാത്രമല്ല, വീണ്ടും പ്രസവിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും പതിവായിരുന്നുവത്രേ.

പുത്രനുണ്ടാവാനായി അടീരിയും ഒരു വേളി കൂടി കഴിച്ചു. അങ്ങനെ അച്ഛനും മകനും ഒന്നിലേറെ വേളി കഴിച്ചപ്പോൾ എല്ലാറ്റിലും കൂടി പത്തു പെൺമക്കൾ. മലേപട്ടേരിയുടെ ശാപം ഫലിച്ചു.

തുടർന്നാണ് പുത്രകാമേഷ്ടി യാഗം നടത്തിയത്. മംഗലത്തേരി മരുമകളായ പുത്രിയെ മോതിരമ്പറ്റക്കാട്ടുമനയിലേക്ക് പെൺകൊട ചെയ്ത് അച്ഛൻ തൃക്കടീരി കക്കാട്ട് നിന്ന് മൂന്നാമത്തെ വേളി നടത്തി.

കാറൽമണ്ണയിലെ ഒമ്പത് ഇല്ലങ്ങളിലുള്ള മരുമക്കളേക്കാൾ കൂടുതൽ മക്കളും മരുമക്കളും തൃക്കടീരി തറവാട്ടിൽ ഇന്നുണ്ട്. 'സോഷ്യൽ കാപ്പിറ്റൽ' കണക്കാക്കുന്നത് ബന്ധുബലം നോക്കിയാണല്ലോ. കാറൽമണ്ണയിലെ ഏതെങ്കിലുമൊരു ബന്ധുവില്ലാത്ത ഒരു ജില്ലയോ നഗരമോ ദേശമോ കേരളത്തിലുണ്ടാവുമെന്ന് തോന്നുന്നില്ല.

ഭാരതപ്പുഴയുടെ പ്രധാന കൈവഴിയായ തൂതപ്പുഴയുടെ (കുന്തിപ്പുഴ) തെക്കേ കരയിൽ ഒറ്റപ്പാലം, മണ്ണാർക്കാട് (പാലക്കാട് ജില്ല) പെരിന്തൽമണ്ണ (മലപ്പുറം ജില്ല) താലൂക്കുകളുടെ സംഗമസ്ഥാനത്താണ് കാറൽമണ്ണ. കാറൽമണ്ണ ദേശത്തെ തന്നെ ദേശദേവന്റെ വിശ്വരൂപമായി കണ്ട് തൊഴാൻ പഠിപ്പിച്ചത് പൂർണ്ണാനദീ (പെരിയാർ) തീരത്ത് ജനിച്ചു വളർന്ന വെൺമണി മഹൻ നമ്പൂതിരിപ്പാടാണ്. അദ്ദേഹത്തിന്റെ പ്രസിദ്ധ ശ്ലോകം ഉദ്ധരിച്ച് അവസാനിപ്പിക്കാം.

ആറും നറു ശതത്തിലേറിയ ജടാ
വാറും നിശാനായക-
ക്കീറും കൂറുപെരുത്ത ഭൂതഗണവും
കേറും വൃഷാധീശനും
ചീറും ചാരുഭുജാംഗമാഭരണവും
നേരോടിതാറും ദിനം
തോറും കാറളമണ്ണെഴും പശുപതേ!
തേറേണമെൻ മാനസേ. ●

(ലേഖകൻ കെ. എം പരമേശ്വരൻ കാമൽമണ്ണ ദേശത്തെ കൊയ്ത്തടി ചെറുമുക്ക് ഇല്ലത്തെ അംഗമാണ്. വിലാസം ആര്യശ്രീ, അരക്കിണർ, കോഴിക്കോട്. പിൻ: 673028
മൊബൈൽ: 9072383651 )



കോഴിക്കോട് തളി മഹാദേവ ക്ഷേത്രത്തിലെ പട്ടത്താന മഹോത്സവത്തോടനുബന്ധിച്ചുള്ള ഈ വർഷത്തെ വേദ-സംസ്കൃത പണ്ഡിതനുള്ള പട്ടത്താന പുരസ്കാരം ഡോ. സി.എം. നീലകണ്ഠൻ മാഷിന് സമ്മാനിച്ചപ്പോൾ

## ആയുഷ് പുരസ്കാരം ഡോ. കേശവൻ വെദിരമനക്ക് റിപ്പോർട്ടിംഗ് അവാർഡ് നാരായണൻ നമ്പൂതിരിക്ക്





ഡോ. കേശവൻ വെദിരമന, ഒ.കെ. നാരായണൻ നമ്പൂതിരി

ഡൽഹി പഞ്ചവാദ്യ ട്രസ്റ്റ് ഏർപ്പെടുത്തിയ ഈ വർഷത്തെ ആയുഷ് പുരസ്കാരം കേശവതീരം ആയുർവേദ ഹോസ്പിറ്റൽ മെഡിക്കൽ ഡയരക്ടർ ഡോക്ടർ കേശവൻ വെദിരമനക്ക്. പയ്യന്നൂർ എഴിലോട് കേശവതീരം ആയുർവേദ ആശുപത്രി യുടെ പഞ്ചകർമ വിഭാഗം മേധാവിയാണ്. നിരവധി നാഷനൽ, ഇന്റർനാഷണൽ സെമിനാറുകളിൽ പേപ്പർ പ്രസന്റേഷനുകളും ക്ലാസ്സുകളും അവതരിപ്പിച്ചു.സമകാലീന പ്രസിദ്ധീകരണങ്ങളിൽ ആരോഗ്യ ലേഖനങ്ങൾ,പ്രസിദ്ധീകരിച്ചു. കോവിഡ് കാലത്ത് രോഗികൾക്കായുള്ള ഫസ്റ്റ് ലൈൻ മീറ്റ് മെന്റ സെന്ററിൽ സന്നദ്ധ സേവനമനുഷ്ഠിച്ചു കേരളത്തിനകത്തും പുറത്തുമായി ഇരുനൂറിൽപരം ആയുർവേദ മെഡിക്കൽ കേമ്പുകൾ, ആരോഗ്യ ബോധവൽകരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവയ്ക്ക് നേതൃത്വം വഹിച്ചു.

നിലവിൽ കേരള ഹെൽത്ത് യൂണിവേഴ്സിറ്റി ക്ക് കീഴിലുള്ള പറശ്ശിനിക്കടവ് എം.വി. ആർ ആയുർവേദ മെഡിക്കൽ കോളേജിൽ എച്ച് ഒ ഡിയാണ്.ഭാര്യ: തുളസി .മകൻ : നിവേദ് വിഷ്ണു.

റിപ്പോർട്ടിംഗ് എക്സലൻസ് അവാർഡ് മാതൃഭൂമി ലേഖകൻ ഒ.കെ. നാരായണൻ നമ്പൂതിരിക്ക്. മൂന്ന് പതിറ്റാണ്ടിലേറെക്കാലമായി പത്രപ്രവർത്തന രംഗത്തുള്ള സക്രിയ സാന്നിധ്യവും മികവാർന്ന പ്രവർത്തനവുമാണ് അവാർഡിനായി തെരഞ്ഞെടുത്തത്. ഭാര്യ: മായ.മക്കൾ: പരമേശ്വരൻ, സുബ്രഹ്മണ്യൻ.



തൃശൂർ ബ്രഹ്മസ്വം മഠം കൊല്ലം തോറും വേദപണ്ഡിതർക്കു നല്കി വരാറുള്ള ഏഴിക്കോട് പരമേശ്വരൻ നമ്പൂതിരി പുരസ്ക്കാരം നേടിയ വടക്കുമ്പാട് പശുപതിനമ്പൂതിരി, മേലേടം ശങ്കരൻ നമ്പൂതിരി പുരസ്ക്കാരം ലഭിച്ച കോതമംഗലം വാസുദേവൻ നമ്പൂതിരി, യുവ പ്രതിഭാ പുരസ്ക്കാരം ലഭിച്ച എടമന ശങ്കരനാരായണൻ



യോഗക്ഷേമസഭ മലപ്പുറം ജില്ലയുടെ അമൃത കൽപം ട്രസ്റ്റിന്റെ ഉദ്ഘാടനം കൈപ്പള്ളി നീലകണ്ഠൻ നമ്പൂതിരിയിൽ നിന്നും സംഭാവന സ്വീകരിച്ചുകൊണ്ട് സംസ്ഥാന ട്രഷറർ ദാമോദരൻ നമ്പൂതിരി നിർവഹിക്കുന്നു



സംസ്ഥാനത്തെ കേരളാ ബാങ്കുകളിൽ(366 ശാഖകൾ) പ്രവർത്തനമികവിന് മൂന്നാം സ്ഥാനം നേടിയ വാഴക്കാട് (മലപ്പുറം ജില്ല) ബ്രാഞ്ചിനുള്ള പുരസ്കാരം ബ്രാഞ്ച്. മാനേജർ വിഷ്ണുസജിത് മങ്ങത്തായ സഹകരണ മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങുന്നു

## ഓടിത്തളർന്നില്ല ഈ എൺപതുകാരി

വെറ്ററൻസ് അത്‌ലറ്റിക്ക് ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന കേരള സംസ്ഥാന തല മീറ്റ് 80+ വിഭാഗത്തിൽ സ്വർണ്ണമെഡൽ ജേതാവായ തൃശൂർ ജില്ലയിലെ പാഞ്ഞാൾ പെരുമങ്ങാട്ട് സാവിത്രി അന്തർജ്ജനം. ഒരുവന്നൂർ കറുത്തേടത്തെ മഹൾ.



*സാവിത്രി അന്തർജ്ജനം*

81 കാരിയായ സാവിത്രി അന്തർജ്ജനം അരങ്ങേറ്റ മത്സരത്തിൽ പങ്കെടുത്ത എല്ലായിനത്തിലും സ്വർണ്ണം നേടി. പാലായിൽ നടന്ന വെറ്ററൻസ് കായികമേളയിൽ 100 മീ, 200 മീ, 400 മീറ്റർ എന്നീ ഓട്ട മത്സരങ്ങളിലും, ഒരു കിലോമീറ്റർ നടത്തത്തിലുമാണ് സ്വർണ്ണം കരസ്ഥമാക്കിയത്.

## വെറ്ററൻ കായികം: സ്വർണ്ണത്തിളക്കം

എടപ്പാൾ: സംസ്ഥാന വെറ്ററൻസ് കായികമത്സരത്തിൽ എടപ്പാൾ തുയ്യം എളങ്ങല്ലൂർ മന ഇ.എം.ആദിത്യൻ (74) സ്വർണം നേടി. പങ്കെടുത്ത നാല് ഇനങ്ങളിലും മെഡൽ നേടി. 5000 മീറ്റർ ഓട്ടം, 5000 മീറ്റർ നടത്തം, 400 മീറ്റർ ഓട്ടം എന്നിവയിൽ സ്വർണ്ണവും,



*ഇ.എം.ആദിത്യൻ*

1500 മീറ്റർ ഓട്ടത്തിൽ വെള്ളിയുമാണ് കരസ്ഥമാക്കിയത്. മാരത്തൺ താരം കൂടിയായ ആദിത്യൻ, ഇന്ത്യയിലെ ഒട്ടേറെ സ്ഥലങ്ങളിൽ നടന്ന ഹാഫ് മാരത്തൺ (21.097 കി.മീറ്റർ) വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. 64-ാം വയസ്സിൽ ആണ് മാരത്തണിൽ അരങ്ങേറ്റം കുറിച്ചത്.

## അപ്പലേറ്റ് ട്രൈബ്യൂണൽ അംഗം

സെൻട്രൽ എക്സൈസ് & കസ്റ്റംസ് & സർവീസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ (ജുഡീഷ്യൽ) അംഗമായി തങ്ങൂർ അജയൻ ചുമതലയേറ്റു. അന്തിക്കാട് ഉപസഭയിലെ പരേതനായ തങ്ങൂർ വാസുദേവൻ നമ്പൂതിരിയുടേയും, യോഗക്ഷേമസഭ മുൻ സംസ്ഥാന വൈസ്



*തങ്ങൂർ അജയൻ*

പ്രസിഡന്റ് തങ്ങൂർ സരസ്വതി അന്തർജ്ജനത്തിന്റേയും മകനാണ്. കസ്റ്റംസ്, സെൻട്രൽ എക്സൈസ്, സർവീസ് ടാക്സ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള നിയമ നടപടികളുടെ പ്രധാന ഘടകമായ ഈ അതോറിറ്റി കഴിഞ്ഞാൽ പിന്നീട് സുപ്രീംകോടതിയിൽ മാത്രമേ ഹർജി നൽകാനാവൂ.

## പി ജി.നാരായണൻ മൂന്നാമതും കൗൺസിലർ

അമേരിക്കയിലെ മിനിസോട്ട സംസ്ഥാനത്തിലെ ഈഡൻ പ്രയറി സിറ്റി കൗൺസിലിലേക്ക് പി ജി.നാരായണൻ മൂന്നാമതും തിരഞ്ഞെടുക്കപ്പെട്ടു. തൃശ്ശൂർ കോളങ്ങാട്ടുകര പൊറക്കുടിഞ്ഞത്ത് മനയിൽ ഗംഗാധരൻ ഭട്ടതിരിപ്പാട് -കാളീ അന്തർജനം എന്നിവരുടെ മകനാണ്. സ്കൂൾ പഠനം കഴിഞ്ഞ് അമേരിക്കയിലെ സഹോദരിയുടെ അടുക്കലെത്തുമ്പോൾ 18 വയസ്സായിരുന്നു.അവിടെ കമ്മ്യുണിറ്റി കോളേജിൽ ചേർന്നു.മിനിസോട്ടയിലെ ഇന്ത്യൻ അസോസിയേഷൻ



*പി ജി. നാരായണൻ*

വൈസ് പ്രസിഡന്റ്, സിറ്റി മനുഷ്യാവകാശ കമ്മിഷൻ അധ്യക്ഷൻ, സിറ്റി അസി. കമ്മീഷണർ ഓഫ് ടെക്നോളജി എന്നീ സ്ഥാനങ്ങൾ വഹിച്ചു. ഭാര്യ ഇന്ദിര. മക്കൾ സിനോജ്, മനോജ്. ഇപ്പോൾ ഈഡൻ പ്രയറിൽ മകനുമൊന്നിച്ചു സ്റ്റാർട്ടപ്പ് കമ്പനി നടത്തിക്കൊണ്ടിരിക്കയാണ് പി ജി .

## ഭരണഭാഷാ പുരസ്കാരം

ഭരണഭാഷ മാതൃഭാഷ പദ്ധതി നടപ്പാക്കുന്നതിൽ മികച്ച പ്രവർത്തനം നടത്തിയ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഭരണഭാഷാ സേവന പുരസ്കാരം നേടിയ പി.കെ.വിദ്യ (സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീ



*പി.കെ.വിദ്യ*

സ് കണ്ണൂർ). വടകര കണ്ണൂക്കര സ്വദേശിയാണ്.


സപ്തതി ആശംസകളോടെ
29 മേയ്
2024
70
ഗൗരി അന്തർജനം
W/o. നാരായണൻ നമ്പൂതിരി
അരീക്കര ഇല്ലം, ഗുരുവായൂർ
മൊബൈൽ: 9744028364


ശതാഭിഷേകം ആശംസകൾ
(14. 12 .2024)
കറുകമണ്ണ രാധ അന്തർജനം
(തലയൂർ ഇല്ലം)
W/o നീലകണ്ഠൻ മൂസദ്, കറുകമണ്ണ ഇല്ലം,
തമ്പാനങ്ങാടി, പി.ഒ.പാണ്ടിക്കാട്
പിൻ: 676521,മൊബൈൽ: 9447627291
ആശംസകളോടെ:
മക്കളും മരുമക്കളും


2024 ഒക്ടോബർ 27 ഞായറാഴ്ച്ച
(1200 തുലാമാസം 11 ന് ) തവനൂർ
ബ്രഹ്മസ്വം മഠത്തിൽ വെച്ച്
(ഓത്തന്മാർ മഠം) എഴുപതാം
പിറന്നാൾ ആഘോഷിച്ച
എം.ടി.എം. കൃഷ്ണകുമാർ,
മറവഞ്ചേരി തെക്കേടത്ത് മന
അന്ന് അദ്ദേഹത്തിന്റെ ത്രിമധുരം
എന്ന പുസ്തകം പ്രകാശനവും
ചെയ്തു
എം.ടി.എം. കൃഷ്ണകുമാർ,
മറവഞ്ചേരി തെക്കേടത്ത് മന,
പി.ഒ: കാടഞ്ചേരി, കാലടി ,
മലപ്പുറം ജില്ല , പിൻ: 679582
മൊബൈൽ: 9656736423
സപ്തതി ആശംസകളോടെ
ശശികല, ആര്യ,
അരുൺ, അനാമിക

## അനുസ്മരണം

# അടിച്ചു തെറിപ്പിച്ച സിക്സർ





*പത്നി സുജാതയ്ക്കാപ്പം അഴകത്ത് ദാമോദരൻ നമ്പൂതിരിപ്പാട്*

**ചിലത് നമ്മെ വല്ലാതെ മോഹിപ്പിക്കും. എന്നാൽ നമ്മുടെ പ്രിയപ്പെട്ടവരുടെ വിയോഗവുമായി അതിന് ബന്ധമുണ്ടാവുമ്പോൾ അതിന്റെ സ്മരണ പോലും അറിയാതെ നൊമ്പരപ്പെടുത്തും. സഹസ്രനാമം കേൾക്കുമ്പോൾ ചിലർ അഴകത്ത് ദാമോദരൻ നമ്പൂതിരിപ്പാടിനെ ഓർത്തു പോവും. വിഹായസ ഗതിർ ജ്യോതിർ... വന്ദേഭാരത് ട്രെയിൻ കാണുമ്പോൾ കണ്ണു പൊത്തിപ്പോവും. ക്രിക്കറ്റിലെ മാസ്മരികമായ ഒരു സിക്സർ കാണുമ്പോൾ ആവേശത്തോടെ ആർപ്പു വിളിക്കുന്നതിന് പകരം ഒന്ന് നെടു വീർപ്പിടും.**



**ശ്രീജ പട്ടലൂർ**

വന്ദേഭാരതിൽ കയറാനെന്നല്ല അത് കാണാൻ പോലും എനിക്കിപ്പോൾ ആഗ്രഹമില്ല. കാരണം വന്ദേഭാരതിനോടൊപ്പം പറന്നകന്നത് ഞങ്ങടെ കുഞ്ചു അപ്ഫന്റെ ജീവനാണ്. 2024 മാർച്ച് 17 ന് രാവിലെയായിരുന്നു അത്. പട്ടാമ്പിക്ക് പോവുന്ന വഴിയിൽ. പറന്നു വന്ന വന്ദേഭാരത്തിന്റെ സ്പീഡിൽ തെന്നിത്തെറിച്ചു വീണതും മരിച്ചതും. ചിരിച്ചു കൊണ്ടു മാത്രമേ കുഞ്ചപ്ഫൻ സംസാരിക്കാറുള്ളൂ. ആ ചിരി ഇപ്പോഴും മായാതെ മനസ്സിലുണ്ട്.

**1983 ൽ ഇന്ത്യ ലോകകപ്പ് നേടിയ ഇംഗ്ലണ്ടിലെ ലോർഡ്സ് ഗ്രൗണ്ട് പോലുള്ള ക്രിക്കറ്റ് ലാൻഡ് മാർക്കുകൾ കാണിക്കാൻ തയ്യാറെടുക്കുമ്പോഴാണ് മരണം സംഭവിച്ചത്. ക്രീസിൽ നിന്ന് പിടി വിട്ടു ആകാശത്തേക്ക് പറന്നു പോയ സിക്സർ. കാണികൾ ഇപ്പോഴും ഗ്യാലറിയിലിരിക്കുന്നു, കളിയുടെ പൊരുളറിയാതെ.**

പരേതരായ അഴകത്ത് അഷ്ടമൂർത്തി നമ്പൂതിരിപ്പാടിന്റേയും ശ്രീദേവി അന്തർജനത്തിന്റെയും ഏഴു മക്കളിൽ അഞ്ചാമത്തെ ആളാണ് കുഞ്ചപ്ഫൻ. അഴകത്ത് ദാമോദരൻ നമ്പൂതിരിപ്പാട്. പട്ടാമ്പി കോളേജിൽ നിന്നും സംസ്കൃതം ബി.എ പാസായി. പിന്നെ മുതുതല എയുപി സ്കൂളിലെ സംസ്കൃതം മാഷായി മുപ്പത്തിഞ്ചു വർഷം. അദ്ദേഹം എന്റെ അപ്ഫൻ മാത്രമല്ല പ്രിയപ്പെട്ട അധ്യാപകൻ കൂടിയാണ്.ഒരെറുമ്പിനെപ്പോലും ദ്രോഹിക്കാത്ത , ഒന്ന് കണ്ണുരുട്ടിക്കാണിച്ചു പോലും കുട്ടികളെ പേടിപ്പിക്കാത്ത ഒരു സംസ്കൃതം അധ്യാപകൻ. സഹപ്രവർത്തകർക്കും കുട്ടികൾക്കും ഏറെ പ്രിയപ്പെട്ടവൻ. ദേവനാഗരി ലിപിയെയും കെ.പി പിഷാരടി സാറിനേയും, പൗലോസ് സാറിനേയും ഒരു പോലെ ബഹുമാനിച്ചിരുന്ന ഒരാൾ സാത്വികനായ ഒരു നമ്പൂതിരി ... അതെ ഇതിലേറെ എന്ത് വിശേഷണം വേണം.

എനിക്കോർമ്മ വെച്ചനാൾ മുതൽ അപ്ഫന്റെ സന്ധ്യാവന്ദനവും സഹസ്രനാമം ചൊല്ലലും ഒരു സ്ക്രീനിലെന്നപോലെ എന്നും എന്നിലുണ്ട്. ഇന്ന് സഹസ്രനാമം എവിടെക്കേട്ടാലും ഒരിറ്റ് കണ്ണീർ ആ ഓർമകൾക്കുമുന്നിൽ അർപ്പിക്കും. പട്ടാമ്പി പെൻഷൻ ഭവനിൽ എൻ കെ ജി മേനോന്റെ അനുസ്മരണതിനു

പോവുന്ന വഴിയിലാണ് വന്ദേഭാരത്തിന്റെ സ്പീഡിൽ തെന്നി തെറിച്ചു വീണ് മരണം സംഭവിക്കുന്നത്. ഇതിന്റെ തലേദിവസം അപ്ഫന് ഏറ്റവും ഇഷ്ടപ്പെട്ട മുതിർന്ന സഹപ്രവർത്തക ലക്ഷ്ക്കുട്ടി ടീച്ചറെ കണ്ട് കുറേ സംസാരിക്കുകയും യാത്ര പറയുകയും ചെയ്തിരുന്നു.

അനേകം യാത്രകൾ പത്നി സുജാതയ്ക്കാപ്പമാണ് (എന്റെ പ്രിയപ്പെട്ട ചെറിയമ്മ) അപ്ഫൻ നടത്തിയിരുന്നത്. പക്ഷേ എന്തുകൊണ്ടോ ഈ  അനുസ്മരണ പരിപാടിക്ക് ചെറിയമ്മ പോയില്ല, അതെ എല്ലാം ഒരു നിയോഗം അല്ലേ. ചെങ്ങല്ലൂർ മഹളാണ് ചെറിയമ്മ. ചെറുകര എ യുപി സ്കൂളിൽ നിന്നും എച്ച് എം ആയി റിട്ടയർ ചെയ്തു. ഇവർക്ക് രണ്ടു മക്കൾ വലിയ മകൻ രവിശങ്കർ ബയോമെഡിക്കൽ എൻജിനീയറാണ് ദുബായിൽ വർക്ക് ചെയ്യുന്നു. രണ്ടാമത്തെ മകൻ പരമേശ്വരൻ സ്കോട്ട്ലന്റിൽ മെക്കാനിക്കൽ എൻജിനീയറാണ്. സ്കോട്ലാന്റിലുള്ള രണ്ടാമത്തെ മകന്റെ അടുത്തേക്ക് പോവാനുള്ള ഒരുക്കത്തിലായിരുന്നു. അതിനിടയിലാണ് ഒരിക്കലും മടങ്ങിവരാത്ത യാത്രയിൽ കലാശിച്ചത്.

കുടുംബാംഗങ്ങളേയും കൂട്ടുകാരേയും സഹപ്രവർത്തകരേയും ശിഷ്യന്മാരേയും കണ്ണീരിലാഴ്ത്തി മാർച്ച് 17 ന് കുറേ നിലാവോർമ്മകൾ ബാക്കിയാക്കി വന്ദേഭാരതിനേക്കാൾ സ്പീഡിൽ അദ്ദേഹം വിട പറഞ്ഞു. പവിത്രമായ സംസ്കൃതഭാഷ പഠിപ്പിക്കുന്നവനും അതിലുപരി ഒരു ബ്രാഹ്മണനായതുകൊണ്ടും അദ്ദേഹത്തിന്റെ ജീവിതവും ഒരു തെളിനീരുറവ പോലെ സ്വച്ഛന്ദമായിരുന്നു. പല മലയാള കവിതകളും അദ്ദേഹം സംസ്കൃതത്തിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്. നല്ലൊരു വായനക്കാരനായിരുന്നു.

ഒരു ക്രിക്കറ്റ് ആരാധകനും കളിക്കാരനും ആയിരുന്നു. ടി വി വരുന്നതിനു മുമ്പ് റേഡിയോവിൽ കമന്ററി കേൾക്കുന്ന അപ്ഫനിന്നും എന്റെ ഓർമകളിലുണ്ട്. ഉറക്കത്തിലും ചിലപ്പോൾ കമന്ററി പറയാറുണ്ടായിരുന്നു. രവിശാസ്ത്രിയോടുള്ള ആരാധന മൂത്താണ് ഇന്ത്യ ആദ്യമായി വേൾഡ് കപ്പ് നേടിയത് കാലത്ത് ജനിച്ച ആദ്യമകന് രവിശങ്കർ എന്ന് പേരിട്ടത്. രണ്ടാമത്തെ മകൻ ഇപ്പോൾ ലണ്ടനിലാണ്. ക്രിക്കറ്റിന്റെ ഈറ്റില്ലത്തിൽ. 1983 ൽ ഇന്ത്യ ലോകകപ്പ് നേടിയ ഇംഗ്ലണ്ടിലെ ലോർഡ്സ് ഗ്രൗണ്ട് പോലുള്ള ക്രിക്കറ്റ് ലാൻഡ് മാർക്കുകൾ അച്ഛനെ കാണിക്കാൻ കൂടെ കൊണ്ടുപോവാൻ തയ്യാറെടുക്കുമ്പോഴാണ് മരണം സംഭവിച്ചത്. അതെ എല്ലാവർക്കും പ്രിയപ്പെട്ട ക്രിക്കറ്റ് ഭ്രാന്തനായ ഒരു സംസ്കൃതം അധ്യാപകൻ. അതായിരുന്നു കുഞ്ചു അപ്ഫൻ. ക്രീസിൽ നിന്ന് പിടി വിട്ടു ആകാശത്തേക്ക് പറന്നു പോയ സിക്സർ. കാണികൾ ഇപ്പോഴും ഗ്യാലറിയിലിരിക്കുന്നു, കളിയുടെ പൊരുളറിയാതെ. ●

ശ്രീജ പട്ടലൂർ
'ഉമ' യുണിറ്റി വിമൻസ് കോളേജ് റോഡ്
പി ഒ നറുകര, മഞ്ചേരി പിൻ: 676122
മൊബൈൽ: 9946188670

**2025–ൽ നാമിത് വായിക്കുമ്പോൾ മൊബൈലിലെ എ.ഐ. ആപ്പ് ഉപയോഗിച്ച് കൊച്ചുകുട്ടികൾ പോലും ചിത്രങ്ങളും വീഡിയോകളും സൃഷ്ടിച്ചു തുടങ്ങിക്കഴിഞ്ഞു. സ്വസ്തിയിലെ ഈ കുറിപ്പ് എഴുതാൻ കടം കൊണ്ട ടെക്നോളജി പോലും ഇമേജ് റീഡിംഗ് എന്ന നിർമ്മിത ബുദ്ധിയാണ്. അച്ചടിച്ച ഒരു കടലാസിൽ നിന്ന് മലയാളം വായിക്കാനുള്ള കമ്പ്യൂട്ടർ ബുദ്ധി.**

# അര നൂറ്റാണ്ടു മുമ്പ് നിർമ്മിതബുദ്ധിയെപ്പറ്റി എഴുതിയ നമ്പൂതിരി

എ ഐ എന്ന വാക്ക് മലയാളി വ്യാപകമായി കേട്ടു തുടങ്ങിയത് എന്നാണ്. ട്രാഫിക് കുറ്റകൃത്യങ്ങൾ പിടികൂടാൻ രണ്ടു വർഷം മുമ്പ് റോഡുകളിൽ എ ഐ ക്യാമറകൾ വെച്ചപ്പോൾ മുതൽ. എന്നാൽ അര നൂറ്റാണ്ടു മുമ്പ് എ ഐയെപ്പറ്റി എഴുതിയ ഒരു നമ്പൂതിരിയുണ്ട്. മൂന്നു മാസം മുമ്പ് അമേരിക്കയിൽ വച്ച് മരപ്പെട്ട 92 കാരൻ. മരങ്ങാട്ടുപിള്ളി പാലാക്കാട്ടുമല മൂത്തേടത്തില്ലത്ത് ഡോ. ശങ്കരൻ ത്രിവിക്രമൻ നമ്പൂതിരി എന്ന എം.എസ്.ടി. നമ്പൂതിരി. കടൽ കടക്കുന്നത് ഭ്രഷ്ടിന് ഇടയാവുന്ന കാലത്ത് ആറ് പതിറ്റാണ്ടു മുമ്പ് അമേരിക്കയിലെത്തിയ ആൾ. 1963–ൽ

പരേതരായ ശങ്കരൻ നമ്പൂതിരിയുടെയും ഗംഗാദേവി അന്തർജനത്തിന്റെയും മകൻ. അച്ഛനിൽനിന്ന് സംസ്കൃതവും കുറിച്ചിത്താനം ശ്രീകൃഷ്ണവിലാസം പ്രൈമറി സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസവും നേടി. പാലാ സെയ്ന്റ് തോമസ് കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ ഉപരിപഠനം. കാലടി ശ്രീ ശങ്കരാചാര്യ കോളേജിലും കോഴിക്കോട് ഫാറൂഖ് കോളേജിലും അധ്യാപകനായിരുന്നു

അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സസ്, വിസ്കോൻസെൻ യൂണിവേഴ്സിറ്റി, ഇല്ലിനോയ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്ന് പിഎച്ച്.ഡി.യും കംപ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സ് ബിരുദവും. പിന്നീട് അവിടെയെല്ലാം അധ്യാപകനായി. 1974–ൽ യൂണിവേഴ്സിറ്റി ഓഫ് ടെക്സസിന്റെ ടൈയിലർ ക്യാംപസിൽ എത്തി. അവിടെ മാത്തമാറ്റിക്സ് ആൻഡ് കംപ്യൂട്ടർ സയൻസ് ഡിപ്പാർട്മെന്റിന്റെ മേധാവിയായി.



*ഡോ എം.എസ്.ടി. നമ്പൂതിരി*

കംപ്യൂട്ടറുകളുടെ വരവു മുതൽ നിർമിതബുദ്ധിയെന്ന സങ്കൽപ്പം വരെ അരനൂറ്റാണ്ടുമുമ്പേ മലയാളിക്ക് സമ്മാനിച്ചു. എൻ.വി. കൃഷ്ണവാര്യരുമായുള്ള അടുപ്പം അദ്ദേഹത്തെ മാതൃഭൂമിയിലെ ശാസ്ത്ര പംക്തീകാരനാക്കി. മനുഷ്യ മസ്തിഷ്കത്തിന്റെ എല്ലാ പ്രവർത്തനങ്ങളും കംപ്യൂട്ടറിനെക്കൊണ്ട് ചെയ്യിക്കാനുള്ള ശ്രമങ്ങൾ ശാസ്ത്ര ലോകത്ത് നടന്നുവരുന്ന കാര്യം അന്നേ വിവരിച്ചു. അറുപതുകൾ

**കടൽ കടക്കുന്നത് ഭ്രഷ്ടിന് ഇടയാവുന്ന കാലത്ത് 1963–ൽ അമേരിക്കയിലെത്തി. യൂണിവേഴ്സിറ്റി ഓഫ് ടെക്സസ്, വിസ് കോൻസെൻ യൂണിവേഴ്സിറ്റി, ഇല്ലിനോയ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്ന് പിഎച്ച്.ഡി.യും കംപ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സ് ബിരുദവും. പിന്നീട് അവിടെയെല്ലാം അധ്യാപകനായി. 1974–ൽ യൂണിവേഴ്സിറ്റി ഓഫ് ടെക്സസിന്റെ ടൈയിലർ ക്യാംപസിൽ. അവിടെ മാത്തമാറ്റിക്സ് ആൻഡ് കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ മേധാവിയായി. കംപ്യൂട്ടറുകളുടെ വരവു മുതൽ നിർമിത ബുദ്ധിയെന്ന സങ്കൽപ്പം വരെ അരനൂറ്റാണ്ടു മുമ്പേ മലയാളിക്ക് സമ്മാനിച്ചു.**


കംപ്യൂട്ടറിന്റെ വരവുമുതൽ കൃത്രിമബുദ്ധി വരെ...

മാതൃഭൂമിയിലൂടെ എം.എസ്.ടി. പണ്ടേ എഴുതി

*ഡോ എം.എസ്.ടി. നമ്പൂതിരിയെപ്പറ്റി മാതൃഭൂമിയിൽ വന്ന വാർത്തകളിലൊന്ന്*

മുതൽ മാതൃഭൂമിയിൽ എഴുതിവന്നു. അമേരിക്കയിലെ ശാസ്ത്രവികാസങ്ങൾക്കൊപ്പം അവിടുത്തെ രാഷ്ട്രീയവും സാമൂഹികവിഷയങ്ങളും വിശകലനം ചെയ്യുന്ന ലേഖനങ്ങളും എഴുതി.

1987–ൽ സൂപ്പർ കമ്പ്യൂട്ടറുകളുടെയും കൃത്രിമബുദ്ധിയുടെയും വികസനത്തിലൂടെ പുനർജന്മമെന്ന സങ്കൽപ്പം പോലും യാഥാർഥ്യമാക്കുമെന്ന് നിരീക്ഷിച്ചുള്ള ലേഖനവും പ്രസിദ്ധീകരിച്ചു. 2030 ആകുമ്പോഴേയ്ക്കും സൃഷ്ടിപരമായ ചിന്ത ഉൾപ്പെടെ മനുഷ്യമനസ്സിന്റെ എല്ലാ പ്രവർത്തനങ്ങളും യന്ത്രങ്ങൾക്കും സാധ്യമാകുമെന്ന് ഈ ലേഖനത്തിൽ എഴുതിയിരുന്നു.

പരിഷ്കൃത സമൂഹത്തെ പ്പറ്റിയുള്ള അദ്ദേഹത്തിന്റെ സങ്കല്പം എത്ര വലുതാണെന്ന് പഴയൊരു കുറിപ്പിൽ വ്യക്തമാണ്. 89–ൽ ഒരു കുറിപ്പെഴുതി. 'കേരളത്തിൽ ഒരു എൻ.ആർ.ഐ.' എന്ന പേരിൽ. തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ യാത്ര ചെയ്ത് എഴുതിയ ആ ലേഖനത്തിൽ സെക്രട്ടേറിയറ്റ് മുതൽ തെരുവുകളിൽ വരെ സമരങ്ങളാണെന്നും കേരളജനതയ്ക്ക് രാഷ്ട്രീയാതിപ്രസരമാണെന്നും ആരോപിച്ചു.

അച്ഛന്റെ എതിർപ്പ് അവഗണിച്ചാണ് അമേരിക്കയിലേക്ക് പോയത്. 1963–ൽ ചരക്കുകപ്പലിൽ ഒന്നരമാസമെടുത്ത യാത്ര. എട്ടു ഡോളറുമായാണ് കപ്പൽ കയറിയത്. ഗ്രീക്ക് ദ്വീപുകളിൽ നിർത്തിയപ്പോൾ സുവനീറുകളും സാധനങ്ങളും വാങ്ങി. ബാക്കി മൂന്നുഡോളറുമായി പോർട്ടിൽ ഇറങ്ങി. കപ്പലിൽ പരിചയപ്പെട്ട സായിപ്പ് നൽകിയ 50 ഡോളറായിരുന്നു സഹായമായത്. ആദ്യ ശമ്പളം കിട്ടിയപ്പോൾത്തന്നെ ആ പണം തിരികെ നൽകി.

ഡാലസിലെ പ്രമുഖപത്രമായ 'ഡാലസ് മോണിങ് ന്യൂസി'ലും ലേഖനങ്ങൾ എഴുതിയിരുന്നു. മലയാളത്തിൽ 'കംപ്യൂട്ടറുകളുടെ കഥ'യും 'പ്രവാസിയുടെ തേങ്ങൽ' എന്ന കവിതാസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ സ്ഥാപക നേതാക്കളിലൊരാളാണ്. ആദ്യകാല കുടിയേറ്റത്തിന്റെ മഹത്തായ ചരിത്രം കൂടിയാണ് ഡോ. എം.എസ്.ടി.നമ്പൂതിരിയുടെ വിയോഗത്തിലൂടെ ഇല്ലാതായത്. ഡാലസിനടുത്ത് മെക്കിനിയിൽ കുടുംബസമേതമായിരുന്നു താമസം. കുറച്ചുനാളുകളായി വിശ്രമജീവിതത്തിലായിരുന്നു.

ഭാര്യ: യൂണിവേഴ്സിറ്റി ഓഫ് ടെക്സസിൽ അസിസ്റ്റന്റ് പ്രൊഫസറായിരുന്ന സരസ്വതി അന്തർജനം മാവേലിക്കര ചീരവള്ളി ഇല്ലത്തെ അംഗമാണ്. മക്കൾ: ഡോ. മായ, ഇന്ദു (കെമിക്കൽ എൻജിനീയർ). മരുമകൻ: വിജയ് ശരദേഷ് പാണ്ഡേ. സഹോദരങ്ങൾ: എം.എസ്. നാരായണൻ നമ്പൂതിരി, എം.എസ്. ശങ്കരൻ നമ്പൂതിരി, എം.എസ്. ദാമോദരൻ നമ്പൂതിരി, ആര്യാദേവി അന്തർജനം, അമ്മിണി അന്തർജനം, ശാരദ അന്തർജനം, പരേതരായ ശ്രീദേവി അന്തർജനം, എം.എസ്. ശ്രീധരൻ നമ്പൂതിരി, എം.എസ്. കൃഷ്ണൻ നമ്പൂതിരി. ●

# ഹൃദയപൂർവം ആര്യ അന്തർജനം

എടപ്പാൾ: ആര്യ അന്തർജനത്തിന്റെ ആരുമല്ല ആലി. എന്നാൽ ആലിയുടെ ആരെല്ലാമോ ആണ് ആര്യ അന്തർജനം. അതുകൊണ്ടാണ് അന്തർജനത്തെ കാണാൻ ആലിയെത്തിയത്. വയനാട്ടിലെ മുണ്ടക്കൈയിലാണ് ആലി. മലപ്പുറം ചങ്ങരംകുളത്തെ പന്താവൂർ മനയിലാണ് അന്തർജനം. ഇരുനൂറോളം കിലോമീറ്റർ അകലമുണ്ടായിരുന്നു ഇവർക്കിടയിൽ. എന്നാൽ ഇന്ന് ഒരു മനസിന്റെ ദൂരം മാത്രം.

വയനാട്ടിലെ മുണ്ടക്കൈയിൽ നിന്ന് ഇരുനൂറോളം കിലോമീറ്റർ ഓട്ടോറിക്ഷയോടിച്ച് അലിയും കുടുംബവും പന്താവൂർ മനയിലെത്തിയത് ആര്യ അന്തർജനത്തെ കാണാനായിരുന്നു. ഒറ്റരാത്രികൊണ്ട് ജീവിതം കുത്തിയൊലിച്ചു പോയപ്പോൾ ആലിയെ കൈപിടിച്ചുകയറ്റിയ ആ അമ്മയെ അടുത്തുകാണാൻ. ബാക്കിയുള്ള ജീവിതത്തിന് നന്ദിപറയാൻ...

ഉരുളിലുടഞ്ഞുപോയ ജീവിതങ്ങളിൽ ഒന്നായിരുന്നു അലിയുടേതും. ജീവൻ ബാക്കിയായെങ്കിലും വീടും പറമ്പും ഏക ഉപജീവനമാർഗമായ ഓട്ടോറിക്ഷയുമെല്ലാം മണ്ണെടുത്തു. ഉടുതുണിക്ക് മറുതുണിയില്ലാതെ, ഒറ്റരാത്രികൊണ്ട് അവർ അഗതികളായി. ആലിയും ഉമ്മയും ഭാര്യയും മകളും ദുരിതാശ്വാസ ക്യാമ്പിലായിരുന്നു കുറേനാൾ.

ഓട്ടോറിക്ഷയോടിക്കാനല്ലാതെ കാര്യമായ ജോലിയൊന്നും അറിയില്ല. വയനാട് കേന്ദ്രമായി പ്രവർത്തിക്കുന്ന അഡോറ എന്ന സന്നദ്ധസംഘടനയുടെ പ്രവർത്തകർ ഇതറിഞ്ഞു. സഹപ്രവർത്തകരുമായി സംസാരിച്ചു. അങ്ങനെ അഡോറയുടെ ട്രഷററും മുംബൈയിലെ വ്യവസായിയുമായ പന്താവൂർ മനയിലെ സതീശ് നമ്പൂതിരിയുടെ അമ്മ ആര്യ അന്തർജനം ആലിയുടെ രക്ഷകയായി. ഒരു പുതിയ ഓട്ടോറിക്ഷതന്നെ നൽകാമെന്ന് അന്തർജനം ഏറ്റു. മുഴുവൻ പണവും നൽകുകയും ചെയ്തു. അങ്ങനെ സെപ്റ്റംബർ 13-ന് വയനാട് കമ്പളക്കാട്ടെ ചടങ്ങിൽ ടി. സിദ്ദിഖ് എം.എൽ.എ. പുത്തൻ സി.എൻ.ജി. ഓട്ടോറിക്ഷ ആലിക്ക് കൈമാറി.



ആര്യ അന്തർജനത്തെ കാണാൻ വയനാട്ടിൽ നിന്ന് ഓട്ടോയിലെത്തിയ ആലിയും കുടുംബവും

എന്നാൽ, ആരോഗ്യ പ്രശ്നം കാരണം ആ ചടങ്ങിൽ അന്തർജനത്തിന് പങ്കെടുക്കാനായില്ല. അതുകൊണ്ടാണ് അന്തർജനത്തെ നേരിൽകണ്ട് നന്ദി പറയാൻ ആലിയും കുടുംബവും ആ ഓട്ടോറിക്ഷയിൽത്തന്നെ പന്താവൂരിലെത്തിയത്. അന്തർജനം സന്തോഷത്തോടെ ആലിയെയും കുടുംബത്തെയും സ്വീകരിച്ചു. ഓട്ടോറിക്ഷ വഴി ബന്ധുക്കളായി. സ്നേഹം പങ്കുവെച്ച് അവർ മടങ്ങി. ●

## ശ്രീശങ്കരാ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ നൽകി

കോഴിക്കോട്: യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ ആസ്ഥാനമന്ദിരത്തിലെ ശ്രീശങ്കരാ ലൈബ്രറിയിലേക്ക് മുക്കം ഉപസഭയിലെ വാഴാമ്പറ്റ ഇല്ലത്ത് ഉണ്ണിനാരായണൻ നമ്പൂതിരി മാസ്റ്റർ 5000 രൂപയുടെ പുസ്തകങ്ങൾ നൽകി. യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ മുൻ സെക്രട്ടറി താമരക്കുളം ദിവാകരൻ നമ്പൂതിരി ഏറ്റുവാങ്ങി. സംസ്കൃത പണ്ഡിതനാണ് ഉണ്ണിനാരായണൻ നമ്പൂതിരി. ●



# ഡെൽഹിയിൽ ഗായത്രി; കേരളത്തിൽ ഗായത്രി കൂട്ടായ്മ

തൃശൂർ ജോലിയിൽ നിന്നു വിരമിച്ചു നാട്ടിൽ തിരിച്ചെത്തിയവരും ജോലി സംബന്ധമായി കേരളത്തിലേക്കു മടങ്ങിയവരുമായ ഗായത്രി അംഗങ്ങൾ ചേർന്ന് എട്ടു വർഷം മുമ്പ് 'ഗായത്രി കൂട്ടായ്മ' രൂപീകരിച്ചു. കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള നൂറ്റിമുപ്പതോളം കുടുംബങ്ങൾ ഇതിൽ അംഗങ്ങളാണ്. വർഷത്തിൽ ഒരിക്കൽ എല്ലാവരും ഒരിടത്ത് ഒരുമിച്ചു കൂടി രണ്ടു ദിവസങ്ങൾ ആഘോഷമാക്കുന്നു. പഴയ കാര്യങ്ങൾ അയവിറക്കുന്നു, പരിചയം പുതുക്കുന്നു, പുതിയവ സൃഷ്ടിക്കുന്നു. ആടുന്നു, പാടുന്നു, അഭിനയിക്കുന്നു. ഇത്തവണ സംസ്കൃത വിദ്യാർത്ഥികൾ കൂടിയായ വനിതകൾ ചേർന്ന് ശാകുന്തളത്തിലെ ഒരു ഭാഗം ഒരു ചെറു സംസ്കൃത നാടകമായി അവതരിപ്പിച്ചത് ഒരു പുതുമയായിരുന്നു. ഇത് സംവിധാനം ചെയ്ത് അരങ്ങിലെത്തിച്ചത് സാവിത്രി വാസുദേവൻ ആണ്.

2024 വർഷം സെപ്റ്റംബർ 29-ന് തൃശ്ശൂരു വച്ചു നടത്തിയ 'ശ്രാവണം 2024' കുടുംബസംഗമത്തിൽ ഡെൽഹിയിലെ അന്താരാഷ്ട്ര കഥകളി കേന്ദ്രത്തിന്റെ മുൻ പ്രിൻസിപ്പാളായ പദ്മശ്രീ സദനം ബാലകൃഷ്ണനെ ആദരിച്ചു. ഗായത്രി കൂട്ടായ്മ പ്രസിഡണ്ട് വേണാട് വാസുദേവനും തൃശ്ശൂർ ബ്രഹ്മസ്വം മഠം പ്രസിഡണ്ട് അഡ്വ. പാഴൂർ പരമേശ്വരനും കൂടി പൊന്നാടയണിയിച്ചു. പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി സദനം ബാലകൃഷ്ണനെ സദസ്സിനു പരിചയപ്പെടുത്തി.

പാലക്കാട് ഗാന്ധി സേവാസദനം കഥകളി അക്കാദമിയിൽ നിന്നു പത്തു വർഷം കഥകളി അഭ്യസിച്ചതിനു ശേഷം 1974-ൽ ഡൽഹിയിലെ അന്താരാഷ്ട്ര കഥകളി കേന്ദ്രത്തിൽ അദ്ധ്യാപകനായി. 1980-ൽ പ്രിൻസിപ്പാൾ ആയി ചുമതല ഏറ്റ അദ്ദേഹം 2007-ൽ വിരമിച്ചു. ഇപ്പോൾ അശീതി പിന്നിട്ട അദ്ദേഹം ചെന്നൈയിലുള്ള കലാക്ഷേത്ര ഫൗണ്ടേഷനിൽ വിസിറ്റിംഗ് ഫെലോയും കഥകളി വിഭാഗത്തിന്റെ തലവനും ആയി പ്രവർത്തിക്കുന്നു.

നമ്പൂതിരിമാരുമായുള്ള ബന്ധത്തിന്റെ ആഴം അദ്ദേഹം വിവരിച്ചു. ജന്മനാട്ടിലുള്ള കുറുമാത്തൂർ ഇല്ലക്കാരാണ് ആദ്യകാലത്ത് കഥകളി ആഭ്യാസത്തിൽ താങ്ങായത്. ഇല്ലത്തെ ഒരു അംഗത്തെപ്പോലെയാണ് തന്നോടു പെരുമാറിയിരുന്നതെന്നു പറഞ്ഞപ്പോൾ അദ്ദേഹം വികാരാധീനനായി. കഥകളി രംഗത്തെ എല്ലാ നേട്ടത്തിനും മൂലകാരണം കുറുമാത്തൂർ ഇല്ലത്തുള്ളവരും ഗുരുനാഥൻ പത്മശ്രീ കീഴ്പ്പടം കുമാരൻ നായരുമാണെന്ന് അദ്ദേഹം എടുത്തു പറഞ്ഞു. ●




*പദ്മശ്രീ സദനം ബാലകൃഷ്ണനെയും പത്നി ജാനകിയേയും ഗായത്രി കൂട്ടായ്മ പ്രസിഡണ്ട് വേണാട് വാസുദേവനും അഡ്വ. പാഴൂർ പരമേശ്വരനും ചേർന്ന് പൊന്നാട അണിയിക്കുന്നു. പുളിക്കീഴ് ത്രിവിക്രമൻ നമ്പൂതിരി, നീലകണ്ഠൻ അടികൾ എന്നിവർ സമീപത്ത്.*

## ഡൽഹിയിലെ 'ഗായത്രി'

ഡൽഹിയിലെ നമ്പൂതിരി കൂട്ടായ്മയായ 'ഗായത്രി' 1986-ൽ രൂപീകരിച്ചു. ഡൽഹിയിൽ സ്ഥിരതാമസമാക്കിയ ആദ്യത്തെ നമ്പൂതിരിയായ പിണ്ടാലി പരമേശ്വരൻ, ഡൽഹി സർവ്വകലാശാലയിൽ പ്രൊഫസർമാരായിരുന്ന ഡോ. അകവൂർ നാരായണനും ഒളപ്പമണ്ണ ഡോ. ഓ.എം. അനുജനും, സുപ്രീം കോടതി അഭിഭാഷകനായിരുന്ന അഡ്വ. പാഴൂർ പരമേശ്വരൻ (ഇപ്പോൾ തൃശ്ശൂർ ബ്രഹ്മസ്വം മഠം പ്രസിഡണ്ട്), തെക്കേമഠം ആചാര്യരത്നം പുരസ്കാരജേതാവ് കോതമംഗലം വാസുദേവൻ, ലളിതാംബിക അന്തർജ്ജനത്തിന്റെ പുത്രൻ എൻ. ഭാസ്കരകുമാർ തുടങ്ങിയ പ്രഗത്ഭരാണ് തുടക്കത്തിൽ സംഘടനയ്ക്കു നേതൃത്വം കൊടുത്തത്. ഡൽഹിയിലും പരിസരപ്രദേശങ്ങളിലും താമസമാക്കിയ നമ്പൂതിരിമാരുടെ ഒരുമയും എല്ലാ വിധത്തിലുമുള്ള ഉന്നമനവുമായിരുന്നു ലക്ഷ്യം. ●







*അനുസ്മരണ ചടങ്ങിലെ വിവിധ ദൃശ്യങ്ങൾ*







# വിഷ്ണുനാരായണൻ നമ്പൂതിരിക്ക് അപൂർവമായ ഒരനുസ്മരണം

പിലാത്തറ: പുറച്ചേരി കേശവതീരം ആയുർവേദഗ്രാമവും ശ്രീവല്ലി ട്രസ്റ്റും ചേർന്ന് വൈഷ്ണവം 2024 എന്ന പേരിൽ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ അനുസ്മരണവും കാവ്യവിചിന്തനവും നടത്തി. കവി പത്നി സാവിത്രി വിഷ്ണുനാരായണൻ ഉദ്ഘാടനം ചെയ്തു.

സുരേഷ് അന്നൂർ വരച്ച കവിയുടെ ചിത്രവും അനാച്ഛാദനം ചെയ്തു. രവീന്ദ്രൻ പുതിയടത്ത് അധ്യക്ഷത വഹിച്ചു. കവി പദ്മദാസ് പ്രഭാഷണം നടത്തി. ശ്രീവല്ലി ട്രസ്റ്റിന്റെ ഉപഹാരം സാവിത്രി വിഷ്ണുനാരായണൻ കേശവതീരം എം.ഡി. വെദരിമന വിഷ്ണുനമ്പൂതിരിക്ക് നൽകി. കവിയുടെ മക്കളായ എൻ. അപർണ, ഡോ.എൻ. അദിതി, ക്യാപ്റ്റൻ വി.എം.വിശ്വനാഥൻ, ഡോ. കേശവൻ വെദിരമന, ശ്രീകുമാർ കക്കാട്, ശീരവള്ളി ഉണ്ണി, വെദിരമന വിഷ്ണുനമ്പൂതിരി, അഡ്വ. രാധാകൃഷ്ണൻ നമ്പൂതിരി എന്നിവർ സംസാരിച്ചു.

## കുടിയേറിയത് പയ്യന്നൂരിൽ നിന്ന്

ഞങ്ങളുടെ പിതാവ് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ സ്മരണ നിലനിർത്താനുള്ള പ്രവർത്തനങ്ങളാണ് ശ്രീവല്ലി ട്രസ്റ്റിന്റേത്. ജന്മം കൊണ്ട് തിരുവല്ലാ സ്വദേശിയായാണെങ്കിലും പയ്യന്നൂർ, വിശിഷ്യാ അറത്തിൽ നിന്നാണ് ഞങ്ങളുടെ പൂർവ്വ പിതാമഹർ തിരുവിതാംകൂറിലേക്ക് കുടിയേറിയത്. അറത്തിൽ ഭഗവതി ഞങ്ങളുടെ പരദേവതയാണ്.

പയ്യന്നൂരിലെ പ്രശസ്ത ചികിത്സാലയമായ കേശവതീരത്തിന്റെ പ്രവർത്തനങ്ങളിൽ വലിയ മതിപ്പും താത്പര്യവും അച്ഛൻ പ്രകടിപ്പിച്ചിരുന്നു. കേശവതീരത്തിന്റെ മേധാവിയും ഞങ്ങളുടെ ബന്ധുവുമായ വിഷ്ണുനമ്പൂതിരിയുമായി അച്ഛൻ അടുത്ത ബന്ധം പുലർത്തിപ്പോന്നു. ആ ഗാഢസൗഹൃദവും ബന്ധവും പ്രതിഫലിപ്പിക്കാൻ ആശുപത്രിയുടെ ഒരു ചികിത്സാമുറി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ നാമധേയത്തിൽ സമർപ്പിക്കുകയും ചെയ്യുന്നു.

**എൻ.അപർണ** (വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മകൾ)
ഡോ. അദിതി മൊബൈൽ: 9633225970
















# ഇത് ലളിതാംബിക അന്തർജ്ജനത്തിന്റെ ഓർമ്മയ്ക്ക്

**പൊത്തോപ്പുറം ജയന്തൻ**

മണിയടിച്ചു. ഫോണിന്റെ മറുതലയ്ക്കൽ രാജൻ ചേട്ടനാണ്. ലളിതാംബിക അന്തർജ്ജനത്തിന്റെ ഇളയ മകൻ എൻ. രാജേന്ദ്രൻ നമ്പൂതിരി. റിട്ട ഐ.പി.എസ്. ഉദ്യോഗസ്ഥൻ.

'ജയന്തന് ഞായറാഴ്ച എന്താ പരിപാടി?'

'ഓ, അങ്ങനെ പ്രത്യേകിച്ച് ഒന്നുമില്ല.'

'എന്നാൽ പതിനൊന്നു മണിയാകുമ്പോഴേക്കും ഇങ്ങോട്ടു വരൂ. അമ്മയുടെ പേരിലുള്ള സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു. കുട്ടികളെ അനുഗ്രഹിക്കണം' സമ്മതിച്ചു.സ്കോളർഷിപ്പിനെപ്പറ്റിയുള്ള കാര്യങ്ങൾ രാജൻ ചേട്ടൻ പറഞ്ഞു. അന്തർജ്ജനം സ്മാരക ട്രസ്റ്റാണ് പരിപാടി നടത്തുന്നത്. അന്തർജ്ജനത്തിന്റെ കൃതികൾക്കു ലഭിച്ച റോയൽറ്റി ഉപയോഗിച്ചാണ് ഈ അവാർഡുകളും സ്കോളർഷിപ്പുകളും. മുമ്പ് സാഹിത്യപ്രവർത്തകർക്കാണ് അവാർഡ് കൊടുത്തിരുന്നത്. ഒ.എൻ.വി. കുറുപ്പ് അദ്ധ്യക്ഷനായ ഒരു സമിതിയാണ് ജേതാക്കളെ തിരഞ്ഞെടുത്തിരുന്നത്.

വൈക്കം മുഹമ്മദ് ബഷീർ, സുകുമാർ അഴീക്കോട്, അക്കിത്തം അച്യുതൻ നമ്പൂതിരി, എം.ടി. വാസുദേവൻ നായർ, എൻ.പി. മുഹമ്മദ്, ടി.പദ്മനാഭൻ, കെ.ടി. മുഹമ്മദ്, സുഗതകുമാരി, വിഷ്ണു നാരായണൻ നമ്പൂതിരി, എം.ലീലാവതി, എസ്. ഗുപ്തൻ നായർ, തുടങ്ങിയവർക്കൊക്കെ ഈ അവാർഡ് കൊടുത്തിട്ടുണ്ട്.

പിന്നീട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പാക്കി മാറ്റി ഈ അവാർഡ്. എഴുതിത്തെളിഞ്ഞു സുപ്രസിദ്ധരായവരുടെ സ്ഥാനത്ത് ഇപ്പോൾ ആരോരുമറിയാത്ത കുട്ടികൾ. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന, പ്രത്യേകിച്ച് മാതാപിതാക്കൾക്ക് സ്ഥിരജോലിയില്ലാത്ത കുടുംബങ്ങളിലെ കുട്ടികൾ. രാമപുരം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കണ്ടറി സ്കൂളിലെ പതിനൊന്നും പന്ത്രണ്ടും ക്ലാസ്സുകാർ.

ഈ സ്കൂളിലാണ് അന്തർജ്ജനത്തിന്റെ കുട്ടികൾ പഠിച്ചത്. സർട്ടിഫിക്കറ്റും പതിനായിരം രൂപയുടെ ചെക്കുമാണ്. 20 കുട്ടികൾക്ക്. മൂന്നു വർഷമായി സ്കൂളും ട്രസ്റ്റും ചേർന്നാണ് കുട്ടികളെ തിരഞ്ഞെടുക്കുന്നത്.

ഇല്ലത്തെ മുറ്റത്തു വച്ചാണ് പരിപാടി. പ്രചരണമില്ല, ആഘോഷമില്ല, മൈക്ക് ഇല്ല. എന്തിന്, ഒരു ബാനർ പോലും ഇല്ല. തികച്ചും ലളിതം. പങ്കെടുക്കുന്നതോ, സ്കോളർഷിപ്പ് സ്വീകരിക്കുന്ന കുട്ടികളും രക്ഷകർത്താക്കളും മാത്രം. വേദിയിൽ ട്രസ്റ്റിന്റെ പ്രസിഡണ്ട് രാജേന്ദ്രൻ നമ്പൂതിരി, സ്ക്കൂളിന്റെ മുൻപ്രിൻസിപ്പാൾ സിജി സെബാസ്റ്റ്യൻ, അഗ്രിക്കൾച്ചറൽ ഇമ്പ്രൂവ്മെൻറ് ബാങ്ക് പ്രസിഡണ്ട് ബേബി അർത്തിയിൽ, പിന്നെ ഈയുള്ളവനും. വളരെ ദിവ്യമായ ഒരു പരിപാടിയിൽ പങ്കെടുക്കാനും കുട്ടികൾക്ക് ആശംസകൾ നേരാനും അവസരം ലഭിച്ചത് ഒരു മഹാഭാഗ്യമായി തോന്നി. ●

## ഇല്ലത്തുണ്ട് അന്തർജനം മ്യൂസിയം

ഇല്ലത്തിന്റെ മുകൾ നിലയിൽ ഒരു മ്യൂസിയം ക്രമീകരിച്ചിട്ടുണ്ട്. അന്തർജ്ജനത്തിൻറെ പുസ്തകങ്ങളുടെ ശേഖരം, വയലാർ അവാർഡ്, സാഹിത്യ അക്കാദമിയുടെ ഡിസ്റ്റിൻഗ്വിഷ്ഡ് ഫെല്ലോഷിപ്പ് എന്നിവ ഉൾപ്പെടെ, കിട്ടിയ എല്ലാ അവാർഡുകളും, ഉപയോഗിച്ചിരുന്ന കണ്ണട, പേന, മുറുക്കാൻ ചെല്ലം, അയച്ചതും കിട്ടിയതുമായ കത്തുകൾ എന്നിവയെല്ലാം കൃത്യമായി രേഖപ്പെടുത്തി വച്ചിരിക്കുന്നു. കത്തുകൾ കേടുവരാതിരിക്കാൻ ലാമിനേറ്റ് ചെയ്തു സൂക്ഷിച്ചിട്ടുണ്ട്. ഇവ കൂടാതെ അന്തർജ്ജനം ഉപയോഗിച്ചിരുന്ന ഓട്ടുപാത്രങ്ങൾ, പൂജാപാത്രങ്ങൾ, തുടങ്ങിയവയും കാണാം. ചേർന്ന് തന്നെ ഒരു മിനി ഓഡിറ്റോറിയവും. ചുറ്റിലും വൃക്ഷലതാദികൾ നിറഞ്ഞ, നികുഞ്ജം പോലെ.

 ❑വ്യക്തികൾ വാർത്തകൾ സംഭവങ്ങൾ

# കുതിരക്കമ്പം മൂത്താൽ ഇങ്ങനെ വേണം

ഇതാ വേറിട്ടൊരു കമ്പം. കുതിരക്കമ്പം. നെത്തല്ലൂർ ദേവീക്ഷേത്രത്തിലെ മേൽശാന്തി അമനകര പുനത്തിൽ ഇല്ലത്ത് നാരായണൻ നമ്പൂതിരിയാണ് കുതിരക്കമ്പം മൂത്ത് കുതിരയെ സ്വന്തമാക്കിയത്.

ചെറുപ്പത്തിലേ മോഹമായി ഉണ്ടായിരുന്നു. സാധിച്ചത് 52-ാം വയസ്സിലാണെന്നു മാത്രം. വടക്കൻ പാട്ടു സിനിമകളിലെ കുതിരപ്പുറത്തെത്തുന്ന ചേകവന്മാരും കുതിരസ്സവാരിയുമെല്ലാം മനസ്സിൽ ഇടംപിടിച്ചു. ക്ഷേത്രത്തിലെ ജോലിയും തിരക്കും കാരണം ആഗ്രഹം നീണ്ടുപോയി. രണ്ടുവർഷം മുൻപ് ചാലക്കുടിയിൽ പോയാണ് കുതിരസവാരി പരിശീലിച്ചത്. തമിഴ്നാട്ടിലും കർണാടകത്തിലുമൊക്കെ കുതിരയെ തേടിപ്പോയി. എന്നാൽ, ഇഷ്ടത്തിന് പറ്റിയ ഒന്നിനെ കണ്ടില്ല. ഒടുവിൽ ചെന്നുനിന്നത് വാഗമണ്ണിലാണ്. പോണി ഇനത്തിൽപ്പെട്ട പരിശീലനം ലഭിച്ച നാടൻ കുതിര റാണിയെ കണ്ടു. ബോധിച്ചു. രണ്ട് വയസ്സ് പ്രായം. 45,000 രൂപയായിരുന്നു വില. അശ്വാരൂഢനായി നെത്തല്ലൂരിലെത്തി.



ക്ഷേത്രത്തിന് സമീപത്തെ താമസസ്ഥലത്തിനോടു ചേർന്ന് റാണിക്കും സ്ഥലമൊരുക്കി. പുല്ല് തിന്നാനായി ക്ഷേത്രമുറ്റത്ത് കെട്ടിയിടും. കാണാനും സെൽഫിയെടുക്കാനുമൊക്കെ ആളുകൾ എത്തുന്നുണ്ട്. ഭാര്യ ഉഷാകുമാരിയും മക്കളായ രേവതിയും പാർവതിയുമടങ്ങുന്ന കുടുംബം നാരായണൻ നമ്പൂതിരിയുടെ കുതിരക്കമ്പത്തിന് കൂട്ടുണ്ട് ●



*കോഴിക്കോട്ട് നടന്ന യോഗാസന ചാമ്പ്യൻഷിപ്പ് സീനിയർ വിഭാഗത്തിൽ (30-35 ) ഒന്നാം സ്ഥാനം നേടിയ ശരണ്യ കെ.പി. അച്ഛൻ -കൈമുക്ക് പരമേശ്വരൻ നമ്പൂതിരി, അമ്മ പാമ്പുമേക്കാട് ഉഷ അന്തർജനം, ഭർത്താവ് ചിറങ്ങാട്ട് മല്ലിശ്ശേരി ശങ്കരൻ നമ്പൂതിരി.*



*തിരുവനന്തപുരം ഗവ സംസ്കൃത കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലിയിൽ പ്രവേശിച്ച കോഴിക്കോട് തളി സ്വസ്തിമനയിൽ ഡോ.സുദേവ് കൃഷ്ണ ശർമ്മ*

# മിത്രാനന്ദപുരത്ത് ഓത്തുകൊട്ടൽ

തൃശൂർ പെരുവനം പെരുമ്പിള്ളിശ്ശേരി മിത്രാനന്ദപുരത്ത് അതിഗംഭീരമായ ഓത്തു കൊട്ടൽ സംഘടിപ്പിച്ചു. മിത്രാനന്ദപുരം ഊട്ടുപുരയിലെ സമാപനചടങ്ങിൽ ആഴ്വാഞ്ചേരി കൃഷ്ണൻ തമ്പ്രാക്കൾ സന്നിഹിതനായി. ഇരിങ്ങാലക്കുട യജുർവേദ പാഠശാലയിലെ വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു.

പന്തൽ വൈദികൻ ദാമോദരൻ നമ്പൂതിരി, അണിമംഗലം സുബ്രമഹ്ണ്യൻ നമ്പൂതിരി, കൈമുക്ക് വൈദികൻ നാരായണൻ നമ്പൂതിരി, ആമല്ലൂർ നാരായണൻ നമ്പൂതിരി, കൂടപ്പുഴ പരമേശ്വരൻ നമ്പൂതിരി തുടങ്ങിയ വേദപണ്ഡിതർ പങ്കെടുത്തു. ആരൂർ വാസുദേവൻ അടീരിപ്പാട്, കിരാങ്ങാട്ട് വാസുദേവൻ നമ്പൂതിരിപ്പാട്, കീഴില്ലം നാരായണൻ നമ്പൂതിരി, കണ്ണമംഗലം വാസുദേവൻ നമ്പൂതിരി, അക്കരചിറ്റൂർ നീലകണ്ഠൻ നമ്പൂതിരി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ചടങ്ങു നടന്നത്. ഇനി മൂന്ന് വർഷത്തിനു ശേഷമാണ് ഈ വേദ യജ്ഞം നടത്തുക. ●



*ശ്രീ വെങ്കടേശ്വരാ വേദിക് യൂണിവേഴ്സിറ്റിയിൽ നടന്ന അഖില ഭാരതീയ സാമവേദ സമ്മേളനത്തിൽ മുഖ്യാതിഥിയായി 'കേരളീയ സാമവേദാലാപനത്തിന്റെ വൈശിഷ്ട്യവും പ്രത്യേകതകളും' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ച ഡോ. തോട്ടം ശിവകരൻ നമ്പൂതിരി.*



*തൃശൂർ പെരുവനം പെരുമ്പിള്ളിശ്ശേരി മിത്രാനന്ദപുരം ഓത്തു കൊട്ടിന്റെ സമാപനചടങ്ങ്*

# അൻപതാം വിവാഹ വാർഷികം



**പാറക്കോട്ട്**
**ശങ്കരൻ നമ്പൂതിരി–**
**ഗൌരി (ഇന്ദിര)**
**അന്തർജനം**
**(മറവഞ്ചേരി**
**കിഴക്കേടത്ത് മന)**

*ആശംസകളോടെ....*
**വാസുദേവൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, പാർവ്വതി അന്തർജനം,**
**കൃഷ്ണൻ നമ്പൂതിരി, ഡോ.ശങ്കരൻ നമ്പൂതിരി , ഉമ അന്തർജനം.**
പാറക്കോട്ടില്ലം, നായർകുഴിപി.ഒ, വഴി എൻ ഐ ടി, കോഴിക്കോട്ട് ജില്ല , 673601, ഫോൺ: 9288147614

# 42–ാം വിവാഹ വാർഷികം



**കാഞ്ഞിരത്തോട്ടം**
**ശങ്കരൻ നമ്പൂതിരി –**
**ഇന്ദിര അന്തർജനം**
**(കരുമല ഇല്ലം)**

*ആശംസകളോടെ*, മക്കൾ : **ഐശ്വര്യ, അജയ്ശങ്കർ,** മരുമക്കൾ : **സുധീഷ്, മഞ്ജരി,** പേരക്കുട്ടികൾ : **അത്രിദേവ് നാരായണൻ, നന്ദിത സാവിത്രി, യശസ്വിൻ ശങ്കർ, ദേവാംഗ് ശങ്കർ**
കാഞ്ഞിരത്തോട്ടം ഇല്ലം, കാഞ്ഞിരമൂഴി, പി.ഒ. നീലേശ്വരം,
ഫോൺ: 9447582149

## ജയകൃഷ്ണനും സൂര്യയും

മുക്കം പന്നിക്കോട് ചെറുവക്കാട്ടില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും, ദീപ അന്തർജ്ജനത്തിന്റെയും മകൻ ജയകൃഷ്ണനും, കാണിപ്പയ്യൂർ ചെമ്മണ്ണൂർ താഴക്കുളത്തുമന ശങ്കരനാരായണൻ നമ്പൂതിരിയുടെയും രൂപ അന്തർജ്ജനത്തിന്റെയും മകൾ സൂര്യയും 2024 ഒക്ടോബർ 27ന് അരീക്കോട് ഹിൽ ഫോർട്ട് ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹിതരായി.





ആനല്ലൂർ തെക്കേടത്ത് മനക്കൽ
**ഭാസ്കരൻ നമ്പൂതിരിയുടേയും**
(കാറൽമണ്ണ കൊയ്ത്തടി മരുമകൾ)
വെള്ളാങ്ങല്ലൂർ എളകുർശ്ശി മഹൾ
**ശ്രീദേവി അന്തർജ്ജനത്തിന്റേയും**
അമ്പതാം വിവാഹ
വാർഷികത്തിന് ശുഭാശംസകൾ

എ.ടി.സി. ഭാസ്കരൻ,
തെക്കേടത്തു മന,
നാറാണത്ത്, പി.ഒ രാമപുരം,
പിൻ :679321 മലപ്പുറം ജില്ല
മൊബൈൽ: 9895576339

മക്കൾ: ശ്രീജിത് നാരായണൻ (മേശാന്തി, കോങ്ങാട് തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രം)
രഞ്ജിത്ത് രാം (ബാംഗളൂർ), സരിത ശ്രീജിത് (തൃക്കങ്ങോട് രണ്ടുമൂർത്തി ക്ഷേത്രം),
രമ്യ രഞ്ജിത് (നാഷണൽ ഹൈസ്കൂൾ, കൊളത്തൂർ, മലപ്പുറം),
മുത്തശ്ശനും മുത്തശ്ശിക്കും നമസ്കാരം: സ്നിഗ്ദ്ധ എ.ടി. (ഹൈസ്കൂൾ വിദ്യാർത്ഥിനി)

# യുവസ്വസ്തി





**ആദർശ് വി**
(എസ് വാമനൻ നമ്പൂതിരിയുടെയും ജി ലതാദേവിയുടെയും മകൻ)
കോയിക്കൽ മഠം,
പി ഒ ശാസ്തവട്ടം,
മംഗലപുരം,
തിരുവനന്തപുരം
മൊബൈൽ
8848871293





**കൃഷ്ണേന്ദു കെ.ബി.**
D/o കൃഷ്ണൻ പോറ്റി,
നാരായണീയം, മാളിക മന,
കൊക്കോതമംഗലം,
അരുവിക്കര, പിഒ: വെള്ള
നാട്, പിൻ:695543
മൊബൈൽ 9746477607

❑വ്യക്തികൾ വാർത്തകൾ സംഭവങ്ങൾ ❑വ്യക്തികൾ വാർത്തകൾ സംഭവങ്ങൾ

## പൂജാദ്രവ്യങ്ങളുടെ നിലവാരം ഉറപ്പാക്കണം

തൃശൂർ: പൂജാദ്രവ്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കണമെന്നും ഇതിനായി ദേവസ്വം വകുപ്പിൽ ക്വാളിറ്റി കൺട്രോൾ സെൽ തുടങ്ങണമെന്നും അഖില കേരള തന്ത്രിസമാജം വാർഷിക സമ്മേളനം ആവശ്യപ്പെട്ടു.

സർക്കാർ അംഗീകൃത ഗുണനിലവാര മുദ്രയുള്ള പൂജാദ്രവ്യങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം. ഇക്കാര്യങ്ങൾ ഏറെക്കാലമായി അഖില കേരള തന്ത്രിസമാജം വിവിധ ദേവസ്വം ബോർഡുകളോട് ആവശ്യപ്പെട്ടുവരുന്നതാണ്.

പുലിയന്നൂർ ശശി നമ്പൂതിരിപ്പാട് (പ്രസിഡന്റ്), എ.എ. ഭട്ടതിരിപ്പാട് (വൈസ് പ്രസിഡന്റ്), പുടയൂർ



*പുലിയന്നൂർ ശശി നമ്പൂതിരിപ്പാട് (പ്രസിഡന്റ്), പുടയൂർ ജയനാരായണൻ നമ്പൂതിരിപ്പാട് (ജന. സെക്രട്ടറി)*

ജയനാരായണൻ നമ്പൂതിരിപ്പാട് (ജനറൽ സെക്രട്ടറി), സൂര്യകാലടി പരമേശ്വരൻ ഭട്ടതിരിപ്പാട് (ജോ. സെക്രട്ടറി), ഇടക്കഴിപ്പുറം രമേശൻ നമ്പൂതിരി (ട്രഷറർ) എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.



## അഖിൽ ജി. നമ്പൂതിരി മികച്ച ഹോമിയോ റിസർച്ച് ഫെലോ

രാജ്യത്തെ മികച്ച ഹോമിയോ റിസർച്ച് ഫെലോ അവാർഡിന് മലപ്പുറം മോങ്ങം ഒളമതിൽ സ്വദേശി അഖിൽ ജി. നമ്പൂതിരി അർഹനായി. യുവ ഹോമിയോ ഡോക്ടറും മംഗലാപുരം ആൽവാസ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ അവസാന വർഷ വിദ്യാർത്ഥിയുമാണ് അഖിൽ. കലക്ടറേറ്റ് റവന്യൂ ജീവനക്കാരൻ കെ.എം. ഗോവിന്ദൻ നമ്പൂതിരിയുടെയും അധ്യാപിക ജയശ്രീയുടെയും മകനാണ്.




# കത്തിക്കാനുള്ളതല്ല ചിരട്ട; ഈ വിളക്കുകളും

എരുമപ്പെട്ടി സ്കൂളിൽ അദ്ധ്യാപകനായിരുന്നു. എ.ഇ.ഒ. ആയിട്ടാണ് വിരമിച്ചത്. കരകൗശല നിർമ്മിതികൾ ഒരു നേരം പോക്ക് അത്രേള്ളൂ. നിരവധി വർഷങ്ങളായി ഇത് തുടങ്ങിയിട്ട്. ആദ്യം ചിത്രം വരയിലായിരുന്നു താല്പര്യം. പിന്നീടാണ് ചിരട്ടയിലേയ്ക്ക് തിരിയുന്നത്.

**ഒ.എൻ.രാജേഷ്**



ചിരട്ടകൊണ്ട് കൗശലങ്ങൾ സൃഷ്ടിക്കുന്ന അഗ്രഗണ്യന്മാർ ഉണ്ടായിരുന്നു. മലപ്പുറം പുലാമന്തോളിലെ ചൊവ്വൂർ മനയ്ക്കൽ നീലകണ്ഠൻ നമ്പൂതിരിപ്പാട് അതിൽ അസാമാന്യനായിരുന്നു. അദ്ദേഹം ചിരട്ടകൊണ്ടുണ്ടാക്കിയ നിരവധി കൗശലവസ്തുക്കൾ ഒരിക്കൽ അദ്ദേഹത്തിന്റെ ഇല്ലം കത്തിയപ്പോൾ കത്തി നശിക്കുകയുണ്ടായി. അതിൽ എന്തെങ്കിലും ഇന്ന് അവശേഷിക്കുന്നുണ്ടോ എന്നറിയില്ല.

ചിരട്ട കൊണ്ട് കരവിരുതൊരുക്കുന്ന നമ്പൂതിരിമാർ ഇന്നുമുണ്ട്. അവരിൽ ഒരാളാണ് ചിറ്റണ്ട മുണ്ടനാട്ട് മനയ്ക്കൽ നീലകണ്ഠൻ അനിയൻ നമ്പൂതിരി. തൃശ്ശൂർ നെല്ലുവായ് ധന്വന്തരി ക്ഷേത്രപരിസരത്താണ് താമസം. ആരും അറിയപ്പെടണമെന്നാഗ്രഹമില്ല. തികച്ചും ഒരു വിശ്രമജീവിത വിനോദോപാധിമാത്രം. റിട്ടയർമെന്റ് ജീവിതം ബോറഡിയാവാതെ കൊണ്ടു പോവാൻ കണ്ടു പിടിച്ച വിദ്യ.

എരുമപ്പെട്ടി സ്കൂളിൽ അദ്ധ്യാപകനായിരുന്നു. മറ്റു വിദ്യാലയങ്ങളിൽ പ്രധാന അദ്ധ്യാപകനുമായി. എ.ഇ.ഒ.ആയിട്ടാണ് വിരമിച്ചത്. കരകൗശലനിർമ്മിതികൾ ഒരു നേരംപോക്ക് അത്രേള്ളൂ. നിരവധി വർഷങ്ങളായി ഇത് തുടങ്ങിയിട്ട്. ആദ്യം ചിത്രം വരയിലായിരുന്നു താല്പര്യം. പിന്നീടാണ് ചിരട്ടയിലേയ്ക്ക് തിരിയുന്നത്.

ഏതു രൂപത്തിലേയ്ക്കാണോ പാകപ്പെടുത്തേണ്ടത് ആ രൂപത്തിനു സമാനമായി ചിരട്ടയെ കഷ്ണങ്ങളായി മുറിച്ച് പാകപ്പെടുത്തി അവസാനം ഫെവീക്കോളുകൊണ്ട് ഒട്ടിച്ചാണ് രൂപം വരുത്തുന്നത്. എന്നാൽ ചിലത് ചിരട്ടയെ കഷ്ണങ്ങളാക്കാതെയും രൂപപ്പെടുത്തിയിട്ടുണ്ട്. നിർമ്മിക്കാനുദ്ദേശിക്കുന്ന രൂപം മനസ്സിൽ കണ്ടശേഷം പണി തുടങ്ങും. ചിലപ്പോൾ മാസങ്ങളും വർഷങ്ങളുമെടുക്കും. ഇല്ലത്തെ ചുമരലമാറകളെല്ലാം ചിരട്ടക്കലയാണ്. അതിസൂക്ഷ്മതയോടെയാണ് ഓരോന്നും കൈകാര്യം ചെയ്യുന്നത്. കൈപ്രയോഗങ്ങൾ മരങ്ങളിലുമുണ്ട്. ഇളം അകിൽ മരത്തിന്റെ ശാഖയിൽ തീർത്ത വാക്കിങ് സ്റ്റിക്ക്, ചങ്ങലക്കണ്ണി മുതലായവയും മുരുക്കിൻ മുള്ളിലും മരത്തിലും തീർത്ത പെട്ടികൾ, മറ്റു വിവിധ വസ്തുക്കൾ ഇങ്ങനെ എണ്ണിയാൽ തീരാത്തത്ര കരകൗശലോല്പങ്ങൾ. എൺപത്തിയേഴാം വയസ്സിലും കരകൗശത്തിന് വിശ്രമമില്ല.

കരകൗശല നിർമ്മിതികളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല അഭിരുചികൾ. പത്രങ്ങളിൽ വരുന്ന വിശേഷ



മുണ്ടനാട്ട് മനയ്ക്കൽ നീലകണ്ഠൻ നമ്പൂതിരി ചിരട്ടകളിൽ തീർത്ത കലാരൂപങ്ങൾ

- ടൂൾസ്?: അരങ്ങൾ, ഉളി, ആക്സോ ബ്ലേഡ്.
- എവിടെ നിന്ന്?: കടകളിൽനിന്ന് .
- ചിരട്ടകൾ?: നല്ലത് തിരഞ്ഞെടുക്കുക
- നിറത്തിന് ?: പ്രത്യേകിച്ച് ഒന്നുമില്ല.
- മിനുസം?: ഉരക്കടലാസ് കൊണ്ട്
- ഒട്ടിക്കാൻ?: ഫെവിക്കോൾ
- ഉറപ്പിക്കാൻ?: ഫെവിക്കോൾ ഉണങ്ങുന്നതു വരെ അമർത്തി പിടിക്കും.
- തുടങ്ങാൻ കാരണം?: ഒരു നേരം പോക്കിന്
- സഹായത്തിന്?: ഒറ്റക്കാണ് പതിവ്.
- കുടുംബം?: ഭാര്യസുധ,
- മക്കൾ: ശശി, മനോജ്, പ്രമോദ്.

പ്പെട്ടതും അത്ഭുതം തോന്നുന്നതുമായ വാർത്തകളുടെ ശേഖരം. തലയെടുപ്പുള്ള ആനകളെക്കുറിച്ചുള്ള വിവരണങ്ങൾ, കൂടാതെ ഡയറിക്കുറിപ്പുകൾ, നാണ്യശേഖരങ്ങൾ... ഇങ്ങനെ പോകുന്നു ശേഖരണശീലങ്ങൾ. പഴയ നാലുകെട്ടിലെ താമസസ്ഥലത്ത് പണ്ട് ഉപയോഗിച്ചിരുന്ന വസ്തുക്കളൊന്നും അലക്ഷ്യമായി ഇട്ടിട്ടില്ല. നശിപ്പിച്ചിട്ടില്ല. കൊടുക്കുകയോ വിൽക്കുകയോ ചെയ്തിട്ടില്ല. എല്ലാം ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ●

ചിറ്റണ്ട മുണ്ടനാട്ട് മന, നെല്ലുവായ് പി.ഒ.,
എരുമപ്പെട്ടി, പിൻ: 680 584 തൃശ്ശൂർ ജില്ല.
മൊബൈൽ : 9539745329
ഒ.എൻ.രാജേഷ്, ഒരുപുലാശ്ശേരി മന, കല്ലിപ്പാടം പി.ഒ.,ഷൊർണ്ണൂർ-2, പാലക്കാട് ജില്ല,പിൻ: 679122
മൊബൈൽ: 94955 02605



# ഇനി തനിയെ

**ഉണ്ണികൃഷ്ണൻ എം ഇ**

ഇനി നടക്കാം നമുക്കൊറ്റക്കു സ്വല്പം
തുടരുമീ ജീവിത പന്ഥാവിലൂടെ.
ആളൊഴിഞ്ഞേകാന്ത മന്ദസ്മിതങ്ങൾ
കനവിലായ് പെയ്യുന്ന വർഷത്തിനൊപ്പം
ഇന്നലെ വന്നതുമൊറ്റക്കു തന്നിനി
പോകേണ്ടതും നാളെയേകാന്തമായി!

ഇതു പ്രകൃതിതൻ സ്നേഹ മധുതീരമല്ലോ
മിഴിവാർന്ന ലയമാർന്ന സുഖമാർന്ന തീരം.
ഇവിടെയില്ലാ നമ്മെയസ്വസ്ഥമാക്കും
പരകേളി, മത്സരം കാപട്യമൊന്നും
സുഖചിന്ത വഴിമാറിയൊഴുകുന്ന ബന്ധന-
പ്പരബന്ധമാകുന്നൊരണകളില്ലാ
തെളിവിന്റെയിതളുകൾ പൊടി കൊണ്ടു മൂടുന്ന
ഘനമാർന്നൊരൂക്കിന്റെ ചക്രവാതങ്ങളും
സത്യത്തിനേക്കാൾ പറന്നുയർന്നൊരു വേള
ഇരുളാക്കിടുന്നതാം അപ്രമാദിത്വവും

ഇനിയില്ല വിശ്രമം തെളിനീരു കാണുന്നൊ-
രേകാന്ത ഗഹ്വരം ചെന്നെത്തിടും വരെ
കരുണയുടെ ഗന്ധവും മനതാരിലേറ്റീ
ഇനി നടക്കാം സ്വസ്ഥമായിട്ടു തന്നെ
ഇവിടെ തുടിക്കുന്നു ജീവൽ പ്രകാശം
നിറമാർന്ന കുളിരാർന്ന നിഴലുകളതായി
അറിവിന്റെ നിറവിന്റെയരുണപ്രകാശം
മനതാരിലുണരുന്നൊരൂർജ്ജപ്രവാഹം
ഇനി നടക്കാം നമുക്കൊറ്റക്കുതന്നേ
ഇവിടെയീ ജീവന്റെ നിശ്വാസമായി ●



ഉണ്ണികൃഷ്ണൻ എം ഇ
മുണ്ടോട്ട ഇല്ലം ലേൽമണ്ടോടി
പി ഒ മുയിപ്പോത്ത്,
മേപ്പയ്യൂർ, പിൻ: 673524
മൊബൈൽ: 9446159842




# സ്വസ്തി വായിച്ച് എൺപത്തൊമ്പതുകാരിയുടെ കത്ത്




ഓണപ്പതിപ്പ് നല്ലൊരു സദ്യതന്നെ വിളമ്പി. അനിയന്റെ (വി.ടി.വാസുദേവൻ) ഉണ്ണിനമ്പൂതിരിപ്പാടിന്റെ അനുസ്മരണ യോഗത്തിലെ പ്രസംഗം പ്രൗഢഗംഭീരം തന്നെ. ഇളംതലമുറക്കാർക്ക് കുറൂർ ഉണ്ണിനമ്പൂതിരിപ്പാടിനെക്കുറിച്ചു അറിവ് നൽകുന്ന ലേഖനം മഹത്തരമാണ്. കാടമ്പറ്റ ഉണ്ണികൃഷ്ണന്റെ വേഷപ്പകർച്ച ലളിതമായ മനോഹരമായി. ചിത്രകാരനായ ഗണപതി നമ്പൂതിരിയെക്കുറിച്ച് ഉദയൻ നമ്പൂതിരി എഴുതിയ ലേഖനം വായിച്ച് പഴയ ചില ഓർമ്മകൾ അയവിറക്കി.

എന്റെ സഹോദരി ലീലേടത്തി ആർ.എൽ.വി. കോളേജിൽ ഗണപതി നമ്പൂതിരിയുടെ സഹപാഠി ആയിരുന്നു. പലപ്പോഴും വീട്ടിൽ വരാറുള്ള അദ്ദേഹത്തിനെ എനിക്ക് നല്ല പരിചയമായിരുന്നു. ഏടത്തിയുടെ ആവശ്യപ്രകാരം ഞങ്ങളുടെ മുത്തശ്യമ്മയുടെയും അമ്മയുടെയും പേരശ്യമ്മയെ വിവാഹം കഴിച്ച വി.ടി. ഭട്ടതിരിപ്പാടിന്റെയും ചിത്രങ്ങൾ അദ്ദേഹം വരച്ചത് എന്റെ കൈവശമുണ്ട്. അതിന്റെ മുന്നിൽ ഇരുന്നാണ് ഞാനിതെഴുതുന്നത്. ഇതൊരു ചിത്രമല്ല. അവർ തന്നെ മുന്നിൽ നിൽക്കുന്നതുപോലെയുള്ള പ്രതീതിയാണ്.

ഗുരുവായൂർ മേല്പത്തൂർ ഓഡിറ്റോറിയത്തിലെ ചെമ്പൈ ഭാഗവതരുടെ ചിത്രം ഗണപതി നമ്പൂതിരി വരച്ചതാണെന്ന അറിവ് ലേഖനം വഴിയാണ് അറിഞ്ഞത്. ഉദയൻ നമ്പൂതിരിക്കും ലേഖനം പ്രസിദ്ധീകരിച്ച സ്വസ്തിക്കും അഭിനന്ദനങ്ങളും നന്ദിയും.

റീത്തയുടെ ലേഖനം ഏറ്റവും അധികം രക്തദാനം ചെയ്ത വാസുദേവനെക്കുറിച്ച് കൂടുതൽ അറിവ് നൽകാനുതകി. കായികമേളയിൽ പങ്കെടുത്ത് സമ്മാനങ്ങൾ വാങ്ങിയതൊക്കെ ലേഖനം വഴിയാണ് അറിഞ്ഞത്. എന്റെ ഒരു ബന്ധുകൂടിയായ വാസുദേവന് സ്പോർട്സിൽ കമ്പമുണ്ടെന്ന് അറിഞ്ഞതും ലേഖനം വഴി അറിയപ്പെടാതെപോയ അറിവ് പകർന്നുതന്ന റീത്തയ്ക്ക് ഒരു വലിയ നമസ്കാരം. 'മികവിന്റെ തിളക്കം' വഴി തിളങ്ങി നിൽക്കുന്ന കുറേയധികം പ്രതിഭകളെ പരിചയപ്പെട്ടു. ഇല്ലപ്പെരുമ ചോറൂൺ ആശംസ പിറന്നാൾ ആശംസകൾ ശ്രദ്ധാഞ്ജലി അങ്ങനെ അങ്ങനെ എല്ലാ മേഖലകളിലും സ്വസ്തി സഞ്ചരിക്കുന്നു. സാധാരണക്കാർക്ക് ഇത്രയധികം അറിവ് പകർന്നുതരുന്ന സ്വസ്തിയുടെ അണിയറ പ്രവർത്തകർക്ക് അഭിനന്ദനത്തിന്റെ പൂച്ചെണ്ട്.അടുത്ത ലക്കത്തിലെ വിഭവങ്ങൾ ആസ്വദിക്കാനായി ആകാംക്ഷയോടെ കാത്തിരിക്കുന്നു ഈ 89 കാരി.

**സരള മധുസൂദനൻ,** ടവർ നമ്പർ 1, 15 എ, ടാറ്റ ത്രിത്വം,
ഗോശ്രീ പച്ചാളം ലിങ്ക് റോഡ്, മറൈൻ ഡ്രൈവ് എക്സ്റ്റൻഷൻ,
എറണാകുളം പിൻ: 682018 മൊബൈൽ: 97561 16990

## സ്നേഹവന്ദനം

ഓർത്തു വെക്കാൻ
ഒരുപാട് അറിവുകൾ
പകർന്നു നൽകാൻ
പല പല വിശേഷങ്ങൾ
സ്വസ്ഥമായൊരു
വായനനൽകും
സ്വസ്തിക്കെന്റെ
സ്നേഹവന്ദനം .

**ഗീത നാരായണൻ നമ്പൂതിരി,**
അരീക്കര. തിരുന്നാവായ
മലപ്പുറം ജില്ല
മൊബൈൽ 85939 72928

# വായനക്കാരുടെ പേജ്


അപൂർവമായ ഒരു ഗുരുശിഷ്യബന്ധം

അങ്ങനെ ദേവരാജൻ മാഷിൽ നിന്ന് ചിലത് പഠിക്കാൻ പറ്റി

## ദേവരാജൻ മാഷെ കുറിച്ച് വേറിട്ട വായനാനുഭവം

മനസിൽ ഉറങ്ങുന്ന സന്തോഷം പലപ്പോഴും മൂളിപ്പാട്ടായി പുറത്ത് വരാറുണ്ട്. അക്ഷരങ്ങളോ വാക്കുകളോ ഇല്ലാത്ത വെറും ഈണങ്ങളായി. ഇഷ്ടഗാനങ്ങളായിരിക്കും ഏവരും മൂളുക. എങ്കിലും ഈ ഈണങ്ങളുടെ ഉറവിടം ആരും തേടിപ്പോകാറില്ല.

എന്നാൽ തന്റെ ഇഷ്ടഗാനങ്ങളുടെ ഉറവിടം തേടിയുള്ള ഒരു യാത്ര. ആ യാത്ര ദേവരാഗങ്ങളുടെ രാജ ശിൽപിയായ ദേവരാജൻ മാസ്റ്ററിൽ എത്തുന്നതും, ആ പരിചയപ്പെടൽ ഒരു ഗുരുശിഷ്യബന്ധമായതും പതിയെ സൗഹൃദമായും കാലക്രമത്തിൽ പിതൃപുത്രബന്ധം പോലെ ദൃഢമാവുന്നതും ഓർത്തെടുക്കുകയാണ് സംഗീതജ്ഞൻ കൂടിയായ ഗോപിനാഥൻ നമ്പൂതിരി.

മലയാളിയുടെ കാതുകളിൽ അലയടിക്കുന്ന ഒട്ടനവധി ഗാനങ്ങൾക്ക് ഈണം പകർന്ന ദേവരാജൻ മാസ്റ്ററെ അനുസ്മരിക്കുന്ന ഈ ആർട്ടിക്കിൾ വേറിട്ട വായനാനുഭവമാണ് നൽകുന്നത്. പ്രസിദ്ധീകരിച്ച സ്വസ്തിക്കും തയ്യാറാക്കിയ പി എം ഗോപിനാഥൻ നമ്പൂതിരിക്കും അഭിനന്ദനങ്ങൾ.

**കൃഷ്ണൻ നമ്പൂതിരി,** പാനാട്ട് ഇല്ലം, പി. ഓ വിളയിൽ,
വഴി: കുഴിമണ്ണ, മലപ്പുറം ജില്ല, മൊബൈൽ: 9048486430

## പുരോഗമന ചിന്ത അല്പം കൂടിപ്പോകുന്നുണ്ടോ

സ്വസ്തി യെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ്. നല്ല ഗുണനിലവാരത്തിൽ തന്നെ ഇറക്കുന്നതുകൊണ്ട് സ്വീകാര്യത കൂടും. കൂടുതൽ ലേഖനങ്ങൾ ഉള്ളത് കൊണ്ട് ഓടിച്ചു വായനയേ സാധിക്കാറുള്ളൂ. എന്നാലും പുരോഗമന ചിന്ത അല്പം കൂടി പോകുന്നുണ്ടോ എന്ന ഒരു തോന്നൽ.

**ബാലസുബ്രഹ്മണ്യൻ നമ്പൂതിരി,** പെരിയമന ഇല്ലം, പി.ഒ മുട്ടം,
ഹരിപ്പാട്, ആലപ്പുഴ, പിൻ 690511 മൊബൈൽ 9061819990

## ചെസ്സാതിരിപ്പാട് ലേഖനം അസ്സലായി.

ലേഖനങ്ങൾ അവതരിപ്പിക്കുന്നതിൽ ഒരു വേറിട്ട ശൈലിയാണ് സ്വസ്തിയുടെ മുഖമുദ്ര. നമ്പൂതിരിമാരെ ക്കുറിച്ചും ഇല്ലങ്ങളെക്കുറിച്ചും അറിയാത്ത ഒരുപാട് കാര്യങ്ങൾ സ്വസ്തിയിലൂടെ അറിയുന്നു. ഇതിനുപിന്നിലെ ലേഖകരേയും പത്രാധിപസമിതി അംഗങ്ങളെയും മുക്തകണ്ഠം അഭിനന്ദിക്കുന്നു.

യാഗം ചെയ്താൽ ചോമാതിരിപ്പാട് എങ്കിൽ ചെസ്സിനെ കീഴ്പ്പെടുത്തിയാൽ ചെസ്സാതിരിപ്പാട് - പി വി എൻ നമ്പൂതിരിപ്പാടിനെ കുറിച്ച് ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ ലേഖനം അസ്സലായി. ചെസ്സിൽ താല്പര്യമുള്ള മലയാളികൾക്ക് പി വി എൻ നമ്പൂതിരിപ്പാടിന്റെ പുസ്തകം പരിചയപ്പെടുത്തിയതും ഉചിതമായി.

**പി.വി. ശിവദാസ്, പുതുവാമന**
യോഗക്ഷേമ സഭ സംസ്ഥാന വൈസ് പ്രസിഡന്റ്
മൊബൈൽ നമ്പർ 9447174500.

## മാസികയാക്കണം

വളരെ നല്ല പ്രസിദ്ധീകരണമായ സ്വസ്തിയെ മാസികയാക്കിയാൽ നന്ന്. അതിനു വേണ്ട സഹായങ്ങൾ ചെയ്യാൻ ഞാൻ തയ്യാറാണ്. ഒക്ടോബർ ലക്കം വളരെ മികച്ചത്.

**രാമൻ നമ്പൂതിരി,**
നരിക്കോട്ട് മന,
പി ഒ കൊട്ടില,
തളിപ്പറമ്പ് കണ്ണൂർ ജില്ല.
മൊബൈൽ 9831498743

## സർവ മംഗല മംഗല്യേ

ഒക്ടോബർ ലക്കം ഇന്നാണ് വായിക്കാൻ തുടങ്ങിയത്. ഒരു കശ്മീർ യാത്രയിൽ ആയിരുന്നു. സർവ മംഗല മംഗല്യേ അസ്സലായി. മികവിന്റ തിളക്കം.സ്കൂൾ പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ഒഴിവാക്കിയതാണോ സ്ഥല ദൗർല്ലഭ്യം കാരണം?

**ഉണ്ണികൃഷ്ണൻ നമ്പൂതിരി**
കാർത്തിക,ഗണേഷ് നഗർ
ശേഖരിപുരം, മൊ:9446791722

# അഡ്വ. ജയശങ്കറുമായി നടത്തിയ അഭിമുഖം കാലികപ്രസക്തം




ഒക്ടോബർ ലക്കത്തിൽ അഡ്വക്കേറ്റ് എ. ജയശങ്കർ സാറുമായി സ്വസ്തി അസോസിയേറ്റ് എഡിറ്റർ പാനാട് പത്മനാഭൻ നമ്പൂതിരി നടത്തിയ അഭിമുഖം അത്യന്തം കാലികവും കാര്യമാത്രപ്രസക്തവുമായി.

അതിൽ ഇന്നത്തെ നമ്പൂതിരിമാർ എങ്ങനെ ആവണം എന്ന ജയശങ്കർ സാറിന്റെ നിർദ്ദേശം എല്ലാ നമ്പൂതിരിമാരും ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതാണ്. അതിൽ അദ്ദേഹം ഒരിടത്ത് പറയുന്നുണ്ട്- നമ്പൂതിരിമാർ നമ്പൂതിരിമാരായി ജീവിക്കുക. തമിഴ് ബ്രാഹ്മണരെ കണ്ട് പഠിക്കുക. തമിഴ് ബ്രാഹ്മണർ എവിടെ പോയാലും അവർ തമിഴ് ബ്രാഹ്മരായിത്തന്നെ ജീവിക്കും എന്നൊക്കെ. അത് വളരെ ശരിയാണ്. മാത്രമല്ല നമ്പൂതിരിമാരോടായി അവനവന്റെ സാംസ്കാരിക വ്യക്തിത്വം നശിപ്പിക്കാതിരിക്കുക, നമ്പൂതിരിമാർ നമ്പൂതിരിമാരായി ജീവിക്കുക, അതിനായി രക്ഷകർത്താക്കൾ മക്കളെ ആ രീതിയിൽ വളർത്തണം. മെൻഡൽ മേക്കപ്പ്. അവരുടെ സ്വഭാവരൂപീകരണം ആ രീതിയിൽ ആക്കിയെടുക്കണം. അങ്ങനെ ചെയ്യേണ്ടതുണ്ട് എന്നൊക്കെയുള്ള ഉപദേശവും അദ്ദേഹം നമ്പൂതിരിമാർക്കായി നൽകുന്നുണ്ട്.

ഇത്തരം ഒരു ഇന്റർവ്യൂവിലൂടെ വിലപ്പെട്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നമ്പൂതിരിമാർക്ക് നൽകിയതിൽ അഡ്വക്കേറ്റ് എ. ജയശങ്കർ സാറിനും ഇങ്ങനെ ഒരു ഇന്റർവ്യൂ സംഘടിപ്പിച്ച് പ്രസിദ്ധീകരിച്ചതിൽ പാനാട് പത്മനാഭൻ നമ്പൂതിരിക്കും അഭിനന്ദനങ്ങൾ.

**നീലകണ്ഠൻ രാജേഷ്,** ഒരുപുലാശ്ശേരി മന, കല്ലിപ്പാടം പി.ഒ., ഷൊർണ്ണൂർ-2 പാലക്കാട് ജില്ല. ഫോൺ - 94955 02605

## മുഖാമുഖം നന്നായി

പുതിയ സ്വസ്തി കിട്ടി.ജയശങ്കറുമായുള്ള മുഖാമുഖം നന്നായി

**പി.എൻ വിജയൻ**
പുളിക്കത്തൊടി മന,
പി ഒ കരിക്കാട്,മഞ്ചേരി,
പിൻ676123.മൊ:9496 304123

## പോസിറ്റീവാകട്ടെ

മാസികയുടെ തലക്കെട്ട് തന്നെ ഒരു .... അതുതന്നെ. പോസിറ്റീവാകട്ടെ അത്,

**സുരേഷ് നമ്പൂതിരി,**
സുരേഷ് ഭവൻ, ചന്ദ്രമന,
പെരിങ്ങോൾ, കാവുംഭാഗം,
തിരുവല്ല, പത്തനംതിട്ട പിൻ
689102 മൊ: 9446269400

## നമ്പൂതിരി സമുദായത്തെ മൊത്തം വിഡ്ഢികളാക്കിയതിൽ വിയോജിപ്പ്

യോഗക്ഷേമസഭയുടെ ഒക്ടോബർ ലക്കം മാസികയിൽ സെലിബ്രിറ്റിയായി വന്ന് നമ്പൂതിരി സമുദായത്തെ മൊത്തം വിഡ്ഢികളാക്കിയ ലേഖകന്റെ പ്രസ്താവന കുറച്ചു കടന്നകയ്യായിന്ന് പറയാതിരിക്കാനാവില്ല. അത് പ്രസിദ്ധീകരിച്ചതോ നമ്പൂതിരിമാരുടെ മാസികയുടെ പുറംചട്ടയിലും. ഇതിൽപ്പരം വിഡ്ഢിത്തം പറയാനുണ്ടോ?

മൺമറഞ്ഞ ബുദ്ധിശാലികളും കവികളും സാഹിത്യകാരന്മാരും വേദപണ്ഡിതശ്രേഷ്ഠരും ആയുർവേദ അലോപ്പതി ഭിഷഗ്വരന്മാരും പുരോഗമനവാദികളുമായ പൂർവസൂരികൾ നൂറ്റാണ്ടു മുമ്പുതന്നെ ഉണ്ണിനമ്പൂതിരി മാസികയിലൂടെ വന്ന സമൂഹ പരിഷ്ക്കരണ ലേഖനങ്ങൾ ഓർത്തിട്ടെങ്കിലും ഇങ്ങനെയൊരു അവഹേളനത്തിന് എഡിറ്റോറിയൽ ബോർഡ് കൂട്ടുനിൽക്കരുതായിരുന്നു എന്ന് വിനയപൂർവം അറിയിക്കുന്നു.

വാഴക്കുന്നം ശങ്കരനാരായണൻ, തിരുവേഗപ്പുറ
പാലക്കാട് ജില്ല, മൊബൈൽ 9745 322729

# വായനക്കാരുടെ പേജ്

# കാള പെറ്റതു കേട്ടപ്പോഴേ കയറെടുത്തു




I am not a Nambudiri. However, I respect the contributions that nambudiri-s have made to Keraleeya agriculture, culture, science and of course spirituality.


**DKM Kartha**
Whatsapp +1 4063965189
415 West Central Avenue,
Missoula, Montana,
USA 59801-6813


## വായിക്കാൻ പ്രേരണ

ഈ ഹെഡ്‌ലൈൻ കാണുമ്പോൾ തോന്നുന്ന നെഗറ്റീവ് ചിന്തയാണ് ലേഖനം മുഴുവൻ വായിക്കാൻ പ്രേരണയാകുന്നത്.


**പാലശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി** , കരിക്കാട്,
മൊബൈൽ: 94967 02912


## തെറ്റിദ്ധാരണ ഉണ്ടാക്കും

ഇങ്ങനെ ഒരു ഹെഡ്‌ലൈൻ വേണ്ടിയിരുന്നില്ല. ഹെഡ് ലൈൻ മാത്രം വായിക്കുന്നവർക്ക് തെറ്റിദ്ധാരണ ഉണ്ടാക്കുന്നുണ്ട്.


**സിജു കുറിയേടം ശ്രീകുമാർ**
മൊബൈൽ: 98119 05204


ഒക്ടോബർ ലക്കത്തിന്റെ കവറിൽ ഉദ്ധരിച്ച, അഡ്വക്കേറ്റ് ജയശങ്കറിൻറെ അഭിപ്രായം (ഇത്ര വലിയ ഒരു നമ്പൂരി വിഡ്ഢിത്തം ഞാനിതു വരെ കേട്ടിട്ടില്ല) പലർക്കും ആശങ്കയുളവാക്കിയെന്നു തോന്നുന്നു. നമ്പൂതിരിമാരുടെ ചില സമൂഹമാദ്ധ്യമ ഗ്രൂപ്പുകളിൽ ഇതിനെപ്പറ്റി പലരും അഭിപ്രായം പറയുകയുമുണ്ടായി. കേട്ടപ്പോഴേ കയറെടുത്തു, പിന്നെയാണ് മനസ്സിലായത് പെറ്റതു കാളയാണെന്ന്! സ്വസ്തിയിൽ പറഞ്ഞ കാര്യത്തിന്റെ മറുപടി സ്വസ്തിക്കു തന്നെ കൊടുക്കണം. അതല്ലേ വേണ്ടത്?

ലേഖനത്തിന്റെ ആദ്യപേജിൽ, തലക്കെട്ടിന്റെ തൊട്ടുതാഴെത്തന്നെ രണ്ടാം തലക്കെട്ടിന്റെയത്ര പ്രാധാന്യത്തോടെ കൊടുത്തിട്ടുള്ള വാചകം 'സുറിയാനി ക്രിസ്ത്യാനികളും നായന്മാരും ഈഴവരും കുംഭാരരും എന്നു വേണ്ട എല്ലാവരും മനുഷ്യനാവുന്ന കൂട്ടത്തിൽ നമുക്കും (അതായത് നമ്പൂരിക്കും) മനുഷ്യരാവാം' വായിച്ചാൽ കാര്യം മനസ്സിലാകും. അതിനു പോലും തുനിയാതെയാണു പലരും അഭിപ്രായം പറഞ്ഞിരിക്കുന്നത്.

ആ അഭിമുഖത്തിൽ ചോദ്യകർത്താവും ഉത്തരം പറയുന്നയാളും ഉപയോഗിച്ച ഒരു വാക്കിനോട് വിയോജിപ്പുണ്ട്. നമ്പൂതിരി, നായർ മുതലായ ജാതിപ്പേരിനെ 'വാൽ' എന്നു പല തവണ വിശേഷിപ്പിച്ചു കണ്ടു. അതു ശരിയല്ല. നമ്പൂതിരി എന്നത് ഒരു വെറും വാക്കല്ല, അതൊരു സംസ്കാരമാണ്, നമ്മുടെ സ്വത്വമാണ്, സ്വഭാവമാണ്, ജീവിതരീതിയാണ്, അതിൽ നിന്നാണ് നാം ജനിക്കുന്നത്. ജീവിക്കുന്നതും മരിക്കുന്നതും അതിൽ തന്നെ. വേണ്ടെന്നു തീരുമാനിച്ചു മുറിച്ചു മാറ്റിയാലും അതു നമ്മളെ എക്കാലവും പിന്തുടരുക തന്നെ ചെയ്യും. നവോത്ഥാനനായകന്മാരും സാമൂഹ്യപരിഷ്കർത്താക്കളും അന്നും ഇന്നും എന്നും ഭട്ടതിരിപ്പാടന്മാരും നമ്പൂതിരിപ്പാടന്മാരും മറ്റും ആയിരുന്നു. വീടിയുടെ പേര് രാമൻ എന്നായിരുന്നെന്നോ ഈഎംഎസ്സിന്റെ പേര് ശങ്കരൻ എന്നായിരുന്നെന്നോ എത്ര പേർക്ക് ഓർമ്മയുണ്ട്?

ജയശങ്കർ പറഞ്ഞതുപോലെ എല്ലാവരേയും ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരിക സാദ്ധ്യമാണോ? നടക്കാത്ത സ്വപ്നമല്ലേ? നമ്പൂതിരിമാരുടെ കാര്യമെടുത്താൽ എത്രയെത്ര സംഘടനകളാണ് ഇപ്പോൾ? നമ്പൂതിരിമാർക്കു പോലും ഒരുമിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ എങ്ങനെ മറ്റുള്ളവരുടെ കൂടെ പ്രവർത്തിക്കും? എല്ലാവർക്കും അവരവരുടെ പേരും പ്രശസ്തിയും സ്വാധീനവുമാണ് പ്രധാനം, സമുദായമല്ല. 'അച്ഛന്റെ കണ്ണുനിറയുന്നത് നേരിട്ടു കാണണം'മെന്ന മകന്റെ ആഗ്രഹം കണ്ടപ്പോൾ ഈശ്വരാ ഇങ്ങനെയും മക്കളോ? എന്നു ചോദിച്ചുപോയി. പിടിച്ചിരുത്തി വായിപ്പിക്കാനുള്ള പത്രാധിപരുടെ സൂത്രമാണെന്നു മുഴുവൻ വായിച്ചപ്പോൾ മനസ്സിലായി. 'സന്തോഷം കൊണ്ട്' എന്ന് ചേർത്തിരുന്നെങ്കിൽ ആ ആകാംക്ഷ അപ്പാടെ ചോർന്നൊലിച്ചേനെ. ഒരേ ലക്കത്തിൽ അയ്യോ എന്നു പറയിപ്പിക്കുന്ന രണ്ടു തലക്കെട്ടുകൾ!


പൊത്തോപ്പുറം കേശവൻ ജയന്തൻ സരസിജം, വെളിയന്നൂർ പി.ഓ.
വഴി ഉഴവൂർ, കോട്ടയം ജില്ല. പിൻ 686634 മൊബൈൽ: 9810453289

# വായനക്കാരുടെ പേജ്



## രാഷ്ട്രീയമില്ലാത്തവർ ആവട്ടെ ഗസ്റ്റ്

അഡ്വ. ജയശങ്കറുമായുള്ള ഇന്റർാക്ഷൻ ഒഴികെ എല്ലാ ഉള്ളടക്കം മികച്ചത്. കക്ഷി രാഷ്ട്രീയമില്ലാത്തവരെ സെലബ്രിറ്റി ഗസ്റ്റ് ആയി തിരഞ്ഞെടുക്കുന്നതാവും നല്ലത്. ഇത് എന്റെ കാഴ്ചപ്പാടാണ്. വിമർശനമല്ല. ഇതൊഴികെ എല്ലാം നന്നായി വായിച്ചു.

**എൻ കൃഷ്ണകുമാർ**
നിലയങ്ങോട് മന, ഇ8
ലോട്ടസ് ഗാർഡൻസ്,
തൃപ്പൂണിത്തുറ, പിൻ: 682301
മൊബൈൽ: 8454861166

## നമ്പൂരിയെ മനുഷ്യനാക്കുക എന്നത് വിപ്ലവ മുദ്രാവാക്യം തന്നെ

നമ്പൂതിരിയെ മനുഷ്യനാക്കുക എന്ന വി.ടിയുടെ വിപ്ലവം നമ്പൂരി വിഡ്ഢിത്തമാണെന്ന അഡ്വ: ജയശങ്കറിന്റെ അഭിമുഖം തികച്ചും പിന്തിരിപ്പനായി. ആ മുദ്രാവാക്യത്തിലൂടെ കേരളീയ നവോത്ഥാനത്തിന്റെ മുമ്പിൽ നടന്ന സമുദായ പരിഷ്കരണത്തെയാണ് സഭയുടെ കോഴിക്കോട് ജില്ലാ പ്രസിദ്ധീകരണം തള്ളിക്കളഞ്ഞത്. മത്രമല്ല, ജയശങ്കർ ജാതിയെ അംഗീകരിച്ച് മതവർഗീയതയെ ഒരു പരിധിവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മതത്തെയും ജാതിയെയും ഒരുപോലെ എതിർത്ത് മനുഷ്യത്വം നേടി മനുഷ്യനാവുക, പണിയെടുത്ത് ജീവിക്കുക, എന്നീ നിലപാടുകൾ മുന്നോട്ടു വെച്ച വി.ടി, മന്നത്ത് പത്മനാഭൻ, ശ്രീനാരായണഗുരു എന്നിവരെ ജാതീയതക്കു വേണ്ടി എതിർക്കുകയും ചെയ്യുന്നു. കേരളം ഭ്രാന്താലയമല്ല, സാമുദായിക പരിഷ്കരണത്തിലൂടെ മുന്നോട്ട് പോയിട്ടുണ്ട് എന്ന യാഥാർത്ഥ്യം വിസ്മരിച്ചു കൊണ്ട് ജാതീയതയെ ആദർശവത്ക്കരിക്കുന്ന മാടമ്പിത്തരം ജയശങ്കർ പുറത്തെടുക്കുമ്പോഴും അഭിമുഖക്കാരൻ അതിനെ എതിർക്കുന്നില്ല. വി.ടിയെ നിഷേധിക്കുന്ന തരത്തിൽ നമ്പൂതിരി നമ്പൂതിരിയായി വേദയുഗത്തിലേക്കും നായൻമാരടക്കം ജാതികൾ മാടമ്പിത്തരത്തിലേക്കും മടങ്ങുക എന്ന ഉദ്ബോധനം പുരോഗമനാത്മകമല്ല. സ്വസ്തി പിറകോട്ടാണ് സഞ്ചരിക്കുന്നത്. മാത്രമല്ല ഈ ജയശങ്കർ സാമൂഹ്യനിരീക്ഷകനല്ല, രാഷ്ട്രീയ നിരീക്ഷകനാണ്. അതും വെറും പാർട്ടി നിരീക്ഷകൻ. സൂക്ഷിക്കുക നശിപ്പിക്കുന്നത് നമ്മുടെ നവോത്ഥാനചരിത്രത്തെയാണ്, വി.ടിയുടെ കാലടികളെയാണ്.

ഇ.ആർ ഉണ്ണി, സംസ്ഥാന കൗൺസിൽ അംഗം, യോഗക്ഷേമസഭ,
എടക്കുന്നത്തില്ലം, പി ഒ പന്തീരാങ്കാവ്,
കോഴിക്കോട്, പിൻ: 673019, മൊബൈൽ: 9847774031

## തൃമധുരം (വെട്ടിക്കോട്ട്, മണ്ണാറശ്ശാല, പാമ്പുമേക്കാട്)




*വെട്ടിക്കോട്ട് ഇല്ലത്തെക്കുറിച്ച് വന്ന ഇല്ലപ്പെരുമ*

**മണ്ണാറശ്ശാല**തൻ ബഹുവിധ സുകൃതം
നാഗമൂർത്തേ സുകീർത്തേ
വിണ്ണോർകൾ വാഴ്ത്തിനിൽക്കും
വിഷഭയ ഹരനാം നാഗരാജാ നമസ്തേ!
എന്നുള്ളം പേറിനിൽക്കും വിഷമത
യഖിലം ഞാനിതാ നിൻ നടയ്ക്കൽ
വെച്ചീടട്ടേ: കടുംപായസ സമ, മതുനീ
കൊള്ളണേ നാഗദേവാ!

തൂമഞ്ഞൾപ്പൊടിയാടിയും ഫണമതിൽ
പൂച്ചന്ദനം ചാർത്തിയും
വെള്ളപ്പൂക്കുല, പ്ലാവിലക്കൊടികളിൽ
നൈവേദ്യസംപുഷ്ടിയും,
നൂറും പാലിളനീരുമാ,യരുളീടും
സമ്പൂർണ്ണ തേജോമയം
**വെട്ടിക്കോട്ടി,**ലനന്തനാഗഭഗവാ-
നെന്നും കനിഞ്ഞീടണം!

പാരം നീറും മനസ്സിൻ വിഷമയ വിഷമം
പോക്കിടാനെന്റെ ചിത്തം-
നൂറും പാലെന്നവണ്ണം പുതിയൊരുരുളിയിൽ
പാർന്നുവെയ്ക്കാം നടയ്ക്കൽ!
പാരാവാരം കണക്കേ പുകളെഴുമതുലം
ദിവ്യ തേജോന്നിബദ്ധം
**പാമ്പുംമേക്കാട്ടു**വാഴും ഫണികുല,മഖില-
ത്തിന്നുമെന്നും പ്രണാമം!!

**-കുറ്റിക്കോൽ ശങ്കരൻ എമ്പ്രാന്തിരി,**
കൂടാനം, നീലമന 9496247616



**വംശിവാമനന് ഒന്നാം പിറന്നാൾ ആശംസകൾ**

അച്ഛൻ ധനേഷ് മല്ലിശ്ശേരി, അമ്മ ഗീതാഞ്ജലി പി.എം.

മുത്തശ്ശൻ: വാമനൻ നമ്പൂതിരി, മുത്തശ്ശി: രമ അന്തർജ്ജനം
അമ്മാത്ത് മുത്തശ്ശൻ: പി.എം.ജി. നമ്പൂതിരി,
മുത്തശ്ശി: ഭാർഗ്ഗവി അന്തർജ്ജനം

ധനേഷ്. എം.വി. വരദ, പഴശ്ശി ഉരുവച്ചാൽ,
മട്ടന്നൂർ, 670702 കണ്ണൂർ, ഫോൺ:9778360459.

**ചോറൂൺ ആശംസകൾ**



**ശ്രീബാല എ പി**
D/O ശ്രീകാന്ത് എ പി
& സ്മൃതി ശ്രീകാന്ത്
അമ്പലപുത്തൂർ ഇല്ലം
അവിടനല്ലൂർ,കോഴിക്കോട്
മൊബൈൽ: 8606970206

**2024 ഡിസംബർ 8 ഞായറാഴ്ച**



**ചോറൂൺ ആശംസകൾ**

കൊറ്റിവട്ടം നവീൻ - ആതിര ദമ്പതിമാരുടെ മകൾ നവമി നാരായണന്റെ ചോറൂൺ 2024 സെപ്തംബർ 8 ന് മുത്താലം കൊറ്റിവട്ടം ഇല്ലത്തു വെച്ച് സമംഗളം നടന്നു.

**ചോറൂൺ ആശംസകൾ**



ഉമക്കുട്ടിയുടെ ചോറൂൺ അവസരത്തിൽ
മുത്തശ്ശന്റെയും മുത്തശ്ശിയമ്മയുടെയും
സ്നേഹപൂർണമായ ശുഭാശംസകൾ

**വാസുദേവൻ നമ്പൂതിരി & സത്യവതി**
**കോതമംഗലത് മന, പോർകാലങ്ങാട്**
**മൊബൈൽ :8547210191**

# കുട്ടിക്കൂട്ടം









അക്ഷത് നാരായണൻ

അദ്വൈത വി

വൈത്തല ഇല്ലം,
പി ഒ. ചെറുകുളത്തൂർ,
മെഡിക്കൽ കോളേജ് വഴി.
കോഴിക്കോട് ജില്ല.
കൃഷ്ണൻ നമ്പൂതിരിയുടെയും
സ്മിത പാർവതിയുടെയും
കുട്ടികളാണ് മൊബൈൽ: 8281717890

## വരയും വാക്കും

നീരദ പരമേശ്വരൻ



*നീരദ പരമേശ്വരൻ,
കൊയ്ത്തടി മന,
പി.ഒ: കാറൽമണ്ണ
പിൻ: 679506,
പാലക്കാട് ജില്ല
അമ്മ: വിദ്യ
ഫോൺ:9946884502
അച്ഛൻ: പരമേശ്വരൻ
ഫോൺ: 8547417093*



## കാത്തിരിക്കും ഞാൻ

സന്ധ്യയായാൽ പുറത്തെ
ഉമ്മറപ്പടിയിൽ ഒരു ഇരുപ്പാ...
അവനോട് യാത്ര പറയാൻ.
അവന്റെ ആ ശോഭ മായുമ്പോൾ
നെഞ്ചിൽ ഒരു ഇരുട്ടാ... പക്ഷെ
ഞാൻ കാത്തിരിക്കും നാളെ
ആ വെളിച്ചം വരുന്നതു വരെ....



*വേദാന്ത് കൊയ്ത്തടി, ശ്രദ്ധി, ദുർഗ്ഗാ ക്ഷേത്രം റോഡ്, കല്ലായി, പിൻ: 673003 അമ്മ: ഡോക്ടർ മനസ്വിത,8589094515 അച്ഛൻ: ഡോ. മധു കെ.പരമേശ്വരൻ ഫോൺ: 9745994515*

## മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



*ആർദ്ര ടി.എസ്സ്.*

### തുടർച്ചയായി രണ്ടാം തവണയും ആർദ്രക്ക് ഒന്നാം സ്ഥാനം

കോഴിക്കോട് റവന്യൂ ജില്ല ശാസ്ത്രോത്സവത്തിൽ തുടർച്ചയായി രണ്ടാം തവണയും ഹയർ സെക്കൻഡറി വിഭാഗം പ്രാദേശിക ചരിത്രരചനയിൽ ഒന്നാം സ്ഥാനം നേടിയ ആർദ്ര ടി.എസ്സ്. സംസ്ഥാന സാമൂഹ്യശാസ്ത്രമേളയിലും പ്രാദേശിക ചരിത്ര രചനയിൽ ഒന്നാം സ്ഥാനം.



*ആദർശ് ദാമോദരൻ*

### ആദർശിന് ഹാട്രിക്

മേലാറ്റൂർ: ഗണിതശാസ്ത്ര മേള ഹയർ സെക്കൻഡറി വിഭാഗം നമ്പർ ചാർട്ട് മത്സരത്തിൽ കക്കോവ് പി.എം.എസ്.എ.പി.ടി.എച്ച്.എസ്.എസ്സിലെ എം. ആദർശ് ദാമോദരൻ ഹാട്രിക്കോടെ ഒന്നാമതെത്തി. സതീശൻ മങ്ങത്തായയുടെയും (മാതൃഭൂമി, കോഴിക്കോട്), വി.ഉമാദേവിയുടെയും (ഇയ്യത്തിങ്ങൽ എ.എം.എൽ.പി. സ്കൂൾ) മകനാണ്. സഹോദരി: എം. ആർദ്ര (എം.ബി.ബി.എസ്. വിദ്യാർത്ഥി, കെ.എം.സി.ടി. കോഴിക്കോട്).



*അർച്ചന നാരായണൻ*

### ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ അർച്ചനക്ക് ഗോൾഡ് മെഡൽ

കോഴിക്കോട് ജില്ലാ സ്കൂൾ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ സീനിയർ ഗേൾസ് 51 കാറ്റഗറിയിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കിയ അർച്ചന നാരായണൻ. D/o കെ.ഐ. നാരായണൻ നമ്പൂതിരി . 9447 627291



ടി.പി. വരദ

### വരദയ്ക്ക് ഒന്നാം റാങ്ക്

കോഴിക്കോട് സർവ്വകലാശാല എം.എ. ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ടി.പി. വരദ. തൃത്താല കണ്ണന്നൂർ തൃക്കഴിപ്പുറത്ത് മനയ്ക്കൽ പ്രവീണിന്റെയും ശ്രീദേവിയുടെയും മകളാണ്. ഇപ്പോൾ ന്യൂസ് മലയാളം ചാനലിൽ ജോലിചെയ്തുവരുന്നു.

# അമ്മിണിയുടെ യാത്രകൾ




**തന്മയ മാലതി. കെ.ടി**

ഈ ഓണം വെക്കേഷൻ വളരെ സന്തോഷം നിറഞ്ഞതായിരുന്നു. കാരണം ഞങ്ങൾ ഒരു യാത്ര പോകാൻ തീരുമാനിക്കുകയും ടിക്കറ്റ് ബുക്ക് ചെയ്യുകയും ചെയ്തിരുന്നു. ഓണത്തിന്റെ അന്ന് രാത്രി ഞങ്ങൾ പുറപ്പെട്ടു. ഇപ്രാവശ്യം അച്ഛൻ കൂടെയുള്ളത് വളരെ സന്തോഷമായിരുന്നു. ആച്ചിയമ്മ, ആച്ചൻ, അച്ഛൻ,അമ്മ, ഞാൻ ഷിജു അമ്മാവൻ, പേരമ്മ, മുത്തശ്ശിമാർ, വയനാട്ടിലെ മുത്തശ്ശൻ, സുരേഷ് വല്യച്ഛൻ എന്നിവരാണ് ഉണ്ടായിരുന്നത്.

അലഹാബാദിന്റെ പുതിയ പേരാണത്രേ പ്രയാഗ് രാജ്. ഉത്തർപ്രദേശ് സംസ്ഥാനത്തിലാണിത്. ബസുകൾ മാറി കേറിയിട്ടുണ്ടെങ്കിലും ട്രെയിനുകൾ മാറി കേറുന്നത് ആദ്യമായിട്ടാണ്. കോഴിക്കോട് നിന്നും തമിഴ്നാട്ടിലെ കാട്ട്പാടി വരെ ആയിരുന്നു ആദ്യത്തെ ട്രെയിൻ. അവിടെ നിന്ന് കുറച്ചു കഴിഞ്ഞ് പ്രയാഗ് രാജിലേക്കുള്ള ട്രെയിനും വന്നു. രണ്ടിലും നല്ല തിരക്കായിരുന്നു. ഇനി ഏ.സിയിൽ പോകുന്നതാണ് നല്ലത്. ട്രെയിനിൽ കേറിയാൽ ജനലിന്റെ അടുത്ത് തന്നെ ഇരിക്കണമെന്ന് എനിക്ക് നിർബന്ധമാണ്. അപ്പോഴല്ലേ പുറത്തിലെ കാഴ്ചകൾ കാണാൻ പറ്റൂ? സെപ്റ്റംബർ 18ന് പുലർച്ചെ ഞങ്ങൾ പ്രയാഗ് രാജിൽ ഇറങ്ങി. എനിക്ക് റൂം അത്ര ഇഷ്ടപ്പെട്ടില്ല. ഇടയ്ക്കിടയ്ക്ക് കറണ്ട് പോകുന്നുണ്ടായിരുന്നു. പിന്നെ ഞാൻ വിചാരിച്ചു ഒരു ദിവസമല്ലേ നാളെ നമ്മൾ അയോധ്യയിലേക്ക് പോകുമല്ലോ. പ്രയാഗ് രാജിൽ പ്രധാനമായും രണ്ടു സ്ഥലങ്ങളാണ് എനിക്കിഷ്ടപ്പെട്ടത്. ഒന്ന് ത്രിവേണി സംഗമം. മൂന്ന് നദികൾ സംഗമിക്കുന്ന സ്ഥലമാണെന്നാണ് അമ്മ പറഞ്ഞത്. ഗംഗ, യമുന, സരസ്വതി. എന്നീ നദികളുടെ സംഗമമാണിവിടെ. സരസ്വതി. ഭൂമിക്കടിയിലൂടെയാണത്രേ ഒഴുകുന്നത്. ത്രിവേണി സംഗമസ്ഥലത്ത് സരസ്വതിയും ഉണ്ടാവും. ഞങ്ങൾ ഇവിടെ നിന്ന് കുളിച്ചു. അവിടെ നിന്ന ഫോട്ടോയെടുത്ത ഏട്ടനുമായി അമ്മ തർക്കിച്ചു. അവിടെ ബോട്ടിൽ കയറി പോകാമായിരുന്നെങ്കിലും വെള്ളപ്പൊക്കമായതിനാൽ പോകാനായില്ല. പിന്നെ കുറച്ച് അമ്പലങ്ങൾ






Flat no A6-401,
Provident harmony apartment, Chokkana-halli main road,
Off Thanisadra main road, Jakkur post, Pin: 560064 Bangalore
Mob: 9035030950


ഭുവൻ എം മാധവൻ, പാലക്കാട് ജില്ലയിലെ തിരുവേഗപ്പുറ പടിഞ്ഞാറേപ്പാട്ട് മനയ്ക്കലെ മാധവന്റെയും രമാദേവിയുടെയും മകനാണ്

ഒക്കെ കണ്ടു.

പിന്നീട് പോയത് ആനന്ദഭവൻ കാണാനാണ്. അത് നമ്മുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന്റെ വീടാണ്. ചാച്ചാജി നല്ല പണക്കാരനായിരുന്നുവെന്ന് ആ വീട് കണ്ടപ്പോഴാണ് എനിക്ക് മനസ്സിലായത്. ഞാൻ പോർബന്ധറിൽ പോയപ്പോൾ ഗാന്ധിജിയുടെ വീടും കണ്ടിരുന്നല്ലോ. ചാച്ചാജി ഉപയോഗിച്ച സാധനങ്ങളും നിറയെ ഫോട്ടോകളും ഗാന്ധിജി വന്നപ്പോൾ താമസിച്ച മുറിയും ഒക്കെ കണ്ടു. ഇന്ദിരാഗാന്ധിയുടെ ചെറുപ്പത്തിലെ ഫോട്ടോകളും കണ്ടു. ആ വീടെനിക്ക് നന്നായി ഇഷ്ടപ്പെട്ടു. എന്തൊരു വലുപ്പം. ഇടയ്ക്ക് ഞങ്ങൾ ഭക്ഷണമൊക്കെ കഴിച്ചു ധാലും സബ്ജിയും എനിക്ക് ഇഷ്ടമാണ്. പിന്നെ ഞങ്ങൾ റൂമിൽ പോയി സുഖമായി കിടന്നുറങ്ങി. ഉറങ്ങുമ്പോൾ നാളെ രാംലല്ലയെ കാണാനുള്ള സന്തോഷമാണ് മനസ്സിൽ. രാംരാലല്ല എന്നെക്കാൾ ചെറുതാണത്രെ. ●

തന്മയ മാലതി. കെ.ടി,
കണ്ണാടി തെഞ്ചീരി ഇല്ലം
(അമ്പലക്കണ്ടി) പി.ഒ:വിളയിൽ,
വഴി: കുഴിമണ്ണ. മലപ്പുറം ജില്ല,
പിൻ: 673641ഫോൺ: 8086319953
D/o വാസുദേവൻ നമ്പൂതിരി.
കെ.ടി. & അനഘ.കെ,



# സൗഹൃദ പ്രഥമൻ



പാർവതി പാലാഞ്ചേരി

ഒരു ദിവസം കാക്കക്ക് ഒരു ആഗ്രഹം. ഇന്ന് പ്രഥമൻ വയ്ക്കണം. അവൾ കൂട്ടുകാരികളായ കോഴിയേയും കുറിഞ്ഞിപ്പൂച്ചയേയും കൂടെ കൂട്ടി. കാക്ക അടുപ്പ് കത്തിച്ച് വെള്ളം വെച്ചു. അപ്പോഴേക്ക് കോഴി അരിയും പഞ്ചസാരയും കൊണ്ടു വന്നു. കുറിഞ്ഞിപ്പൂച്ച പാലുമായി എത്തി. അവർ അങ്ങനെ പ്രഥമൻ ഉണ്ടാക്കാൻ തുടങ്ങി. അതിന്റെ മണം പിടിച്ച കുഞ്ഞൻ ഉറുമ്പ് അവിടെ എത്തി. അവർ പ്രഥമൻ തയ്യാറാക്കി. എല്ലാവരും ഒന്നിച്ചിരുന്ന് പ്രഥമൻ കഴിച്ചു. കൂട്ടുകാരെ എല്ലാവരും നല്ല സൗഹൃദ ബന്ധങ്ങൾ എന്നും കാത്തുസൂക്ഷിക്കുക. ●

( പൂവാട്ടുപറമ്പ് എൽ പി സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിയായ പാർവതി ക്ലാസിലെ നോട്ട് ബുക്കിൽ എഴുതി വച്ച കഥയാണ് ഇത്. കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഉപസഭയിലെ പാലാഞ്ചേരി നവീൻ ശങ്കറിന്റെയും അമൃതയുടെയും പുത്രിയാണ്. ഫോൺ: 8157032706)





ശ്രീവർദ്ധൻ എസ്.
S/o പി.എസ്. ശ്രീരാജ്
/ ഗോപിക ശ്രീരാജ്
പൊത്തോപ്പുറത്തില്ലം,
വെളിയന്നൂർ ക്ലാസ്സ് 3,
ലിറ്റിൽ ഫ്ളവർ
വിദ്യാനികേതൻ,
മോനിപ്പള്ളി (കോട്ടയം
ജില്ല) മൊബൈൽ:
79074 73011

## മുത്തശ്ശന്റെ കൺസൾട്ടിംഗ് റൂമിലെ അനുഭവം

# ചിലപ്പോൾ ഞാൻ പരിഭാഷകനാവും

**കെ എസ് ശ്രീഹരി**



വെക്കേഷനുകൾ അധികവും മുത്തശ്ശന്റെ അടുത്താണ് പതിവ്. മുത്തശ്ശന്റെ ചിട്ടകൾ ഞങ്ങൾക്ക് കുറച്ച് കടുപ്പമാണ്. മുത്തശ്ശൻ 5 മണിയ്ക്ക് എണീറ്റ് ചില വ്യയാമങ്ങളും കുളി തേവാരോം കഴിഞ്ഞ് 8.30 ന് കൺസൾട്ടേഷൻ തുടങ്ങും. അപ്പോഴും ഞാൻ എഴുന്നേറ്റിട്ടുണ്ടാകില്ല.

'മതി ഉറങ്ങീത് എണീയ്ക്ക് '

എന്ന് പറഞ്ഞ് വിളിച്ചെണീപ്പിച്ചേ പോകൂ.

അപ്പോൾ മുത്തശ്ശി പറയും

'അവർക്ക് ഇപ്പോഴല്ലെ ഉറങ്ങാൻ പറ്റൂ എണീപ്പിക്കണ്ടാ.'

മുത്തശ്ശൻ അതൊന്നും കേക്കില്ല്യ. ആ വിളിയിൽ ഞാൻ എണീക്കേം ചെയ്യും. എന്റെ കുളിയും കാപ്പി പലഹാരോം കഴിഞ്ഞ് ഞാനും ഇടയ്ക്ക് കൺസൾട്ടേഷൻ റൂമിൽ പോയി ഇരിയ്ക്കാറുണ്ട്. മുത്തശ്ശനെ കാണാനും കൺസൾട്ടേഷനും വേണ്ടി കേരളത്തിൽ നിന്ന് മാത്രമല്ല വിദേശത്തു നിന്നും ഇന്ത്യയുടെ പല ഭാഗത്തു നിന്നും രോഗികൾ വന്നിരുന്നു. അങ്ങനെയുള്ള ആരെങ്കിലും വന്നാൽ എനിയ്ക്ക് കുറച്ച് ഉത്സാഹം കൂടുതലാണ്. ട്രാൻസലേറ്റ് ചെയ്യാനായി മുത്തശ്ശൻ എന്നെ വിളിക്കാറുണ്ട്. ഗോവയിൽ പഠിച്ചതിനാൽ ഹിന്ദിയും കൈകാര്യം ചെയ്യാൻ അറിയാമായിരുന്നു.

മുത്തശ്ശൻ രോഗികളോടു വളരെ ഫ്രീ ആയാണ് സംസാരിയ്ക്കാ. പേര് കൂട്ടിയാണ് എന്തൊക്കെണ്ട് എന്ന് ചോദിയ്ക്ക്യ. അതെപ്പഴും ആ രോഗിയ്ക്ക് പകുതി ആശ്വാസം ആവും. കൃത്യമായ ഉത്തരം കിട്ടുന്നതുവരെ ചോദിച്ചു കൊണ്ടിരിയ്ക്കും. എന്തിനാ ഇതൊക്കെ ചോദിക്കണെ എന്ന് തോന്നാറുണ്ട്. ആ ചോദ്യങ്ങളിൽ കൂടി ഒരാളുടെ കൃത്യമായ അസുഖം കണ്ടെത്തും. അത് അത്ഭുതാവാറുണ്ട്. ഒരു കേസ് പറയാം. ഒരമ്മയും മകനും വന്നു. മകനു വേണ്ടിയാണ്. 25 വയസ്സ് തോന്നിയ്ക്കും. സന്ധിവേദനയ്ക്കാണ് ചികിത്സ. മരുന്ന് എഴുതുന്നതിന് ഇടയ്ക്ക് ആ അമ്മ പറഞ്ഞു മകൻ ഈയിടെയായി ഇടയ്ക്കിടയ്ക്ക് പച്ചഅരി വാരി തിന്നുന്നുണ്ട്. അതിനി വേറെ



*മുത്തശ്ശനായ അഷ്ടവൈദ്യൻ വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരിയുടെ കൂടെ മഹാകവി അക്കിത്തത്തെ കണ്ടപ്പോൾ*

എന്തെങ്കിലും അസുഖം ആണോ എന്ന വേവലാതിയാണ് അമ്മയ്ക്ക്.

മുത്തശ്ശൻ രണ്ടാമതൊന്ന് ചിന്തിച്ചില്ല്യ. എന്തെങ്കിലും പേടിയോ ടെൻഷനൊ ഉണ്ടാകാൻ വിധം വല്ലതും ഇയാൾക്ക് ഉണ്ടായോന്ന് ചോദിച്ചു. അപ്പോൾ പറഞ്ഞു ഉവ്വ് കുറച്ച് ദിവസം മുൻപ് വീട്ടിൽ മോഷണം ഉണ്ടായി. പണവും പണ്ടവും എല്ലാം കൊണ്ടുപോയി അന്ന് ഇയാൾ മാത്രമേ ഉണ്ടായുള്ളു എന്ന് തോന്നുന്നു.

മുത്തശ്ശൻ ചിരിച്ച് കൊണ്ട് പറഞ്ഞു.

'അതൊന്നും പേടിയ്ക്കണ്ട ട്ടോ... അതിനൊക്കെ വഴി ഉണ്ടാക്കാം.'

ആ വാക്കുകൾ മതി അവരുടെ വേവലാതികൾ മാറാൻ. പോകുമ്പോൾ അവർ ഫീസ് കൊടുത്തപ്പോൾ താൻ അത് കൊണ്ട് മരുന്ന് മേടിച്ച് ഒരു മാ

സം കഴിഞ്ഞ് വര്യാന്ന്.

അങ്ങനെ എത്രയോ രോഗികൾ മുത്തശ്ശനെ ഒന്നു കണ്ട് സംസാരിച്ചാൽ അസുഖം ഭേദമാകും എന്ന് പറഞ്ഞ് വരുന്നവരുണ്ട്. മരുന്നിനേക്കാൾ അദ്ദേഹത്തിന്റെ സംസാരം രോഗികൾക്ക് ആത്മവിശ്വാസം കൂട്ടാറുണ്ടെന്ന് പലപ്പോഴും തോന്നാറുണ്ട്.

വൈദ്യത്തിൽ മാത്രമല്ല, വിവിധ മേഖലകളിൽ മുത്തശ്ശന് അറിവുണ്ടായിരുന്നു. ഞങ്ങൾ കേരള ബ്ലാസ്റ്റേഴ്സിന്റെ മത്സരങ്ങൾ കാണാറുണ്ടായിരുന്നു. ഐഎസ്എൽ മാത്രമല്ല, രാജ്യാന്തര ഗെയിമുകളെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു. മുത്തശ്ശൻ ഒരു ബ്രസീൽ ആരാധകനായിരുന്നു, മുത്തശ്ശന്റെ ചെറുപ്പകാലത്ത് ലോകകപ്പ് മത്സരങ്ങൾ കാണാൻ ഉപാധികൾ ഒന്നുമില്ലായിരുന്നു. റേഡിയോയിൽ മത്സരത്തിന്റെ കമന്ററി മാത്രമേ കേൾക്കാൻ കഴിഞ്ഞിരുന്നുള്ളൂ. മറഡോണയുടെ ഹാൻഡ് ഓഫ് ഗോഡിനെ കുറിച്ച് അറിയുന്നത് മുത്തശ്ശനിൽ നിന്നാണ്. സിക്കോ, ലെവ് യാഷിൻ, യൂസേബിയോ തുടങ്ങിയ ഇതിഹാസ താരങ്ങൾ ഉണ്ടെന്ന് മുത്തശ്ശനോട് സംസാരിക്കുന്നത് വരെ എനിക്കറിയില്ലായിരുന്നു.

അത് പോലെ തന്നെ സിനിമകളെ കുറിച്ചും ധാരാളം സംസാരിക്കാറുണ്ട്. പണ്ട് അവരുടെ കാലത്ത് ഒരു സിനിമ കാണാനുള്ള ബുദ്ധിമുട്ടിനെ കുറിച്ചൊക്കെ ധാരാളം പറഞ്ഞിട്ടുണ്ട്. മുത്തശ്ശൻ തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ പഠിക്കുന്ന കാലത്ത് തീയറ്ററിന്റെ സൈഡിൽ ആയിരുന്നു താമസം. അവിടെ ഇരുന്ന് സുഖമായി ശബ്ദരേഖ കേൾക്കാമായിരുന്നു. അത് കേട്ട് നല്ലതാണെന്ന് തോന്നിയാൽ പോയി കാണും. ജോലി കിട്ടിയതിന് ശേഷം മുത്തശ്ശൻ തീയറ്ററിൽ പോയി സിനിമ കാണൽ കുറവായെന്നാണ് പറഞ്ഞിട്ടുള്ളത്. അമ്മയ്ക്കും പേരശ്ശിമാർക്കും മുത്തശ്ശൻ തീയറ്ററിൽ സിനിമ കണ്ട ഓർമ ഇല്ലെന്നാണ് പറയാറ്.

